8853


**BOOK To READER**

* Thank you for not tearing my pages.
* Grateful for not Writing Comments or put unsightly markings.

**Calling Urgent Attention**

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and put markings disfigures the Book. Please take care.

**Secretary**

ശ്രീ

# ഗീതഗോവിന്ദകാവ്യം

## (അഷ്ടപദി)

(ലീല എന്ന ഭാഷാവ്യാഖ്യാനത്തോടുകൂടിയതു്).


വ്യാഖ്യാതാവു്:

സാഹിത്യശിരോമണി,

ടി. പി. പരമേശ്വരൻ നമ്പീശൻ,

തൃത്താല.



KOTTAYAM PUBLIC LIBRARY
148789.
KOTTAYAM



പ്രസാധകൻ:

പുലിക്കോട്ടിൽ ഉട്ടൂപ്പു്,

കുന്നംകുളം.

എ. ആർ. പി. പ്രസ്സ്, കുന്നംകുളം.

ഒന്നാം പതിപ്പു് കോപ്പി 500

1950



(പകൎപ്പവകാശം പ്രസാധകനു്).

M 200
NAM-9

# പ്രസ്താവന.

ശ്രീ ഗീതഗോവിന്ദത്തെപ്പററി കേട്ടിട്ടില്ലാത്തവരും, അതു വായിച്ചു അൎത്ഥം ശരിക്കു മനസ്സിലാക്കിയിട്ടുള്ളവരും വളരെ ചുരുക്കമായിരിക്കും എന്നാണെന്റെ അഭിപ്രായം. സംസ്കൃതഭാഷാപരിജ്ഞാനമില്ലാത്തവൎക്കുകൂടി ഇതു വായിച്ചാനന്ദിക്കുവാൻ സാധിക്കുമാറാണു് ഞാൻ വ്യാഖ്യാനിച്ചിട്ടുള്ളതു.

ഒരിക്കൽ അഷ്ടപദി ഒരാൾ പിഴച്ചു പാടുന്നതു കേൾക്കുവാൻ ഇടയായി. ആ സംഗതിയാണു് ഇതു വ്യാഖ്യാനിക്കുവാൻ എന്നെ പ്രേരിപ്പിച്ചതു. വ്യാഖ്യാനത്തിൽ 'അന്വയാൎത്ഥം സാരം ധ്വനി' ഇതുകളാണു് ചേൎത്തിട്ടുള്ളതു. ഇതുകളെക്കൊണ്ടു അനായാസേന അൎത്ഥഗ്രഹണം സാധിക്കുമെന്നും അൎത്ഥം മനസ്സിലാക്കി പാടുമ്പോൾ അത്തരം വലിയ പിഴ വരുവാൻ വഴിയില്ലെന്നും വിശ്വസിക്കുന്നു.

ശ്രീ ഗീതഗോവിന്ദത്തിന്റെ മഹാത്മ്യങ്ങളൊന്നും ഞാൻ ഇവിടെ പറയുവാൻ ഉദ്ദേശിക്കുന്നില്ല. പറയാതെതന്നെ വായനക്കാൎക്കു അതു ബോദ്ധ്യപ്പെട്ടുകൊള്ളും. അച്ചടിയിൽ പറയത്തക്ക തെററുകളൊന്നും വന്നിട്ടില്ല. എനിക്കു് ഈ ഉദ്യമത്തിൽ വേണ്ടുന്ന പ്രോത്സാഹനം നൽകിയ പണ്ഡിതവൎയ്യൻ കെ. പി. അച്യുതപൊതുവാൾ അവൎകളോടു ഞാൻ പ്രത്യേകം കടപ്പെട്ടവനാണു്.

| | |
|---|---|
| തൃത്താല | സാഹിത്യശിരോമണി, |
| 6—5—'50 | ടി. പി. പരമേശ്വരൻ നമ്പീശൻ. |

# ശുദ്ധിപത്രം.

---*---

| പേജ് | വരി | തെററ് | ശരി |
|---|---|---|---|
| 72 | 21 | ഫല | ഫല |
| 121 | 4 | സൂതാവ | സൂരതാവ |
| 125 | 9 | ഭൃതമായി | ഭൂഷിതമായി |
| 157 | 2 | നഗര | നശര |
| 159 | 10 | കാമദേവനെ | കാമദേവൻെറ |
| 174 | 8 | കൊണ്ടു ഇതാ | കൊണ്ടു സ്ഥനം ഇതാ |

---*---

ശ്രീ

# ഗീതഗോവിന്ദകാവ്യം

## ഒന്നാം സർഗ്ഗം

മേഘൈർമ്മേദുരമംബരം വനഭുവഃ
　　ശ്യാമാസ്തമാലദ്രുമൈ-
ർന്നക്തം ഭീരുരയം ത്വമേവ തദിമം
　　രാധേ! ഗൃഹം പ്രാപയ,
ഇത്ഥം നന്ദനിദേശതശ്ചലിതയോഃ
　　പ്രത്യദ്ധ്വകുഞ്ജദ്രുമം
രാധാമാധവയോർജ്ജയന്തി യമുനാ-
　　കൂലെ രഹഃകേളയഃ 1

അന്വയാൎത്ഥം—"ഹേ രാധെ! യാതൊന്നു ഹേതുവായിട്ടു അംബരം മേഘങ്ങളെക്കൊണ്ടു മേദുരമായിട്ടു ഭവിക്കുന്നു; വനഭൂക്കൾ തമാലദ്രുമങ്ങളെക്കൊണ്ടു ശ്യാമകളായിട്ടു ഭവിക്കുന്നു; ഇവനാകട്ടെ രാത്രിയിൽ ഭീരുവുമാണു; അതു ഹേതുവായിട്ടു നീതന്നെ ഇവനെ ഗൃഹത്തെ പ്രാപിപ്പിച്ചാലും" ഇപ്രകാരം നന്ദനിദേശം ഹേതുവായിട്ടു ചലിതന്മാരായിരിക്കുന്ന രാധാമാധവന്മാരുടെ യമുനാതീരത്തിങ്കൽ അദ്ധ്വകുഞ്ജദ്രുമംതോറും ഉള്ള രഹഃകേളികൾ ജയിക്കുന്നു.

സാരം—"രാധെ! ആകാശത്തിൽ കാർമേഘങ്ങൾ നിറഞ്ഞിരിക്കുന്നു; പച്ചിലവൃക്ഷങ്ങൾ ധാരാളമുള്ളതുകൊണ്ടു ഈ വനപ്രദേശങ്ങളിൽ ഇരുട്ടു വ്യാപിച്ചുകഴിഞ്ഞു. നമ്മുടെ കൃഷ്ണനാണെങ്കിൽ രാത്രിയിൽ വലിയ പേടിയുമുണ്ടു; വേറെ ഗോപന്മാരാരുമില്ലതാനും. അതുകൊണ്ടു നീതന്നെ ഇവനെ (ശ്രീകൃഷ്ണനെ) ഗൃഹത്തിൽ കൊണ്ടുചെന്നാക്കുക" എന്നുള്ള നന്ദഗോപൻെറ കല്പനയനുസരിച്ചു പുറപ്പെട്ട രാധയുടേയും ശ്രീകൃഷ്ണൻേറയും മാൎഗ്ഗമദ്ധ്യേ യമുനാനദിയുടെ തീരത്തുള്ള വള്ളിക്കുടിലുകളിലും വന്മരച്ചുവട്ടുകളിലും വെച്ചുള്ള ആലിംഗനചുംബനനൎമ്മസല്ലാപാദികളായ രഹഃക്രീഡകൾ സൎവ്വോൽക്കൎഷേണ വൎത്തിക്കുന്നു. "ഇവിടെ 'നന്ദനിദേശം ഹേതുവായിട്ടു ചലിതന്മാർ' എന്നു പറഞ്ഞതുകൊണ്ടു 'ആനന്ദൊ നന്ദനെ നന്ദഃ' എന്ന വ്യാസവചനാനുസാരേണ നന്ദൻ സൎവ്വനിയന്താവായ ഈശ്വരൻ എന്നും, ആ ഈശ്വരൻെറ ആജ്ഞ ഹേതുവായിട്ടു പ്രവൃത്തന്മാരായിരിക്കുന്ന പ്രകൃതിപുരുഷന്മാരുടെ സൃഷ്ടിസ്ഥിതിസംഹാരലീലകൾ സൎവ്വോൽക്കൎഷേണ വൎത്തിക്കുന്നു, ഞാനതുകളെ വന്ദിക്കുന്നു" എന്ന പാരമാൎത്ഥികഭാവാൎത്ഥം ധ്വനിക്കുന്നു. മാത്രമല്ല "മേഘാലോകെ ഭവതി സുഖിനൊഽപ്യന്യഥാവൃത്തി ചേതഃ കണ്ഠാശ്ലേഷപ്രണയിനിജനെ കിംപുനൎദ്ദൂരസംസ്ഥെ" എന്ന കാളിദാസൻെറ അഭിപ്രായവും ഇവിടെ സ്മരണീയമാണു. ഇവിടെ 'മേഘൈൎമ്മേദുരമംബരം' ഇത്യാദി വിശേഷണങ്ങളുടെ വൎണ്ണനങ്ങൾകൊണ്ടു രാധാകൃഷ്ണന്മാൎക്കു കാമപാരവശ്യമുണ്ടാകുമെന്നും, മാൎഗ്ഗമദ്ധ്യം അതിന്നു യോജിച്ചതാണെന്നും പ്രത്യേകം പ്രസ്താവിക്കേണ്ടതില്ലല്ലോ! അനന്തരം കവി തൻെറ കവിതയുടെ ബീജശ്രുദ്ധിയെ സൂചിപ്പിച്ചുകൊണ്ടു താനുണ്ടാക്കാൻ ഭാവിക്കുന്ന ഗ്രന്ഥം ഇന്നതാണെന്നു കാണിക്കുന്നു:—

വാഗ്ദേവതാചരിതചിത്രിതചിത്തസത്മാ
പത്മാവതീചരണചാരണചക്രവൎത്തീ,
ശ്രീവാസുദേവരതികേളികഥാസമേത-
മേതം തനോതി ജയദേവകവിഃ പ്രബന്ധം 2

അ—വാഗ്ദേവതാചരിതചിത്രിതചിത്തസത്മാവായി പത്മാവതീചരണചാരണചക്രവൎത്തിയായിരിക്കുന്ന ജയദേവകവി ശ്രീവാസുദേവരതികേളികഥാസമേതമായിരിക്കുന്ന ഈ പ്രബന്ധത്തെ ചെയ്യുന്നുണ്ടു.

സാ—സരസ്വതിയുടെ അനുഗ്രഹംകൊണ്ടു ശോഭനമായ ഹൃദയത്തോടുകൂടിയവനും വിഷ്ണുപൂജാവസാനത്തിൽ തന്റെ സഹധൎമ്മിണിയായ പത്മാവതിയെക്കൊണ്ടു പ്രതിദിവസം പ്രതിമാപുരോഭാഗത്തിൽ നൃത്തം വെപ്പിക്കുന്നവനും ആയ ജയദേവകവി ശ്രീകൃഷ്ണഭഗവാന്റെ ശൃംഗാരചേഷ്ടകളെ (രതിക്രീഡകളെ) പ്രബന്ധരൂപേണ വൎണ്ണിക്കുന്നുണ്ടു.

അനന്തരം കവി തന്റെ പ്രബന്ധം നിവൃത്തിമാൎഗ്ഗനിരതനെന്നൊ പ്രവൃത്തിമാൎഗ്ഗനിരതനെന്നൊ പണ്ഡിതനെന്നൊ പാമരനെന്നൊ ഉള്ള ഭേദം കൂടാതെ എല്ലാവൎക്കും ഒരുപോലെ രുചികരമായിരിക്കുമെന്നതിനെ പറയുന്നു:—

യദി ഹരിസ്മരണെ സരസം മനൊ
യദി വിലാസകലാസു കുതൂഹലം,
മധുരകോമളകാന്തപദാവലിം
ശൃണു തദാ ജയദേവസരസ്വതീം. 3

അ—(ശ്രീമൻ!) അങ്ങയുടെ മനസ്സു ഹരിസ്മരണത്തിങ്കൽ സരസമായിട്ടു ഭവിക്കുന്നു എങ്കിലും, വിലാസകലകളിൽ കുതൂഹലമായിട്ടു ഭവിക്കുന്നു എങ്കിലും മധുരകോമളകാന്തപദാവലിയായിരിക്കുന്ന ജയദേവസരസ്വതിയെ ശ്രവിച്ചാലും!

സാ—"മഹാജനങ്ങളെ! നിങ്ങരം മുമുക്ഷുക്കളായി ഭഗവൽസ്മരണത്തിൽതന്നെ മുഴുകിയവരായിരുന്നാലും, അല്ലാതെ—സുഖലോലുപന്മാരായി കാമക്രീഡാദികളിൽ തന്നെ താല്പൎയ്യമുള്ളവരായിരുന്നാലും (രണ്ടുതരക്കാക്കും ഒരുപോലെ ആനന്ദകരമായി) മാധുൎയ്യം, ഓജസ്സ്, പ്രസാദം എന്നീ പ്രധാനഗുണങ്ങളോടും, ഉപമാ, ഉൽപ്രേക്ഷാ തുടങ്ങിയ അലങ്കാരങ്ങളോടും ശബ്ദാലങ്കാരങ്ങളോടും കൂടിയ ജയദേവകവിയുടെ ഈ പ്രബന്ധത്തെ (സശ്രദ്ധം) കേരംക്കുവിൻ (വായിച്ചുനോക്കുവിൻ)" എന്നു് താല്പൎയ്യം.

ശ്രീജയദേവകവിയുടെ കാലത്തിൽതന്നെ ജീവിച്ചിരുന്ന 'ഉമാപതിധരൻ' തുടങ്ങിയ മഹാകവികളെക്കാരം പ്രബന്ധരചനയിൽ സന്ദൎഭശുദ്ധി ജയദേവക്കു മാത്രമെ ഉള്ളു എന്നതിനെ ഈ ശ്ലോകംകൊണ്ടു സ്പഷ്ടമാക്കുന്നു:—

വാചഃ പല്ലവയത്യുമാപതിധരഃ
സന്ദൎഭശുദ്ധിം ഗിരാം
ജാനീതെ ജയദേവ ഏവ ചരണഃ
ശ്ലാഘ്യൊ ദുരൂഹാദ്രുതെ,
ശൃംഗാരോത്തരസൽപ്രമേയരചനൈ-
രാചാൎയ്യഗോവൎദ്ധന-
സ്പൎദ്ധീ കോപി ന വിശ്രുതഃ ശ്രുതിധരൊ
ധോയീ കവിക്ഷ്മാപതിഃ. 4

അ—ഉമാപതിധരൻ വാക്കിനെ പല്ലവിപ്പിക്കുന്നു. ജയദേവൻ തന്നെ ഗീരുകളുടെ സന്ദൎഭശുദ്ധിയെ അറിയുന്നു. ചരണൻ ദുരൂഹത്തിങ്കൽനിന്നൊഴിച്ചു ശ്ലാഘ്യനായിട്ടു ഭവിക്കുന്നു. ശൃംഗാരോത്തരസൽപ്രമേയരചനങ്ങളെക്കൊണ്ടു ആചാൎയ്യഗോവൎദ്ധനസ്പൎദ്ധിയായിട്ടു് ശ്രുതിധരൻ വിശ്രുതനായിട്ടു ഭവിക്കുന്നില്ല. ധോയി കവിക്ഷ്മാപതിയായിട്ടു ഭവിക്കുന്നു.

സാ—ഉമാപതിധരൻ എന്ന പേരായ ഒരു കവി കവിതകൾ ധാരാളം എഴുതുന്നുണ്ടു—എന്നാൽ അൎത്ഥത്തിന്നു ശക്തിയൊ, ചാരുത്വമൊ ഇല്ലാത്തതിനാൽ സഹൃദയന്മാൎക്കു രുചിക്കുന്നില്ല. ചരണൻ എന്ന കവിയുടെ പ്രയോഗങ്ങൾക്കു ദുരൂഹമെന്ന ദോഷമുള്ളതിനാൽ അതിലും സഹൃദയന്മാൎക്കു മതിവരുന്നില്ല. ദുരൂഹം=പ്രയോഗങ്ങൾക്കു് ദുഷ്ടങ്ങളായ മററൎത്ഥങ്ങളിൽ സന്ദേഹം, പ്രതീതി മുതലായവയുണ്ടാവുക. ശൃംഗാരരസപ്രധാനങ്ങളായ നല്ല പ്രബന്ധങ്ങൾ ധാരാളം ഉണ്ടാക്കി (ജയദേവരുടെ ഗുരുനാഥനായ) ഗോവൎദ്ധനാചാൎയ്യരോടു മത്സരിക്കുകയാൽ വേദജ്ഞത്വാദികളെകൊണ്ടു് യോഗ്യനായിരുന്നിട്ടും ശ്രുതിധരൻ എന്ന കവിക്കു പ്രസിദ്ധി നേടുവാനൊ ജനങ്ങളുടെ പ്രീതി സമ്പാദിക്കുവാനൊ കഴിഞ്ഞില്ല. ധോയി എന്ന പണ്ഡിതൻ മഹാകവിയായിരുന്നിട്ടും മററുള്ള കവികളുടെ കവിതകളിലുള്ള അററകുററങ്ങളെ വിമൎശിക്കുക എന്നല്ലാതെ പ്രബന്ധങ്ങളൊന്നും നിൎമ്മിച്ചിട്ടില്ല. സൎവ്വശാസ്ത്രങ്ങളിലും തികഞ്ഞ പാണ്ഡിത്യമുള്ളവനും, ലളിതപദബന്ധസമൎത്ഥനുമായ ജയദേവകവിക്കു മാത്രമെ സന്ദൎഭശുദ്ധിയോടുകൂടിയ പ്രബന്ധം (കാവ്യം) ഗീതഗോവിന്ദം എഴുതുവാനുള്ള പ്രാപ്തിയുള്ളു. പ്രബന്ധത്തിന്നു പ്രാധാന്യം സന്ദൎഭശുദ്ധിയാണല്ലോ.

ആദ്യമായ് ദശാവതാരങ്ങളെ പറയുന്നു:—

പ്രളയപയോധിജലെ ധൃതവാനസി വേദം
വിഹിതവഹിത്രചരിത്രമഖേദം,
കേശവ! ധൃതമീനശരീര! ജയ ജഗദീശ! ഹരെ! 5

അ—ഹേ ധൃതമീനശരീര! കേശവ! ഹരേ! അങ്ങു ന്നു പ്രളയപയോധിജലത്തിങ്കൽ വിഹിതവഹിത്രചരിത്ര മായിരിക്കുന്ന വേദത്തെ അഖേദമാകുംവണ്ണം ധൃതവാനാ യിട്ടു ഭവിക്കുന്നു. ഹേ ജഗദീശ! അങ്ങുന്നു ജയിച്ചാലും.

പരിത്രാണായ സാധൂനാം വിനാശായ ച ദുഷ്കൃതാം,
ധർമ്മസംസ്ഥാപനാർത്ഥായ സംഭവാമിയുഗെ യുഗെ. (ഗീത)

എന്ന ഭഗവൽഗീതയിലെ പദ്യം ഇവിടെ സ്മരണീയമാണു്.

സാ—ഭഗവാൻ മഹാവിഷ്ണു ദുഷ്ടനിഗ്രഹം ശിഷ്ടപ രിപാലനം ഇവക്കുവേണ്ടി പത്തവതാരങ്ങളെടുത്തിട്ടുള്ള വയിൽ മത്സ്യാവതാരത്തെ പററി പറയുന്നു:—പണ്ടു സോമകാസുരൻ വേദങ്ങളെ അപഹരിച്ചു സമുദ്രത്തിൽ മുങ്ങിയൊളിച്ചപ്പോൾ മഹാവിഷ്ണു മത്സ്യമായവതരിച്ചു സോമകാസുരനെ നിഗ്രഹിച്ചു വേദങ്ങളെല്ലാം വീണ്ടെ ടുത്തു ബ്രഹ്മാവിന്നു് കൊടുത്തുവല്ലോ! ഇങ്ങനെ മത്സ്യരൂ പമെടുത്തിട്ടുള്ളവനും കേശി എന്ന അസുരനെ നിഗ്ര ഹിച്ചവനും, (കേശവനും) (ഹരിയും) സ്വഭക്തന്മാരുടെ പാപങ്ങളെ ഹരിക്കുന്നവനും ആയ അങ്ങു് പ്രളയസമുദ്ര ത്തിൽ ആ ജലപൂരത്തിൽ ജ്ഞാനദ്വാരാ പരമപുരുഷാ ർത്ഥത്തെ (മോക്ഷത്തെ) പ്രാപിക്കുവാൻ അനുഷ്ഠിക്കേണ്ടും നിഷ്കാമകർമ്മങ്ങളെ വിധിച്ചിട്ടുള്ള വേദങ്ങളെ അനായാ സേന വീണ്ടെടുത്തു. അല്ലയൊ എല്ലാലോകങ്ങൾക്കും നാഥനായ ഭഗവൻ! അങ്ങു് സർവ്വോൽക്കർഷേണ വർത്തി ച്ചാലും.

ക്ഷിതിരതിവിപുലതരേ തവ തിഷ്ഠതി പൃഷ്ഠെ
ധരണീധരണകിണചക്രഗരിഷ്ഠെ
കേശവ! ധൃതകച്ഛപരൂപ! ജയ ജഗദീശ! ഹരെ! 6

അ—ഹേ ധൃതകച്ഛപരൂപ! കേശവ അങ്ങയുടെ അതിവിപുലതരമായി ധരണീധരണകിണചക്രഗരിഷ്ഠമായിരിക്കുന്ന പൃഷ്ഠത്തിങ്കൽ ക്ഷിതി സ്ഥിതിചെയ്യുന്നു.

സാ - ആമയായി അവതരിച്ചവനും (പണ്ട് പാലാഴിമഥനത്തിന്നു വേണ്ടി ദേവന്മാരും അസുരന്മാരും പാലാഴിയുടെ തീരത്തെത്തിയപ്പോൾ ഭൂമിയുടെ ആ ഭാഗം സമുദ്രത്തിലേക്കു താഴുകയും മഹാവിഷ്ണു ആമയായവതരിച്ച് ആ ഭാഗം പൊക്കിയെന്നും പുരാണം) കേശവ ഭഗവൻ! അങ്ങയുടെ വിസ്താരമേറിയതും, ഇടവിടാതെ ഭൂമിയെ വഹിച്ചതുകൊണ്ടു മണ്ഡലാകാരേണയുണ്ടായ തഴമ്പുകൊണ്ടു കട്ടികൂടിയതുമായ പൃഷ്ഠഭാഗത്തിൽ ഭൂമി സ്ഥിതിചെയ്യുന്നു.

'ജയ ജഗദീശ! ഹരെ!' എന്നുള്ളതിൻെറ അന്വയാത്ഥവും സാരവും ആദ്യത്തെ ഗീതത്തിൽ പറഞ്ഞിട്ടുണ്ട്. ശേഷമുള്ള ഗീതങ്ങളിലേക്കു യഥോചിതം യോജിപ്പിച്ചുകൊൾക.

വസതി ദശനശിഖരെ ധരണീ തവ ലഗ്നാ

ശശിനി കളങ്കകലേവ നിമഗ്നാ

കേശവ! ധൃതസൂകരരൂപ! ജയ ജഗദീശ! ഹരെ! 7

അ—ഹേ ധൃതസൂകരരൂപ! കേശവ! അങ്ങയുടെ ദശനശിഖരത്തിങ്കൽ ധരണീ ലഗ്നയായിട്ടു ശശിയിങ്കൽ നിമഗ്നയായിരിക്കുന്ന കളങ്കകലാ എന്നപോലെ വസിക്കുന്നു.

സാ—വരാഹമായവതരിച്ചവനും (പണ്ടു പ്രളയകാലത്തു ഭൂമി സമുദ്രത്തിലാണ്ടുപോയപ്പോൾ മഹാവിഷ്ണു പന്നിയായവതരിച്ച് ഭൂമിയെ തൻെറ തേററമേൽ പൊക്കുകയുണ്ടായിട്ടുണ്ടെന്നു് പുരാണം) കേശവ! ഭഗവൻ! വ

രാഹമായവതരിച്ച അങ്ങയുടെ തേററയുടെ അററത്തു ഭൂമി ചന്ദ്രനിലുള്ള കളങ്കമെന്നപോലെ സ്ഥിതിചെയ്യുന്നു. ഇവിടെ "ദശനശിഖരെ ധരണീ ലഗ്നാ" എന്നു പറഞ്ഞതുകൊണ്ടു് തേററയുടെ കാഠിന്യവും വലിപ്പവും ശക്തിയും ഭൂമിയെ വഹിക്കുന്നതിലുള്ള അനായാസത്വവും ധ്വനിക്കുന്നു.

തവ കരകമലവരെ നഖമത്ഭുതശൃംഗം
ദലിതഹിരണ്യകശിപുതനുഭൃംഗം
കേശവ! ധൃതനരഹരിരൂപ! ജയ ജഗദീശ! ഹരേ! ൪

അ—ഹേ ധൃതനരഹരിരൂപ! കേശവ! അങ്ങയുടെ കരകമലവരത്തിങ്കൽ ദലിതഹിരണ്യകശിപുതനുഭൃംഗമായിരിക്കുന്ന നഖം അത്ഭുതശൃംഗമായിട്ടു വസിക്കുന്നു.

സാ—നരസിംഹമായവതരിച്ചവനും (പണ്ടു് നാരായണായ നമഃ എന്നു മാത്രം ജപിക്കുന്ന പ്രഹ്ലാദനോടു 'ഹിരണ്യായ നമഃ' എന്നു ജപിക്കുവാൻ നിർബ്ബന്ധിച്ചിട്ടും അനുസരിക്കായ്കയാൽ തന്റെ പുത്രനായ പ്രഹ്ലാദനെ വധിക്കുവാൻ തുനിഞ്ഞ ഹിരണ്യകശിപുവിനാൽ ഭേദിതമായ സ്തംഭത്തിൽനിന്നും പെട്ടെന്നു നരസിംഹമായ് പുറത്തു ചാടി ഹിരണ്യനെ കൊല്ലുകയുണ്ടായെന്നു് പുരാണം) കേശവ! ഭഗവൻ! അങ്ങയുടെ കയ്യാകുന്ന വിശിഷ്ട താമരപ്പൂവിൽ ഹിരണ്യകശിപുവിന്റെ ശരീരമാകുന്ന വണ്ടിനെ പിളൎന്ന നഖമാകുന്ന ദളം അത്ഭുതകരമായ അഗ്രഭാഗത്തോടുകൂടി സ്ഥിതിചെയ്യുന്നു.

ഛലയസി വിക്രമണെ ബലിമത്ഭുതവാമന!
പദനഖനീരജനിതജനപാവന!
കേശവ! ധൃതവാമനരൂപ! ജയ ജഗദീശ! ഹരെ! ൫

അ—ഹേ അത്ഭുതവാമന! ധൃതവാമനരൂപ! കേശവ! അങ്ങുന്നു വിക്രമണത്തിങ്കൽ ബലിയെ ചലിപ്പിക്കുന്നു.

സാ— ലോകത്തിൽ ആശ്ചര്യകാരികളെയെല്ലാം തോല്പിക്കുന്നവനും (ആശ്ചര്യകാരികളിലദ്വിതീയനെന്നു് താല്പര്യം). വാമനനായി അവതരിച്ചിട്ടുള്ളവനും (അസുരന്മാരുടെ മേധാവിത്വം സഹിക്കവഹിയാതെ ദേവന്മാർ ചെന്നപേക്ഷിക്കയാൽ 'വടു'വായവതരിച്ചു് അന്നത്തെ രാജാവായ മഹാബലിയോടു് തനിക്കു തപസ്സിരിക്കുവാൻ മൂന്നടിമണ്ണു (സ്ഥലം) യാചിക്കുകയും കൊടുക്കുവാൻ ബലി സമ്മതിച്ചതനുസരിച്ചു ഭൂമി മുഴുവൻ ഒരടിയായളന്നു മഹാബലിയെ പാതാളത്തിലേക്കയക്കുകയും ചെയ്തുവെന്നു് പുരാണം). കേശവ! ഭഗവൻ! അങ്ങുന്നു വക്രമണത്തിൽ—അടിയളക്കലിൽ മഹാബലിയെ സ്ഥാനഭ്രഷ്ടനാക്കുന്നു.

ക്ഷത്രിയരുധിരമയെ ജഗദപഗതപാപം
സ്നപയസി പയസി ശമിതഭവതാപം
കേശവ! ധൃതഭൃഗുപതിരൂപ! ജയജഗദീശ! ഹരെ! 10

അ—ഹേ ധൃതഭൃഗുപതിരൂപ! കേശവ! അങ്ങുന്നു ക്ഷത്രിയരുധിരമയമായിരിക്കുന്ന പയസ്സിങ്കൽ ജഗത്തിനെ അപഗതപാപമാകുംവണ്ണവും ശമിതഭവതാപമാകുംവണ്ണവും സ്നപിപ്പിക്കുന്നു. ജഗദീശ! അങ്ങുന്നു് ജയിച്ചാലും.

സാ—ജമദഗ്നിയുടെ പുത്രനായ പരശുരാമനായി അവതരിച്ചവനും (ക്ഷത്രിയന്മാർ അവരവരുടെ ധമ്മങ്ങളെല്ലാം വെടിഞ്ഞു് ഗർവ്വിഷ്ഠന്മാരായി വലിയ അക്രമങ്ങളും അനീതികളും പ്രവൃത്തിക്കുവാൻ തുടങ്ങിയപ്പോഠം ഭഗവാൻ പരശുരാമനായി അവതരിച്ചു ദുഷ്ടശിക്ഷണവും ശി

ഷ്ടപരിപാലനവും നടത്തി എന്നു പുരാണം) കേശവ! അങ്ങുന്നു് ക്ഷത്രിയന്മാരെ വധിച്ചു് ആ ചോരപ്പുഴയിൽ ലോകത്തെ (ജനങ്ങളെ) നിശ്ശേഷം നശിച്ചതായ പാപത്തോടു കൂടുംവണ്ണവും തീരെ ഇല്ലാതായ സംസാരസുഖദുഃഖാദികളോടു കൂടുംവണ്ണവും സ്നാനംചെയ്യിച്ചു. (ക്ഷത്രിയരാജാവായിരുന്ന കാൎത്തവീൎയ്യാൎജ്ജുനൻ ജമദഗ്നിമഹൎഷിയുടെ അടുക്കൽ ചെന്നു് കാമധേനുവിനെ 'തനിക്കു തരണ'മെന്നാവശ്യപ്പെട്ടതനുസരിച്ചു കൊടുക്കായ്കയാൽ പരശുരാമൻ ഗൃഹത്തിലില്ലാത്ത തക്കം നോക്കി ജമദഗ്നിമഹൎഷിയെ വധിച്ചു കാമധേനുവിനെ തട്ടിക്കൊണ്ടുപോയി. ഈ വൃത്താന്തമറിഞ്ഞ പരശുരാമൻ കോപം സഹിയാതെ 21 വട്ടം ക്ഷത്രിയന്മാരെ കൊന്നു് ആ ചോരപ്പുഴയിൽ പിതൃതൎപ്പണം ചെയ്തു. ഇത്രയുമായപ്പോഴേക്കും ശേഷിച്ച ക്ഷത്രിയന്മാർ വളരെ ഭയപ്പെട്ടു യാതൊരു അനീതിയും പ്രവൃത്തിക്കാതെ അവരവരുടെ ധൎമ്മം ദീക്ഷിക്കുവാൻ തുടങ്ങി. എന്നു പുരാണം).

വിതരസി ദിക്ഷു രണെ ദിക്പതികമനീയം
ദശമുഖമൌലിബലിം രമണീയം
കേശവ! ധൃതരഘുപതിരൂപ! ജയ ജഗദീശ! ഹരെ!

അ—ഹേ ധൃതരഘുപതിരൂപ! കേശവ! അങ്ങുന്നു് രണത്തിങ്കൽ ദിക്പതികമനീയമായിരിക്കുന്ന ദശമുഖമൌലിബലിയെ ദിക്കുകളിൽ രമണീയമാകുംവണ്ണം വിതരണം ചെയ്യുന്നു.

സാ—ശ്രീരാമനായി അവതരിച്ചവനും (രാവണന്റെ ഉപദ്രവം സഹിക്കവഹിയാതെ ദേവന്മാർ എല്ലാവരുംകൂടി വൈകുണ്ഠത്തിൽ ചെന്നു് മഹാവിഷ്ണുവിനോടു

സങ്കടമുണ്ടാക്കിക്കയും അതിൻഫലമായി മഹാവിഷ്ണു — 'പുത്രന്മാരുണ്ടായാൽ നന്നു്' എന്നത്യധികമാശിച്ചിരുന്ന ദശരഥമഹാരാജാവിന്നു് —പുത്രൻ (ശ്രീരാമൻ) ആയി അവതരിക്കുകയും രാവണനെ നിഗ്രഹിച്ചു അവൻെറ സോദരനും വിഷ്ണുഭക്തനുമായ വിഭീഷണനെ ലങ്കാധിപതിയാക്കി വാഴിക്കുകയും ചെയ്തു. എന്നു രാമായണം).

കേശവ! അങ്ങുന്നു് യുദ്ധക്കളത്തിൽ വെച്ചു 10 ദിക്പാലകന്മാരാലും അത്യധികം അഭിലഷിക്കപ്പെട്ടിരുന്ന രാവണൻെറ ശിരസ്സുകൾ ഓരോന്നും ഓരോ ദിക്കുകളിലേക്കും ആശ്ചര്യകരമായ വിധത്തിൽ അരുത്തു വിതരണം ചെയ്തുവല്ലോ! (വിഭാഗിച്ചുകൊടുത്തുവല്ലോ!).

വഹസി വപുഷി വിശദെ വസനം ജലദാഭം
ഹലഹതിഭീതിമിളിതയമുനാഭം
കേശവ! ധൃതഹലധരരൂപ! ജയ ജഗദീശ! ഹരെ! 12

അ—ഹേ ധൃതഹലധരരൂപ! കേശവ! അങ്ങുന്നു് വിശദമായിരിക്കുന്ന വപുസ്സിങ്കൽ ഹലഹതിഭീതിമിളിതയമുനാഭമായി ജലദാഭമായിരിക്കുന്ന വസനത്തെ വഹിക്കുന്നു.

സ—ബലരാമനായി അവതരിച്ചവനും (ഭഗവാൻ പണ്ടു് ദുഷ്ടശിക്ഷണവും ശിഷ്ടപരിപാലനവും നടത്തുവാനായി ബലരാമനായി അവതരിക്കുകയുണ്ടായെന്നു് പുരാണം). ഇദ്ദേഹത്തിന്നു് പ്രധാനമായ ആയുധം കരി (കന്നുപൂട്ടുന്നതിന്നുപയോഗിക്കാറുള്ള സാധനം പോലെ ഒരായുധം) യാണു്. കേശവ അങ്ങുന്നു് ഏററവും വെളുത്ത ശരീരത്തിൽ തൻെറ ഹലായുധത്തിൽനിന്നുള്ള ഭയത്തോടു കൂടിയ യമുനാനദി (കാളിന്ദി) യുടെ ശോഭയോടു കൂടിയതും, കാർമേഘത്തെപ്പോലെ അത്രയും കറുപ്പുനിറ

ത്തോടും, ശോഭയോടും കൂടിയതുമായ വസ്ത്രം ധരിക്കുന്നു. (പ്രണ്ടു് കാളിന്ദീനദിയെ ജലക്രീഡക്കായി വിളിച്ചപ്പോഠം വരാത്തതിനാൽ ക്രുദ്ധനായ ബലരാമൻ തന്റെ ഹലായുധംകൊണ്ടു് ആകൎഷിക്കുകയും തത്സമയം ഭയപ്പെട്ടു് അപരാധം പൊറുക്കണമെന്നപേക്ഷിച്ചുകൊണ്ടു് കാളിന്ദി ഭഗവാന്റെ കാൽക്കൽ വരുകയുമുണ്ടായി. അപ്പോഠം കാളിന്ദിക്കുണ്ടായിരുന്ന ശോഭ ഏററവും കറുത്തതായിരുന്നു. അതേ ശോഭയോടു കൂടിയതാണു് വസ്ത്രമെന്നു് താല്പൎയ്യം).

നിന്ദസി യജ്ഞവിധേരഹഹ! ശ്രുതിജാതം
സദയഹൃദയ! ദൎശിതപശുഘാതം
കേശവ! ധൃതബുദ്ധശരീര! ജയ ജഗദീശ ഹരെ! 13

അ—ഹേ ധൃതബുദ്ധശരീര! സദയഹൃദയ! കേശവ! അങ്ങുന്നു് യജ്ഞവിധിക്കു് ദൎശിതപശുഘാതമായിരിക്കുന്ന ശ്രുതിജാതത്തെ നിന്ദിക്കുന്നു. അഹഹ!

സാ—ബുദ്ധനായി അവതരിച്ചവനും, എല്ലാ പ്രാണികളോടും വളരെ ദയയോടുകൂടി പെരുമാറുന്നവനും, കേശവനുമായ ഭഗവൻ! അങ്ങുന്നു് യാഗങ്ങഠംക്കു് പശുക്കളെ ഹിംസിക്കണമെന്നു് വിധിച്ചിട്ടുള്ള വേദങ്ങളെക്കൂടി നിന്ദിക്കുന്നു—വെറുക്കുന്നു. അഹഹ! (എന്തൊരാശ്ചൎയ്യം)

മ്ലേഛനിവഹനിധനെ കലയസി കരവാളം
ധൂമകേതുമിവ കിമപി കരാളം
കേശവ! ധൃതകൽക്കിശരീര! ജയ ജഗദീശ! ഹരെ!

അ—ഹേ ധൃതകൽക്കിശരീര! കേശവ! അങ്ങുന്നു് മ്ലേഛനിവഹനിധനത്തിങ്കൽ ധൂമകേതുവിനെപ്പോലെ കരാളമായിരിക്കുന്ന കരവാളത്തെ പ്രയോഗിക്കുന്നു.

സാ—കൽക്കിയായവതരിച്ചവനും (ഭഗവാൻ ഒരു "വാൾ" ആയി അവതരിച്ച ദുഷ്ടജനങ്ങളുടെയെല്ലാം ഗളച്ഛേദം ചെയ്തിട്ടുണ്ടെന്ന് പുരാണം). കേശവ ഭഗവൻ! അങ്ങുന്ന് ദുഷ്ടജനക്കൂട്ടത്തെ നിഗ്രഹിക്കുന്നതിൽ ധൂമകേതുവിനെപ്പോലെ (ധൂമകേതു ജനങ്ങൾക്ക് ഭയനാശങ്ങളെ ഉണ്ടാക്കുന്ന ഒന്നാണ്). ഭയങ്കരമായ വാളിനെ ചലിപ്പിക്കുന്നു (കലിയുഗത്തിൽ കൽക്കിയായവതരിച്ച് ദുഷ്ടജനങ്ങളെ നിശ്ശേഷം നശിപ്പിക്കുമെന്നാണ് ജനങ്ങളുടെ വിശ്വാസം).

ശ്രീജയദേവകവേരിദമുദിതമുദാരം
ശൃണു സുഖദം ശുഭദം ഭവസാരം
കേശവ! ധൃതദശവിധരൂപ! ജയ ജഗദീശ! ഹരെ!

അ—ഹേ ധൃതദശവിധരൂപ! കേശവ! ഹരെ! അങ്ങുന്ന് ഉദാരമായി സുഖദമായി ഭവസാരമായി ശ്രീജയദേവകവിയിങ്കൽനിന്ന് ഉദിതമായിരിക്കുന്ന ഈ ഗീതത്തെ ശ്രവിച്ചാലും!

സാ—മത്സ്യാദികളായ 10 വിധത്തിലുള്ള ശരീരങ്ങളെടുത്തവതരിച്ചവനും കേശവനുമായ അങ്ങുന്ന് (സഹൃദയന്മാർക്ക്) രസിക്കത്തക്കതും മംഗളദായകവും ഉൽകൃഷ്ടവും പ്രപഞ്ചത്തിൻെറ തന്നെ സാരത്തോടുകൂടിയതും ശ്രീജയദേവകവി വർണ്ണിച്ചുണ്ടാക്കിയതുമായ പാട്ടു കേൾക്കണെ! ഇവിടെ 'ശ്രീജയദേവകവിയുണ്ടാക്കിയ ഗാനം ശ്രവിക്കണെ!' എന്നുള്ള പ്രാർത്ഥനകൊണ്ട് ഭഗവാന്ന് ശ്രേയസ്സുണ്ടാകട്ടെ എന്നും, കവിക്കും ഞങ്ങൾക്കും (പാടുന്നവർക്കും കേൾക്കുന്നവർക്കും) മോക്ഷപ്രാപ്തിക്കായി അനുഗ്രഹിക്കണെമെന്നും ഗ്രഹിച്ചുകൊൾക.

വേദാനുദ്ധരതെ ജഗന്തി വഹതെ
ഭൂഗോളമുദ്വിഭ്രതേ
ദൈത്യം ദാരയതെ ബലിം ഛലയതെ
ക്ഷത്രക്ഷയം കുർവ്വതെ
പൌലസ്ത്യം ജയതെ ഹലം കലയതെ
കാരുണ്യമാതന്വതെ
മ്ലേഛാൻ മൂർഛയതെ ദശാകൃതികൃതെ
കൃഷ്ണായ തുഭ്യം നമഃ 16

അ—വേദങ്ങളെ ഉദ്ധരന്നായി, ജഗത്തുക്കളെ വഹന്നായി, ഭൂഗോളത്തെ ഉദ്വിഭ്രത്തായി, ദൈത്യനെ ദാരയന്നായി, ബലിയെ ഛലയന്നായി, ക്ഷത്രക്ഷയത്തെ കുർവ്വന്നായി, പൌലസ്ത്യനെ ജയന്നായി, ഹലത്തെ കലയന്നായി, കാരുണ്യത്തെ ആതന്വന്നായി, മ്ലേഛന്മാരെ മൂർഛയന്നായി, ദശാകൃതികൃത്തായി, കൃഷ്ണനായിരിക്കുന്ന അങ്ങക്കായിക്കൊണ്ടു നമസ്സ ഭവിക്കട്ടെ.

സാ—വേദങ്ങളെ (മത്സ്യാവതാരം ചെയ്തു സമുദ്രത്തിൽനിന്നും) ഉദ്ധരിച്ചവനും, ലോകങ്ങളെ (കൂർമ്മാവതാരം ചെയ്തു പുറത്തു) വഹിച്ചവനും, (പ്രളയകാലത്തു സമുദ്രത്തിലാണ്ട) ഭൂലോകത്തെ (വരാഹം—പന്നി) ആയവതരിച്ചു) പൊക്കിയവനും, ഹിരണ്യകശിപുവിനെ (നരസിംഹാവതാരം ചെയ്തു) പിളൎന്നവനും (കൊന്നവനും), മഹാബലിയെ (വാമനനായി അവതരിച്ചു ഭൂമിമുഴുവൻ ഒരടിയായളന്നു് സ്ഥാനഭ്രഷ്ടനാക്കിയവനും (പാതാളത്തിലേക്കയച്ചവനും), ക്ഷത്രിയന്മാരെ (പരശുരാമനായവതരിച്ചു് 21വട്ടം കുലചെയ്തവനും, രാവണനെ (ശ്രീരാമനായവതരിച്ചു് കൊന്നു്) ജയിച്ചവനും, ഹലായുധത്തെ (ബല

രാമനായവതരിച്ച് തൻെറ ആയുധമായ കരികൊണ്ടു അനവധി ദുഷ്ടന്മാരെ കൊല്ലുകയുണ്ടായിട്ടുണ്ടല്ലോ!) കയ്യിൽ ചലിപ്പിക്കുന്നവനും, ദയയോടെ (ബുദ്ധമുനിയായവതരിച്ച് സർവ്വപ്രാണികളിലും വളരെ ദയയോടെ) പെരുമാറിയവനും, ദുഷ്ടന്മാരായ ജനങ്ങളെ (കൽക്കിയായവതരിച്ചു) വധിച്ചവനും, ഈവിധം 10 അവതാരങ്ങളെടുത്തവനും കറുത്ത ശരീരവർണ്ണത്തോടുകൂടിയവനും ആയ ശ്രീകൃഷ്ണ! അങ്ങെക്കായിക്കൊണ്ടു് നമസ്കാരം (ഞാനങ്ങയെ നമസ്കരിക്കുന്നു).

ശ്രിതകമലാകുചമണ്ഡല! ധൃതകുണ്ഡല!
കലിതലളിതവനമാല!
ജയ ജയ ദേവ! ഹരെ! (പല്ലവി) 17

അ—ഹേ ശ്രിതകമലാകുചമണ്ഡല! ധൃതകുണ്ഡല! കലിതലളിതവനമാല! ദേവ! ഹരെ! അങ്ങുന്നു് ജയിച്ചാലും ജയിച്ചാലും.

സാ—മഹാലക്ഷ്മിയുടെ വൃത്തമൊത്ത സ്തനകുംഭങ്ങളിൽ (മുലകളിൽ) ആശ്രയിച്ചിരിക്കുന്നവനും, കർണ്ണങ്ങളിൽ മകരമത്സ്യാകൃതിയിലുള്ള കുണ്ഡലങ്ങൾ ധരിച്ചിട്ടുള്ളവനും, ഏററവും കോമളവും മനോഹരവുമായ വനമാല (തുളസി, താമര പാരിജാതകം, ഭംഗിയുള്ള തളിരുകൾ ഇവയെല്ലാംകൂടി ഇടകലന്നു് തൊടുത്തുണ്ടാക്കിയ മാല) ധരിച്ചിട്ടുള്ളവനും, ദേവനും, ഹരിയും (ഭക്തന്മാരിലുള്ള പാപത്തെ ഇല്ലായ്മചെയ്യുന്നവൻ) ആയ ഭഗവൻ! അങ്ങുന്നു് സർവ്വോൽക്കഷേണ വത്തിച്ചാലും. ഇവിടെ 'ജയ ജയ' എന്ന ദ്വിരുക്തി ഭക്ത്യാദരങ്ങളുടെ ആധിക്യത്തെ സൂചിപ്പിക്കുന്നു.

ദിനമണിമണ്ഡലമണ്ഡന! ഭവഖണ്ഡന!
മുനിജനമാനസഹംസ!
ജയ ജയ ദേവ! ഹരെ! 18

അ—ഹേ ദിനമണിമണ്ഡലമണ്ഡന! ഭവഖണ്ഡന! മുനിജനമാനസഹംസ! ദേവ! ഹരെ! അങ്ങുന്നു് ജയിച്ചാലും ജയിച്ചാലും.

സാ—സൂൎയ്യനെ അലങ്കാരമാക്കി ധരിച്ചിട്ടുള്ളവനും (സൂൎയ്യന്നു് അലങ്കാരമായിട്ടുള്ളവനും) കൂടാതെ മഹാവിഷ്ണുവിൻെറ വലത്തെ കണ്ണു് സൂൎയ്യനാണെന്നു് ശാസ്ത്രമുൽഘോഷിക്കുന്നു). സ്വഭക്തന്മാരുടെ പ്രാപഞ്ചികങ്ങളായ പാപങ്ങളെ നശിപ്പിക്കുന്നവനും, മഹൎഷിമാരുടെ മനസ്സാകുന്ന മാനസസരസ്സിന്നു് ഹംസം (അരയന്നം) ആയിട്ടുള്ളവനും, ദേവനും, ഹരിയുമായ ഭഗവൻ! അങ്ങുന്നു് സൎവ്വോൽകൎഷങ്ങളോടെ വൎത്തിച്ചാലും.

കാളിയവിഷധരഭഞ്ജന!ജനരഞ്ജന!
യദുകുലനളിനദിനേശ!
ജയ ജയ ദേവ! ഹരെ! 19

അ—ഹേ കാളിയവിഷധരഭഞ്ജന! ജനരഞ്ജന! യദുകുലനളിനദിനേശ! ദേവ! ഹരെ! അങ്ങുന്നു് ജയിച്ചാലും ജയിച്ചാലും.

സാ—കാളിയൻ എന്ന പേരായ സൎപ്പരാജൻെറ ഉഗ്രത്തെ തീരെ നശിപ്പിച്ചവനും (കാളിയമൎദ്ദനം ചെയ്തവനെന്നു് താല്പൎയ്യം) അതുകൊണ്ടുതന്നെ ജനങ്ങളെ ഏററവും സന്തോഷിപ്പിച്ചവനും, യാദവവംശമാകുന്ന താമരക്കൂട്ടത്തിന്നു് സൂൎയ്യഭഗവാനായിട്ടുള്ളവനും, (ശ്രീകൃഷ്ണൻ ജനിച്ചതിന്നു് ശേഷമാണു് യാദവവംശത്തിന്നു് വലിയ

അഭ്യുന്നതിയുണ്ടായിട്ടുള്ളതു് എന്നു് താല്പര്യം). ദേവനും ഹരിയുമായ ഭഗവൻ അങ്ങുന്നു് സർവ്വോൽക്കർഷേണ വർത്തിച്ചാലും.

മധുമുരനരകവിനാശന! ഗരുഡാസന!
സുരകുലകേളിനിദാന!
ജയ ജയ ദേവ! ഹരെ! 20

അ—ഹേ മധുമുരനരകവിനാശന! ഗരുഡാസന! സുരകുലകേളിനിദാന! ദേവ! ഹരെ! അങ്ങുന്നു് ജയിച്ചാലും ജയിച്ചാലും.

സാ—മധു, മുരൻ, നരകൻ എന്നീ അസുരന്മാരെ കൊന്നൊടുക്കിയവനും ഗരുഡൻ (കൃഷ്ണപ്പരുന്തു്) വാഹനമായിട്ടുള്ളവനും, ദേവന്മാരുടെ വിനോദങ്ങൾക്കെല്ലാം കാരണമായിട്ടുള്ളവനും (വൈരികളായ അസുരന്മാരെ കൊന്നൊടുക്കിയതുകൊണ്ടു് ദേവന്മാർക്ക വിനോദിക്കുവാൻ ഇടയായി എന്നു് താല്പര്യം), ദേവനും, ഹരിയുമായ ഭഗവൻ! അങ്ങുന്നു് സർവ്വോൽക്കർഷേണ വർത്തിച്ചാലും.

അമലകമലദളലോചന! ഭവമോചന!
ത്രിഭുവനഭവനനിധാന!
ജയ ജയ ദേവ! ഹരെ! 21

അ— ഹേ അമലകമലദളലോചന! ഭവമോചന! ത്രിഭുവനഭവനനിധാന! ദേവ! ഹരെ! അങ്ങുന്നു് ജയിച്ചാലും ജയിച്ചാലും.

സാ—നിർമ്മലമായ താമരപ്പൂവിന്റെ ഇതളുകൾ പോലെയുള്ള കണ്ണുകളോടു കൂടിയവനും, സ്വഭക്തന്മാരെ പ്രപഞ്ചത്തിൽനിന്നു രക്ഷിച്ചു് മോക്ഷം പ്രാപിപ്പിക്കുന്നവനും (ശ്രീപരമേശ്വരന്റെ ഭിക്ഷാടനക്ലേശത്തെ ശമി

പ്പിച്ചവനെന്നും ഗ്രഹിച്ചുകൊൾക), എല്ലാ ചരാചരങ്ങ ൾക്കും ആവാസസ്ഥാനങ്ങളായ മൂന്ന ലോകങ്ങൾക്കും (ഇ തിൽ 14 ലോകങ്ങളും ഉൾപ്പെട്ടു) ആധാരമായിട്ടുള്ളവ നും (പ്രളയകാലത്തിൽ 14 ലോകങ്ങളും ഭഗവാന്റെ ഉദ രത്തിൽ ഒതുങ്ങി എന്നു സ്മൃതി), ദേവനും ഹരിയുമായ ഭഗവൻ! അങ്ങുന്ന് സർവ്വോൽക്കർഷേണ വർത്തിച്ചാലും.

ജനകസുതാകൃതഭൂഷണ! ജിതദൂഷണ!

സമരശമിതദശകണ്ഠ!

ജയ ജയ ദേവ! ഹരെ! 22

അ—ഹേ ജനകസുതാകൃതഭൂഷണ! ജിതദൂഷണ! സ മരശമിതദശകണ്ഠ! ദേവ! ഹരെ! അങ്ങുന്ന് ജയിച്ചാലും ജയിച്ചാലും.

സാ—പ്രേമാതിശയംകൊണ്ടു് താൻതന്നെ സീതാ ദേവിയെ അലങ്കരിച്ചവനും ഖരൻ ദൂഷണൻ ത്രിശിരസ്സ് അവരുടെ 14000 സൈന്യങ്ങൾ—ഇവയെല്ലാം 3¾ നാഴി കകൊണ്ടു് കൊന്നൊടുക്കിയവനും (ദുഷ്ടന്മാരെ നശിപ്പി ച്ചവനെന്നും, 'കാമം ക്രോധം ലോഭം മോഹം മദം മാ ത്സര്യം' എന്നീ വികാരങ്ങളെ ജയിച്ചവ (ജിതേന്ദ്രിയ) നെന്നും അർത്ഥം ഗ്രഹിച്ചുകൊൾക), യുദ്ധത്തിൽ രാക്ഷസ രാജാവായ രാവണനെ അനായാസേന വധിച്ചവനും, ദേ വനും, ഹരിയുമായ ഭഗവൻ! അങ്ങുന്ന് സർവ്വോൽക്ക ർഷേണ വർത്തിച്ചാലും.

അഭിനവജലധരസുന്ദര! ധൃതമന്ദര!

ശ്രീമുഖചന്ദ്രചകോര!

ജയ ജയ ദേവ! ഹരെ! 23

അ—ഹേ അഭിനവജലധരസുന്ദര! ധൃതമന്ദര! ശ്രീമുഖചന്ദ്രചകോര! ദേവ! ഹരെ! അങ്ങുന്ന് ജയിച്ചാലും ജയിച്ചാലും.

സാ—പുതിയ കാർമേഘത്തെപ്പോലെ സുന്ദരനും (നീലകലൎന്ന കറുപ്പുവൎണ്ണത്തോടു കൂടിയവൻ എന്നൎത്ഥം) രാധയുടെ മുഖമാകുന്ന ചന്ദ്രന്ന് ചകോരമായിട്ടുള്ളവനും (ചകോരം ചന്ദ്രരശ്മികളെ പാനംചെയ്യുന്നു എന്നു കവിസങ്കേതം, ചകോരം ചന്ദ്രിക പാനം ചെയ്യുന്നപോലെ തന്നെ ആലിംഗനചുംബനാധരപാനാദികളെക്കൊണ്ടു, രാധയെ രമിപ്പിക്കുന്നവനെന്നു താല്പൎയ്യം), ദേവനും, ഹരിയുമായ ഭഗവൻ! അങ്ങുന്ന് സൎവ്വോൽക്കൎഷേണ വൎത്തിച്ചാലും.

ശ്രീജയദേവകവേരിദം കുരുതെ മുദം
മംഗളമുജ്ജ്വലഗീതം
ജയ ജയ ദേവ! ഹരെ! 24

അ—ശ്രീജയദേവകവിയുടെ മംഗളമായിരിക്കുന്ന ഈ ഉജ്ജ്വലഗീതം മുത്തിനെ ചെയ്യുന്നു. ഹേ ദേവ! ഹരെ! അങ്ങുന്ന് ജയിച്ചാലും ജയിച്ചാലും.

സാ—ശ്രീജയദേവകവി നിൎമ്മിച്ചിട്ടുള്ള—ധ്വനിഗുണാലങ്കാരയുക്തവും, സാരഗൎഭവുമായിരിക്കുന്ന ഈ ഗാനം (ഗീതഗോവിന്ദം എന്ന ഗ്രന്ഥം) കവികൾക്കും പാടുന്നവൎക്കും കേൾക്കുന്നവൎക്കും ഈശ്വരന്നുതന്നെയും മംഗളകാരണവും, സന്തോഷഹേതുവുംകൂടിയാണു്. അല്ലയോ ഭഗവൻ! അങ്ങുന്ന് സൎവ്വോൽക്കൎഷേണ വൎത്തിച്ചാലും.

പത്മാപയോധരതടീപരിരംഭലഗ്ന-
കാശ്മീരമുദ്രിതമുരൊ മധുസൂദനസ്യ
വ്യക്താനുരാഗമിവ ഖേലദനംഗഖേദ-
സ്വേദാംബുപൂരമനുപൂരയതു പ്രിയം വഃ 25

അ—വ്യക്താനുരാഗമൊ എന്നു തോന്നുമാറു് പത്മാപയോധരതടീപരിരംഭലഗ്നകാശ്മീരമുദ്രിതമായി ഖേലദനംഗഖേദസ്വേദാംബുപൂരമായിരിക്കുന്ന മധുസൂദനന്റെ ഉരസ്സ് നിങ്ങൾക്കു പ്രിയത്തെ അനുപൂരിപ്പിക്കട്ടെ.

സാ—രാധയെ ആലിംഗനം ചെയ്തപ്പോൾ കുങ്കുമലിപ്തങ്ങളായ അവളുടെ കുളിർമുലകളിൽനിന്നു—സ്പഷ്ടമായ അനുരാഗമൊ എന്നു തോന്നുമാറു്—സംക്രമിച്ചതും പററിയതുമായ കുങ്കുമപങ്കത്തോടുകൂടിയതും, സുരതക്രീഡയിലുള്ള ആയാസംകൊണ്ടുണ്ടായ വിയൎപ്പുതുള്ളികളോടുകൂടിയതുമായ ശ്രീകൃഷ്ണഭഗവാന്റെ മനോഹരമായ മാൎവ്വിടം നിങ്ങളെ സന്തോഷിപ്പിക്കട്ടെ. (ശ്രീകൃഷ്ണനെ കാണുന്ന—ഭക്തന്മാൎക്കു് മുക്തിയും, അല്ലാത്തവൎക്കു അനംഗക്രീഡകളിൽ അത്യധികം അഭിരുചിയും അനുഭവിപ്പാൻ ഇടവരുമെന്നു് താല്പൎയ്യം).

വസന്തേ വാസന്തീകുസുമസുകുമാരൈരവയവൈർ-
ഭ്രമന്തീം കാന്താരെ ബഹുവിഹിതകൃഷ്ണാനുസരണാം
അമന്ദം കന്ദൎപ്പജ്വരജനിതചിന്താകുലതയാ
വലൽബാധാം രാധാം സരസമിദമൂചെ സഹചരീ

അ—സഹചരീ, വസന്തത്തിങ്കൽ ബഹുവിഹിതകൃഷ്ണാനുസരണയായി വാസന്തീകുസുമസുകുമാരങ്ങളായിരിക്കുന്ന അവയവങ്ങളോടു് ഉപലക്ഷിതയായി കാന്താരത്തിങ്കൽ അമന്ദമാകുംവണ്ണം ഭ്രമന്തിയായി കന്ദൎപ്പജ്വരജനിതചിന്താകുലത ഹേതുവായിട്ടു് വലൽബാധയായിരിക്കുന്ന രാധയോടു് സരസമാകുംവണ്ണം ഇതിനെ വചിച്ചു.

സാ—വസന്തകാലമായപ്പോഠം കാമവികാരപരവശയായി—പലേ പ്രാവശ്യവും പലേ പ്രകാരത്തിലും—തൻെറ പ്രിയതമനായ ശ്രീകൃഷ്ണനെ തിരഞ്ഞുനടക്കുന്നവളും, പിച്ചകപ്പൂക്കഠംപോലെ അതിമൃദുക്കളും മനോഹരങ്ങളുമായ കരചരണാദ്യവയവങ്ങളോടു കൂടിയവളും കല്ലും മുള്ളും നിറഞ്ഞ കാട്ടിൽ അതിവേഗത്തിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്നവളും, തൻെറ ഇഷ്ടംപോലെ രമിക്കുവാൻ വൎദ്ധിച്ചിരിക്കുന്ന കാമവികാരത്താലതീവപരവശയും ആയ രാധയോടു് അവളുടെ പ്രിയസഖി ഇപ്രകാരം പറഞ്ഞു: ഇവിടെ രാധയുടെ അവയവങ്ങഠം അത്യധികം മൃദുക്കളായിട്ടുകൂടി കല്ലും മുള്ളും നിറഞ്ഞ കാട്ടിൽ അതിവേഗം അലഞ്ഞുനടക്കുന്നു എന്നു പറഞ്ഞതുകൊണ്ടു് വൎദ്ധിച്ചതായ വികാരപാരവശ്യം ധ്വനിക്കുന്നു.

ലളിതലവംഗലതാപരിശീലനകോമളമലയസമീരെ
മധുകരനികരകരംബിതകോകിലകൂജിതകുഞ്ജകുടീരെ.
വിഹരതി ഹരിരിഹ സരസവസന്തെ (പല്ലവി)
നൃത്യതി യുവതിജനേന സമം സഖി! വിരഹിജനസ്യ
ദുരന്തെ (അനുപല്ലവി) 27

അ—ഹേ സഖി! ലളിതലവംഗലതാപരിശീലനകോമളമലയസമീരമായി മധുകരനികരകരംബിതകോകിലകൂജിതകുഞ്ജകുടീരമായി സരസവസന്തമായി വിരഹിജനത്തിന്നു് ദുരന്തമായിരിക്കുന്ന ഇവിടെ ഹരി യുവതിജനത്തോടുകൂടെ വിഹരിക്കുകയും നൃത്തംവെക്കുകയും ചെയ്യുന്നു.

സാ—അല്ലയൊ പ്രിയസഖി! രാധെ! ഏററവും മൃദുക്കളായിരിക്കുന്ന ഏലവങ്ഗവല്ലികളിൽ തട്ടിവരുന്നതുകൊണ്ടു് സൌരഭ്യ ശൈത്യമാന്ദ്യാദിഗുണങ്ങളോടു കൂടിയ—

മലയപൎവ്വതത്തിൽനിന്നു് വരുന്ന—മന്ദമാരുതൻ—ധാരാളം വീശിക്കൊണ്ടിരിക്കുന്നതും, എല്ലാപ്പോഴും 'ഝം...' എന്നു ശബ്ദിച്ചുകൊണ്ടിരിക്കുന്ന വണ്ടിൻചാൎത്തുകളുള്ളതും, മധുരമാകുംവണ്ണവും അവ്യക്തമാകുംവണ്ണവും ശബ്ദിച്ചുകൊണ്ടിരിക്കുന്ന കുയിലുകൾ നിരവധിയുള്ളതും ആയ വള്ളിക്കുടിലുകൾ അസംഖ്യമുള്ള—യമുനാനദീതീരത്തുള്ള ഈ വൃന്ദാവനത്തിൽ വസന്തർത്തു ആരംഭിച്ചുകഴിഞ്ഞു. വിരഹിജനത്തിന്നു് (വേൎപിരിഞ്ഞ ഭാൎയ്യാഭൎത്താക്കന്മാൎക്കു് വികാരപാരവശ്യംകൊണ്ടു്) മരണംവുംകൂടി സംഭവിച്ചേക്കാനിടയുള്ള ഈ പ്രദേശത്തു ശ്രീകൃഷ്ണൻ മററുള്ള ഗോപസ്ത്രീകളൊന്നിച്ചു് ക്രീഡിക്കുകയും നൃത്തം വെക്കുകയും ചെയ്യുന്നു.

ഉന്മദമദനമനോരഥപഥികവധൂജന-
ജനിതവിലാപെ,
അളികുലസങ്കുലകുസുമസമൂഹനിരാകുല-
ബകുളകലാപെ. വിഹരതി...28

അ—ഹേ സഖി! ഹരി, ഉന്മദമദനമനോരഥപഥികവധൂജനജനിതവിലാപമായി, അളികുലസങ്കുലകുസുമസമൂഹനിരാകുലബകുളകലാപമായിരിക്കുന്ന ഇവിടെ വിഹരിക്കുകയും നൃത്തംവെക്കുകയും ചെയ്യുന്നു.

സാ—പ്രിയസഖി! രാധെ! വൎദ്ധിച്ച കാമവികാരത്താൽ (ആലിംഗനചുംബനാദ്യഭിലാഷത്താൽ) കിംകൎത്തവ്യതാമൂഢകളായ പാന്ഥസ്ത്രീകളുടെ (അന്യദേശങ്ങളിലേക്കു ഗമിച്ചിട്ടുള്ള പുരുഷന്മാരുടെ ഭാൎയ്യമാരുടെ) രോദനങ്ങളോടുകൂടിയതും, ഓരോ പൂക്കളിലും അനവധി വണ്ടുകൾ വീതം ഇരുന്നു മധുപാനം ചെയ്തിട്ടും മാൎദ്ദവഹാ

ന്യാദി യാതൊരു ദോഷവും സംഭവിക്കാത്ത പൂങ്കുലകളോടുകൂടിയ ഇലഞ്ഞി (പുന്ന) വൃക്ഷങ്ങൾ ധാരാളമുള്ളതുമായ ഈ പ്രദേശത്തു ശ്രീകൃഷ്ണൻ ക്രീഡിക്കുകയും നൃത്തം വെക്കുകയും ചെയ്യുന്നു. പല്ലവിയുടേയും അനുപല്ലവിയുടെയും 'അന്വയാൎത്ഥം സാരം' ഇവയെല്ലാം ഇതിലും എനി പറയുന്ന 6 ഗീതങ്ങളിലേക്കും യോജിപ്പിക്കണം.

മൃഗമദസൌരഭരഭസവശംവദ
നവദളമാലതമാലെ,
യുവജനഹൃദയവിദാരണമനസിജ-
നഖരുചികിംശുകജാലെ. വിഹരതി...29

അ—ഹേ സഖി! ഹരി, മൃഗമദസൌരഭരഭസവശംവദനവദളമാലതമാലമായി, യുവജനഹൃദയവിദാരണമനസിജനഖരുചികിംശുകജാലമായിരിക്കുന്ന ഇവിടെ വിഹരിക്കുന്നു.

സാ—രാധെ! കസ്തൂരിയെ അതിശയിക്കുന്ന വാസനയോടുകൂടിയവയും പുതിയവയുമായ ധാരാളം ഇലകളുള്ള പച്ചിലമരങ്ങളെക്കൊണ്ടു് ഇടതൂൎന്നതും, യുവതിമാരുടേയും യുവാക്കന്മാരുടേയും ഹൃദയങ്ങളെ പിളൎക്കുന്നതിൽ അതിസമൎത്ഥങ്ങളായ കാമദേവന്റെ നഖങ്ങളെപ്പോലെ അത്രയും ശോഭയുള്ള മൊട്ടുകളോടുകൂടിയ പ്ലാശുവൃക്ഷങ്ങൾ ധാരാളമുള്ളതുമായ ഈ പ്രദേശത്തു് ശ്രീകൃഷ്ണൻ സ്വൈരമായി വിഹരിക്കുന്നു.

മദനമഹീപതികനകദണ്ഡരുചി-
കേസരകുസുമവികാസെ,
മിളിതശിലീമുഖപാടലപടല-
കൃതസ്മരതൂണവിലാസെ വിഹരതി 30

അ—ഹേ സഖി! ഹരി, മദനമഹീപതികനകദണ്ഡരുചികേസരകുസുമവികാസമായി മിളിതശിലീമുഖപാടലപടലകൃതസ്മരതൂണവിലാസമായിരിക്കുന്ന ഇവിടെ വിഹരിക്കുന്നു.

സാ—രാധെ! കാമദേവനാകുന്ന മഹാരാജാവിന്റെ സ്വൎണ്ണപ്പിടിയോടുകൂടിയ വെൺകൊററക്കുടയുടെ ശോഭപോലുള്ള ശോഭയോടു കൂടിയവയും, വികസിച്ചവയുമായ ഇലഞ്ഞിപ്പൂക്കളോടുകൂടിയതും, കാമദേവന്റെ അസ്ത്രങ്ങൾ നിറച്ചുവെച്ച ആവനാഴിയോ എന്നു തോന്നുമാറു് വണ്ടുകൾ നിറഞ്ഞിരിക്കുന്ന പാതിരിപ്പൂക്കളോടുകൂടിയതുമായ ഈ പ്രദേശത്തു് ശ്രീകൃഷ്ണൻ വിനോദിക്കുന്നു.

വിഗളിതലജ്ജിതജഗദവലോകന-
തരുണകരുണകൃതഹാസെ,
വിരഹിനികൃന്തനകുന്തമുഖാകൃതി
കേതകദന്തുരിതാശെ വിഹരതി 31

അ—ഹേ സഖി! ഹരി, വിഗളിതലജ്ജിതജഗദവലോകനതരുണകരുണകൃതഹാസമായി, വിരഹിനികൃന്തനകുന്തമുഖാകൃതികേതകദന്തുരിതാശമായിരിക്കുന്ന ഇവിടെ വിഹരിക്കുന്നു.

സാ—നിൎല്ലജ്ജമായി കാമക്രീഡകൾ നടത്തുന്ന യുവതീയുവാക്കന്മാർ മററുള്ളവർ കാണുന്നുണ്ടോ എന്ന സംശയത്തോടെ നാലുഭാഗവും നോക്കുമ്പോൾ (വൃന്ദാവനം) കരുണവൃക്ഷപ്പൂക്കളെക്കൊണ്ടു് പരിഹസിക്കുകയാണൊ എന്നു തോന്നുമാറുള്ളതും, വിരഹിജനങ്ങളുടെ ഹൃദയഭേദനത്തിൽ സമൎത്ഥങ്ങളായ കുന്തങ്ങളുടെ അഗ്രംപോലെ കൂൎത്ത അഗ്രങ്ങളുള്ള കൈതപ്പൂക്കൾ ചുററുപാടുമുള്ളതുമായ ഈ പ്രദേശത്തു് ശ്രീകൃഷ്ണൻ ക്രീഡിക്കുന്നു.

KOTTAYAM PUBLIC LIBRARY
KOTTAYAM
148789

മാധവികാപരിമളമിളിതെ
നവമാലികയാതിസുഗന്ധൌ,
മുനിമനസാമപി മോഹനകാരിണി
തരുണാകാരണബന്ധൌ വിഹരതി 32

അ—ഹേ സഖി! ഹരി, മാധവികാപരിമളമിളിതമായി നവമാലികയാൽ അതിസുഗന്ധിയായി മുനിമനസ്സുകൾക്കുകൂടി മോഹനകാരിയായി തരുണാകാരണബന്ധുവായിരിക്കുന്ന ഇവിടെ വിഹരിക്കുന്നു.

സാ—രാധെ! വികസിച്ചുനിൽക്കുന്ന പിച്ചകപ്പൂക്കളുടെ സൌരഭ്യത്തോടു കൂടിയതും വിടിൎന്ന മുല്ലപ്പൂക്കളെക്കൊണ്ടു് വൎദ്ധിച്ച സുഗന്ധത്തോടു കൂടിയതും, പഞ്ചേന്ദ്രിയങ്ങളുമൊതുക്കി സമാധിയിലിരിക്കുന്ന മഹൎഷിമാരുടെ മനസ്സുകൂടി ഇളക്കുവാൻ പൎയ്യാപ്തമായ പരിസരപ്രദേശത്തോടുകൂടിയതും, പ്രണയകലഹംകൊണ്ടു് അകന്ന തരുണീതരുണന്മാരെ യാതൊരു കാരണവും കൂടാതെ യോജിപ്പിക്കുന്നതിൽ സമൎത്ഥവുമായ ഈ പ്രദേശത്തു ശ്രീകൃഷ്ണൻ കളിക്കുന്നു.

സ്ഫുരദതിമുക്തലതാപരിരംഭണ-
മുകുളിതപുളകിതചൂതെ,
വൃന്ദാവനവിപിനെ പരിസര
പരിഗതയമുനാജലപൂതെ വിഹരതി. 33

അ—ഹേ സഖി! ഹരി, സ്ഫുരദതിമുക്തലതാപരിരംഭണമുകുളിതപുളകിതചൂതമായി, പരിസരപരിഗതയമുനാജലപൂതമായിരിക്കുന്ന ഈ വൃന്ദാവനവിപിനത്തിങ്കൽ വിഹരിക്കുന്നു.

സാ—രാധെ! മനോഹരങ്ങളായ പിച്ചകവള്ളികൾ ചുററിയതുകൊണ്ടു് രോമാഞ്ചമുണ്ടായിരിക്കയാണൊ എന്നു തോന്നുമാറു് പൂത്തിരിക്കുന്ന തേന്മാവുകളോടുകൂടിയതും കാററത്തു ചുററുപാടുമുള്ള യമുനാനദിയിലെ വെള്ളത്തുള്ളികൾ വന്നു വീഴുന്നതുകൊണ്ടു് പരിശുദ്ധവുമായ വൃന്ദാവനത്തിൽ ശ്രീകൃഷ്ണൻ മററുള്ള ഗോപസ്ത്രീകളോടുകൂടി ക്രീഡിക്കുകയും നൃത്തംവെക്കുകയും ചെയ്യുന്നു. "അല്ലയൊ, രാധെ! നീ ശ്രീകൃഷ്ണനുള്ള ആ പ്രദേശത്തേക്കു് പോവുകയാണു് നല്ലതു്. എന്നാൽ നിനക്കും കൃഷ്ണനോടുകൂടി ക്രീഡിക്കാം" എന്നുള്ള സഖിയുടെ ആശയം ഈ ഏഴു ഗീതങ്ങളിലും ധ്വനിക്കുന്നുണ്ടു്.

ശ്രീജയദേവഭണിതമിദമുദയതി
ഹരിചരണസ്മൃതിസാരം,
സരസവസന്തസമയവനവർണ്ണന മനുഗത
മദനവികാരം വിഹരതി 34

അ—ശ്രീജയദേവഭണിതമായിരിക്കുന്ന ഇതു് സരസവസന്തസമയവനവർണ്ണനമായി അനുഗതമദനവികാരമായിരിക്കുന്ന ഹരിചരണസ്മൃതിസാരത്തെ ഉദിപ്പിക്കുന്നു.

സാ—ശ്രീജയദേവകവി നിർമ്മിച്ചിട്ടുള്ള ഈ കാവ്യം ഉത്തമനായികാനായകന്മാരായ രാധാകൃഷ്ണന്മാരുടെ ആലിംഗനനർമ്മസല്ലാപാദി കാമവികാരോദ്ദീപകസമർത്ഥങ്ങളും നവോദിതമായ വസന്തർത്തുവിൽ വൃന്ദാവനത്തെ വർണ്ണിച്ചിട്ടുള്ളതും (വസന്തർത്തുവിൽ വൃന്ദാവനത്തിൽ വിസ്തരിച്ചു പറയത്തക്ക പലേ സംഭവങ്ങളും ഉണ്ടായിരിക്കുമെന്നു സാരം) ആയ ഭഗവൽപാദസ്മരണത്തെ പ്രത്യേകം പ്രകാശിപ്പിക്കുന്നു. ഇതു് പാടുന്നവർക്കും കേൾക്കുന്നവർക്കും മോക്ഷപ്രദമാണെന്നു് താല്പര്യം.

ദരവിദളിതമല്ലീവല്ലിചഞ്ചൽപരാഗ
പ്രകടിതപടവാസൈർവ്വാസയൻ കാനനാനി,
ഇഹ ഹി ദഹതി ചേതഃ കേതകീഗന്ധബന്ധുഃ
പ്രസരദസമബാണപ്രാണവൽ ഗന്ധവാഹഃ 35

അ—ഹേ സഖി! ഇവിടെ ദരവിദളിതമല്ലീവല്ലിചഞ്ചൽപരാഗപ്രകടിതപടവാസങ്ങളെക്കൊണ്ടു് കാനനങ്ങളെ വാസയന്നായി കേതകീഗന്ധബന്ധുവായിരിക്കുന്ന ഗന്ധവാഹൻ പ്രസരദസമബാണപ്രാണൻ എന്നപോലെ ചേതസ്സിനെ ദഹിപ്പിക്കുന്നു. കഷ്ടം! നീ ദൎശിച്ചാലും.

സാ—ഈ വൃന്ദാവനത്തിൽ കുറഞ്ഞൊന്നു വികസിച്ച മല്ലികാകുസുമങ്ങളോടുകൂടിയ വള്ളികൾ ചെറുതെന്നലിലുലയുമ്പോൾ അവയിൽനിന്നുയരുന്ന—വസ്ത്രാകാരേണയുള്ള—അത്രയും വൎദ്ധിച്ച പൂമ്പൊടികൊണ്ടു് ഈ കാനനത്തെ മുഴുവനുംതന്നെ സുഗന്ധപൂൎണ്ണമാക്കുന്നതും കൈതപ്പൂക്കളുടെ സുഗന്ധത്തോടുകൂടിയതുമായ മന്ദാനിലൻ— വിരഹിജനങ്ങളുടെ പ്രാണനെക്കൂടി അപകടത്തിലാക്കുവാൻ—അത്രയുമൊരുങ്ങിയ കാമദേവനെപ്പോലെതന്നെ വിരഹികളായ തരുണീതരുണന്മാരുടെ മനസ്സിനെ ദഹിപ്പിക്കുന്നു. (അവർ കാമപാരവശ്യത്താൽ അസ്വസ്ഥചിത്തന്മാരായിരിക്കുന്നു). കഷ്ടം! രാധെ! നീ ഇതെല്ലാം കണ്ടുവൊ? ഇവിടെ രാധയോടു് ഇപ്രകാരം പറഞ്ഞതുകൊണ്ടു് ശ്രീകൃഷ്ണനും ഇപ്പോൾ കാമപാരവശനായിരിക്കും. നിന്റെയും മനസ്സ് അസ്വസ്ഥമായിരിക്കുന്നു. അതുകൊണ്ടു് താമസിയാതെ ശ്രീകൃഷ്ണസമീപത്തേക്കു് ഗമിക്കേണ്ടതാണെന്നുള്ള സഖിയുടെ അഭിപ്രായം ധ്വനിക്കുന്നു.

ഉന്മീലന്മധുഗന്ധലുബ്ധമധുപ-
വ്യാധൂതചൂതാങ്കുര-
ക്രീഡൽകോകിലകാകളീകളകളൈ-
രുൽഗീൎണ്ണകൎണ്ണജ്വരാഃ,
നീയന്തെ പഥികൈഃ കഥംകഥമപി
ധ്യാനാവധാനക്ഷണ-
പ്രാപ്തപ്രാണസമാസമാഗമരസോ-
ല്ലാസൈരമീ വാസരാഃ 3

അ—ഹേ സഖി! ഉന്മീലന്മധുഗന്ധലുബ്ധമധുപവ്യാധൂതചൂതാങ്കുരക്രീഡൽ കോകിലകാകളീകളകളങ്ങളെക്കൊണ്ടു ഉൽഗീൎണ്ണകൎണ്ണജ്വരങ്ങളായിരിക്കുന്ന ഈ വാസരങ്ങൾ, പഥികന്മാരാൽ ധ്യാനാവധാനക്ഷണപ്രാപ്തപ്രാണസമാസമാഗമരസോല്ലാസന്മാരായിട്ട് വളരെ പണിപ്പെട്ട് നയിക്കപ്പെടുന്നു.

സാ—ഈ വസന്തത്തുവിൽ—വണ്ടുകൾ കൂട്ടംകൂട്ടമായി ഝങ്കാരം ചെയ്തുകൊണ്ടു പൂക്കളിലെ തേൻ കുടിക്കുവാൻ അങ്ങുമിങ്ങും സഞ്ചരിക്കുമ്പോൾ കുസുമസമ്മിശ്രങ്ങളായ (മാവിൻ) തളിർക്കുലകൾ ഇളകി അതുകളിൽ കളിച്ചുപുളച്ചുകൊണ്ടിരിക്കുന്ന കുയിലുകളുടെ മധുരങ്ങളും അവ്യക്തങ്ങളുമായ ശബ്ദങ്ങളാൽ വിരഹികളായ യുവതീയുവാക്കന്മാൎക്ക് അസഹ്യമായ ഈ ദിവസങ്ങൾ—വിരഹികളായ സ്ത്രീപുരുഷന്മാർ അവരവരുടെ ഭൎത്താക്കന്മാരെയും ഭാൎയ്യമാരെയും മനസ്സിൽ സങ്കല്പിച്ച് (ധ്യാനിച്ച്) അവരായുള്ള ആലിംഗനചുംബനാദിരഹഃക്രീഡകളെ ഭാവനചെയ്തുകൊണ്ട് വളരെ പ്രയാസപ്പെട്ടു ഞെരുങ്ങി കഴിച്ചുകൂട്ടുന്നു.

അനേകനാരീപരിരംഭസംഭ്രമ-
സ്ഫുരന്മനോഹാരിവിലാസലാലസം,
മുരാരിമാരാദുപദൎശയന്ത്യസൌ
സഖീ സമക്ഷം പുനരാഹ രാധികാം. 37

അ— അനേകനാരീപരിരംഭസംഭ്രമസ്ഫുരന്മനോഹാരിവിലാസലാലസനായിരിക്കുന്ന മുരാരിയെ അടുക്കൽ ഉപദൎശയന്തിയായിരിക്കുന്ന ഈ സഖി സമക്ഷമാകുംവണ്ണം വീണ്ടും രാധികയോടു പറഞ്ഞു.

സാ—ഇതുവരെയും രാധയെ ഉപദേശിച്ച സഖി, വളരെയധികം ഗോപസ്ത്രീകളോടു കൂടിയുള്ള ആലിംഗനാദികളിൽ— അവർ കാണിക്കുന്ന ഓരൊ വിലാസചേഷ്ടകളിലും— കുതുകിയായ ശ്രീകൃഷ്ണനെ അടുത്തുള്ള ഒരു വൃക്ഷത്തിന്റെ മറവിൽ ഒളിച്ചുനിന്നു് കാണിച്ചുകൊടുത്തുകൊണ്ടു് വീണ്ടുമിപ്രകാരം പറഞ്ഞു.

ചന്ദനചൎച്ചിതനീലകളേബരപീതവസനവനമാലീ,
കേളിചലന്മണികുണ്ഡലമണ്ഡിതഗണ്ഡയുഗ
സ്മിതശാലീ.
ഹരിരിഹ മുഗ്ദ്ധവധൂനികരെ വിലാസിനി! വിലസതി
കേളിപരേ—(പല്ലവി) 38

അ—ഹേ വിലാസിനി! കേളിപരെ! രാധെ! ചന്ദനചൎച്ചിതനീലകളേബരപീതവസനവനമാലിയായി കേളിചലന്മണികുണ്ഡലമണ്ഡിത ഗണ്ഡയുഗസ്മിതശാലിയായിരിക്കുന്ന ഹരി ഇവിടെ മുഗ്ദ്ധവധൂനികരത്തിങ്കൽ വിലസിക്കുന്നു. (നീ ദൎശിച്ചാലും).

സാ—വിലാസശീലയും (കാമ)ക്രീഡകളിൽ ഏററവും തൽപരയുമായ രാധെ!, നീലവൎണ്ണമായ ശരീരത്തിൽ ചന്ദനം പൂശി മഞ്ഞവസ്ത്രം ധരിച്ചു വനമാലയണിഞ്ഞും, കൎണ്ണങ്ങളിലുള്ള മകരകുണ്ഡലങ്ങളുടെ ശോഭയാൽ കൌതുകങ്ങളായ കവിൾത്തടങ്ങളോടു കൂടിയവനും, പുഞ്ചിരിതൂകുമ്പോഴും അവ ഇളകുമ്പോഴും കൂടുതൽ ശോഭിക്കുന്നവനും സുന്ദരനും ആയ ശ്രീകൃഷ്ണൻ (മുഗ്ദ്ധകളായ) സുന്ദരിമാരായ— ഈ ഗോപസ്ത്രീകളുടെ കൂട്ടത്തിൽ കൂടുതൽ ശോഭിക്കുന്നതു് കണ്ടുകൊള്ളു. ഇവിടെ 'മുഗ്ദ്ധകൾ' എന്നു പറഞ്ഞതുകൊണ്ടു് "ഉദയദ്യൌവ്വനാ മുഗ്ദ്ധാ ലജ്ജാവിജിതമന്മഥാ" എന്ന ലക്ഷണംകൊണ്ടു്, വലിയ ലജ്ജയുള്ള അവർകൂടി തീരെ ലജ്ജവിട്ടു് കൃഷ്ണനെ പ്രാപിക്കുന്നു എന്നും, അതുകൊണ്ടു് നീയും ലജ്ജിക്കാതെ കൃഷ്ണനെ പ്രാപിക്കയാണു് നല്ലതെന്നും ഉള്ള സഖിയുടെ പ്രേരണ ധ്വനിക്കുന്നു. "ഹരിരിഹ" എന്നു തുടങ്ങി.....“കേളിപരെ”എന്നതുവരെ പല്ലവി. ഇനിയുള്ള 7ഗീതങ്ങളിലേക്കും ഇവിടെ പറഞ്ഞിട്ടുള്ളപോലെ അൎത്ഥം യോജിപ്പിച്ചുകൊൾക.

പീനപയോധരഭാരഭരേണ ഹരിം
 പരിരഭ്യ സരാഗം,
ഗോപവധൂരനുഗായതി കാചി-
 ദുദഞ്ചിതപഞ്ചമരാഗം ഹരിരിഹ. 39

അ—ഹേ സഖി! ഇവിടെ ഒരു ഗോപവധു പീനപയോധരഭാരഭരത്തോടെ ഹരിയെ പരിരംഭണം ചെയ്തിട്ടു ഉദഞ്ചിതപഞ്ചമരാഗമാകുംവണ്ണം അനുഗാനം ചെയ്യുന്നു. (രാധെ! ദൎശിച്ചാലും).

സാ—പ്രിയസഖി! രാധെ! ഇതാ തടിച്ചുകൊഴുത്ത സ്തനങ്ങളുള്ള ഒരു ഗോപസ്ത്രീ വൎദ്ധിച്ച അനുരാഗത്തോടുകൂടെ ശ്രീകൃഷ്ണനെ ആലിംഗനം ചെയ്തിട്ടു് കുയിൽനാദത്തോടു് സദൃശമായി (ശ്രീകൃഷ്ണൻ പാടുന്നതിനെ ഏററു പാടുന്നു). നീ ഇതെല്ലാം കാണുകയും കേൾക്കുകയും ചെയ്യുന്നില്ലേ?.

കാപി വിലാസവിലോലവിലോചന-
    ഖേലനജനിതമനോജം,
ധ്യായതിമുഗ്ദ്ധവധൂരധികം മധു-
    സൂദനവദനസരോജം ഹരിരിഹ. 40

അ—ഹേ സഖി! ഒരു മുഗ്ദ്ധവധൂ, വിലാസവിലോലവിലോചനഖേലനജനിതമനോജനായിരിക്കുന്ന മധുസൂദനവദനസരോജത്തെ അധികം ധ്യാനിക്കുന്നു.

സാ—പ്രിയസഖി! രാധെ! ഇതാ സുന്ദരിയായ ഒരു ഗോപസ്ത്രീ, വിലാസങ്ങളും ചഞ്ചലങ്ങളും ആയ ശ്രീകൃഷ്ണന്റെ കടാക്ഷവീക്ഷണങ്ങൾകൊണ്ടു കാമപരവശയായിട്ടു മതിമറന്നു് ശ്രീകൃഷ്ണന്റെ വദനാരവിന്ദത്തെ ധ്യാനിച്ചുകൊണ്ടേ ഇരിക്കുന്നു.

കാപി കപോലതലെ മിളിതാ ലപിതും
    കിമപി ശ്രുതിമൂലെ,
ചാരു ചുചുംബ നിതംബവതീ ദയിതം
    പുളകൈരനുകൂലെ ഹരിരിഹ. 41

അ—ഹേ സഖി! ഇവിടെ ഒരു നിതംബവതി ശ്രുതിമൂലത്തിങ്കൽ കുറഞ്ഞൊന്നു ലപിപ്പാനായിക്കൊണ്ടു് മിളിതയായിട്ടു ദയിതനെ പുളകങ്ങളെക്കൊണ്ടു് അനുകൂലമായിരിക്കുന്ന കപോലതലത്തിങ്കൽ ചാരുവാകുംവണ്ണം ചുംബിച്ചു.

സാ—പ്രിയസഖി! രാധേ! നല്ല നിതംബങ്ങളുള്ള— സുന്ദരിയായ— ഒരു ഗോപസ്ത്രീ ശ്രീകൃഷ്ണന്റെ ചെവിയിൽ എന്തോ മന്ത്രിക്കുവാനെന്ന മട്ടിൽ അടുത്തു ചെന്നു് രോമാഞ്ചത്തോടു കൂടിയ കവിൾത്തടത്തിൽ മനോഹരമായി കൌതുകം ജനിപ്പിക്കുമാറു് ചുംബിച്ചു.

കേളികലാകുതുകേന ച കാചിദമും
യമുനാവനകൂലെ,
മഞ്ജുളവഞ്ജുളകുഞ്ജഗതം വിചകർഷ
കരേണ ദുകൂലെ ഹരിരിഹ. 42

അ—ഹേ സഖി! ഒരുത്തിയാകട്ടെ കേളികലാകുതുകം ഹേതുവായിട്ടു് ഇദ്ദേഹത്തെ യമുനാവനകൂലത്തിങ്കൽ മഞ്ജുളവഞ്ജുളകുഞ്ജഗതനാകുംവണ്ണം കരംകൊണ്ടു് ദുകൂലത്തിങ്കൽ വികർഷിച്ചു.

സാ—പ്രിയസഖി! രാധെ! ഇക്കൂട്ടത്തിൽ ഒരുത്തി ആലിംഗനചുംബനാദി—കാമക്രീഡകളിലുള്ള അത്യാഗ്രഹംകൊണ്ടു ഇദ്ദേഹത്തെ യമുനാതീരത്തിൽ നാലുഭാഗവും ഇടതൂർന്ന ആററുവഞ്ഞികളുള്ളതും, സുന്ദരവും ആയ വള്ളിക്കുടിലിലേക്കു് (രമിക്കുവാൻ) ശ്രീകൃഷ്ണനോടുകൂടി പോകണമെന്ന ഉദ്ദേശത്തോടെ അദ്ദേഹത്തിന്റെ വസ്ത്രത്തിന്റെ അററം ബലമായി പിടിച്ചുവലിച്ചു.

കരതലതാളതരളവലയാവലി-
കലിതകളസ്വനവംശെ,
രാസരസെ സഹനൃത്തപരാ ഹരിണാ
യുവതിഃ പ്രശശംസെ ഹരിരിഹ 43

അ—ഹേ സഖി! ഇവിടെ സഹനൃത്തപരയായിരിക്കുന്ന ഒരു യുവതി കരതലതാളതരളവലയാവലികലിതകളസ്വനവംശമായിരിക്കുന്ന രാസരസത്തിങ്കൽ ഹരിയാൽ പ്രശംസിക്കപ്പെട്ടു.

സാ—പ്രിയസഖി! രാധെ! ഇക്കൂട്ടത്തിൽ ശ്രീകൃഷ്ണനോടുകൂടി നൃത്തം വെക്കുന്നതിൽ തല്പരയായ ഒരു ഗോപസ്ത്രീ നൃത്താവസരത്തിൽ താളം പിടിക്കുമ്പോൾ കൈകളിലുള്ള വളകൾ ഇളകി അവയിൽനിന്നുണ്ടാകുന്ന കളകളശബ്ദവും, ശ്രീകൃഷ്ണന്റെ ഓടക്കുഴൽവിളിയും വളരെ യോജിച്ചതിനാൽ ഭഗവാൻ അവളെ വളരെ പുകഴ്ത്തി പറഞ്ഞു.

ശ്ലിഷ്യതി കാമപി ചുംബതി കാമപി
കാമപി രമയതി രാമാം,
പശ്യതി സസ്മിതചാരു പരാമപരാ-
മനുഗഛതി വാമാം ഹരിരിഹ 44

അ—ഹേ സഖി! അദ്ദേഹം ഒരുത്തിയെ ആശ്ലേഷിക്കുന്നു, ഒരുത്തിയെ ചുംബിക്കുന്നു, രാമയായിരിക്കുന്ന ഒരുത്തിയെ ഗൂഢമാകുംവണ്ണം രമിപ്പിക്കുന്നു, പരയായിരിക്കുന്ന ഒരുത്തിയെ സ്മിതചാരുവാകുംവണ്ണം ദൎശിക്കുന്നു, വാമയായിരിക്കുന്ന അപരയെ അനുഗമിക്കുന്നു.

സാ—പ്രിയസഖി! രാധെ! ശ്രീകൃഷ്ണനിതാ അനവധി ഗോപസ്ത്രീകളുള്ളതിൽ ഒരുത്തിയെ ആലിംഗനം ചെയ്യുന്നു, ഒരുത്തിയെ ചുംബിക്കുന്നു, രഹസ്യമായ് വേറൊരു സുന്ദരിയെ രമിപ്പിക്കുന്നു, മറെറാരുത്തിയെ മന്ദസ്മിതത്തോടെ കടാക്ഷിക്കുന്നു, പരസ്യമായ് രതിക്രീഡകൾ ചെയ്യാൻ അനുകൂലയല്ലാത്ത ഒരു സുന്ദരിയുടെ കൂടെ അതാ! പോകുന്നു.

ശ്രീജയദേവഭണിതമിദമത്ഭുത-
കേശവകേളിരഹസ്യം,
വൃന്ദാവനവിപിനെ ചരിതം വിതനോതു
ശുഭാനി യശസ്യം ഹരിരിഹ 45

അ—ശ്രീജയദേവഭണിതമായി വൃന്ദാവനത്തിങ്കൽ അത്ഭുതകേശവകേളിരഹസ്യമായി യശസ്യമായിരിക്കുന്ന ഈ ചരിതം ശുഭങ്ങളെ ചെയ്യട്ടെ.

സാ—ശ്രീജയദേവകവി നിമ്മിച്ചതും, വൃന്ദാവനത്തിൽവെച്ച ശ്രീകൃഷ്ണൻെറ അത്ഭുതകരങ്ങളായ (ഗോപസ്ത്രീകളോടു കൂടി—ആലിംഗനചുംബനാധരപാനനർമ്മസല്ലാപാദികളായ സുരത) ക്രീഡകളുടെ ഈ ചരിത്രം ഭഗവാന്നും ഭക്തന്മാക്കും കീത്തിയെ വദ്ധിപ്പിക്കുന്നതും, ശ്രേയസ്കരവുമായ് ഭവിക്കേണമെ!

(കവിപ്രാത്ഥന)

വിശേഷാമന്നരഞ്ജനേന ജനയ-
നാനന്ദമിന്ദീവര-
ശ്രേണീശ്യാമളകോമളൈരുപനയ-
ന്നംഗൈരനംഗോത്സവം,
സ്വച്ഛന്ദം വ്രജസുന്ദരീഭിരഭിതഃ
പ്രത്യംഗമാലിംഗിതഃ
ശൃംഗാരസ്സഖി! മൂത്തിമാനിവ മധൌ
മുഗ്ദ്ധോ ഹരിഃ ക്രീഡതി 46

അ—ഹേ സഖി! വിശേഷങ്ങളുടെ അന്തരഞ്ജനംകൊണ്ടു് ആനന്ദത്തെ ജനയന്നായി, ഇന്ദീവരശ്രേണീശ്യാമളകോമളങ്ങളായിരിക്കുന്ന അംഗങ്ങളെക്കൊണ്ടു അനംഗോത്സവത്തെ ഉപനയന്നായി, മുഗ്ദ്ധനായി, ചുററുപാടുമുള്ള വ്രജസുന്ദരിമാരാൽ അംഗംതോറും ആലിംഗിതന്നായിരിക്കുന്ന ഹരി മൂത്തിമാനായിരിക്കുന്ന ശൃംഗാരമൊ എന്നു തോന്നുമാറു് മധുവിങ്കൽ ക്രീഡിക്കുന്നു.

സാ പ്രിയസഖി! രാധെ! സ്വഭക്തന്മാരായ എല്ലാവക്കും എല്ലാപ്പോഴും പരമാനന്ദത്തെ ജനിപ്പിക്കുന്നവനും, കരിങ്കുവളപ്പൂക്കൾപോലെ കറുത്തു മനോഹരങ്ങളായ അവയവങ്ങളെക്കൊണ്ടു് കാമദേവനുക്കുടി സന്തോഷത്തെ ജനിപ്പിക്കുന്നവനും, സമത്ഥനും, സുന്ദരനും, ചുറുപാടുമുള്ള ഗോപസ്ത്രീകളാൽ പലതരത്തിലും ആലിംഗനം ചെയ്യപ്പെടുന്നവനും ആയ ശ്രീകൃഷ്ണൻ മൂത്തിമത്തായ ശൃംഗാരരസമോ എന്നു തോന്നുമാറു് ക്രീഡിക്കുന്നു.

അദ്യോത്സംഗവസൽഭുജംഗകബള-
ക്ലേശാദിവേശാചലം
പ്രാലേയപ്ലവനേച്ഛയാനുസരതി
ശ്രീഖണ്ഡശൈലാനിലഃ,
കിഞ്ച സ്നിഗ്ദ്ധരസാലമൌലിമുകുളാ-
നാലോക്യ ഹർഷോദയാ-
ദുന്മീലന്തി കുഹൂഃ കുഹൂരിതി കളോ-
ത്താളാഃ പികാനാം ഗിരഃ. 47

അ—ഇവിടെ ശ്രീഖണ്ഡശൈലാനിലൻ ഉത്സംഗവസത്ഭുജംഗകബളക്ലേശം ഹേതുവായിട്ടു പ്രാലേയപ്ലവനേച്ഛകൊണ്ടൊ എന്നു തോന്നുമാറു് ഈശാചലത്തെ അനുസരിക്കുന്നു. മാത്രമല്ല സ്നിഗ്ദ്ധരസാലമൌലിമുകുളങ്ങളെ ആലോകനംചെയ്തിട്ടു സ്ഥിതങ്ങളായിരിക്കുന്ന പികങ്ങളുടെ ഹർഷോദയം ഹേതുവായിട്ടു കളോത്താളകളായിരിക്കുന്ന 'കുഹൂഃ കുഹൂഃ' എന്നുള്ള ഗീരുകൾ ഉന്മീലനംചെയ്യുന്നു.

സാ—മരപ്പൊത്തുകളിലുള്ള സർപ്പങ്ങൾ ഗ്രസിച്ചതുകൊണ്ടുള്ള പീഡകൊണ്ടു ഹിമജലത്തിൽ സ്നാനംചെയ്യുവാനൊ എന്നു തോന്നുമാറു മലയമാരുതൻ കൈലാസ

(ഹിമാലയ) പൎവ്വതത്തിലേക്ക (വടക്കോട്ട) ചലിക്കുന്നു. (സർപ്പദംശമേററവർ ഹിമജലത്തിൽ സ്നാനംചെയ്യുന്നതു് നല്ലതാണെന്നു് വിഷവൈദ്യശാസ്ത്രത്തിൽ പ്രസ്താവിച്ചുകാണുന്നു). മാത്രമല്ല വസന്തകാലം വന്നതുകൊണ്ടു തേന്മാവുകളിൽ മൊട്ടുകളെ കണ്ടിട്ടു കുയിലുകൾ (തങ്ങൾക്കിനി കാച്ചുകാലത്തേക്കു് തീററക്കു് ബുദ്ധിമുട്ടില്ലല്ലോ എന്നുള്ള) സന്തോഷംകൊണ്ടു കളകളങ്ങളും ഉത്താളങ്ങളും ആയ "കുഹൂഃ കുഹൂഃ" എന്നുള്ള ശബ്ദങ്ങൾ പുറപ്പെടുവിക്കുന്നു. (വസന്തകാലവും, മലയമാരുതനും, കുയിൽനാദവും വിരഹിജനങ്ങൾക്കു് വികാരോദ്ദീപകങ്ങളാണല്ലോ!) "അല്ലയോ രാധെ! നീ ഇപ്രകാരം ലജ്ജിച്ചിരുന്നിട്ടു യാതൊരു പ്രയോജനവും ഇല്ല. എനിയും നീ പോയില്ലെങ്കിൽ വലിയ അപകടം സംഭവിച്ചേക്കാനിടയുണ്ടു്. അതുകൊണ്ടു വേഗത്തിൽ പോവുകയാണു് നല്ലതു്" എന്നുള്ള രാധയുടെ സഖിയുടെ ഉപദേശവും പ്രേരണയും പ്രാധാന്യേന "ചന്ദനചൎച്ചിത" എന്നുതുടങ്ങി "ശ്രീജയദേവഭണിതം" എന്നുവരെയുള്ള ഗീതങ്ങളിലും, "വിശേഷാമനരഞ്ജനേന" എന്നും "അദ്ധ്യോത്സംഗ..." എന്നുമുള്ള ശ്ലോകങ്ങളിലും ധ്വനിക്കുന്നു.

രാസോല്ലാസഭരേണ വിഭ്രമഭൃതാ-
　　മാഭീരവാമഭ്രുവാ-
മഭ്യൎണ്ണേ പരിരഭ്യ നിർഭരമുരഃ
　　പ്രേമാന്ധയാ രാധയാ,
സാധു! ത്വദ്വദനം സുധാമയമിതി
　　വ്യാഹൃത്യ ഗീതസ്തുതി-
വ്യാജാദുൽഭടചുംബിതസ്മിതമനോ-
　　ഹാരീ ഹരിഃ പാതു വഃ. 48

അ രാസോല്ലാസഭരംകൊണ്ടു വിഭ്രമഭൃത്തുകളായിരിക്കുന്ന ആഭീരവാമഭ്രൂക്കളുടെ അഭ്യുണ്ണതിങ്കൽവെച്ചു, പ്രഗത്ഭയായിരിക്കുന്ന സഖിയാൽ നീതയായിരിക്കുന്ന രാധയാൽ പ്രേമാന്ധയായിട്ടു, ഉരസ്സിനെ നിർഭരമാകുംവണ്ണം പരിരംഭണംചെയ്തിട്ടു "ത്വദധരം സാധുവാകുന്നു; യാതൊന്നു ഹേതുവായിട്ടു ഇതു സുധാമയമായിട്ടു വത്തിക്കുന്നു." എന്നിങ്ങനെ വ്യാഹരിച്ചിട്ടു ഗീതസ്തുതിവ്യാജാലിംഗിതചുംബിതസ്മിതമനോഹാരിയായിരിക്കുന്ന ഹരി നിങ്ങളെ പാലനം ചെയ്യട്ടെ.

സാ—രാസക്രീഡയിൽ താളമേളനൃത്താദികളിൽ വല്ലതും പിഴച്ചെങ്കിലൊ എന്നു കരുതി അതിൽത്തന്നെ അതീവ ശ്രദ്ധിച്ചുകൊണ്ടിരുന്ന സുന്ദരിമാരായ ഗോപസ്ത്രീകളുടെ മദ്ധ്യത്തിൽവെച്ചു (മരത്തിൻെറ മറവിൽ ഒളിച്ചിരിക്കുകയായിരുന്ന) രാധയെ സമത്ഥയായ സഖി ബലാൽ കൃഷ്ണസമീപത്തെത്തിക്കുകയും കാമപരവശയായിരുന്ന രാധ തൽസമയം യഥേഷ്ടം ശ്രീകൃഷ്ണനെ പുണന്നിട്ടു "അങ്ങയുടെ വദനം സാധുവാണു്; കാരണം ഇതിൽ നിറയെ അമൃതമുണ്ടു്" എന്നിപ്രകാരം ഓരോന്നു പറഞ്ഞുകൊണ്ടു ശ്രീകൃഷ്ണനെ സ്തുതിക്കുകയാണെന്ന വ്യാജേന മതിവരുവോളം ആലിംഗനം ചെയ്യുകയും ചുംബിക്കുകയും ചെയ്തപ്പോൾ പുഞ്ചിരി തൂകിക്കൊണ്ടിരുന്നവനും, സുന്ദരനും, മനോഹരനും ആയ ശ്രീകൃഷ്ണഭഗവാൻ നിങ്ങളെ (പാടുന്നവരേയും, കേൾക്കുന്നവരേയും) രക്ഷിക്കട്ടെ. (കവിപ്രാത്ഥന).

ഇപ്രകാരം "ലീലാ" എന്നു പേരായ ഭാഷാവ്യാഖ്യാനത്തിൽ 'സാമോദദാമോദര'മെന്നു പേരായ ഒന്നാം സർഗ്ഗം കഴിഞ്ഞു.

—:*:—

# രണ്ടാം സർഗ്ഗം.

വിഹരതിവനേ രാധാ സാധാരണപ്രണയേ ഹരൌ
വിഗളിതനിജോല്കൎഷാദീൎഷ്യാവശേന ഗതാന്യതഃ,
ക്വചിദപി ലതാകുഞ്ജേ ഗുഞ്ജന്മധുവ്രതമണ്ഡലീ-
മുഖരശിഖരെ ലീനാ ദീനാപ്യുവാച രഹസ്സഖീം. 1

അന്വയാൎത്ഥം—രാധാ, സാധാരണപ്രണയനായിരിക്കുന്ന ഹരി വനത്തിങ്കൽ വിഹരന്നായിരിക്കുംസമയത്തിങ്കൽ വിഗളിതനിജോൽക്കൎഷം ഹേതുവായിട്ടു ഈൎഷ്യാവശംകൊണ്ടു അന്യ(പ്രദേശ)ത്തിങ്കലേക്കു് ഗതയായി, ഗുഞ്ജന്മധുവ്രതമണ്ഡലീമുഖരശിഖരമായിരിക്കുന്ന ഒരു ലതാകുഞ്ജത്തിങ്കൽ ദീനയാണെങ്കിലും ലീനയായിട്ടു രഹസ്സിങ്കൽവെച്ചു സഖിയോടു വചിച്ചു.

സാരം—വൃന്ദാവനത്തിൽ ശ്രീകൃഷ്ണൻ എല്ലാ ഗോപസ്ത്രീകളേയും ഒരുപോലെ സ്നേഹിക്കുകയും വിനോദിപ്പിക്കുകയും, വിനോദിക്കുകയും ചെയ്തുകൊണ്ടിരിക്കുമ്പോൾ—തന്നിൽ അവരേക്കാൾ കൂടുതൽ സ്നേഹം പ്രദൎശിപ്പിക്കാത്തതിനാൽ—തന്റെ അവസ്ഥക്കു് ഇതു യോജിച്ചതല്ലെന്നു കരുതി മാനശീലയായ രാധ കൃഷ്ണനിൽ ഈൎഷ്യയോടെ മറെറാരു പ്രദേശത്തു്—വണ്ടിൻകൂട്ടങ്ങൾ എല്ലായ്പോഴും ഝങ്കാരത്തെ ചെയ്തുകൊണ്ടിരിക്കുന്നതുകൊണ്ടു ശബ്ദായമാനവും, മനോഹരവുമായ ഒരു വള്ളിക്കുടിലിൽ പോയി ഏററവും (കാമ)പരവശയാണെങ്കിലും ഒളിച്ചിരുന്നു് തന്റെ പ്രിയസഖിയോടിപ്രകാരം പറഞ്ഞു.

സഞ്ചരദധരസുധാമധുരധ്വനി-
മുഖരിതമോഹനവംശം,
ചലിതദൃഗഞ്ചലചഞ്ചലമൌലി-
കപോലവിലോലവതംസം
രാസെ ഹരിമിഹ വിഹിതവിലാസം. (പല്ലവി)
സ്മരതിമനൊ മമ കൃതപരിഹാസം (അനുപല്ലവി).

അ—ഹേ സഖി! ഇവിടെ എന്റെ മനസ്സ്, സഞ്ചരദധരസുധാമധുരധ്വനിമുഖരിതമോഹനവംശനായി, ചലിതദൃഗഞ്ചലചഞ്ചല മൌലികപോലവിലോലവതംസനായി രാസത്തിങ്കൽ വിഹിതവിലാസനായി കൃതപരിഹാസനായിരിക്കുന്ന ഹരിയെ സ്മരിക്കുന്നു.

സാ—പ്രിയസഖി! രാസക്രീഡയിൽ—ചുണ്ടുകളിൽ അമൃതമുള്ളതുകൊണ്ട് മോഹനങ്ങളായ ശബ്ദങ്ങളെകൊണ്ട് ശബ്ദായമാനവും സർവ്വജനാനന്ദകരവും സുന്ദരവുമായ വീണയോടു കൂടിയവനും, സുന്ദരിമാരായ ഗോപസ്ത്രീകളുടെ ചിത്താകർഷണത്തിന്നായിക്കൊണ്ടുള്ള കടാക്ഷവീക്ഷണങ്ങളോടും, താളമേളങ്ങൾക്കനുസരിച്ചുള്ള തലകുലുക്കൽകൊണ്ടു കവിൾത്തടങ്ങളിൽ പ്രതിബിംബിക്കുന്നവയും ഡോളായമാനങ്ങളുമായ മകരകുണ്ഡലങ്ങളോടും (ശിരോലങ്കാരങ്ങളോടും) കൂടിയവനും, (എന്നോടു കൂടാതെ) മററുള്ള ഗോപസ്ത്രീകളോടു കൂടി ക്രീഡിക്കുന്നവനും, "വലിയ അഭിമാനമുള്ള അവൾ വരുന്നില്ലെങ്കിൽ വേണ്ട വേറെ എത്രയോ ഗോപസ്ത്രീകളുണ്ട്, വല്ല ദിക്കിലും പോവുകയാണെങ്കിൽ പൊയ്ക്കോള്ളട്ടെ, അല്ലെങ്കിൽ ഇവിടെ നിന്നുകൊള്ളട്ടെ എന്നുള്ള" ഒരു പരിഹാസത്തോടു കൂടിയവനും ആയ ശ്രീകൃഷ്ണൻ എല്ലായ്പ്പോഴും എന്റെ ഓർമ്മയിൽ വരുന്നു. (മറക്കുവാൻ കഴിയുന്നില്ല).

ചന്ദ്രകചാരുമയൂരശിഖണ്ഡക-
മണ്ഡലവലയിതകേശം,
പ്രചുരപുരന്ദരധനുരനുരഞ്ജിത
മേദുരമുദിരസുവേഷം രാസെ. 3

അ—ഹേ സഖി! ഇവിടെ എന്റെ മനസ്സ്, ചന്ദ്രകചാരുമയൂരശിഖണ്ഡകമണ്ഡലവലയിതകേശനായി, പ്രചുരപുരന്ദരധനുരനുരഞ്ജിത മേദുരമുദിരസുവേഷനായിരിക്കുന്ന ഹരിയെ സ്മരിക്കുന്നു.

സാ—ഏററവും മനോഹരങ്ങളായ കണ്ണുകളോടുകൂടിയ മയിൽപീലികളെക്കൊണ്ടു് തലമുടി ബന്ധിച്ചവനും,—വളരെ നീളമുള്ള മഴവില്ലോടുകൂടിയതും, തടിച്ചതും പുതിയതുമായ കാർമേഘംപോലെ മനോഹരമായ ശരീരകാന്തിയോടു കൂടിയവനും ആയ ശ്രീകൃഷ്ണനെ മറക്കുവാൻ കഴിയുന്നില്ല. കഷ്ടം! പല്ലവിയുടേയും അനുപല്ലവിയുടേയും പദങ്ങളും അർത്ഥങ്ങളും മുൻഗീതത്തിലെപോലെ ഇതിലും എനിയുള്ള 6 ഗീതങ്ങളിലും യോജിപ്പിച്ചുകൊള്ളുക.

ഗോപകദംബനിതംബവതീമുഖ-
ചുംബനലംഭിതലോഭം,
ബന്ധുജീവമധുരാധരപല്ലവകലിത-
ദരസ്മിതശോഭം രാസെ. 4

അ—ഹേ സഖി! എന്റെ മനസ്സ് ഗോപകദംബനിതംബവതീമുഖചുംബനലംഭിതലോഭനായി, ബന്ധുജീവമധുരാധരപല്ലവകലിതദരസ്മിതശോഭനായിരിക്കുന്ന ഹരിയെ സ്മരിക്കുന്നു.

സാ—പ്രിയസഖി! രാസക്രീഡകളിൽ—സുന്ദരികളായ ഗോപസ്ത്രീകളുടെ മുഖചുംബനത്തിൽ അഭിലാഷത്തോടു കൂടിയവനും, ചെമ്പരത്തിപ്പൂപോലെ ചുവന്നതും തളിരുകളെപ്പോലെ അത്രയും മാൎദ്ദവഗുണമുള്ളതും മധുരമുള്ളതുമായ അധരോഷ്ഠങ്ങളിൽ കളിയാടുന്ന പുഞ്ചിരിയോടുകൂടിയവനുമായ ശ്രീകൃഷ്ണനെ വിസ്മരിക്കുവാൻ കഴിയുന്നില്ല ആശ്ചൎയ്യം.

വിപുലപുളകഭുജപല്ലവവലയിത-
വല്ലവയുവതിസഹസ്രം,
കരചരണോരസി മണിഗണഭൂഷണ-
കിരണവിഭിന്നതമിസ്രം രാസേ. 5

അ—ഹേ സഖി! എന്റെ മനസ്സ്, വിപുലപുളകഭുജപല്ലവവലയിതവല്ലവയുവതിസഹസ്രനായി കരചരണോരസ്സിങ്കൽ മണിഗണഭൂഷണകിരണവിഭിന്നതമിസ്രനായിരിക്കുന്ന ഹരിയെ സ്മരിക്കുന്നു.

സാ—എന്റെ മനസ്സ്, എല്ലാപ്പോഴും രാസക്രീഡകളിൽ രോമാഞ്ചത്തോടുകൂടിയവനും, തളിരുകൾപോലെ മാൎദ്ദവഗുണമുള്ള കൈകളെക്കൊണ്ടിടക്കിടക്ക് സുന്ദരിമാരായ ഗോപസ്ത്രീകളെ കെട്ടിപ്പിടിച്ചാലിംഗനം ചെയ്യുന്നവനും, കൈകളിലും, കാലുകളിലും, മാൎവ്വിടത്തിലും കൌസ്തുഭം, ചിന്താമണി മുതലായ രത്നങ്ങൾ പതിച്ച സുവൎണ്ണാഭരണങ്ങളണിഞ്ഞവനും, ആഭരണശോഭകൊണ്ട് അടുത്തും പരിസരങ്ങളിലുമുള്ള ഇരുട്ടിനെ നിശ്ശേഷം നശിപ്പിക്കുന്നവനും ആയ ഹരിയെതന്നെ സ്മരിക്കുന്നു. കഷ്ടം!.

ജലദപടലചലദിന്ദുവിനിന്ദക-
　　ചന്ദനബിന്ദുലലാടം,
പീനപയോധരപരിസരമൎദ്ദന-
　　നിൎദ്ദയഹൃദയകവാടം രാസെ. 6

അ—ഹേ സഖി! എന്റെ മനസ്സ്, ജലദപടലചലദിന്ദുവിനിന്ദകചന്ദനബിന്ദുലലാടനായി, പീനപയോധരപരിസരമൎദ്ദനനിൎദ്ദയഹൃദയകവാടനായിരിക്കുന്ന ഹരിയെ സ്മരിക്കുന്നു.

സാ—പ്രിയസഖി! എന്റെ മനസ്സ്, കാൎമേഘങ്ങളുടെ ചലനംകൊണ്ടു ഇളകുന്നതുപോലെ തോന്നുന്ന പൂൎണ്ണചന്ദ്രന്റെ ശോഭയെക്കൂടി അതിശയിക്കുന്ന ശോഭയോടും ധാവള്യം, ആഹ്ലാദകത്വം മുതലായ ഗുണങ്ങളോടും കൂടിയ ചന്ദനപ്പൊട്ടു നെററിയിൽ ധരിച്ചവനും, ഗോപസ്ത്രീകളുടെ തടിച്ച മുലകളുടെ മൂലപ്രദേശമൎദ്ദനത്തിൽ നിൎദ്ദയമായ ഹൃദയത്തോടു കൂടിയവനും, വാതിൽപ്പലകപോലെ കഠിനവും വിസ്താരമുള്ളതുമായ മാൎവ്വിടത്തോടു കൂടിയവനും ആയ ശ്രീകൃഷ്ണനെത്തന്നെ സ്മരിക്കുന്നു.

മണിമയമകരമനോഹരകുണ്ഡല-
　　മണ്ഡിതഗണ്ഡമുദാരം,
പീതവസനമനുഗതമുനിമനുജ-
　　സുരാസുരവരപരിവാരം രാസെ. 7

അ—ഹേ സഖി! എന്റെ മനസ്സ്, മണിമയമകരമനോഹരകുണ്ഡലമണ്ഡിതഗണ്ഡനായി, ഉദാരനായി, പീതവസനനായി, അനുഗതമുനിമനുജസുരാസുരവരപരിവാരനായിരിക്കുന്ന ഹരിയെ സ്മരിക്കുന്നു.

സാ—പ്രിയസഖി! എന്റെ മനസ്സ്, രത്നനിർമ്മിതങ്ങളും, മകരമത്സ്യാകൃതിയിലുള്ളവയും, മനോഹരങ്ങളുമായിരിക്കുന്ന കുണ്ഡലങ്ങളെക്കൊണ്ടു അലങ്കരിക്കപ്പെട്ട കവിൾത്തടങ്ങളോടുകൂടിയവനും (കുണ്ഡലങ്ങൾ കവിൾത്തടങ്ങളിൽ പ്രതിബിംബിക്കുന്നതുകൊണ്ടു കൂടുതൽ സുന്ദരങ്ങളെന്നു താല്പര്യം), സുഭക്തന്മാൎക്ക് അഭീഷ്ടത്തെ കൊടുക്കുന്നവനും, മഞ്ഞപ്പട്ടുടുത്തവനും, ശ്രേഷ്ഠന്മാരായ—മഹർഷികൾ, മനുഷ്യന്മാർ, ദേവന്മാർ, അസുരന്മാർ—ഇവരാകുന്ന പരിവാരത്തോടു കൂടിയവനും (രാസക്രീഡാസമയത്തു നാരദാദിമഹൎഷികളും, ഇക്ഷ്വാകു തുടങ്ങിയ മനുഷ്യന്മാരും, ബ്രഹ്മാദികളായ ദേവശ്രേഷ്ഠന്മാരും, പ്രഹ്ലാദൻ തുടങ്ങിയ അസുരശ്രേഷ്ഠന്മാരും പരിചാരകന്മാരായി ഉപരിഭാഗത്തിൽ സ്ഥിതിചെയ്തു വിഹാരത്തെ കണ്ടിരുന്നു എന്നു താല്പര്യം) ആയ ശ്രീകൃഷ്ണനെ സ്മരിക്കുന്നു.

വികചകദംബതലെ മിളിതം കലി-
കലുഷഭയം ശമയന്തം.
മാമപി കിമപി തരംഗദനംഗദൃശാ
വപുഷാ രമയന്തം. രാസെ. 8

അ—ഹേ സഖി! എന്റെ മനസ്സ്, വികചകദംബതലത്തിങ്കൽ മിളിതനായി, കലികലുഷഭയത്തെ ശമയന്നായി, തരംഗദനംഗദൃക്കായിരിക്കുന്ന വപുസ്സുകൊണ്ടു എന്നെയുംകൂടി കുറഞ്ഞൊന്നു രമയന്നായിരിക്കുന്ന ഹരിയെസ്മരിക്കുന്നു.

സാ—പ്രിയസഖി! എന്റെ മനസ്സ്, പൂക്കൾ ധാരാളം വിടൎന്നുനിൽക്കുന്ന കടമ്പുവൃക്ഷച്ചുവട്ടിലിരിക്കുന്നവനും, കലികാലത്തിലുണ്ടാകുന്ന അധൎമ്മാദി പാപങ്ങളിൽ

നിന്നുമുള്ള ഭയത്തെ ഇല്ലായ്മചെയ്യുന്നവനും, മനോഹരവും കാമപാരവശ്യത്തെ ജനിപ്പിക്കുവാൻ സുശക്തവുമായ ശരീരംകൊണ്ടു എന്നെക്കൂടി രമിപ്പിക്കുന്നവനുമായ ഹരിയെത്തന്നെ സ്മരിക്കുന്നു. (ഇവിടെ "എന്നെക്കൂടി" എന്നു പറഞ്ഞതുകൊണ്ട് രാധക്ക് കൃഷ്ണനെക്കുറിച്ചുള്ള ഈർഷ്യകൊണ്ടു പ്രത്യേകപ്രയോജനമൊന്നുമില്ലെന്നും, ഇർഷ്യക്ക് ശക്തി കുറെ കുറഞ്ഞുവെന്നും ധ്വനിക്കുന്നു).

ശ്രീജയദേവഭണിതമിദമതിശയ-
മോഹനമധുരിപുരൂപം,
ഹരിചരണസ്മരണം പ്രതി സമ്പ്രതി
പുണ്യവതാമനുരൂപം. രാസേ. 9

അ—ശ്രീജയദേവഭണിതമായി, അതിശയമോഹനമധുരിപുരൂപമായി ഇപ്പോൾ ഹരിചരണസ്മരണത്തെ കുറിച്ച് അനുരൂപമായിരിക്കുന്ന ഇതു് പുണ്യവത്തുക്കൾക്ക് ശ്രേയസ്കരമായിട്ടു ഭവിക്കുന്നു.

സാ—ശ്രീജയദേവകവി രചിച്ചിട്ടുള്ളതും, അതിശയേന അനായാസേന സർവ്വജനങ്ങളുടേയും മനസ്സിനെ ആകർഷിക്കുന്ന ശ്രീകൃഷ്ണസ്വരൂപത്തെ വർണ്ണിച്ചിട്ടുള്ളതും ഇപ്പോൾ മഹാവിഷ്ണുവിനെ സ്മരിക്കുന്നതിന്നു് അനുകൂലവും, പുണ്യവാന്മാരായ ജനങ്ങൾക്ക് (സുകൃതികൾക്ക്) ശ്രേയസ്കരവും മോക്ഷത്തെ പ്രദാനം ചെയ്യുന്നതുകൂടിയാകുന്നു. (ഈ ഗ്രന്ഥം പാരായണം ചെയ്യുന്നവർക്കും അതു കേൾക്കുന്നവർക്കും ഒരുപോലെ മോക്ഷപ്രദമാണെന്നു് താല്പര്യം).

ഗണയതി ഗുണഗ്രാമം ഭ്രാമം
ഭ്രമാദപി നേഹതേ
വഹതി ച പരീതോഷം ദോഷം
വിമുഞ്ചതി ദൂരതഃ,
യുവതിഷു വലത്തൃഷ്ണേ കൃഷ്ണേ
വിഹാരിണി മാം വിനാ
പുനരപി മനോ വാമം കാമം
കരോതി കരോമി കിം?

അ—ഹേ സഖി! എന്റെ മനസ്സ്, കൃഷ്ണൻ യുവതികളിൽ വലത്തൃഷ്ണനായിട്ട് എന്നെക്കൂടാതെ വിഹാരിയായിരിക്കുംസമയത്തിങ്കൽക്കൂടി ഗുണഗ്രാമത്തെ ഗണിക്കുന്നു; ഭ്രമംഹേതുവായിട്ടുകൂടി ഭ്രാമത്തെ ഈഹനം ചെയ്യുന്നില്ല; പരീതോഷത്തെ വഹിക്കുന്നു; ദോഷത്തെ ദൂരത്തിൽ വിമോചിക്കുകയും ചെയ്യുന്നു; എന്നിട്ടുകൂടി വാമമായിട്ടു കാമത്തെ ചെയ്യുന്നു; ഞാൻ എന്തു ചെയ്യുന്നു!.

സാ—പ്രിയസഖി! ശ്രീകൃഷ്ണൻ എന്നെ ഉപേക്ഷിച്ചു അന്യഗോപസ്ത്രീകളോടു കൂടി അത്യന്താനുരാഗത്തോടെ ആലിംഗനം, ചുംബനം തുടങ്ങിയ കാമക്രീഡകൾ ചെയ്തുകൊണ്ടിരിക്കുമ്പോൾ കൂടിയും അദ്ദേഹത്തിനുള്ള ഗുണഗണങ്ങളാണു് എന്റെ മനസ്സിൽ ഉദിക്കുന്നതു്. എനിക്കു ബുദ്ധിഭ്രമമുണ്ടായിട്ടുകൂടിയും അദ്ദേഹത്തെ വിസ്മരിക്കുവാനൊ മറെറാരുത്തനെ സ്മരിക്കുവാനൊ കഴിയുന്നില്ല. അദ്ദേഹത്തെ സ്മരിക്കുമ്പോൾ എന്റെ മനസ്സിനു കൂടുതൽ സന്തോഷമുണ്ടാകുന്നു. മാത്രമല്ല അദ്ദേഹത്തിൽ ഒരു ദോഷംപോലും കാണുവാൻ കഴിയുന്നുമില്ല. ഈ

വിധമായിട്ടും പ്രതികൂലമായിരിക്കുന്ന എന്റെ മനസ്സ്, ശ്രീകൃഷ്ണനോടു കൂടിയുള്ള സംഭോഗാദികളിൽ തല്പരമായി ട്ടുതന്നെ ഭവിക്കുന്നു. ഞാൻ എന്തുചെയ്യേണ്ടു? (നീ ഇതി ന്നൊരു ഉപായം ചിന്തിച്ച് ഉപദേശിക്കണമെന്നു താല്പ ര്യം). ഇവിടെ 'അപരാധിയായ (അനിഷ്ടനായ) ശ്രീകൃഷ്ണ ന്റെ ഗുണഗണനം, അപരാധിയെക്കുറിച്ചുള്ള ചിന്തനം, അപരാധിസ്മരണത്തിങ്കലുള്ള മനഃസന്തോഷം, അപരാധി യിൽ യാതൊരു വിധത്തിലും ദോഷാരോപണത്തെ ചെ യ്യായ്ക' ലോകസ്വഭാവാനുസാരേണ ഇത്തരം അനൌ ചിത്യങ്ങൾ ഉള്ളതുകൊണ്ടു, രാധക്കു കൃഷ്ണനെ പിരി ഞ്ഞോ, കൃഷ്ണനോടു പിണങ്ങിയോ ഇരിക്കുക സാദ്ധ്യമ ല്ലെന്നും, എന്തുതന്നെ ചെയ്തും കൃഷ്ണനെ പ്രാപിക്കേണ്ടി യിരിക്കുന്നു എന്നും ഉള്ള രാധയുടെ വിചാരം ധ്വനിക്കുന്നു.

നിഭൃതനികുഞ്ജഗൃഹം ഗതയാ നിശി
രഹസി നിലീയ വസന്തം,
ചകിതവിലോകിതസകലദിശാ രതി-
രഭസവശേന ഹസന്തം.
സഖി! ഹേ! കേശിമഥനമുദാരം
രമയ മയാ സഹ മദനമനോരഥ-
ഭാവിതയാ സവികാരം. പല്ലവി. 11

അ—ഹേ സഖി! നീ, നിട്ടിങ്കൽ രഹസ്സിങ്കൽ നി ലയനം ചെയ്തിട്ടു വസന്നായി, രതിരഭസവശം ഹേതുവാ യിട്ട് ഹസന്നായി, ഉദാരനായി, സവികാരനായിരിക്കുന്ന കേശിമഥനനെ, നിഭൃതനികുഞ്ജഗൃഹത്തെ ഗതയായി ച കിതവിലോകിതസകല ദിക്കായി മദനമനോരഥഭാവി തയായിരിക്കുന്ന എന്നോടുകൂടെ രമിപ്പിച്ചാലും.

സാ—പ്രിയ സഖി! നീ രാത്രിയിൽ ആരുമില്ലാത്ത വിജനപ്രദേശത്തു ഒളിഞ്ഞിരിക്കുന്നവനും, കാമക്രീഡക ളിലുള്ള ബദ്ധപ്പാടുകൊണ്ടു സന്തോഷസൂചകമായ് മന്ദ ഹസിക്കുന്നവനും, ഭക്തജനങ്ങളുടെ അഭീഷ്ടത്തെ സാധി പ്പിച്ചുകൊടുക്കുന്നതിൽ നിപുണനും, ആന്തരാനുരാഗസൂച കങ്ങളായ കടാക്ഷവീക്ഷണങ്ങളോടു കൂടിയവനും ആയ ശ്രീകൃഷ്ണനെ, ആരുമറിയാതെ (നടക്കുമ്പോൾ ഉണ്ടാകുന്ന കാൽപെരുമാററം കേൾക്കാതെ) പതുങ്ങിനടന്നു് വള്ളി ക്കുടിലിൽ ചെന്നിട്ടുള്ളവളും (ആരെങ്കിലും തന്നെ കണ്ടെ ങ്കിലൊ എന്നു) ഭയത്തോടെ നാലുഭാഗവും നോക്കുന്നവ ളും, കാമോപഭോഗങ്ങളിലുള്ള ആസക്തികൊണ്ടു ഓരൊ ചേഷ്ടകളെ കാണിക്കുന്നവളുമായ എന്നോടുകൂടി രമിപ്പി ച്ചാലും. (സഖി! നീ കഴിയുന്നതും വേഗത്തിൽ ശ്രീകൃഷ്ണ നെ, കാമപരവശയായിരിക്കുന്ന എൻെറ സമീപത്തേ ക്കു് ആനയിച്ചാലും എന്നു സാരം).

പ്രഥമസമാഗമലജ്ജിതയാ പടു
    ചാടുശതൈരനുകൂലം,
മൃദുമധുരസ്മിതഭാഷിതയാ ശിഥിലീകൃത-
    ജഘനദുകൂലം സഖി! ഹേ. 12

അ—ഹേ സഖി! നീ, പടുചാടുശതങ്ങളെക്കൊണ്ടു അനുകൂലനായി ശിഥിലീകൃതജഘനദുകൂലനായിരിക്കുന്ന കേശിമഥനനെ, പ്രഥമസമാഗമലജ്ജിതയായി, മൃദുമധു, രസ്മിതഭാഷിതയായിരിക്കുന്ന എന്നോടുകൂടി രമിപ്പി ച്ചാലും.

സാ—പ്രിയ സഖി! ഞാനും ശ്രീകൃഷ്ണനുംകൂടി ഒന്നാമതായി ക്രീഡിച്ച ദിവസം - പുതുതായുള്ള സമാഗമമായതുകൊണ്ടു എനിക്കു വലിയ ലജ്ജയുണ്ടായിരുന്നതിനാൽ അനവധി തമാശവാക്കുകൾ പറഞ്ഞു്—സമ്മതനായും, ഞാൻമന്ദസ്മിതത്തോടെ ഓരോന്നുരക്കുവാൻ തുടങ്ങിയപ്പോഴേക്കും (ഞാൻ ഉടുത്തിരുന്ന) വസ്ത്രങ്ങളെല്ലാമഴിച്ചവനും, ആയ ശ്രീകൃഷ്ണനോടുകൂടി രമിക്കുവാൻ എന്റെ മനസ്സുഴറുന്നു. നീ ചെന്നു വേഗം കൂട്ടിക്കൊണ്ടുവന്നാലും. ഇതിലും, എനി പറയുന്ന 6 ഗീതങ്ങളിലും പല്ലവിയുടെ പദങ്ങളും അൎത്ഥങ്ങളും മുൻഗീതത്തിൽ പറഞ്ഞപോലെ യോജിപ്പിച്ചുകൊൾക.

കിസലയശയനനിവേശിതയാ ചിര-
മുരസി മമൈവ ശയാനം,
കൃതപരിരംഭണചുംബനയാ പരിരഭ്യ
കൃതാധരപാനം സഖി! ഹേ 13

അ—ഹേ സഖി! നീ എന്റെതന്നെ ഉരസ്സിങ്കൽ ചിരകാലം ശയാനനായി പരിരംഭണം ചെയ്തിട്ടു്, കൃതാധരപാനനായിരിക്കുന്ന കേശിമഥനനെ, കിസലയശയനനിവേശിതയായി, കൃതപരിരംഭണചുംബനയായിരിക്കുന്ന എന്നോടുകൂടി രമിപ്പിച്ചാലും.

സാ—പ്രിയ സഖി! തളിരുകൾകൊണ്ടുണ്ടാക്കിയ കിടക്കയിൽ എന്നെ കിടത്തി, മറ്റുള്ള ഗോപസ്ത്രീകളുടെ സ്മരണപോലുമില്ലാതെ എന്നോടുകൂടി രമിച്ചിരുന്നവനും, ഞാൻ അദ്ദേഹത്തെ ആലിംഗനംചെയ്തു ചുംബിക്കുമ്പോഴേക്കും—എന്നെ ആലിംഗനംചെയ്തു അധരപാനം ചെയ്തിരുന്നവനും, ആയ ശ്രീകൃഷ്ണനെ കൂട്ടിക്കൊണ്ടുവന്നു് ഞങ്ങൾക്കു് രമിക്കുവാൻ തക്ക സൌകൎയ്യം ചെയ്തുതന്നാലും.

അലസനിമീലിതലോചനയാ പുളകാ-
വലിലളിതകപോലം,
ശ്രമജലസകലകളേബരയാ വരമദന-
മദാദതിലോലം സഖി! ഹേ 14

അ—ഹേസഖി! നീ, പുളകാവലിലളിതകപോലനായി വരമദനമദം ഹേതുവായിട്ടു് അതിലോലനായിരിക്കുന്ന കേശിമഥനനെ—അലസനിമീലിതലോചനയായി ശ്രമജലസകലകളേബരയായിരിക്കുന്ന എന്നോടുകൂടെ രമിപ്പിച്ചാലും.

സാ—പ്രിയസഖി! രോമാഞ്ചമുണ്ടായതുകൊണ്ടു സുന്ദരങ്ങളും മനോഹരങ്ങളുമായ കവിൾത്തടങ്ങളോടു കൂടിയവനും, അത്യന്തം വൎദ്ധിച്ച കാമവികാരം ഹേതുവായിട്ടു് പലതരം ക്രീഡകൾ ചെയ്തവനും ആയ ശ്രീകൃഷ്ണനെ—ആലസ്യം (സുരതഖേദം) കൊണ്ടു കണ്ണുകൾ ചിമ്മിയവളും വിയൎത്തൊലിച്ച ശരീരത്തോടു കൂടിയവളും ആയ എന്നോടുകൂടെ രമിപ്പിച്ചാലും.

കോകിലകളരവകൂജിതയാ ജിത-
മനസിജതന്ത്രവിചാരം,
ശ്ലഥകുസുമാകുലകുന്തളയാ നഖ-
ലിഖിതഘനസ്തനഭാരം സഖി! ഹേ 15

അ—ഹേസഖി! നീ, ജനിതമനസിജതന്ത്രവിചാരനായി നഖലിഖിതഘനസ്തനഭാരനായിരിക്കുന്ന കേശിമഥനനെ—കോകിലകളരവകൂജിതയായി ശ്ലഥകുസുമാകുലകുന്തളയായിരിക്കുന്ന എന്നോടുകൂടെ രമിപ്പിച്ചാലും.

സാ—പ്രിയസഖി! വാത്സ്യായനമഹർഷി മുതലായവക്കുകൂടി കണ്ടുപിടിക്കുവാൻ അസാദ്ധ്യങ്ങളായ കാമരഹസ്യങ്ങൾകൂടി അറിയുന്നവനും എന്റെ മുലകളിൽ അൎദ്ധചന്ദ്രാകാരങ്ങളായ നഖക്ഷതങ്ങൾ ഏല്പിച്ചിട്ടുള്ളവനും ആയ ശ്രീകൃഷ്ണനെ—കുയിൽ മാടപ്രാവ് മുതലായവയുടേതുപോലെ അവ്യക്തങ്ങളായ സീൽക്കാരങ്ങളോടു കൂടിയവളും (സുരതാവസരത്തിൽ പുറപ്പെടുവിക്കുന്ന ഒരുതരം ശബ്ദം) ശിരസ്സിലണിഞ്ഞ മാലയിലുള്ള പൂക്കൾ വാടിയും മാറും കൊഴിഞ്ഞുപോയതുകൊണ്ടു ചിന്നിച്ചിതറിയ തലമുടിയോടുകൂടിയവളും ആയ എന്നോടുകൂടി (നീ പോയദ്ദേഹത്തെ കൂട്ടിക്കൊണ്ടു വന്ന്) രമിപ്പിച്ചാലും.

ചരണരണിതമണിനൂപുരയാ പരി-

പൂരിതസുരതവിതാനം,

മുഖരവിശൃംഖലമേഖലയാ സകച-

ഗ്രഹചുംബനദാനം സഖി! ഹേ 16

അ—ഹേസഖി! നീ, പരിപൂരിതസുരതവിതാനനായി സകചഗ്രഹചുംബനദാനനായിരിക്കുന്ന കേശിമഥനനെ—ചരണരണിതമണിനൂപുരയായി മുഖരവിശൃംഖലമേഖലയായിരിക്കുന്ന എന്നോടുകൂടി രമിപ്പിച്ചാലും.

സാ—പ്രിയസഖി! കാമശാസ്ത്രാനുസാരേണ യാതൊരു വൈകല്യവും കൂടാതെ കാമക്രീഡകൾ നടത്തിയവനും ബലാൽകാരേണ എന്റെ തലമുടിയിൽ പിടിച്ചു നിൎത്തി മതിയാവുന്നതുവരെ ചുംബനം അധരപാനം ഇവ നടത്തിയവനും ആയ ശ്രീകൃഷ്ണനെ—രത്നമയങ്ങളും എല്ലായ്പോഴും ശബ്ദിക്കുന്നവയും ആയ കാൽത്തളകളോടു

148789



കൂടിയവളും (ഉപരിസുരതാവസരത്തിൽ) എൻെറ അരഞ്ഞാൻ ശബ്ദിച്ചതിനാൽ അദ്ദേഹത്തിൻെറ ഇഷ്ടപ്രകാരം അതഴിച്ചുവെച്ചവളുമായ എന്നോടുകൂടെ രമിപ്പിച്ചാലും. പുരുഷൻ താഴെയും, സ്ത്രീ ഉപരിയുമായി ചെയ്യുന്ന സുരതത്തിന്നു് ഉപരിസുരതമെന്നു് പേർ.

രതിസുഖസമയരസാലസയാ ദര-
മുകുളിതനയനസരോജം,
നിസ്സഹനിപതിതതനുലതയാ മധുസൂദന-
മുദിതമനോജം സഖി! ഹേ. 17

അ—ഹേസഖി! നീ, ഉദിതമനോജനായി ദരമുകുളിതനയനസരോജനായി മധുസൂദനനായിരിക്കുന്ന കേശിമഥനനെ—രതിസുഖസമയരസാലസയായി നിസ്സഹനിപതിതതനുലതയായിരിക്കുന്ന എന്നോടുകൂടി രമിപ്പിച്ചാലും.

സാ—പ്രിയസഖി! കാമക്രീഡക്കായി ആഗ്രഹം പ്രദൎശിപ്പിക്കുന്നവനും (സുരതാവസാനത്തിൽ) കുറഞ്ഞൊന്നു് ചിമ്മിയ കണ്ണുകളോടു കൂടിയവനും മധു എന്നു പേരായ അസുരനെ നിഗ്രഹിച്ചവനും ആയ ശ്രീകൃഷ്ണനെ—സുരതത്തിലുള്ള പരമാനന്ദംകൊണ്ടും ക്ഷീണംകൊണ്ടും കുറച്ചുസമയത്തേക്കു് കൎത്തവ്യങ്ങളിൽ പ്രവൎത്തിക്കാത്തവളും (സുരതാവസാനത്തിൽ) ദേഹേന്ദ്രിയങ്ങളുടെ സുഖദുഃഖാദ്യാലോചനയില്ലാത്തതുകൊണ്ടു ശയ്യയിലൊ കൃഷ്ണൻെറതന്നെ മാൎച്ചിടത്തിലൊ കിടക്കുന്നവളുമായ എന്നോടുകൂടെ രമിപ്പിച്ചാലും.

ശ്രീജയദേവഭണിതമിദമതിശയ-
മധുരിപുനിധുവനശീലം,
സുഖമുൽക്കണ്ഠിതരാധികയാ കഥിതം
വിതനോതു സലീലം സഖി! ഹേ 18

അ—അതിശയമധുരിപുനിധുവനശീലമായി ഉൽക്കണ്ഠിതരാധികയാൽ കഥിതമായി ശ്രീജയദേവഭണിതമായിരിക്കുന്ന ഇതു് സലീലമാകുംവണ്ണം സുഖത്തെ ചെയ്യട്ടെ.

സാ—എല്ലാററിനേയും അതിശയിക്കുന്ന ശ്രീകൃഷ്ണന്റെ ക്രീഡകൾ പ്രാധാന്യേനയുള്ളതും ശ്രീകൃഷ്ണന്റെ വിരഹത്താൽ പരവശയായ രാധയെക്കൊണ്ടു പറയിക്കുന്നതും ശ്രീജയദേവകവി നിർമ്മിച്ചിട്ടുള്ളതുമായ ഈ ഗീതം (ഗീതഗോവിന്ദകാവ്യം) (പാടുന്നവക്കും കേൾക്കുന്നവക്കും) അനായാസേന മോക്ഷപ്രാപ്തിക്കു വഴി തെളിയിക്കട്ടെ (കവിപ്രാൎത്ഥന).

ഹസ്തസ്രസ്തവിലാസവംശമനൃജു-
ഭ്രൂവല്ലിമദ്ബല്ലവീ-
വൃന്ദോത്സാരിദൃഗന്തവീക്ഷിതമതി-
സ്വേദാർദ്രഗണ്ഡസ്ഥലം,
മാമുദ്വീക്ഷ്യ വിലക്ഷിതസ്മിതസുധാ-
മുഗ്ദ്ധാനനം കാനനെ
ഗോവിന്ദം വ്രജസുന്ദരീഗണവൃതം
പശ്യാമി ഹൃഷ്യാമി ച. 19

അ—ഹേ സഖി! കാനനത്തിങ്കൽ എന്നെ ഉദ്വീക്ഷിച്ചിട്ടു് ഹസ്തസ്രസ്തവിലാസവംശനായി അനൃജുഭ്രൂവല്ലിമദ്ബല്ലവീവൃന്ദോത്സാരിദൃഗന്തവീക്ഷിതനായി അതി

സ്വേദാർദ്രഗണ്ഡസ്ഥലനായി വിലക്ഷിതസ്മിതസുധാമു ഗ്ദ്ധാനനനായി വ്രജസുന്ദരീഗണാവൃതനായിരിക്കുന്ന ഗോവിന്ദനെ ഞാൻ ദർശിക്കുകയും ഹർഷിക്കുകയും ചെയ്യുന്നു.

സാ—പ്രിയസഖി! ശ്രീകൃഷ്ണൻ മുമ്പൊരിക്കൽ ഈ വൃന്ദാവനത്തിൽവെച്ചുതന്നെ എന്നെ കണ്ടപ്പോൾ കയ്യിലുണ്ടായിരുന്ന സുന്ദരമായ ആ ഓടക്കുഴൽ താനെ നിലംപതിക്കുകയും (മദ്വിഷയാനുരാഗത്താലുണ്ടായ ആ വേണുപതനം കണ്ടിട്ട്) അസൂയ സഹിയാതെ ഗോപസ്ത്രീകളാൽ പുരികം വളച്ചു കടക്കണ്ണുകൊണ്ടു ഈർഷ്യയോടെ നോക്കപ്പെട്ടവനും നിറയെ വിയർപ്പുപൊടിഞ്ഞതുകൊണ്ട് കുറഞ്ഞൊന്നു നനഞ്ഞ കവിൾത്തടങ്ങളോടു കൂടിയവനും അമൃതംപോലെ ധവളമായ പുഞ്ചിരികൊണ്ട് മനോഹരവും സുന്ദരവും ആയ മുഖത്തോടു കൂടിയവനും ഗോപസ്ത്രീകളാൽ ചുററപ്പെട്ടവനും പശുപരിപാലനവിഷയത്തിൽ നിപുണനും ആയ ശ്രീകൃഷ്ണനെ ഞാൻ (ഇപ്പോൾ) നല്ലവണ്ണം ഓക്കുകയും, അദ്ദേഹത്തെക്കുറിച്ചു സന്തോഷിക്കുകയും ചെയ്യുന്നുണ്ട്. (ഇവിടെ "എല്ലായ്പോഴും വിട്ടുപിരിയാതെ ക്രീഡിച്ചുകൊണ്ടു ഗോപസ്ത്രീകൾ അദ്ദേഹത്തെ ചുഴന്നിരിക്കുന്നതുകൊണ്ട് ഞാനെങ്ങിനെയാണു് അദ്ദേഹത്തെ ആനയിക്കുക?") എന്നു് ശങ്കിക്കുന്ന സഖിയെ ഇവിടെ "ഹസ്തസ്രസ്ത..." എന്നു തുടങ്ങി 'ഗോവിന്ദം' എന്നുവരെയുള്ള വിശേഷണങ്ങളെക്കൊണ്ടു് "ശ്രീകൃഷ്ണൻ എന്നിൽ ദൃഢാനുരക്തനാണു് അതുകൊണ്ടു് നീ ചെന്നാൽ ഉടനെ അദ്ദേഹമിങ്ങോട്ടു പോരുമെന്നുള്ള" രാധയുടെ അഭിപ്രായം ധ്വനിക്കുന്നു.

ദൂരാലോകസ്തോകസ്തബകനവകാശോകലതികാ-
വികാസഃ കാസാരോപവനപവനോऽപി വ്യഥയതി,
അപി ഭ്രാമ്യൽഭൃംഗീരണിതരമണീയാ ന മുകുള-
പ്രസൂതിശ്ചൂതാനാം സഖി! ശിഖരിണീയം സുഖയതി. 20

അ—ഹേ സഖി! ദൂരാലോകസ്തോകസ്തബകനവകാശോകലതികാവികാസവും കാസാരോപവനപവനനും എന്നെ വ്യഥിപ്പിക്കുന്നു. മാത്രമല്ല ഭ്രാമ്യൽഭൃംഗീരണിതരമണീയയായിരിക്കുന്ന ശിഖരിണിയും ചൂതങ്ങളുടെ ഈ മുകുളപ്രസൂതിയും എന്നെ സുഖിപ്പിക്കുന്നില്ല.

സാ—പ്രിയസഖി! (വിരഹികൾക്കു) കാഴ്ചയിൽ അസഹ്യങ്ങളും ധാരാളമുള്ളവയും പുതിയവയും ആയ—അശോകവൃക്ഷങ്ങളുടെ ഓരോ ശാഖകളിലുമുള്ള—കുസുമോൽഗമവും, അവയുടെ വികാസവും, സരസ്തീരത്തിലുള്ള ഉദ്യാനത്തിൽനിന്നു വരുന്ന മന്ദമാരുതനും എന്നെ വല്ലാതെ വേദനിപ്പിക്കുന്നു (ദുഃഖിപ്പിക്കുന്നു). മാത്രമല്ല അങ്ങുമിങ്ങും പറന്നുനടക്കുന്ന പെൺവണ്ടുകളുടെ ഝങ്കാരങ്ങളെക്കൊണ്ടു മനോഹരമായിട്ടുള്ളതും, കൌതുകമുള്ള അഗ്രഭാഗങ്ങളോടു കൂടിയതും ആയ തേന്മാവുകളുടെ ഈ കുഡ്മളപ്രസൂതി(മാവുപൂക്കൽ) എന്നെ തീരെ സുഖിപ്പിക്കുന്നില്ല (കാമപരവശയാക്കിത്തീർക്കുന്നു). വിരഹിജനങ്ങൾക്കു മാവിൻപൂങ്കുലകൾ, തളിരുകൾ, കുയിൽനാദം, ചന്ദ്രിക മുതലായവയെല്ലാം വികാരോദ്ദീപകങ്ങളാണല്ലോ! ഇവിടെ—രാധക്കു കൃഷ്ണന്റെ വേർപാടുകൊണ്ടു കാമപാരവശ്യം വർദ്ധിച്ചുകൊണ്ടു വരുന്നു. "ശ്രീകൃഷ്ണനെ കഴിയുന്നതും വേഗത്തിൽ കൂട്ടിക്കൊണ്ടു വരേണ്ടതാണെന്നു"ള്ള രാധയുടെ അപേക്ഷ ധ്വനിക്കുന്നു.

സാക്രുതസ്മിതമാകുലാകുലഗള-
ദ്ധമ്മില്ലമുല്ലാസിത-
ഭ്രൂവല്ലീകമളീകദർശിതഭുജാ-
മൂലാർദ്ധദൃഷ്ടസ്തനം,
ഗോപീനാം നിഭൃതം നിരീക്ഷ്യ ഗമിതാ-
കാംക്ഷശ്ചിരം ചിന്തയ-
ന്നന്തർമ്മുഗ്ദ്ധമനോഹരൊ ഹരതു വഃ
ക്ലേശം നവഃ കേശവഃ 21

അ—ഗോപികളുടെ സാക്രുതസ്മിതത്തേയും ആകുലാകുലഗളദ്ധമ്മില്ലത്തേയും ഉല്ലാസിതഭ്രൂവല്ലീകത്തേയും അളീകദർശിതഭുജാമൂലാർദ്ധദൃഷ്ടസ്തനത്തേയും നിഭൃതമാകുംവണ്ണം നിരീക്ഷിച്ചിട്ട് ഗമിതാകാംക്ഷനായി അവസാനം ചിരം ചിന്തയന്നായി മുഗ്ദ്ധമനോഹരനായി നവനായിരിക്കുന്ന കേശവൻ നിങ്ങളുടെ ക്ലേശത്തെ ഹരിക്കട്ടെ.

സാ—സുന്ദരിമാരായ ഗോപസ്ത്രീകളുടെ—കാമക്രീഡാവിഷയകമായ അഭിപ്രായത്തോടു കൂടിയുള്ള മന്ദഹാസവും, ഏററവും പരവശങ്ങളും ചിന്നിച്ചിതറിയവയും, കെട്ടഴിഞ്ഞവയും ആയ തലമുടിക്കെട്ടുകളും, കടാക്ഷവീക്ഷണങ്ങളും, ഓരോ ആവശ്യത്തിന്നായിട്ടെന്ന വ്യാജേന കാണിക്കുന്ന കക്ഷങ്ങൾ പകുതി കാണാവുന്ന മുലകൾ മുതലായവ നല്ലവണ്ണം കണ്ടു അവരുടെയെല്ലാം ആഗ്രഹങ്ങളെ സാധിപ്പിച്ചു കുറച്ചുനേരം നല്ലവണ്ണം ആലോചിച്ചു നിൽക്കുന്നവനും കാമദേവനേക്കാൾ സുന്ദരനും, സുഭഗനും, ആയ ശ്രീകൃഷ്ണൻ നിങ്ങളുടെ (ഈ ഗ്രന്ഥം പാരായണം ചെയ്യുന്നവരുടേയും കേൾക്കുന്നവരുടേയും) ക്ലേശങ്ങളെ തീരെ ഇല്ലായ്മ ചെയ്യേണമേ. (കവി പ്രാത്ഥന)

ഇപ്രകാരം 'ചീലാ' എന്ന പേരായ ഭാഷാവ്യാഖ്യാനത്തിൽ 'അക്ലേശകേശവ'മെന്ന പേരായ രണ്ടാം സർഗ്ഗം കഴിഞ്ഞു.

—:*:—

# മൂന്നാം സർഗ്ഗം.

കംസാരിരപി സംസാരവാസനാബദ്ധശൃംഖലഃ,
രാധാമാധായ ഹൃദയെ തത്യാജ വ്രജസുന്ദരീഃ 1

അന്വയാൎത്ഥം—കംസാരിയും കൂടി സംസാരവാസനാബദ്ധശൃംഖലനായിട്ടു ഹൃദയത്തിങ്കൽ രാധയെ ആധാനംചെയ്തിട്ടു വ്രജസുന്ദരികളെ ത്യജിച്ചു.

സാരം—കംസനെ നിഗ്രഹിച്ചവനായ ശ്രീകൃഷ്ണനും കൂടി പ്രപഞ്ചത്തിലുള്ള സുഖദുഃഖാദികളാകുന്ന ചങ്ങലയാൽ കെട്ടപ്പെട്ടവനായിട്ടു (സംസാരസുഖദുഃഖാദികളിൽ മനസ്സിനെ ചെലുത്തിയവനെന്നു സാരം) രാധയെ മനസ്സിൽ വിചാരിച്ചിട്ടു മറ്റുള്ള ഗോപസ്ത്രീകളെയെല്ലാം ഉപേക്ഷിച്ചു. ഇവിടെ രാധക്കു ഇതരഗോപസ്ത്രീകളേക്കാം സൌന്ദൎയ്യാതിശയവും, രാധ കൃഷ്ണനെ കുറിച്ചു ഏതുപ്രകാരം വിരഹദുഃഖമനുഭവിക്കുന്നുവോ—അതുപ്രകാരം കൃഷ്ണനും രാധാവിഷയകമായ വിരഹദുഃഖത്തെ അനുഭവിക്കുവാൻ തുടങ്ങിയെന്നും ധ്വനി.

ഇതസ്തതസ്താമനുസൃത്യ രാധികാ-
മനംഗബാണവ്രണഖിന്നമാനസഃ,
കൃതാനുതാപസ്സ കളിന്ദനന്ദിനീ-
തടാന്തകുഞ്ജെ നിഷസാദ മാധവഃ 2

അ— അനംഗബാണവ്രണഖിന്നമാനസനായിരിക്കുന്ന മാധവൻ അങ്ങുമിങ്ങും രാധികയെ അനുസരിച്ചു ഗമിച്ചിട്ടു അവളെ ഒരിടത്തും അപശ്യനായി കൃതാനുതാപനായിട്ടു കളിന്ദനന്ദിനീതടാന്തകുഞ്ജത്തിങ്കൽ നിഷദിച്ചു.

സാ—കാമപാരവശ്യം സഹിയാതെ അസ്വസ്ഥചിത്തനായിട്ടു, പലസ്ഥലങ്ങളിലും രാധയെ അന്വേഷിച്ചു നടന്നിട്ടുകൂടി ഒരിടത്തും കാണാതെ "എന്നിലത്യധികം പ്രണയമുള്ള രാധ എന്നോടു മുഷിഞ്ഞു പോയതിന്റെ ശേഷം ഇതുവരെയും ഞാൻ അന്വേഷിച്ചതുമില്ല; ഇപ്പോൾ ഒട്ടു കാണുന്നുമില്ല കഷ്ടം!" എന്നുള്ള പശ്ചാത്താപത്തോടെ കാളിന്ദീനദിയുടെ തീരത്തുള്ള ഒരു വള്ളിക്കുടിലിൽ ഇരുന്നു.

മാമിയം ചലിതാ വിലോക്യ വൃതം
　　　വധൂനിചയേന,
സാപരാധതയാ മയാപി ന
　　　വാരിതാതിഭയേന.
ഹരി! ഹരി! ഹതാദരതയാ
　　　സാ ഗതാ കുപിതേവ. പല്ലവി 3

അ—ഇവൾ വധൂനിചയത്താൽ വൃതനായിരിക്കുന്ന എന്നെ വിലോകനം ചെയ്തിട്ടു സാപരാധത ഹേതുവായിട്ടു ചലിതയായി. അതിഭയം ഹേതുവായിട്ടു എന്നാൽ വാരിതയുമായില്ല. ഹതാദരത ഹേതുവായിട്ടു അവൾ കുപിതാ എന്നപോലെ ഗതയായി. ഹരി! ഹരി!

സാ—ഞാൻ ഗോപസ്ത്രീകളുടെ മദ്ധ്യത്തിലിരിക്കുന്നതു കണ്ടു് രാധ (എന്റെ ഈവിധമുള്ള പ്രവൃത്തി വലിയ) കുററമായി കണക്കാക്കി അവിടെനിന്നും പോയി. അവൾ എന്തൊക്കെയാണു് ചെയ്യുക; പറയുക—എന്ന പേടികൊണ്ടു ഞാൻ അവളെ തടുത്തതുമില്ല. (രാധ വന്നപ്പോൾ ഞാൻ ഗോപസ്ത്രീകളെ വെടിഞ്ഞു് അവളെ ആദരിക്കായ്കയാൽ) വല്ലാതെ ദ്വേഷ്യപ്പെട്ടപോലെ അ

വിടെനിന്നു പോവുകയും ചെയ്തു. ഹരി! ഹരി! (ഈശ്വര! ഞാനെന്തു ചെയ്യേണ്ടു?) ഇവിടെ 'ദ്വേഷ്യപ്പെട്ടപോലെ' എന്നു പറഞ്ഞതുകൊണ്ടു രാധക്കു ശ്രീകൃഷ്ണനോടല്ല ദ്വേഷ്യം—ഗോപസ്ത്രീകളോടാണു് എന്നു ധ്വനി. "ഹരിഹരി!" എന്നു തുടങ്ങി "കുപിതേവ" എന്നതുവരെ പല്ലവി. ഇതിൻെറ പദങ്ങളും അർത്ഥങ്ങളും എനിയുള്ള 7 ഗീതങ്ങളിലേക്കും യഥോചിതം യോജിപ്പിക്കേണ്ടതാണു്.

കിം കരിഷ്യതി കിം വദിഷ്യതി

സാ ചിരം വിരഹേണ,

കിം ധനേന ജനേന കിം മമ

കിം സുഖേന ഗൃഹേണ! ഹരി! ഹരി! 4

അ—അവൾ ചിരം വിരഹം ഹേതുവായിട്ടു എന്തിനെ ചെയ്യും. എന്തിനെ വദിക്കും? എനിക്കു് ധനംകൊണ്ടും ജനംകൊണ്ടും സുഖംകൊണ്ടും ഗൃഹംകൊണ്ടും എന്താണു്? ഹരി! ഹരി!

സാ—രാധ കുറച്ചുകാലം എന്നോടുകൂടിയുള്ള വിരഹംകൊണ്ടു എന്തൊക്കെയാണു് ചെയ്തിട്ടുണ്ടാവുക? (എന്നെപ്പററി) എന്തെല്ലാം പറഞ്ഞിരിക്കും? എനിക്കു ധനമൊ, ബന്ധുജനങ്ങളൊ, നല്ലമാളികകളോ, സൌഖ്യമൊ ഉണ്ടായിട്ടു എന്തു പ്രയോജനമാണുള്ളതു്? ഈശ്വര! ഞാനിനി എന്തു ചെയ്യേണ്ടു? ഇവിടെ "കിംകരിഷ്യതി" എന്നു പറഞ്ഞതുകൊണ്ടു "രാധ വിരഹവേദന സഹിയാതെ വിഷം കുടിച്ചു മരിക്കുകയൊ ആത്മഹത്യക്കു പ്രേരിതയാവുകയൊ ചെയ്യുമൊ" എന്നുള്ള ശ്രീകൃഷ്ണൻെറ ആശങ്ക ധ്വനിക്കുന്നു.

ചിന്തയാമി തദാനനം കുടിലഭ്രു കോപഭരേണ,
ശോണപത്മമിവോപരി ഭ്രമതാകുലം ഭ്രമരേണ.
ഹരി! ഹരി! 5

അ—ഞാൻ ഉപരിഭ്രമത്തായിരിക്കുന്ന ഭ്രമരത്താൽ ആകുലമായിരിക്കുന്ന ശോണപത്മത്തെയെന്നപോലെ—കോപഭരത്താൽ കുടിലഭ്രുവായിരിക്കുന്ന തദാനനത്തെ ചിന്തിക്കുന്നു.

സാ—ഉപരിഭാഗത്തിൽ വണ്ടുകൾ പറന്നുകൊണ്ടിരിക്കുന്ന ചെന്താമരപ്പൂവെന്നപോലെ—എന്നോടുള്ള ദ്വേഷ്യംകൊണ്ടു വളഞ്ഞ പുരികക്കൊടികളോടു കൂടിയതും, ചുവന്നതും, സുന്ദരവും ആയ രാധയുടെ ആ മുഖത്തെ സ്മരിക്കുന്നു—ഭാവനചെയ്യുന്നു.

താമഹം ഹൃദി സംഗതാമനിശം ഭൃശം രമയാമി,
കിംവനേഽനുസരാമി താമിഹ കിം വൃഥാ
വിലപാമി. ഹരി! ഹരി! 6

അ—ഞാൻ ഹൃദയത്തിങ്കൽ സംഗതയായിരിക്കുന്ന അവളെ എല്ലാപ്പോഴും ഏററവും രമിപ്പിക്കുന്നു. ഈ വനത്തിങ്കൽ അവളെ എന്തിനായിക്കൊണ്ടു അനുസരിക്കുന്നു? എന്തിനായിക്കൊണ്ടു വെറുതെ വിലപിക്കുന്നു?

സാ—എന്റെ മനസ്സിൽ ഇരിക്കുന്ന രാധയോടുകൂടി എല്ലാപ്പോഴും ഞാൻ നല്ലവണ്ണം രമിക്കുന്നുണ്ടു്; രമിപ്പിക്കുന്നുമുണ്ടു്. പിന്നെ എന്തിനാണു് ഈ കാട്ടിൽ അവളെ അന്വേഷിച്ചു അലയുന്നതു്? അവളുടെ കേമത്തങ്ങളേയൊ എന്റെ വിഡ്ഢിത്തങ്ങളേയൊ പറഞ്ഞു കരെ നിലവിളിച്ചിട്ടു പ്രയോജനമെന്താണു്?

തന്വി! ഖിന്നമസൂയയാ ഹൃദയം തവാകലയാമി,
തന്ന വേദ്മി കുതൊ ഗതാസി ന തേന
തേऽനുനയാമി. ഹരി! ഹരി! 7

അ—ഹേ തന്വി! നീ എവിടെ ഗതയായിട്ടു ഭവിക്കുന്നു? ഞാൻ അതിനെ വേദിക്കുന്നില്ല. നിൻെറ ഹൃദയം അസൂയകൊണ്ടു ഖിന്നമാണെന്നു ഞാൻ ആകലനം ചെയ്യുന്നു. അതുഹേതുവായിട്ടു നിനക്കായിക്കൊണ്ടു ഞാൻ അനുനയിക്കുന്നില്ല.

സാ—കൃശാംഗിയും സുന്ദരിയും ആയ രാധെ! ഭവതി എവിടെയാണെന്നു് എനിക്കു മനസ്സിലാകുന്നില്ല. ഭവതിയുടെ മനസ്സു അസൂയകൊണ്ടു കലുഷമാണു്, (മററുള്ളവരുടെ ഉൽക്കഷം ഭവതിക്കു് സഹിക്കുവാൻ സാധ്യമല്ല), അതുകൊണ്ടു ഞാനിപ്പോൾ ഭവതിയെ പറഞ്ഞു സമാധാനിപ്പിക്കുവാനൊന്നും ഒരുക്കമില്ല. (ശ്രീകൃഷ്ണന്നു് രാധാവിഷയകമായ വിരഹവേദന ക്രമേണ വദ്ധിച്ചുകൊണ്ടെ വരുന്നു).

ദൃശ്യസെ പുരതൊ ഗതാഗതമേവ മേ വിദധാസി,
കിം പുരെവ സസംഭ്രമം പരിരംഭണം ന ദദാസി.
ഹരി! ഹരി! 8

അ—ഹേതന്വി! നീ എന്നാൽ ദശിക്കപ്പെടുന്നു. നീ എൻെറ പുരോഭാഗത്തിങ്കൽ ഗതാഗതത്തെതന്നെ വിധാനം ചെയ്യുന്നു. മുമ്പത്തെപോലെ സസംഭ്രമമാകുംവണ്ണം പരിരംഭണത്തെ ദാനം ചെയ്യുന്നില്ല.

സാ—സുന്ദരിയായ രാധെ! ഞാൻ ഭവതിയെ നല്ലവണ്ണം കാണുന്നുണ്ടു്. തീച്ചയായും ഭവതി എൻെറ മുൻഭാഗത്തിൽ അങ്ങുമിങ്ങും നടക്കുന്നുണ്ടു്. എന്നാൽ മുമ്പില

ത്തെപ്പോലെ വളരെ പരിഭ്രമത്തോടുകൂടി എന്നെ ആലിംഗനം ചെയ്യുകയൊ ചുംബിക്കുകയൊ ചെയ്യുന്നില്ല. എന്താണിതിനെല്ലാം കാരണമെന്നു എനിക്കറിവില്ല.

ക്ഷമ്യതാമപരം കദാപി തവേദൃശം ന കരോമി,
ദേഹി സുന്ദരി! ദൎശനം മമ മന്മഥേന ദുനോമി
ഹരി! ഹരി! 9

അ—ഹേസുന്ദരി! നിന്നാൽ എന്റെ അപരാധം ക്ഷമിക്കപ്പെട്ടാലും. ഞാനൊരിക്കലും ഈദൃശമായി അപരമായിരിക്കുന്ന അപരാധത്തെ ചെയ്യുന്നില്ല. നീ എനിക്കു ദൎശനത്തെ ദാനം ചെയ്താലും മന്മഥൻ ഹേതുവായിട്ടു ഞാൻ ദുഃഖിക്കുന്നു.

സാ—സുന്ദരിയായ രാധെ! ഞാൻ ചെയ്തിട്ടുള്ള അപരാധങ്ങളെല്ലാം ഭവതി പൊറുക്കണെ! ഞാൻ മേലിൽ ഒരിക്കലും ഇത്തരം കുററം ചെയ്യുകയില്ല. ദയവുചെയ്തു എന്റെ അടുക്കൽ വരു! കാമദേവനെന്നെ കണക്കിലേറെ കഷ്ടപ്പെടുത്തുന്നു. കാമപാരവശ്യം എനിക്കു സഹ്യമല്ല.

വൎണ്ണിതം ജയദേവകേന ഹരേരിദം പ്രവണേന,
തിന്ദുവില്വസമുദ്രസംഭവരോഹിണീരമണേന.
ഹരി! ഹരി! 10

അ—തിന്ദുവില്വസമുദ്ര സംഭവരോഹിണീരമണനായി പ്രവണനായിരിക്കുന്ന ജയദേവകനാൽ വൎണ്ണിതമായിരിക്കുന്ന ഹരിയുടെ ഈ ചരിതം എല്ലാവൎക്കും സുഖപ്രദമായിട്ടു ഭവിക്കട്ടെ.

സാ—തിന്ദുവില്വം എന്ന രാജ്യക്കാരനും കവിതാനിൎമ്മാണത്തിൽ അതീവ സമൎത്ഥനും ആയ ശ്രീജയദേവകവി രചിച്ചിട്ടുള്ളതും ശ്രീകൃഷ്ണൻ വൃന്ദാവനത്തിൽ സുന്ദ

രിമാരായ ഗോപസ്ത്രീകളോട്ടുകൂടി ക്രീഡിച്ചതിന്റെ ചുരുങ്ങിയ ഒരു ചരിത്രവും ആയ ഈ ഗ്രന്ഥം പാരായണം ചെയ്യുന്നവൎക്കും കേൾക്കുന്നവൎക്കും മോക്ഷം ലഭിക്കേണമെ! എന്നു കവിപ്രാൎത്ഥന.

കുവലയദളശ്രേണീ കണ്ഠേ ന സാ ഗരളദ്യുതിർ-
ഹൃദി ബിസലതാഹാരൊ നായം ഭുജംഗമനായകഃ,
മലയജരജൊ നേദം ഭസ്മ പ്രിയാരഹിതെ മയി
പ്രഹര ന ഹരഭ്രാന്ത്യാനംഗ! ക്രുധാ കിമു ധാവസി.

അ—ഹേ അനംഗ! ക്രുത്തുകൊണ്ടു എന്തിനാണു് ധാവനം ചെയ്യുന്നതു? എന്റെ കണ്ഠത്തിങ്കൽ യാതൊന്നു ദൎശിക്കപ്പെടുന്നു അതു ഗരളദ്യുതിയല്ല, കുവലയദളശ്രേണിയാണു. ഹൃത്തിങ്കൽ ഭുജംഗമനായകനല്ല, ബിസലതാഹാരമാണു്. വിലിപ്തമായിട്ടു യാതൊന്നു ദർശിക്കപ്പെടുന്നു അതു ഭസ്മമല്ല, മലയജരജസ്സാണു്. ഇതുഹേതുവായിട്ടു പ്രിയാരഹിതനായിരിക്കുന്ന എന്നിൽ ഹരഭ്രാന്തികൊണ്ടു പ്രഹരിക്കാതിരിക്കണേ!

സാ—അല്ലയൊ കാമദേവ! ഭവാനെന്തിനാണു് എന്റെ നേക്കോടി വരുന്നതു? ഞാൻ താങ്കളുടെ വൈരിയായ ശ്രീപരമേശ്വരനൊന്നുമല്ല. നോക്കു! എന്റെ കഴത്തിൽ കാണുന്ന ഈ കറുപ്പുനിറം കാളകൂടവിഷമൊന്നുമല്ല ഇതു്. (രാധാവിഷയകമായ വിരഹവേദനയുടെ ശമനത്തിന്നായി പറിച്ചിട്ടുള്ള) കരിങ്കുവളപ്പൂക്കളുടെ ദളങ്ങളാകുന്നു. എന്റെ മാർവ്വിടത്തിൽ കാണുന്നതു്. സൎപ്പരാജനായ വാസുകിയൊന്നുമല്ല, ഇതു് (വിരഹതാപശമനത്തിന്നായി) താമരവളയംകൊണ്ടു ഉണ്ടാക്കി ധരിച്ച മാലയാണു്. എന്റെ ശരീരത്തിലാസകലം പുരട്ടിയിട്ടു

ള്ളതു ഭസ്മമല്ല ചന്ദനമാണു്. അതുകൊണ്ടു എന്റെ ശരീരത്തിൽ വെറുതെ അസ്ത്രങ്ങളയക്കരുതെ! ശ്രീകൃഷ്ണനു് വിരഹംകൊണ്ടുള്ള കാമപാരവശ്യം ക്രമേണ അധികരിച്ചുകൊണ്ടെ വരുന്നു.

പാണൌ മാ കുരു ചൂതസായകമമും
മാ ചാപമാരോപയ
ക്രീഡാനിർജ്ജിതവിശ്വ! മൂർഛിതജനാ-
ഘാതേന കിം പൌരുഷം.
തസ്യാ ഏവ മൃഗീദൃശൊ മനസിജ!
പ്രേംഖൽകടാക്ഷാശുഗ-
ശ്രേണീജർജ്ജരിതം മനാഗപി മനൊ
നാദ്യാപി സന്ധുക്ഷതെ. 12

അ—ഹേ ക്രീഡാനിർജ്ജിതവിശ്വ! മനസിജ! അങ്ങുന്നു് പാണിയിങ്കൽ ഈ ചൂതസായകത്തെ ചെയ്യരുതെ! അങ്ങുന്നു് ചാപത്തെ ആരോപണം ചെയ്യരുതെ! മൂർഛിതജനാഘാതംകൊണ്ടു് പൌരുഷം ഭവിക്കുന്നുണ്ടോ? മൃഗീദൃക്കായിരിക്കുന്ന അവളുടെതന്നെ പ്രേംഖൽകടാക്ഷാശുഗശ്രേണീജർജ്ജരിതമായിരിക്കുന്ന എന്റെ മനസ്സു ഇപ്പോഴുംകൂടി കുറച്ചെങ്കിലും സന്ധുക്ഷണം ചെയ്യുന്നില്ല.

സാ—അനായാസേന—വെറും തമാശയായിത്തന്നെ എല്ലാ ലോകങ്ങളേയും ജയിച്ച മന്മഥ! അങ്ങിപ്പോൾ ആവനാഴിയിൽനിന്നു് തേന്മാവിന്റെ മൊട്ടുകളാകുന്ന അസ്ത്രങ്ങളെ എടുത്തു വില്ലിൽ ചേർത്തു എന്റെ നേരെ പ്രയോഗിക്കരുതെ!, മോഹാലസ്യപ്പെട്ടുകിടക്കുന്ന സാധുജനങ്ങളോടു യുദ്ധം ചെയ്യുന്നതുകൊണ്ടു ത്രൈലോക്യവിജയിയായ അങ്ങേക്കു പൌരുഷമാണോ? മാനിന്റെ ു

പോലെ മനോഹരങ്ങളും ചഞ്ചലങ്ങളും ആയ നേത്രങ്ങളോട്ടുകൂടിയ ആ സുന്ദരിയായ രാധയുടെ തപദസ്രൂസമങ്ങളായ കടാക്ഷവീക്ഷണങ്ങൾകൊണ്ടുതന്നെ തകൎന്നതായ എന്റെ മനസ്സിന്നു ഇതുവരയ്ക്കും ഒരു സമാധാനം വന്നിട്ടില്ല.

ഭ്രൂചാപെ നിഹിതഃ കടാക്ഷവിശിഖൊ
    നിൎമ്മാതു മൎമ്മവ്യഥാം
ശ്യാമാത്മാ കുടിലഃ കരോതു കബരീ-
    ഭാരോऽപി മാരോദ്യമം,
മോഹം താവദയഞ്ച തന്വി തനുതാം
    ബിംബാധരൊ രാഗവാൻ
സദ്വൃത്തസ്തനമണ്ഡലസ്തവ കഥം
    പ്രാണൈൎമ്മമ ക്രീഡതി. 13

അ—ഹേ തന്വി! ഭ്രൂചാപത്തിങ്കൽ നിഹിതമായിരിക്കുന്ന കടാക്ഷവിശിഖം മൎമ്മവ്യഥയെ നിൎമ്മാണം ചെയ്യട്ടെ. ശ്യാമാത്മാവായി കുടിലമായിരിക്കുന്ന കബരീഭാരവും മാരോദ്യമത്തെ ചെയ്യട്ടെ. രാഗവാനായിരിക്കുന്ന ഈ ബിംബാധരവും മോഹത്തെ ചെയ്യട്ടെ. അപ്പോൾ— സദ്വൃത്തമായിരിക്കുന്ന നിന്റെ സ്തനമണ്ഡലം എന്റെ പ്രാണങ്ങളെക്കൊണ്ടു എങ്ങിനെ ക്രീഡിക്കുന്നു?

സാ—സുന്ദരിയായ രാധെ! ഭവതിയുടെ പുരികങ്ങളാകുന്ന വില്ലുകളിൽനിന്നു അയക്കുന്ന കടാക്ഷവീക്ഷണങ്ങളാകുന്ന അസ്ത്രങ്ങൾ എന്റെ (മനസ്സിൽ) മൎമ്മങ്ങളിൽ കൊണ്ടു തറച്ചു വേദനിപ്പിച്ചുകൊള്ളട്ടെ. കറുപ്പുവൎണ്ണത്തോടുകൂടിയ വൎദ്ധിച്ച—ഭവതിയുടെ—കുടിലകുന്തളവും—

എന്നെ കൊല്ലുവാനുത്സാഹിച്ചുകൊള്ളട്ടെ. ചുവപ്പുവൎണ്ണത്തോടുകൂടിയതും തൊണ്ടിപ്പഴത്തിന്ന് സദൃശവും ആയ—ഭവതിയുടെ—അധരം എന്നെ മോഹാലസ്യപ്പെടുത്തുകയും ചെയ്തുകൊള്ളട്ടെ. എന്നാൽ വൃത്തമൊത്തവയും (സൽസ്വഭാവികൾ എന്നും) മനോഹരങ്ങളും ആയ—ഭവതിയുടെ—സ്തനങ്ങൾ എങ്ങിനെയാണ് എന്റെ പ്രാണങ്ങളെകൊണ്ടു വിനോദിക്കുക? (സജ്ജനങ്ങൾ മററുള്ളവരെ വെറുതെ ഉപദ്രവിക്കുകയില്ലെന്നു താല്പൎയ്യം). ഇവിടെ—"രാധയുടെ കടാക്ഷവീക്ഷണങ്ങൾ മനോഹാരിയായ കുടിലകുന്തളം, അധരം, സ്തനങ്ങൾ എന്നിവ ഭാവന ചെയ്യുമ്പോൾ ശ്രീകൃഷ്ണൻ അസ്വസ്ഥചിത്തനാകുന്നുവെന്നും, കാമപാരവശ്യം സഹിക്കവഹിയാതാവുന്നു" എന്നും ധ്വനി.

താനി സ്പൎശസുഖാനി തേ ച തരള-
 സ്നിഗ്ദ്ധാ ദൃശോൎവ്വിഭ്രമാ-
സ്തദ്വക്ത്രാംബുജസൌരഭം സ ച സുധാ-
 സ്യന്ദീ ഗിരാം വക്രിമാ,
സാ ബിംബാധരമാധുരീതി വിഷയാ-
 സംഗേപി ചേന്മാനസം
അസ്യാം ലഗ്നസമാധി ഹന്ത വിരഹ-
 വ്യാധിഃ കഥം വൎത്തതെ. 14

അ—ആ സ്പൎശസുഖങ്ങളും, ദൃക്കുകളുടെ തരളസ്നിഗ്ദ്ധങ്ങളായിരിക്കുന്ന ആ വിഭ്രമങ്ങളും, ആ വക്ത്രാംബുജസൌരഭവും, ഗീരുകളുടെ സുധാസ്യന്ദിയായിരിക്കുന്ന ആ വക്രിമാവും, ആ ബിംബാധരമാധുരിയും എന്നാൽ ആ

സ്വാദിക്കപ്പെടുകയും, അനുഭവിക്കപ്പെടുകയും ചെയ്യുന്നു. എന്റെ മാനസം വിഷയാസംഗത്തിങ്കലും കൂടി അവളിൽ ലഗ്നസമാധിയായി ഭവിക്കുന്നു എങ്കിൽ എങ്ങിനെ വിരഹവ്യാധി വർത്തിക്കുന്നു?

സാ—ശ്രീകൃഷ്ണൻ വിരഹതാപാധിക്യത്താൽ ഓരോന്നു പ്രലപിക്കുന്നു—"രാധയോടുകൂടി ആലിംഗനം ചെയ്യുമ്പോഴും മററും സ്പർശിക്കുന്നതിലുള്ള ആ ഒരു സൌഖ്യവും (ത്വഗിന്ദ്രിയം), ചഞ്ചലസ്വഭാവങ്ങളും സ്നിഗ്ദ്ധങ്ങളും മനോഹരങ്ങളും ആയ കടാക്ഷങ്ങളുടെ—ആ—വിഭ്രമങ്ങളും (നേത്രേന്ദ്രിയം) താമരപ്പൂവുപോലെ മനോഹരമായ മുഖത്തിനുള്ള—ആ—സൌരഭ്യവും (ഘ്രാണേന്ദ്രിയം) അമൃതു പൊഴിക്കുന്ന—ആ—വക്രോക്തികളും (ശ്രവണേന്ദ്രിയം) ചുവന്ന തൊണ്ടിപ്പഴംപോലുള്ള അധരങ്ങളുടെ—ആ—മാധുര്യവും (രസനേന്ദ്രിയം) ഞാൻ നല്ലവണ്ണം ആസ്വാദിക്കുകയും അനുഭവിക്കുകയും ചെയ്യുന്നു. സങ്കല്പസംഭോഗാവസരത്തിൽ എന്റെ മനസ്സുകൂടി അവളിൽ (രാധയിൽ) വിട്ടുപോരാത്തവിധം ചേർന്നിരിക്കുന്നുവെങ്കിൽ ഈ വിരഹവ്യാധി സംഭവിക്കയില്ലായിരുന്നു. ഇപ്പോഴും ഈ രോഗത്തിന്നു ശമനം വരുന്നില്ലല്ലൊ! കഷ്ടം! ഇവിടെ ക്രമത്തിൽ—ത്വഗിന്ദ്രിയം, നേത്രേന്ദ്രിയം, ഘ്രാണേന്ദ്രിയം, ശ്രവണേന്ദ്രിയം, രസനേന്ദ്രിയം ഇങ്ങനെ പഞ്ചേന്ദ്രിയങ്ങൾക്കും സ്വശാഭിവിഷയപഞ്ചക സംയോഗത്തെ ചെയ്തിട്ടു മനസ്സുകൂടി രാധയിൽതന്നെ ആസക്തമായി സങ്കല്പസംഗമത്തോടുകൂടിയിരിക്കുന്നുവെങ്കിൽ ഇത്തരം വിരഹവേദനക്കു കാരണമൊന്നും കാണുന്നില്ലല്ലോ! എന്നു താല്പര്യം.

ഭ്രൂവല്ലരീ ധനുരപാംഗതരംഗിതാനി
ബാണാഃ ഗുണഃ ശ്രവണപാളിരിതി സ്മരേണ,
അസ്യാമനംഗജയജംഗമദേവതായാ-
മസ്ത്രാണി നിൎജ്ജിതജഗന്തി കിമൎപ്പിതാനി. 15

അ—ഭ്രൂവല്ലരിയാകുന്ന ധനുസ്സ്, അപാംഗതരംഗിതങ്ങളാകുന്ന ബാണങ്ങൾ, ശ്രവണപാളിയാകുന്ന ഗുണം ഇപ്രകാരം നിൎജ്ജിതജഗത്തുക്കളായിരിക്കുന്ന അസ്ത്രങ്ങൾ സ്മരനാൽ അനംഗജയജംഗമദേവതയായിരിക്കുന്ന ഇവളിൽ അൎപ്പിതങ്ങളായൊ എന്നു തോന്നും.

സാ—രാധയുടെ പുരികക്കൊടികളാകുന്ന വില്ലും, കടക്കണ്ണുകളാകുന്ന അസ്ത്രങ്ങളും, കൎണ്ണശഷ്കുലിയാകുന്ന ഞാണും ഇവകൊണ്ടു് ലോകത്തെ മുഴുവൻ ജയിച്ചു ശേഷിച്ച ശരങ്ങൾ കാമദേവൻ തന്റെ ദിഗ്ജയത്തിന്നു അധിഷ്ഠാനദേവതയായ രാധയിൽ നിക്ഷേപിച്ചിരിക്കയാണൊ എന്നു തോന്നും. ഇതുകൊണ്ടു രാധയുടെ സൌന്ദൎയ്യാതിശയവും, കാമദേവന്റെ ജഗത്ത്രയവീരത്വവും,—“നിത്യബ്രഹ്മചാരിയായ ഞാനുംകൂടി വിവശനായല്ലോ” എന്നുള്ള ഭഗവാന്റെ വിചാരവും ധ്വനിച്ചിരിക്കുന്നു.

തിൎയ്യക്കണ്ഠവിലോലമൌലിതരളോ-
ത്തംസസ്യ വംശോച്ചലൽ-
ഗീതിസ്ഥാനകൃതാവധാനലലനാ-
ലക്ഷൈൎന്ന സംലക്ഷിതാഃ,
സമ്മുഗ്ദ്ധാ മധുസൂദനസ്യ മധുരെ
രാധാമുഖേന്ദൌ മൃദു-
സ്പന്ദം കന്ദളിതാശ്ചിരം ദദതു വഃ
ക്ഷേമം കടാക്ഷോൎമ്മയഃ. 16

അ—തിയ്യക്കണ്ടു വിലോലമൌലിതരളോത്തംസനായിരിക്കുന്ന മധുസൂദനൻെറ വംശോച്ചലൽഗീതിസ്ഥാനകൃതാവധാനലലനാലക്ഷങ്ങളാൽ അസംലക്ഷിതങ്ങളായി സമ്മുഗ്ദ്ധങ്ങളായി,—മധുരമായിരിക്കുന്ന രാധാമുഖേന്ദുവിങ്കൽ മൃദുസ്പന്ദമാകുംവണ്ണം—കന്ദളിതങ്ങളായിരിക്കുന്ന കടാക്ഷോൎമ്മികൾ നിങ്ങൾക്കു് ചിരം ക്ഷേമത്തെ ദാനം ചെയ്യട്ടെ.

സാ—ഓടക്കുഴൽ വിളിക്കുന്ന സന്ദർഭത്തിൽ താളത്തിനൊത്തു തലകുലുക്കുമ്പോൾ മനോഹരമായ വിധത്തിൽ അങ്ങുമിങ്ങും ഇളകുന്ന ശിരോലങ്കാരത്തോടുകൂടിയ ശ്രീകൃഷ്ണൻെറ ഓടക്കുഴലിൽനിന്നും പുറപ്പെടുന്ന ഗാനത്തിൻെറ അതാതു സ്ഥാനങ്ങളിൽ മനസ്സുറപ്പിച്ച സുന്ദരികളായ ഗോപസ്ത്രീകൾക്കു കാണ്മാൻ കഴിയാത്തവയും, അതിമനോഹരങ്ങളും, സുന്ദരങ്ങളും ആയ,—രാധയുടെ—മുഖചന്ദ്രങ്കലേക്കു ചെല്ലുന്നവയും തിരമാലകൾക്കു സദൃശങ്ങളും വൎദ്ധിച്ചവയും ആയ കടാക്ഷവീക്ഷണങ്ങൾ ഈ ഗ്രന്ഥം പാരായണം ചെയ്യുന്നവൎക്കും കേൾക്കുന്നവൎക്കും സൌഖ്യത്തെ പ്രദാനംചെയ്യട്ടെ. എന്നു കവിപ്രാൎത്ഥന.

ഇപ്രകാരം 'ലീലാ' എന്നു പേരായ ഭാഷാവ്യാഖ്യാനത്തിൽ 'മുഗ്ദ്ധമധുസൂദനം' എന്നു പേരായ മൂന്നാംസൎഗ്ഗം കഴിഞ്ഞു.

—:*:—

# നാലാം സർഗ്ഗം

യമുനാതീരവാനീരനികുഞ്ജേ മന്ദമാസ്ഥിതം,
സാഹ പ്രേമഭരോൽഭ്രാന്തം മാധവം
രാധികാസഖീ. 1

അന്വയാൎത്ഥം—ആ രാധികാസഖി യമുനാതീരവാനീരനികുഞ്ജത്തിങ്കൽ മന്ദമാകുംവണ്ണം ആസ്ഥിതനായി പ്രേമഭരോൽഭ്രാന്തനായിരിക്കുന്ന മാധവനോട്ടു പറഞ്ഞു.

സാരം—രാധ— ശ്രീകൃഷ്ണവിഷയകമായ വിരഹതാപം സഹിയാതെ—"ശ്രീകൃഷ്ണനെ ഏതുവിധത്തിലെങ്കിലും എന്റെ അടുക്കലേക്കു ആനയിക്കു!" എന്നു ഏതു സഖിയോടാണൊ പറഞ്ഞിരുന്നതു്—രാധയുടെ—ആ സഖി. യമുനാനദിയുടെ തീരത്തു ചുററുമാററുവഞ്ഞികൾ ഇടതൂൎന്നുനില്ക്കുന്ന വള്ളിക്കുടിലിൽ ലേശംപോലും ഉത്സാഹമില്ലാതെ മാന്ദ്യത്തോടെ ഇരിക്കുന്നവനും, രാധയോട്ടുള്ള പ്രേമാധിക്യംകൊണ്ടു—അവളെ—തിരഞ്ഞു എങ്ങും കാണാതെ കാമപരവശനും ആയ ശ്രീകൃഷ്ണനോട്ടു ഇപ്രകാരം പറഞ്ഞു.

നിന്ദതി ചന്ദനമിന്ദുകിരണമനുവിന്ദതി ഖേദമധീരം,
വ്യാളനിലയമിളനേന ഗരളമിവ കലയതി
മലയസമീരം.
സാ വിരഹേ തവ ദീനാ മാധവ! മനസിജവിശിഖ
ഭയാദിവ ഭാവനയാ ത്വയി ലീനാ. പല്ലവി 2

ആ—ഹേ മാധവ! അങ്ങയുടെ വിരഹത്തിങ്കൽ ദീനയായിരിക്കുന്ന അവൾ മനസിജവിശിഖഭയം ഹേതുവായിട്ടോ എന്നു തോന്നുമാറു് ഭാവനകൊണ്ടു അങ്ങയിൽ

ലീനയായിട്ട ഭവിക്കുന്നു. ചന്ദനത്തെ നിന്ദിക്കുന്നു. ഇന്ദുകിരണത്തെ അനുസരിച്ച അധീരമാകുംവണ്ണം ഖേദത്തെ വേദിക്കുന്നു. മലയസമീരനെ വ്യാളനിലയമിളനംകൊണ്ടു ഗരളത്തെ എന്നപോലെ കലനം ചെയ്യുന്നു.

സാ—ശ്രീകൃഷ്ണ! അങ്ങയുടെ വിരഹം (വേർപാട്ട) കൊണ്ടു കാമപരവശയായ രാധ കാമദേവനെന്നിയും അസ്ത്രമയമ്മെങ്കിലൊ എന്നുള്ള പേടികൊണ്ടെന്നപോലെ അങ്ങയെത്തന്നെ ധ്യാനിച്ചുകൊണ്ടു കിടക്കുന്നു. താപശമനത്തിന്നു ചന്ദനം കൊണ്ടുചെന്നാൽ—തീ തൊട്ടാൽ പൊള്ളുന്നപോലെയെല്ലാം നടിച്ച—അതുപേക്ഷിക്കുന്നു; ചന്ദനത്തെ നിന്ദിച്ച പലതും പറയുകയും ചെയ്യുന്നു. ചന്ദനവൃക്ഷങ്ങളിൽ തട്ടിവരുന്ന തണുത്ത തെക്കൻകാററു തട്ടുമ്പോൾ വിഷത്തെ—സാധാരണ ജനങ്ങൾ സ്പർശിക്കാതിരിക്കുവാൻ ശ്രമം ചെയ്യുന്ന—പോലെ രാധയും പരിഹരിക്കുന്നു. ചന്ദ്രരശ്മി ഏല്ക്കുമ്പോൾ വല്ലാതെ ഖേദിക്കുന്നു. രാധക്ക് ചന്ദനം, ചന്ദ്രിക, മലയപർവ്വതത്തിൽ നിന്നു വരുന്ന മന്ദമാരുതൻ, (തെക്കൻകാററ്) ഇവയെല്ലാം ദുഃസഹങ്ങളായിരിക്കുന്നു, വിരഹവേദന മൂൎദ്ധന്യാവസ്ഥയെ പ്രാപിച്ചിരിക്കുന്നു എന്നു താല്പൎയ്യം. ഇവിടെ പല്ലവിയുടെ പദങ്ങൾ അനുഷ്ഠിച്ചപോലെ എന്നി പറയുന്ന 7 ഗീതങ്ങളിലും യഥോചിതം പദങ്ങളും അൎത്ഥങ്ങളും യോജിപ്പിച്ചുകൊൾക.

അവിരളനിപതിതമദനശരാദിവ ഭവദവനായ
വിശാലം,
സ്വഹൃദയമൎമ്മണി വൎമ്മ കരോതി സജലനളിനീ
ദളജാലം. സാ വിരഹെ. 3

അ—ഹേ മാധവ! അവൾ അവിരളനിപതിതമദനശരത്തിങ്കൽനിന്നു ഭവദവനത്തിന്നായിക്കൊണ്ടോ എന്നു തോന്നുമാറു വിശാലമായിരിക്കുന്ന സജലനളിനീജലജാലത്തെ സ്വഹൃദയമൎമ്മത്തിങ്കൽ വൎമ്മമാക്കി ചെയ്യുന്നു.

സാ—ശ്രീകൃഷ്ണ! രാധ, എല്ലായ്പോഴും വന്നു വീണുകൊണ്ടിരിക്കുന്ന കാമദേവന്റെ അസ്ത്രങ്ങൾ ഹൃദയത്തിങ്കലിരിക്കുന്ന—അങ്ങയുടെ ദേഹത്തിൽ ഏല്ക്കാതിരിപ്പാൻ വേണ്ടിയാണോ എന്നു തോന്നുമാറു വിസ്തീൎണ്ണമായ മാൎവ്വിടത്തിൽ വെള്ളത്തുള്ളികളോടുകൂടിയ താമരയിലകളെ മാൎച്ചട്ടയാക്കി ധരിക്കുന്നു. ഇവിടെ രാധക്കു് ശ്രീകൃഷ്ണനെക്കുറിച്ചുള്ള സ്നേഹവും വിരഹവേദനയും ധ്വനിക്കുന്നു.

കുസുമവിശിഖശരതല്പമനല്പ-
വിലാസകലാകമനീയം,
വ്രതമിവ തവ പരിരംഭസുഖായകരോതി
കുസുമശയനീയം സാ വിരഹെ. 4

അ—ഹേ മാധവ! അവൾ കുസുമശയനീയത്തെ അനല്പവിലാസകലാകമനീയമാക്കി വിരചിച്ചിട്ടു് അതു അങ്ങയുടെ പരിരംഭസുഖത്തിന്നായിക്കൊണ്ടുള്ള വ്രതമൊ എന്നു തോന്നുമാറു് കുസുമവിശിഖശരതല്പമാക്കി ചെയ്യുന്നു.

സാ—ശ്രീകൃഷ്ണ! രാധ, കാണികളുടെ കരളിനെ കവരുമാറുള്ള വിശിഷ്ടപുഷ്പങ്ങളെക്കൊണ്ടു ഒരു ശയ്യ (കിടക്ക)യുണ്ടാക്കിയിട്ടുള്ളതുകണ്ടാൽ—അങ്ങയോടു കൂടിയുള്ള ഭോഗസുഖത്തിന്നുവേണ്ടി (ഭഗവൽ സംഗമത്തിന്നായിക്കൊണ്ടു) കാമദേവന്റെ ശരശയനരൂപമായ ഒരു വ്രതത്തെ സ്വീകരിച്ചിരിക്കയാണൊ എന്നു തോന്നും.

വഹതി ച വിഗളിതലോചനജലഭര-
മാനനകമലമുദാരം,
വിധുമിവ വികടവിധുന്തുദദന്തദളന-
ഗളിതാമൃതധാരം. സാ വിരഹെ. 5

അ—ഹേ മാധവ! അവൾ വിഗളിതലോചനജലഭരമായിരിക്കുന്ന ആനനകമലത്തെ വികടവിധുന്തുദദന്തദളനഗളിതാമൃതധാരമായിരിക്കുന്നെ വിധുവിനെ എന്നപോലെ ഉദാരമാകുംവണ്ണം വഹിക്കുന്നു.

സാ—ഇപ്പോൾ കണ്ണുനീർ ധാരയായൊഴുകിക്കൊണ്ടിരിക്കുന്ന രാധയുടെ മുഖകമലം കണ്ടാൽ അതിക്രൂരനായ രാഹുവിന്റെ മൂൎച്ചയേറിയ ദംഷ്ട്രകളെക്കൊണ്ടുള്ള ഖണ്ഡനം ഹേതുവായിട്ടു ധാരയായ് ഒലിച്ചുകൊണ്ടിരിക്കുന്നെ പീയൂഷകണങ്ങളോടുകൂടിയ പൂൎണ്ണചന്ദ്രനാണൊ എന്നു തോന്നും. ഇതുകൊണ്ടു ഇടവിടാതെ നിലവിളിച്ചുകൊണ്ടിരിക്കുന്ന രാധയുടെ ശോച്യാവസ്ഥ ധ്വനിക്കുന്നു.

വിലിഖതി രഹസി കുരംഗമദേന
ഭവന്തമസമശരഭൂതം,
പ്രണമതി മകരമധൊ വിനിധായ
കരെച ശരം നവചൂതം. സാ വിരഹെ. 6

അ—ഹേ മാധവ! അവൾ രഹസ്സിങ്കൽ കുരംഗമദം കൊണ്ടു അസമശരഭൂതനായിരിക്കുന്ന ഭവാനെ ഒരു ഫലകത്തിൽ വിലേഖനം ചെയ്യുന്നു. അധോഭാഗത്തിങ്കൽ മകരത്തേയും, കരത്തിങ്കൽ നവചൂതമായിരിക്കുന്ന ശരത്തേയും വിനിധാനംചെയ്തിട്ടു പ്രണമിക്കുന്നു.

സാ—ശ്രീകൃഷ്ണ! രാധ ആരുമില്ലാത്തിടത്തു (വിജനപ്രദേശത്തു്) ഒരു ചിത്രഫലകം എടുത്തുവെച്ചു അതിൽ കാമദേവനെന്ന ധ്യാനത്തോടെ ഭവാൻെറ രൂപം ഭംഗിയായ് വരച്ചു, കാൽക്കൽ മകരമത്സ്യാകൃതിയേയും (കാമദേവൻെറ കൊടിയടയാളം) കയ്യിൽ (കാമദേവൻെറ അസ്ത്രമായ) പുതിയ മാന്തളിർതൊത്തിനേയും വരച്ചു എല്ലാപ്പോഴും സാഷ്ടാംഗം നമസ്കരിക്കുന്നു.

പ്രതിപദമിദമപി നിഗദതി മാധവ!
　　തവചരണെ പതിതാഹം,
ത്വയി വിമുഖെ മയി സപദി സുധാനിധിരപി
　　തനുതെ തനുദാഹം. സാ വിരഹെ. 7

അ—“ഹേ മാധവ! ഞാൻ അങ്ങയിങ്കൽ പതിതയായിട്ടു ഭവിക്കുന്നു. അങ്ങു എന്നിൽ വിമുഖനായിരിക്കും സമയത്തിങ്കൽ സുധാനിധിയുംകൂടി പെട്ടന്നു് തനുദാഹത്തെ ചെയ്യുന്നു.” ഇതിനെയും അവൾ പ്രതിപദമാകുംവണ്ണം നിഗദിക്കുന്നു.

സാ—അല്ലയൊ മാധവ! പ്രിയതമ! അനന്യശരണയായ ഞാനങ്ങയുടെ കാൽക്കൽ വീഴുന്നു. അങ്ങെന്നെ ഉപേക്ഷിക്കുമ്പോൾ (എന്നിൽ തീരെ ശ്രദ്ധിക്കാതിരിക്കുമ്പോൾ) അമൃതകിരണനായ ചന്ദ്രനുംകൂടി എൻെറ ശരീരം ഭസ്മമാക്കുവാൻ വെമ്പുന്നു.” എന്നിപ്രകാരം പറഞ്ഞു നിലവിളിച്ചുകൊണ്ടു അടിക്കടി അവൾ സാഷ്ടാംഗം നമസ്കരിക്കുന്നു.

ധ്യാനലയേന പുരഃ പരികല്പ്യ ഭവന്ത-
　　മതീവ ദുരാപം,
വിലപതി ഹസതി വിഷീദതി രോദിതി
　　ചഞ്ചതി മുഞ്ചതി താപം സാ വിരഹെ. 8

അ—ഹേ മാധവ! അവൾ ഏററവും ദുരാപനായിരിക്കുന്ന ഭവാനെ ധ്യാനലയംകൊണ്ടു പുരോഭാഗത്തിങ്കൽ പരികല്പിച്ചിട്ടു വിലപിക്കുന്നു. ഹസിക്കുന്നു. വിഷാദിക്കുന്നു. രോദനംചെയ്യുന്നു. ചഞ്ചിക്കുന്നു. താപത്തെ മോചിക്കുന്നു.

സാ—ശ്രീകൃഷ്ണ! രാധ, പ്രാപിക്കുവാൻ ഏററവും പ്രയാസമായ ഭവാനെ ശക്തിയായ് ധ്യാനിച്ച് ഭവാൻ മുമ്പിലുണ്ടെന്ന് ദൃഢമായ് നിശ്ചയിച്ച് (സന്തോഷത്താൽ മതിമറന്ന്) കരയുന്നു (സന്തോഷാശ്രു പൊഴിക്കുന്നു എന്നു താല്പര്യം). ശരിയായ ബോധംവരുമ്പോൾ വ്യസനിക്കുകയും കരയുകയും ചെയ്യുന്നു. തൽക്ഷണംതന്നെ (ബുദ്ധിഭ്രമംകൊണ്ടു) വ്യസനം തീരെ ഇല്ലാതെ (ഭവൽസംഗഭാവനകൊണ്ടു) സുഖിക്കുന്നു (വിരഹവ്യഥ തീരെ ഇല്ലാത്ത മട്ടിലായിത്തീരുന്നു). ഇവിടെ രാധക്ക് ശ്രീകൃഷ്ണവിഷയകമായ വിരഹദുഃഖം മൂർദ്ധന്യാവസ്ഥയെ പ്രാപിച്ചിരിക്കുന്നു എന്നും, അധികദിവസം ഈവിധം നയിക്കുവാൻ ശക്തിയില്ലാതായിരിക്കുന്നു എന്നും വ്യക്തമാകുന്നു.

ശ്രീജയദേവഭണിതമിദമധികം
യതിമനസാ നടനീയം,
ഹരിവിരഹാകുലവല്ലവയുവതി-
സഖീവചനം പഠനീയം സാ വിരഹേ. 9

അ—ഹേ സജ്ജനങ്ങളെ! നിങ്ങളാൽ ഹരിവിരഹാകുലവല്ലവയുവതിസഖീവചനമായിരിക്കുന്ന ഈ ശ്രീജയദേവഭണിതം യതിമനസ്സുകൊണ്ടു അധികമാകുംവണ്ണം നടനീയമായിട്ടും പഠനീയമായിട്ടും ഭവിക്കുന്നു.

സാ—മഹാജനങ്ങളെ! ശ്രീകൃഷ്ണന്റെ വിരഹത്താൽ പരവശയായ രാധയുടെ സഖി പറയുന്നതായിട്ടു ശ്രീജയദേവകവി വൎണ്ണിച്ചിട്ടുള്ള ഈ ഗ്രന്ഥം നടനതല്പരന്മാൎക്കും, പാട്ടുകാൎക്കും പഠനതല്പരന്മാൎക്കും പാരായണം ചെയ്യുവാൻ വളരെ ശ്രേഷ്ഠമായിട്ടുള്ളതാണു്. നിങ്ങൾ ഇതു പഠിക്കണെ! എന്നു കവി പ്രാൎത്ഥന.

ആവാസോ വിപിനായതെ പ്രിയസഖീ-
മാലാപി ജാലായതെ
താപൊ നിശ്വസിതേന ദാവദഹന-
ജ്വാലാകലാപായതെ,
സാപി ത്വദ്വിരഹേണ ഹന്ത ഹരിണീ-
രൂപായതെ ഹാ! കഥം
കന്ദൎപ്പോഽപി യമായതെ വിരചയൻ
ശാൎദ്ദൂലവിക്രീഡിതം. 10

അ—ഹേ മാധവ! ത്വദ്വിരഹം ഹേതുവായിട്ടു—ആവാസം വിപിനത്തെപ്പോലെ ആചരിക്കുന്നു. താപവും കൂടി നിശ്വസിതത്തോടുകൂടെ ദാവദഹനജ്വാലാകലാപം പോലെ ആചരിക്കുന്നു. അവളാകട്ടെ ഹരിണീരൂപത്തെ പോലെ ആചരിക്കുന്നു. കഷ്ടം കന്ദൎപ്പനാകട്ടെ ശാൎദ്ദൂലവിക്രീഡിതത്തെ വിരചയന്നായിട്ടു യമനെപ്പോലെ ആചരിക്കുന്നു. കഷ്ടം!

സാ—ശ്രീകൃഷ്ണ! രാധ, അങ്ങയുടെ വേൎപാടുകൊണ്ടുള്ള താപം സഹിയാതെ വലിയ കഷ്ടസ്ഥിതിയിൽ എത്തിച്ചേൎന്നിരിക്കുന്നു. അവൾക്കു് താമസസ്ഥലം വെറും കാടുപോലെ തോന്നുന്നു. ഏററവും പ്രിയപ്പെട്ട സ

ഖീസമൂഹവുംകൂടി—അവൾക്ക്—തന്നെ കടിക്കുവാനുള്ള വലപോലെ തോന്നുന്നു. അങ്ങയുടെ വേർപാടുകൊണ്ടുള്ള സന്താപവുംകൂടി നിശ്വാസവായുക്കളോടുകൂടെ—കാട്ടുതീയിന്റെ വർദ്ധിച്ച ജ്വാലകളുടെ കൂട്ടംപോലെ തോന്നുന്നു. അവൾ ഒരു മാൻപേടപോലെയായിരിക്കുന്നു കഷ്ടം! കാമദേവനുംകൂടി പുലിയെപ്പോലെ അത്രയും ക്രൂരസ്വഭാവിയായിട്ടു യമനെപ്പോലെ തോന്നുന്നു. ഹാ കഷ്ടം! ഇതിൽപരം എന്താണിനി വേണ്ടതു്? ഇവിടെ അതിക്രൂരനായ ഒരു വ്യാധൻ ഒരു മൃഗിയെ കാററുകൊണ്ടു വർദ്ധിച്ചിരിക്കുന്ന കാട്ടുതീയോടുകൂടിയ ഒരു കാട്ടിൽ നാനാട്ടിന്നു വലകൾ തുടങ്ങിയ ഉപകരണങ്ങളോടുകൂടെ എയ്തു കൊല്ലുവാൻ ഭാവിക്കുമ്പോൾ അതിന്നു കാടും, കാററും, കാട്ടുതീയും, വലയും, വ്യാധനും എത്രത്തോളം ഭീതികരങ്ങളാകുന്നുവോ—അതുപോലെ രാധക്കു് അങ്ങയുടെ വേർപാടുകൊണ്ടു വാസസ്ഥാനമായ ലതാകുഞ്ജവും, പ്രിയസഖീസമൂഹവും, നിശ്വാസവായുവും നിർദ്ദയനായ കാമദേവനും അത്യന്തം ഭയങ്കരങ്ങളായിത്തീർന്നിരിക്കുന്നു എന്നു സാരം.

സ്തനവിനിഹിതമപി ഹാരമുദാരം,
സാ മനുതെ കൃശതനുരതിഭാരം.
രാധികാ വിരഹെ തവ കേശവ!. 11

അ:—ഹേ കേശവ! അങ്ങയുടെ വിരഹത്തിങ്കൽ ആ രാധികാ, കൃശതനുവായിട്ടു ഉദാരമായി സ്തനവിനിഹിതമായിരിക്കുന്ന ഹാരത്തേയുംകൂടി അതിഭാരമായിട്ടു മനനം ചെയ്യുന്നു.

സാ—ശ്രീകൃഷ്ണ! അങ്ങയുടെ വേർപാടുകൊണ്ടു പരവശയും ഏററവും മെലിഞ്ഞ ശരീരത്തോടു കൂടിയവളും ആയ രാധ മുലകളുടെ മീതെ അണിഞ്ഞ മുത്തുമാലകൂടി

ഏററവും ഘനംകൂടിയതാണെന്നു പറഞ്ഞു് ഉപേക്ഷി ക്കുന്നു. "രാധികാ വിരഹെ തവ കേശവ!" എന്നതു പ ല്ലവി. പല്ലവിയുടെ പദങ്ങളും അർത്ഥങ്ങളും എനി പറയു ന്ന 7ഗീതങ്ങളിലും യഥോചിതം യോജിപ്പിച്ചുകൊൾക.

സരസമസൃണമപി മലയജപങ്കം,

പശ്യതി വിഷമിവ വപുഷി സശങ്കം രാധികാ. 12

അ—ഹേ കേശവ! രാധികാ, സരസമസൃണമായിരി ക്കുന്ന മലയജപങ്കത്തേയും കൂടി വപുസ്സിങ്കൽ വിഷത്തെ എന്നപോലെ സശങ്കമാകുംവണ്ണം ദർശിക്കുന്നു.

സാ—ശ്രീകൃഷ്ണ! രാധ, ശരീരത്തിൽ പൂശിയ— ഏ ററവും സുഗന്ധമുള്ളതും മാർദ്ദവമേറിയതുമായ ചന്ദനത്തെ യുംകൂടി കാളകൂടവിഷത്തെ എന്നപോലെ ശങ്കിച്ചു് ഉ ടച്ചുകളയുന്നു.

ശ്വസിതപവനമനുപമപരിണാഹം,

മദനദഹനമിവ വഹതി സദാഹം. രാധികാ. 13

അ—ഹേ കേശവ! രാധികാ, അനുപമപരിണാഹ നായിരിക്കുന്ന ശ്വസിതപവനനെ മദനദഹനനെ എന്ന പോലെ സദാഹമാകുംവണ്ണം വഹിക്കുന്നു.

സാ—ശ്രീകൃഷ്ണ! രാധ, എല്ലാ അവയവങ്ങളേയും ദീപിപ്പിക്കുന്ന നിശ്വാസവായുവിനെക്കൂടി—കാമാഗ്നി യെ എന്നപോലെ ദാഹത്തോടുകൂടുംവണ്ണം ഭരിക്കുന്നു.

ദിശി ദിശി കിരതി സജലകണജാലം,

നയനനളിനമിവ വിഗളിതനാളം. രാധികാ. 14

അ—ഹേ കേശവ! രാധികാ, സജലകണജാലത്തെ വിഗളിതനാളമൊ എന്നു തോന്നുമാറുള്ള നയനനളിന ത്തെ ദിക്കിങ്കൽ ദിക്കിങ്കൽ കിരണം ചെയ്യുന്നു.

സാ—ശ്രീകൃഷ്ണ! രാധ, വെള്ളത്തുള്ളികൾ ഇററിററു വീഴുന്നവയും, നാളങ്ങളററവയും ആയ താമരപ്പൂക്കളെ നാലുപാട്ടും എറിയുകയാണൊ എന്നു തോന്നുമാറ്—തൽകർത്തൃകമായ വിരഹതാപംകൊണ്ടു നിറഞ്ഞൊഴുകുന്ന അശ്രുകണങ്ങളോടുക്രൂടിയ കണ്ണുകളെക്കൊണ്ടു് (അങ്ങു വരുന്നുണ്ടൊ എന്ന ഉൽക്കണ്ഠയോടെ) ചുററുപാടുമുററുനോക്കിക്കൊണ്ടു ഇരിക്കുന്നു.

നയനവിഷയമപി കിസലയതല്പം,
കലയതി വിഹിതഹുതാശനകല്പം. രാധികാ. 15

അ—ഹേ കേശവ! രാധികാ, നയനവിഷയമായിരിക്കുന്ന കിസലയതല്പത്തെക്രൂടി വിഹിതഹുതാശനകല്പമാക്കി കലനംചെയ്യുന്നു.

സാ—ശ്രീകൃഷ്ണ! രാധ, വിരഹതാപാധിക്യത്താൽ മുമ്പിൽ കിടക്കുന്ന— തളിരുകൾകൊണ്ടുണ്ടാക്കിയ കിടക്കയെക്രൂടി— വിറകു ധാരാളംക്രൂട്ടി കത്തിച്ച ജ്വലിച്ച അഗ്നിയെ എന്നപോലെ കണക്കാക്കുന്നു.

ത്യജതി ന പാണിതലേന കപോലം,
ബാലശശിനമിവ സായമലോലം. രാധികാ. 16

അ—ഹേ കേശവ! രാധികാ, അലോലമാകുംവണ്ണം കപോലത്തെ പാണിതലംകൊണ്ടു സായം ബാലശശിയെ എന്നപോലെ ത്യജിക്കുന്നില്ല.

സാ—ശ്രീകൃഷ്ണ! രാധ, അങ്ങയുടെ വിരഹദുഃഖം സഹിയാതെ—വെളുത്തപക്ഷത്തിൽ പ്രഥമ ദ്വിതീയ എന്നീ ദിവസങ്ങളിൽ സന്ധ്യാസമയം ചന്ദ്രക്കലയെ എന്നപോലെ—എല്ലായ്പോഴും യാതൊരു ചലനവും ക്രൂടാതെ

കൈപ്പടംകൊണ്ടു താങ്ങിക്കൊണ്ടേ ഇരിക്കുന്നു. ഇവിടെ രാധയുടെ അതിശക്തിയായ ചിന്ത ധ്വനിക്കുന്നു.

ഹരിരിതി ഹരിരിതി ജപതി സകാമം,
വിരഹവിഹിതമരണേവ നികാമം രാധികാ. 17

അ—ഹേ കേശവ! രാധികാ, ഏററവും വിരഹവിഹിതമരണയായിട്ടോ എന്നു തോന്നുമാറു് "ഹരി ഹരി" എന്നു സകാമമാകുംവണ്ണം ജപിക്കുന്നു.

സാ—ശ്രീകൃഷ്ണ! രാധ, അങ്ങയുടെ വിരഹം സഹിയാതെ മരണമടുത്തിരിക്കുന്നവളെന്നപോലെ 'ഹരി ഹരി' എന്നു് വളരെ ആഗ്രഹത്തോടുകൂടി ജപിക്കുന്നു. ഈ ഗീതങ്ങളെക്കൊണ്ടെല്ലാം—രാധ വിരഹത്താൽ കാമപരവശയാണു്. അവളുടെ കാമപാരവശ്യം മൂർദ്ധന്യദശയെ പ്രാപിച്ചിരിക്കുന്നു. കഴിയുന്നതും വേഗത്തിൽ ശ്രീകൃഷ്ണൻ രാധയുടെ സമീപത്തു ചെല്ലേണ്ടതാണു്. അല്ലാത്തപക്ഷം ഒരുപക്ഷെ അവൾക്കു് ജീവാപായംകൂടി സംഭവിച്ചുകൂടാനിടയുണ്ടു് എന്നു ധ്വനിക്കുന്നു.

ശ്രീജയദേവ ഭണിതമിതി ഗീതം,
സുഖയതു കേശവപദമുപനീതം രാധികാ. 18

അ—ഇപ്രകാരം ശ്രീജയദേവഭണിതമായ കേശവപദത്തെ ഉപനീതമായിരിക്കുന്ന ഈ ഗീതം എല്ലാവരേയും സുഖിപ്പിക്കട്ടെ.

സാ—ശ്രീജയദേവകവി നിർമ്മിച്ചു് ഈശ്വരാർപ്പണം ചെയ്ത ഈ ഗ്രന്ഥം—പാരായണം ചെയ്യുന്നവർക്കും ശ്രദ്ധയോടെ ശ്രവിക്കുന്നവർക്കും സർവ്വേശ്വരൻ സർവ്വമംഗളങ്ങളേയും പ്രദാനം ചെയ്യട്ടെ. എന്നു കവിപ്രാർത്ഥന.

സ്മരാതുരാം ദൈവതവൈദ്യഹൃദ്യ!
ത്വദംഗസംഗാമൃതമാത്രസാദ്ധ്യാം,
വിമുക്തബാധാം കുരുഷേ നരാധാ-
മുപേന്ദ്ര! വജ്രാദപി ദാരുണോऽസി. 19

അ—ഹേ ഉപേന്ദ്ര! ദൈവതവൈദ്യഹൃദ്യ! അങ്ങ സ്മരാതുരയായി ത്വദംഗസംഗാമൃതമാത്രസാദ്ധ്യയായിരിക്കുന്ന രാധയെ വിമുക്തബാധയാക്കി ചെയ്യുന്നില്ല എങ്കിൽ അങ്ങുന്നു വജ്രത്തേക്കാളും ദാരുണനായിട്ടു ഭവിക്കുന്നു.

സാ—ദുഷ്ടശിക്ഷണവും ശിഷ്ടപരിപാലനവും നടത്തുവാൻ വാമനനായി അവതരിച്ചവനും, അശ്വിനീദേവന്മാരേക്കാൾ സുന്ദരനുമായ ശ്രീകൃഷ്ണ! അങ്ങയുടെ വേർപാടുകൊണ്ടു കാമപരവശയായി അങ്ങയുടെ ശരീരസ്പർശമാകുന്ന ഒരൊററ പ്രതിക്രിയകൊണ്ടുമാത്രം സുഖപ്പെടുത്തുവാൻ സാധിക്കുന്ന രോഗത്തോടു കൂടിയവളും ആയ രാധയെ ഭവാൻ വന്നു രക്ഷിക്കുന്നില്ല എങ്കിൽ അങ്ങയുടെ ഹൃദയം വജ്രത്തേക്കാൾ കഠിനപ്പം കൂടിയതാണെന്നു മാത്രമെ എനിക്കു പറയുവാനുള്ളു.

സാ രോമാഞ്ചതി സീൽകരോതി വിലപ-
ത്യുൽകമ്പതേ താമ്യതി
ധ്യായത്യുൽഭ്രമതി പ്രമീലതി പത-
ത്യുദ്യാതി മൂർഛത്യപി,
ഏതാവത്യതനുജ്വരെ വരതനു-
ർജ്ജീവേന്ന കിന്തേ രസാൽ
സ്വർവ്വൈദ്യപ്രതിമ! പ്രസീദസി യദി
ത്യക്താന്യഥാന്യൽ പരം. 20

അ—ഹേ കേശവ! അവൾ രോമാഞ്ചയുക്തയായിട്ടു ഭവിക്കുന്നു, സീൽക്കാരത്തെ ചെയ്യുന്നു, വിലപിക്കുന്നു, ഉൽകമ്പനം ചെയ്യുന്നു, താന്തിയെ പ്രാപിക്കുന്നു, ധ്യാനിക്കുന്നു, ഉൽഭ്രമിക്കുന്നു, പ്രമീലനം ചെയ്യുന്നു, പതിക്കുന്നു, ഉദ്യാനം ചെയ്യുന്നു, മൂർഛിക്കുകയും ചെയ്യുന്നു, ഏതാവത്തായിരിക്കുന്ന അതനുജ്വരം സത്തായിരിക്കും സമയത്തിങ്കൽ ഹേ സ്വവൈദ്യപ്രതിമ! അങ്ങുന്നു പ്രസാദിക്കുകയാണെങ്കിൽ അങ്ങയുടെ രസം ഹേതുവായിട്ടു വരതനു ജീവിക്കില്ലയൊ? മററുപ്രകാരത്തിൽ ഞങ്ങളാൽ ത്യക്തയായിട്ടു അന്യത്തായിരിക്കുന്ന പരത്തെ പ്രാപിക്കും.

സാ—ശ്രീകൃഷ്ണ! രാധ ഇപ്പോൾ അങ്ങയുടെ വേർപാട്ടുമൂലമുള്ള കാമപാരവശ്യം ഹേതുവായിട്ടു (അങ്ങെ ആലിംഗനം ചെയ്യുന്നുണ്ടെന്ന സങ്കല്പത്തോടെ) രോമാഞ്ചത്തോട്ടുക്കൂടിയവളായും, (അങ്ങയോട്ടുക്കൂടി സുരതത്തിൽ ഏപ്പെട്ടിരിക്കയൊണെന്നു സങ്കല്പിച്ചു) സീൽക്കാരം പുറപ്പെട്ടുവിക്കുന്നു. സ്വബോധം വരുമ്പോൾ അത്യധികം വ്യസനിച്ചു പൊട്ടിക്കരയുന്നു. (എന്നിൽ വല്ല അപരാധവുമുണ്ടായിട്ടായിരിക്കുമൊ പ്രിയൻ എന്നെ സമീപിക്കാത്തതെന്നു ഭയപ്പെട്ടു) വിറക്കുന്നു. വല്ലാതെ ക്ഷീണിക്കുന്നു. (ഈശ്വര! പ്രിയ പ്രാപ്തിക്കുവേണ്ടി ഞാനിനി എന്തു ചെയ്യണം? എന്നു കിംകർത്തവ്യതാമൂഢയായിട്ടു) ധ്യാനിക്കുന്നു. (എന്തു ചെയ്യണമെന്നറിയാതെ അങ്ങുമിങ്ങും) ചുററിനടക്കുന്നു. (വളരെ ക്ഷീണിച്ചു തളൎന്നു) കണ്ണുകൾ ചിമ്മുന്നു. നിൽക്കുമ്പോഴൊ നടക്കുമ്പോഴൊ— അംഗങ്ങൾക്കൊന്നും സ്വാധീനമില്ലാത്തതിനാൽ— (പെട്ടന്നു മറിഞ്ഞു) വീഴുന്നു. വീണ്ടും എഴുന്നേല്ക്കുന്നു. (സ്വബോധം വരുമ്പോൾ)

ഭവാനെ പ്രത്യേകം ഓൎമ്മിക്കുന്നു. അപ്പൊഴേക്കും മോഹാലസ്യപ്പെടുന്നു. വൈദഗ്ദ്ധ്യവിഷയത്തിലും സൌന്ദൎയ്യത്തിലും അശ്വിനീദേവന്മാരോടു തുല്യനായ ഭവാൻ പ്രസാദിക്കുകയാണെങ്കിൽ— അങ്ങു രാധയുടെ സമീപത്തു ചെന്നാൽ അവളുടെ ഈ ദീനത്തിന്നു തീൎച്ചയായും ശമനതയുണ്ടാകും, നേരെ മറിച്ചു അങ്ങു വെറും നിൎദ്ദയനായി അവളെ തീരെ ഉപേക്ഷിക്കുകയാണെങ്കിൽ—ഞങ്ങൾ വിചാരിച്ചാൽ യാതൊരു നിൎവ്വാഹവുമില്ല— അവൾ മരിക്കുകതന്നെ ചെയ്യും. കഴിയുന്നതും വേഗത്തിൽ രാധയെ സമീപിക്കേണ്ടതാണെന്നു താല്പൎയ്യം.

കന്ദൎപ്പജ്വരസഞ്ജ്വരാകുലതനോ-
രത്യൎത്ഥമസ്യാശ്ചിരം
ചേതശ്ചന്ദനചന്ദ്രമഃകമലിനീ-
ചിന്താസു സന്താമ്യതി,
കിന്തു ക്ലാന്തിവശേന ശീതളതനും
ത്വാമേകമേവ പ്രിയം
ധ്യായന്തീ രഹസി സ്ഥിതാ കഥമപി
ക്ഷീണാ ക്ഷണം പ്രാണിതി. 21

അ—ഹേ കേശവ! കന്ദൎപ്പജ്വരസഞ്ജ്വരാകുലതനുവായിരിക്കുന്ന ഇവളുടെ ചേതസ്സു, ചന്ദനചന്ദ്രമഃകമലിനീചിന്തകളിൽ ചിരം അത്യൎത്ഥം താന്തിയെ പ്രാപിക്കുന്നു. എന്നാൽ ക്ഷീണയായിരിക്കുന്ന അവൾ ക്ലാന്തിവശം ഹേതുവായിട്ടു ശീതളതനുവായി പ്രിയനായിരിക്കുന്ന അങ്ങയെ ഏകനെത്തന്നെ ധ്യായന്തിയായി രഹസ്സിങ്കൽ സ്ഥിതയായിട്ടു വളരെ പണിപ്പെട്ടു ക്ഷണം പ്രാണനംചെയ്യുന്നു.

സാ—ശ്രീകൃഷ്ണ! അസഹ്യമായ കാമപാരവശ്യംകൊണ്ടു ഏററവും ചൂടുള്ള ശരീരത്തോടുകൂടിയ രാധയുടെ മനസ്സു, ചന്ദനം ചന്ദ്രൻ താമരപ്പൊയ്ക എന്നിവയെ വിചാരിക്കുമ്പോഴേക്കുംതന്നെ വാടുന്നു (തളരുന്നു). മാത്രമല്ല ഏററവും തളൎന്ന രാധ വിജനപ്രദേശത്തു ഏററവും തണുത്തു സർവ്വസന്താപശമനസമത്ഥമായ ശരീരത്തോടുകൂടിയ അങ്ങയെത്തന്നെ ധ്യാനിച്ചുകൊണ്ടു വളരെ പ്രയാസപ്പെട്ടു കഷ്ടിച്ചു ജീവിക്കുന്നു. ഇവിടെ രാധക്കു് ശ്രീകൃഷ്ണനിലുള്ള അളവററ പ്രേമാതിശയം പ്രാധാന്യേന ധ്വനിക്കുന്നു.

ക്ഷണമപി വിരഹഃ പുരാ ന സേഹേ
നയനനിമീലിതഖിന്നയാ യയാതെ,
ശ്വസിതു കഥമസൌ രസാളശാഖാം
ചിരവിരഹേऽപി വിലോക്യ പുഷ്പിതാഗ്രാം. 22

അ—ഹേ കേശവ! നയനനിമീലിതഖിന്നയായിരിക്കുന്ന യാവളൊരുത്തിയാൽ പണ്ടു് ക്ഷണവുംകൂടി അങ്ങയുടെ വിരഹം സഹിക്കപ്പെട്ടില്ല. ആ ഈ രാധ ഇപ്പോഴും ചിരവിരഹത്തിങ്കൽ പുഷ്പിതാഗ്രയായിരിക്കുന്ന രസാളശാഖയെ വിലോകനം ചെയ്തിട്ടുകൂടി എങ്ങിനെ ശ്വസിക്കും?

സാ—ശ്രീകൃഷ്ണ! നിമേഷസമയത്തു (കണ്ണടക്കുന്ന നിമിഷത്തിൽ) (അങ്ങയെ കാണുവാൻ കഴിയാത്തതിനാൽ) അത്യന്തം വ്യസനിച്ചിരുന്ന ഏതൊരുത്തിയാണൊ ക്ഷണനേരമെങ്കിലും അങ്ങയുടെ വിരഹം സഹിക്കുവാൻ അസമത്ഥയായിരുന്നതു—ആ ഈ രാധ വളരെ

കാലമായി അനുഭവിക്കുന്ന അങ്ങയുടെ വിരഹദുഃഖാവസരത്തിൽ കാമോദ്ദീപകവും ധാരാളം പൂത്തുനിൽക്കുന്നവയുമായ തേന്മാവിൻകൊമ്പുകളെക്കൂടി കണ്ടിട്ടു എങ്ങിനെയാണു് ജീവിക്കുക? കഴിഞ്ഞ ശ്ലോകങ്ങളിലെപ്പോലെത്തന്നെ ഇതിലും ധ്വനി.

വൃഷ്ടിവ്യാകുലഗോകുലാവനരസാ
ദുദ്ധൃത്യ ഗോവർദ്ധനം
ബിഭ്രദ്വല്ലവവല്ലഭാഭിരധികാ-
നന്ദം ചിരം ചുംബിതഃ,
ദർപ്പേണേവ തദർപ്പിതാധരതടീ-
സിന്ദൂരമുദ്രാങ്കിതോ
ബാഹുർഗ്ഗോപപതേസ്തനോതു ഭവതാം
ശ്രേയാംസി കംസദ്വിഷഃ. 23

അ—വൃഷ്ടിവ്യാകുലഗോകുലാവനരസം ഹേതുവായിട്ടു ഗോവർദ്ധനത്തെ ഉദ്ധരിച്ചു ബിഭ്രത്തായി വല്ലവവല്ലഭകളാൽ അധികാനന്ദമാകുംവണ്ണം ചിരം ചുംബിതമായി, തദർപ്പിതാധരതടീസിന്ദൂരമുദ്രാങ്കിതമായി, ദർപ്പത്താൽ അങ്കിതമൊ എന്നുതോന്നുമാറുള്ള—ഗോപപതിയായിരിക്കുന്ന കംസദ്വിട്ടിന്റെ—ബാഹു ഭവാന്മാർക്കു ശ്രേയസ്സുകളെ ചെയ്യട്ടെ.

സാ—പണ്ടു ശ്രീകൃഷ്ണൻ പറഞ്ഞതനുസരിച്ചു നന്ദഗോപാദികൾ ഇന്ദ്രന്നു് കൊടുക്കേണ്ടും യാഗത്തെ ഗോവർദ്ധനഗിരിക്കു ചെയ്തപ്പോൾ ക്രുദ്ധനായ ദേവേന്ദ്രൻ വർഷിപ്പിച്ച അതിവൃഷ്ടികൊണ്ടു നശിപ്പാൻ പോകുന്ന ദേവന്മാരെയും പശുക്കളെയും രക്ഷിക്കുന്നതിലുള്ള താല്പര്യംകൊണ്ടു ഗോവർദ്ധനപർവ്വതത്തെ കുടയാക്കി പിടിച്ചതും

ത്തസന്ദർഭത്തിൽ സന്തോഷംകൊണ്ടു മതിമറന്ന സുന്ദരിമാരായ ഗോപസ്ത്രീകൾ പലവുരു ചുംബിച്ചതും, അപ്പോൾ അവരുടെ അധരങ്ങളിലുണ്ടായിരുന്ന സിന്ദൂരം പററിയതുകൊണ്ടുള്ള അടയാളത്തോടു കൂടിയതും,—വർദ്ധിച്ച ഗർവ്വുകൊണ്ടു അടയാളപ്പെട്ടതാണൊ എന്നു തോന്നുമാറുള്ളതുമായ—ഗോപന്മാർക്കെല്ലാം രക്ഷാകർത്താവും, കംസനെ അനായാസേന സംഹരിച്ചവനും ആയ ശ്രീകൃഷ്ണന്റെ 'തൃക്കൈ' ഈ ഗ്രന്ഥം പാരായണം ചെയ്യുന്നവൎക്കും ശ്രദ്ധയോടെ ശ്രവിക്കുന്നവൎക്കും ഇഹലോകസൌഖ്യത്തേയും പരലോകസൌഖ്യത്തേയും പ്രദാനം ചെയ്യട്ടെ. എന്നു കവിപ്രാർത്ഥന.

ഇപ്രകാരം 'ലീലാ' എന്നു പേരായ ഭാഷാവ്യാഖ്യാനത്തിൽ 'സ്നിഗ്ദ്ധമധുസൂദനം' എന്നുപേരായ നാലാം സർഗ്ഗം കഴിഞ്ഞു.

——:✻:——

# അഞ്ചാം സർഗ്ഗം.

അഹമിഹ നിവസാമി യാഹി രാധാ-
മനുനയ മദ്വചനേന ചാനയേഥാഃ,
ഇതി മധുരിപുണാ സഖീ നിയുക്താ
സ്വയമിദമേത്യ പുനർജ്ജഗാദ രാധാം.

അ—"ഞാൻ ഇവിടെ നിവസിക്കുന്നു. മദ്വചനം കൊണ്ടു രാധയെ അനുനയിക്കുകയും ആനയിക്കുകയും ചെയ്യണം" എന്നു മധുരിപുവിനാൽ നിയുക്തയായ സഖി, വീണ്ടും രാധയെ പ്രാപിച്ചിട്ടു തന്നെത്താൻ ഇതിനെ ഗദിച്ചു.

സാ—"അല്ലയൊ സഖി! ഞാൻ ഈ വള്ളീക്കുടിലിൽതന്നെ ഇരിക്കാം,ഭവതി രാധയുടെ അടുക്കൽചെന്നു —'മേലിലൊരിക്കലും ഞാനിപ്രകാരം യാതൊരപരാധവും ചെയ്യുകയില്ല, ഭവതി എൻെറ പേരിൽ പരിഭവിക്കരുതു്. ഞാൻ വളരെ ഖേദിച്ചു കുഴങ്ങുന്നു.' എന്നിപ്രകാരം ഞാൻ പറഞ്ഞതായി പറഞ്ഞു് രാധയെ സമാധാനിപ്പിച്ചു ഇങ്ങോട്ടു കൊണ്ടുവരണം." എന്നു ശ്രീകൃഷ്ണൻ കല്പിച്ചപ്രകാരം സഖി വീണ്ടും രാധയുടെ സമീപത്തു ചെന്നു ഇപ്രകാരം പറഞ്ഞു.

വഹതിമലയസമീരെ മദനമുപനിധായ,
സ്ഫുടതി കുസുമനികരെ വിരഹിഹൃദയദളനായ.
തവ വിരഹെ വനമാലീ സഖി! സീദതിരാധെ! 2.

അ—ഹേ സഖി! രാധെ! നിൻെറ വിരഹത്തിങ്കൽ വനമാലി, മലയസമീരൻ മദനനെ ഉപനിധാനം ചെയ്തിട്ടു വഹത്തായിരിക്കുംസമയത്തിങ്കൽ, കുസുമനികരം വിരഹിഹൃദയദളനത്തിന്നായിക്കൊണ്ടു സ്ഫുടത്തായിരിക്കും സമയത്തിങ്കൽ സീദനം ചെയ്യുന്നു.

സാ—പ്രിയ സഖി! രാധെ! നിൻെറ വേർപാടു കൊണ്ടു ശ്രീകൃഷ്ണൻ, വസന്തകാലത്തുള്ള തെക്കൻകാററു (മന്ദമാരുതൻ) വിരഹിജനങ്ങൾക്കു കാമവികാരത്തെ വർദ്ധിപ്പിക്കുമാറു വീശുകയും, കാമവികാരോദ്ദീപകങ്ങളായ പുഷ്പങ്ങൾ വികസിക്കുകയും ചെയ്യുമ്പോൾ അവയെ സ്പർശിച്ചിട്ടും കണ്ടിട്ടും കേവലം ഒരു പ്രാകൃതനെപ്പോലെ ക്ഷീണിച്ചു വല്ലാതെ കുഴങ്ങുന്നു. ഇവിടെ ശ്രീകൃഷ്ണന്നു രാധയിൽ അതിയായ പ്രേമമുണ്ടെന്നും രാധ ഭാഗവതിയാണെന്നും ധ്വനി. "തവ വിരഹെ വനമാലീ സഖി! സീദതിരാധെ!" എന്നു പല്ലവി. ഇതിലെ പദാത്ഥങ്ങൾ എനി പറയുന്ന 4 ഗീതങ്ങളിലേക്കും യഥോചിതം യോജിപ്പിച്ചുകൊൾക.

ദഹതി ശിശിരമയൂഖെ മരണമനുകരോതി,
പതതി മദനവിശിഖെ ബഹുവിലപതി
വികരോതി തവ വിരഹെ. 3

അ—ഹേ സഖി! രാധെ! ശിശിരമയൂഖൻ ദഹത്തായിരിക്കും സമയത്തിങ്കൽ മരണത്തെ അനുകരിക്കുന്നു. മദനവിശിഖം പതത്തായിരിക്കും സമയത്തിങ്കൽ ബഹുവാകുംവണ്ണം വിലപിക്കുകയും, വികൃതിയെ പ്രാപിക്കുകയും ചെയ്യുന്നു.

സാ—പ്രിയ സഖി! രാധെ! നിന്റെ വേർപാടു കൊണ്ടു ചന്ദ്രനുദിക്കുമ്പോഴേക്കും അദ്ദേഹത്തിന്ന അംഗങ്ങളെല്ലാം ചുട്ടുപൊള്ളുന്നപോലെ തോന്നുന്നു. മാത്രമല്ല, മരണതുല്യമായ ഒരവസ്ഥയെ പ്രാപിക്കുകയും ചെയ്യുന്നു. ഇത്തരം വികാരോത്തേജനംകൊണ്ടു പരവശനായിട്ടു "ഹാ! ഞാൻ അപരാധം ചെയ്തിട്ടുതന്നെയാണു് സാധ്വിയായ രാധ പോയതു; ഞാനിനി എന്തു ചെയ്യേണ്ടു?" എന്നിപ്രകാരം പറഞ്ഞു കരയുകയും, ദേഹോൽക്കമ്പാദികളായ അവസ്ഥാന്തരങ്ങളെ പ്രാപിക്കുകയും ചെയ്യുന്നു.

ധ്വനതി മധുപസമൂഹേ ശ്രവണമപിദധാതി,
മനസി ചലിതവിരഹേ നിശി നിശിരുജമുപയാതി
തവ വിരഹേ. 4

അ—ഹേ സഖി! രാധെ! മധുപസമൂഹം ധ്വനത്തായിരിക്കും സമയത്തിങ്കൽ ശ്രവണത്തെ അപിധാനം ചെയ്യുന്നു. മനസ്സു ചലിതവിരഹമായിരിക്കും സമയത്തിങ്കൽ നിട്ടിങ്കൽ നിട്ടിങ്കൽ രുക്കിനെ ഉപയാനം ചെയ്യുന്നു.

സാ—പ്രിയ സഖി! രാധെ! ശ്രീകൃഷ്ണൻ വണ്ടുകളുടെ ഝങ്കാരം കേൾക്കുവാൻ തുടങ്ങിയാൽ ചെവികൾ പൊത്തുന്നു. രാത്രിതോറും കാമപാരവശ്യം സഹിക്കവഹിയാതെ മനസ്സിന്നും ദേഹത്തിന്നും വലിയ വേദനയോടെ വ്യസനിച്ചു കഴങ്ങുന്നു.

വസതി വിപിനവിതാനെ ത്യജതി ലളിതധാമ,
ലുഠതി ധരണിശയനെ ബഹു വിലപതി തവനാമ
തവ വിരഹേ. 5

അ—ഹേ സഖി! രാധെ! വനമാലി, വിപിനവിതാനത്തിൽ വസിക്കുന്നു, ലളിതധാമത്തെ ത്യജിക്കുന്നു. ധരണിശയനത്തിൽ ലോഠനം ചെയ്യുന്നു. നിന്റെ നാമത്തെ ബഹുവാകുംവണ്ണം വിലപിക്കുന്നു.

സാ—പ്രിയ സഖി! രാധെ! ശ്രീകൃഷ്ണൻ നിന്റെ വിരഹദുഃഖം സഹിക്കവഹിയാതെ, താൻ ചെയ്യുന്ന ഗോഷ്ഠികളാരെങ്കിലും കണ്ടു കളിയാക്കിയാലൊ എന്നു വിചാരിച്ചു തന്റെ മനോഹരഭവനങ്ങളെയെല്ലാമുപേക്ഷിച്ചു വെറും കാട്ടിൽ താമസിക്കുന്നു. കാമവികാരപരവശനായിട്ടു മണ്ണിൽ കിടന്നുരുളുന്നു. നിന്റെ പേർ എല്ലായ്പോഴും ഉച്ചരിക്കുകയും ചെയ്യുന്നു. ഈ 4 ഗീതങ്ങളെക്കൊണ്ടു ശ്രീകൃഷ്ണന്റെ വൎദ്ധിച്ച കാമപാരവശ്യം ധ്വനിക്കുന്നു.

ഭണതി കവിജയദേവെ വിരഹവിലസിതേന,
മനസി രഭസവിഭവെ
ഹരിരുദയതു സുകൃതേന തവ വിരഹെ. 6

അ—കവി ജയദേവൻ വിരഹവിലസിതത്തോടെ ഭണനായിരിക്കും സമയത്തിങ്കൽ, മനസ്സു രഭസവിഭവമായിരിക്കും സമയത്തിങ്കൽ സുകൃതം ഹേതുവായിട്ടു ഹരി ഉദിക്കണെ!.

സാ—കവിതാനിൎമ്മാണത്തിൽ സമൎത്ഥനായ ശ്രീജയദേവകവി, ശ്രീകൃഷ്ണന്നു രാധാവിഷയകവിരഹംകൊണ്ടുള്ള കഷ്ടപ്പാടുകളെ വൎണ്ണിച്ചതുകൊണ്ടു—ഇതു പാടുന്നവൎക്കും കേൾക്കുന്നവൎക്കും—ഭഗവാൻ, ഇവരെല്ലാമെന്റെ ഭക്തന്മാരാണു് ഇവൎക്കെല്ലാം എന്റെ പേരിൽ അതിയായ ഭക്തിയുണ്ടെന്നുള്ള സന്തോഷത്തോടെ—പലപ്രകാരേണയും ഉൽക്കൎഷാഭ്യുദയങ്ങൾ പ്രദാനം ചെയ്യേണമെ! എന്നു കവിപ്രാൎത്ഥന.

പൂൎവ്വം യത്ര സമം ത്വയാ രതിപതേ-
രാസാദിതാഃ സിദ്ധയ-
സ്തസ്മിന്നേവ നികുഞ്ജമന്മഥമഹാ-
തീൎത്ഥേ പുനൎമ്മാധവഃ,
ധ്യായംസ്ത്വാമനിശം ജപന്നപി തവൈ-
വാലാപമന്ത്രാവലിം
ഭൂയസ്ത്വൽകുചകുംഭനിൎഭരപരീ-
രംഭാമൃതം വാഞ്ഛതി. 7

അ—ഹേ രാധേ! പൂൎവ്വം യാതൊരേടത്തുവെച്ച അദ്ദേഹത്താൽ നിന്നോടുകൂടി രതിപതിയുടെ സിദ്ധികൾ ആസാദിതകളായി, ആ നികുഞ്ജമന്മഥമഹാതീൎത്ഥത്തിങ്കൽതന്നെ സ്ഥിതിചെയ്തിട്ടു മാധവൻ വീണ്ടും നിന്നെ ഇടവിടാതെ ധ്യായന്നായി, നിന്റെ ആലാപമന്ത്രാവലിയെ ജപന്നായിട്ടു വീണ്ടും ത്വൽകുചകുംഭനിൎഭരപരീരംഭാമൃതത്തെ വാഞ്ഛിക്കുന്നു.

സാ—രാധേ! മുമ്പു പലപ്രാവശ്യവും നീയും ശ്രീകൃഷ്ണനുംകൂടി രമിച്ച (ആലിംഗനചുംബനാദി രഹഃക്രീഡകൾ ചെയ്തു) മനോഹരമായ അതേ വള്ളിക്കുടിലിൽതന്നെ ഇരുന്നു—ശ്രീകൃഷ്ണൻ, എല്ലാപ്പോഴും നിന്നെത്തന്നെ ധ്യാനിച്ചുകൊണ്ടും നിന്റെ രഹഃസല്ലാപാദികളെ മന്ത്രരൂപേണയാക്കി അവയെല്ലാപ്പോഴും ജപിച്ചുകൊണ്ടും വീണ്ടും, മനോഹാരിണിയായ നിന്റെ ഗാഢാലിംഗനത്തിന്നായി കാമിക്കുന്നു. രാധ വേഗത്തിൽ ശ്രീകൃഷ്ണസമീപത്തേക്കു പോകേണ്ടതാണെന്നുള്ള സഖിയുടെ അഭിപ്രായം ധ്വനിക്കുന്നു.

രതിസുഖ സാരെ ഗതമഭിസാരെ മദന-
മനോഹരവേഷം,
ന കുരു നിതംബിനി! ഗമന വിളംബന-
മനുസര തം ഹൃദയേശം.
ധീരസമീരെ യമുനാതീരെ വസതി
വനെ വനമാലീ,
ഗോപീപീനപയോധരമർദ്ദന-
ചഞ്ചലകരയുഗശാലീ 8

അ—ഹേ നിതംബിനി! ഗോപീപീനപയോധരമർദ്ദനചഞ്ചലകരയുഗശാലിയായിരിക്കുന്ന വനമാലി, യമുനാതീരത്തിങ്കൽ—രതി സുഖസാരമായി, അഭിസാരമായി ധീരസമീരമായിരിക്കുന്ന വനത്തിങ്കൽ വസിക്കുന്നു. നീ, അവിടെ ഗതനായി മദനമനോഹരവേഷനായി ഹൃദയേശനായിരിക്കുന്ന അദ്ദേഹത്തെ അനുസരിച്ചാലും. ഹേ രാധെ! ഗമനവിളംബനത്തെ ചെയ്യരുതു്.

സാ—സുന്ദരിയായ രാധെ! സുന്ദരിമാരായ ഗോപസ്ത്രീകളുടെ തടിച്ച മുലകളെ മർദ്ദിക്കുന്നതിന്നു വ്യാപൃതങ്ങളായ കൈകളെക്കൊണ്ടു കൂടുതൽ ശോഭിക്കുന്നവനും, സൌരഭ്യമുള്ള പലതരം പുഷ്പങ്ങളും തളിരുകളുംകൂടി ഇടകലൎന്നു കെട്ടിയുണ്ടാക്കിയ മാല (വനമാല) ധരിച്ചവനും ആയ ശ്രീകൃഷ്ണൻ, ശൈത്യപാവനത്വാദിഗുണങ്ങൾ ഉള്ളതും ആരുമറിയാതെ വളരെ രഹസ്യമായിട്ടുള്ളതും ക്ഷണനേരംകൊണ്ടു ക്ഷീണത്തെ ക്ഷയിപ്പിക്കുന്നതിന്നു ക്ഷമമായ മന്ദപവനൻ എല്ലായ്പോഴും വീശിക്കൊണ്ടിരിക്കുന്നതും യമുനാനദിയുടെ വക്കത്തുള്ളതുമായ (വൃന്ദാവനത്തി

ലുള്ള) വള്ളിക്കുടിലിൽ നിന്നെ കാത്തിരിക്കുന്നുണ്ടു്. അതുകൊണ്ടു രതിക്രീഡകൾക്കു് യോജിച്ച വേഷഭൂഷാദികളോടു കൂടിയവനും നിനക്കത്യധികം അനുരൂപനും പ്രിയതമനുമായ അദ്ദേഹത്തിന്റെ സമീപത്തേക്കു് പുറപ്പെടു. എനി ഒട്ടും താമസിക്കരുതു്. ഇവിടെ 'ധീരസമീരെ' എന്നു തുടങ്ങി 'വനമാലീ' എന്നതുവരെ പല്ലവിയും, 'ഗോപീപീനപയോധരമർദ്ദനചഞ്ചലകരയുഗശാലീ' എന്നതു അനുപല്ലവിയും ആകുന്നു. എനി 7 ഗീതങ്ങളിലേക്കും ഇവയുടെ പദാൎത്ഥങ്ങൾ യഥോചിതം യോജിപ്പിച്ചുകൊൾക.

നാമസമേതം കൃതസങ്കേതം
വാദയതെ മൃദു വേണും,
ബഹുമനുതെ തനു! തെ തനുസംഗത-
പവനചലിതമപി രേണും ധീരസമീരെ. 9

അ—ഹേ തനു! യാവനൊരുത്തൻ കൃതസങ്കേതമായിരിക്കുന്ന വേണുവിനെ നാമസമേതമാകുംവണ്ണവും മൃദുവാകുംവണ്ണവും വാദനം ചെയ്യുന്നു, ഹേ രാധെ! യാവനൊരുത്തൻ നിന്റെ തനുസംഗതപവനചലിതമായിരിക്കുന്ന രേണുവിനെക്കൂടി ബഹുമനനം ചെയ്യുന്നു. അദ്ദേഹത്തെ അനുസരിച്ചാലും.

സാ—രാധെ! ശ്രീകൃഷ്ണൻ, 'ഞാനിത്രമണിവരെ ഇന്നസ്ഥലത്തു കാത്തിരിക്കും' എന്ന തരത്തിലുള്ള സങ്കേതത്തെ അറിയുന്നവൎക്കറിയാവുന്ന തരത്തിൽ വ്യക്തമായോടക്കുഴൽ വിളിക്കുന്നു. സുന്ദരി! കാററത്തു നിന്റെ ദേഹത്തിൽനിന്നും പാറന്നുപോകുന്ന ചന്ദനപ്പൊടിയെക്കൂടി

അദ്ദേഹം വളരെ ബഹുമാനിക്കുന്നു; രാധ ശ്രീകൃഷ്ണന്റെ സമീപത്തു ചെന്നാൽ അദ്ദേഹം സസന്തോഷം സ്വീകരിക്കുമെന്നു സൂചിപ്പിച്ചിരിക്കുന്നു.

പതതി പതത്രേ വിചലിതപത്രേ
ശങ്കിതഭവദുപയാനം,
രചയതി ശയനം സചകിതനയനം
പശ്യതി തവ പന്ഥാനം ധീരസമീരെ. 10

അ—ഹേ രാധെ! യാവനൊരുത്തൻ വിചലിതപത്രമായിരിക്കുന്ന പതത്രം പതത്തായിരിക്കും സമയത്തിങ്കൽ ശങ്കിതഭവദുപയാനമാകുംവണ്ണം ശയനത്തെ രചിക്കുകയും സചകിതനയനമാകുംവണ്ണം നിന്റെ പന്ഥാവിനെ ദർശിക്കുകയും ചെയ്യുന്നു.

സാ—രാധെ! പക്ഷികൾ പറക്കുമ്പോൾ അവയുടെ ചിറകടിയൊച്ച കേട്ടാൽ ശ്രീകൃഷ്ണൻ നീ ചെല്ലുന്നുണ്ടെന്നു ശങ്കിച്ചു (വിചാരിച്ചു) ക്ഷണത്തിൽ പൂക്കളെക്കൊണ്ടു ശയ്യയുണ്ടാക്കി ശരിപ്പെടുത്തി അദ്ദേഹം ചെയ്തിട്ടുള്ള (പരനാരീസംഗമാകുന്ന) അപരാധമോർത്തു പേടിച്ചു നീ ചെല്ലാറുള്ള വഴിയിലേക്കുതന്നെ നോക്കിക്കൊണ്ടു നില്ക്കുന്നു.

മുഖരമധീരം ത്യജ മഞ്ജീരം
രിപുമിവ കേളിഷു ലോലം,
ചല സഖി! കുഞ്ജം സതിമിരപുഞ്ജം
ശീലയനീലനിചോളം ധീരസമീരെ. 11

അ—ഹേ രാധെ! യദഭിസരണത്തിന്നായിക്കൊണ്ടു മുഖരമായി, അധീരമായി, കേളികളിൽ ലോലമായിരിക്കുന്ന മഞ്ജീരത്തെ—രിപുവിനെ എന്നപോലെ ത്യജിച്ചാലും, സതിമിരപുഞ്ജമായിരിക്കുന്ന കുഞ്ജത്തെക്കുറിച്ചു ചലിച്ചാലും, നീലനിചോളത്തെ ശീലിച്ചാലും.

സാ—രാധെ! നീ നിന്റെ കാമുകനായ ശ്രീകൃഷ്ണന്റെ അടുക്കലേക്ക് (ക്രീഡിക്കുവാൻ,) പോകുവാൻ വേണ്ടി— തന്റെ ശത്രുക്കളെ ഏതുപ്രകാരം അകററി നിൎത്തുന്നുവൊ,— (സ്നേഹിക്കാതെ തീരെ ഉപക്ഷേിക്കുന്നുവൊ) —അതുപോലെ, എല്ലാപ്പോഴും ഇളകുന്നവയും, ഇളകുമ്പോഴെല്ലാം ശബ്ദിക്കുന്നവയും ആയ ഈ കാൽത്തളകളെ അഴിച്ചുവെക്കണം. ഇപ്പോൾ വള്ളിക്കുടിലിലും എല്ലായിടത്തും ഇരുട്ട വ്യാപിച്ചുകഴിഞ്ഞു. വേഗം നീലനിറമായ ഒരു പുതപ്പുകൊണ്ടു മൂടിപ്പുതച്ചു വള്ളിക്കുടിലിലേക്കു പുറപ്പെട്ടു.

ഉരസിമുരാരേരുപഹിതഹാരെ
ഘന ഇവതരളവലാകെ
തടിദിവ പീതെ രതി വിപരീതെ
രാജസി സുകൃതവിപാകെ. ധീരസമീരെ. 12

അ—ഹേ പീതെരാധെ! നീ ഉപഹിതഹാരമായി തരളവലാകമായിരിക്കുന്ന ഘനത്തിങ്കൽ എന്നപോലെ, മുരാരിയുടെ ഉരസ്സിങ്കൽ സുകൃതവിപാകമായിരിക്കുന്ന രതിവിപരീതത്തിൽ തഡിത്തെന്നപോലെ രാജിക്കുന്നു.

സാ—സ്വൎണ്ണവൎണ്ണമായ ശരീരത്തോടുകൂടിയ രാധെ! നീ, മുത്തുമാലയണിഞ്ഞ ശ്രീകൃഷ്ണന്റെ മാൎവ്വിടത്തിൽ അദ്ദേഹം കുറച്ചു കാലമായതീവ ആഗ്രഹിച്ചുകൊണ്ടിരിക്കുന്ന നിന്നോടു കൂടിയുള്ള ഉപരിസുരതത്തിൽ—ചുററുപാടും പറന്നുകൊണ്ടിരിക്കുന്ന ബലാകപ്പക്ഷികളോടുകൂടിയ കാർമേഘത്തിൽ ഇടിമിന്നൽപിണർ എന്നപോലെ ശോഭിക്കും.

വിഗളിതവസനം പരിഹൃതരശനം
ഘടയജഘനമപിധാനം,
കിസലയശയനെ പങ്കജനയനെ
നിധിമിവ ഹൎഷനിദാനം. ധീരസമീരെ. 13

അ—ഹേ രാധെ! വിഗളിതവസനമായി, പരിഹൃതരശനമായി അപിധാനമായിരിക്കുന്ന ജഘനത്തെ ഹൎഷനിദാനമായിരിക്കുന്ന നിധിയെയെന്നപോലെ കിസലയശയനത്തിങ്കൽ പങ്കജനയനനിൽ ഘടിപ്പിച്ചാലും.

സാ—സുന്ദരി! രാധെ! ശ്രീകൃഷ്ണൻ, അരഞ്ഞാണഴിച്ചുകൊണ്ടു വസ്ത്രങ്ങളെല്ലാമഴിഞ്ഞുപോയതും അതുകൊണ്ടുതന്നെ യാതൊരാഛാദനത്തോടുകൂടാത്തതും നഗ്നവുമായ അരക്കെട്ടിനെ—ഉപജീവനത്തിന്നു നിവൃത്തിയില്ലാതെ പട്ടിണികിടന്നു പാടുപെടുന്ന ഒരു ദരിദ്രന്ന്—ധാരാളം സ്വൎണ്ണനാണ്യങ്ങളുള്ള ഒരു നിധി എന്നപോലെ നിന്റെ വിരഹത്താൽ പരവശനും അത്യാഗ്രഹത്തോടെ തളിരുകൊണ്ടുള്ള കിടക്കയിൽ കിടക്കുന്ന ശ്രീകൃഷ്ണനിൽ യോജിപ്പിച്ചാലും. എന്നാൽ കൃഷ്ണന്നു'— ദരിദ്രന്നു നിധി കിട്ടുന്നതുപോലുള്ള സന്തോഷമുണ്ടാകുമെന്നു താല്പൎയ്യം.

ഹരിരഭിമാനീ രജനിരിദാനീമിയ-
മുപയാതി വിരാമം,
കുരു മമ വചനം സത്വരരചനം
പൂരയ മധുരിപുകാമം. ധീരസമീരെ. 14

അ—ഹേ രാധെ! ഹരി അഭിമാനിയായിട്ടു ഭവിക്കുന്നു. ഇപ്പോൾ രജനിയാകുന്നു. ഇതു വിരാമത്തെ ഉപയാനം ചെയ്യുന്നു. നീ എന്റെ വചനത്തെ സത്വരരചനമാകുംവണ്ണംചെയ്താലും മധുരിപുകാമത്തെ പൂരിപ്പിച്ചാലും.

സാ—രാധെ! ശ്രീകൃഷ്ണൻ അഭിമാനിയാണ് (അദ്ദേഹം എന്തുതന്നെയായാലും ഇങ്ങോട്ടു വരില്ലെന്നു സാരം). ഇപ്പോൾ രാത്രിയാണു. (പോകുവാൻ വളരെ സൌകൎയ്യമാണ്, ആരും കാണില്ലെന്നൎത്ഥം). ഇതിപ്പോൾ അവസാനിക്കും (രാത്രി കഴിയുന്നതിന്നു മുമ്പു പോകണം) നേരം പുലൎന്നാൽ പോകുവാൻ ബുദ്ധിമുട്ടാണു (ജനങ്ങൾ കാണും എന്നു താല്പൎയ്യം). ഞാൻ പറയുന്നപോലെ പ്രവൃത്തിക്കുകയാണു നല്ലതു (ഇല്ലെങ്കിൽ ഇത്തരം ദൌത്യമൊന്നും വഹിക്കുവാനെന്നെക്കൊണ്ടു സാധിക്കില്ലെന്നു സാരം. ശ്രീകൃഷ്ണന്റെ ആഗ്രഹം കഴിയുന്നതും വേഗത്തിൽ സാധിപ്പിക്കണം (അതു ഭവതിക്കും കൃഷ്ണനും ഒരുപോലെ സുഖപ്രദമാണെന്നു താല്പൎയ്യം).

ശ്രീജയദേവെ കൃതഹരി സേവെ
ഭണതി പരമരമണീയം,
പ്രമുദിതഹൃദയം ഹരിമതിസദയം
നമത സുകൃതകമനീയം ധീരസമീരെ. 15

അ—ഹേ ജനങ്ങളെ! കൃതഹരിസേവനായിരിക്കുന്ന ശ്രീജയദേവൻ പരമരമണീയമാകുംവണ്ണം ഭണന്നായിരിക്കും സമയത്തിങ്കൽ പ്രമുദിതഹൃദയനായി, അതിസദയനായി, സുകൃതകമനീയനായിരിക്കുന്ന ഹരിയെ നിങ്ങൾ നമിച്ചാലും.

സാ—മഹാജനങ്ങളെ വിശിഷ്ടഹരിഭക്തനായിരിക്കുന്ന ശ്രീജയദേവകവി ഏററവും മനോമോഹനമായ വിധത്തിൽ വൎണ്ണിച്ചു—സന്തുഷ്ടചിത്തനും ഭക്തന്മാരിൽ വൎദ്ധിച്ച ദയയോടുകൂടിയവനും സജ്ജനങ്ങൾക്കു മാത്രം സ്മരിക്കുവാൻ സാധിക്കുന്നവനും, ഭഗവാനും ആയ ശ്രീകൃഷ്ണനെ ഭക്തിപൂൎവ്വം ഭജിച്ചുകൊൾവിൻ.

വികിരതി മുഹുഃ ശ്വാസാനാശാം പുരോമുഹുരീക്ഷതെ,
പ്രവിശതി മുഹുഃ കുഞ്ജം ഗുഞ്ജന്മുഹുർബ്ബഹു താമ്യതി,
രചയതി മുഹുഃ ശയ്യാം പര്യാകുലൊവലതെ മുഹു-
ർമ്മദനകദനക്ലാന്തഃ കാന്തെ! പ്രിയസ്തവ വർത്തതെ. 16

അ—ഹേ കാന്തെ! നിൻെറ പ്രിയൻ ഇപ്പോൾ മദനകദനക്ലാന്തനായിട്ടു വീണ്ടും വീണ്ടും ശ്വാസങ്ങളെ വികിരണം ചെയ്യുന്നു. പുരൊഭാഗത്തിങ്കൽ ആശയെ വീണ്ടും വീണ്ടും ഈക്ഷിക്കുന്നു. കുഞ്ജത്തെ പിന്നേയും പിന്നേയും പ്രവേശിക്കുന്നു. പ്രവേശിച്ചിട്ടുതന്നെ ഗുഞ്ജന്നായിട്ടു ബഹുവാകുംവണ്ണം വീണ്ടും വീണ്ടും താന്തിയെ പ്രാപിക്കുന്നു. വീണ്ടും വീണ്ടും ശയ്യയെ രചിക്കുന്നു. പര്യ്യാകുലനായിട്ടു വലനംചെയ്യുന്നു.

സാ—സുന്ദരിയായ രാധെ! നിൻെറ പ്രിയനായ ശ്രീകൃഷ്ണനിപ്പോൾ കാമപാരവശ്യംകൊണ്ടു വളരെ ക്ഷീണിച്ചു വീണ്ടും വീണ്ടും നിശ്വസിക്കുകയും, (നീ ചെല്ലുന്നുണ്ടൊ എന്ന ഉൽക്കണ്ഠയോടെ) തുടരെ തുടരെ നാലുഭാഗത്തേക്കും നോക്കുകയും, (നീ ഒരു പക്ഷെ എത്തിയിരിക്കുമൊ എന്ന സംശയത്തോടെ) വള്ളിക്കുടിലിൽ പ്രവേശിച്ചു അവ്യക്തമായോരോന്നു പിറുപിറുത്തുകൊണ്ടു ചുററിനടക്കുകയും, വല്ലാതെ ക്ഷീണിക്കുകയും ചെയ്യുന്നു. മാത്രമല്ല വീണ്ടും അദ്ദേഹം തളിരുകളെക്കൊണ്ടും പുഷ്പങ്ങളെക്കൊണ്ടും ശയ്യകളുണ്ടാക്കുകയും, കാമപരവശനായിട്ടു (നിന്നെ കാണാത്തതിനാൽ വ്യസനിച്ചു) അങ്ങുമിങ്ങും ചുററിനടക്കുകയും ചെയ്യുന്നു.

താദാത്മ്യേന സമം വിധാതു രധുനാ
തിഗ്മാംശുരസ്തം ഗതോ
ഗോവിന്ദസ്യ മനോരഥേന ച സമം
പ്രാപ്തം തമഃ സാന്ദ്രതാം,
കോകാനാം കരുണസ്വനേന സദൃശീ
ദീർഘാ മമാഭ്യർത്ഥനാ
തന്മുഗ്ദ്ധേ! വിഫലം വിളംബനമസൌ
രമ്യോऽഭിസാരക്ഷണഃ 17

അ—ഹേ മുഗ്ദ്ധേ! രാധെ! യാതൊന്നുഹേതുവായിട്ടു വിധാതാവിൻെറ താദാത്മ്യത്തോടുകൂടെ തിഗ്മാംശു ഇപ്പോൾ അസ്തത്തെ ഗതനായി. ഗോവിന്ദൻെറ മനോരഥത്തോടുകൂടെ തമസ്സു സാന്ദ്രതയെ പ്രാപ്തമായി. കോകങ്ങളുടെ കരുണസ്വനത്തോടു സദൃശിയായ എൻെറ അഭ്യർത്ഥനാ ദീർഘയായിട്ടു വൎത്തിക്കുന്നു. അതു ഹേതുവായിട്ടു വിളംബം വിഫലമായിട്ടു ഭവിക്കുന്നു. ഇതു രമ്യമായ അഭിസാരക്ഷണമായിട്ടും ഭവിക്കുന്നു.

സാ—സമർത്ഥയും സുന്ദരിയും ആയ രാധെ! സൂര്യനസ്തമിച്ചതോടുകൂടി നിൻെറ കഷ്ടകാലമെല്ലാം കഴിഞ്ഞു. ഇരുട്ടു വൎദ്ധിച്ചതോടുകൂടി ശ്രീകൃഷ്ണനു നിന്നോടുള്ള അനുരാഗവും വിരഹവേദനയും വൎദ്ധിച്ചുകഴിഞ്ഞു. ചക്രവാകപ്പക്ഷികൾ (വിരഹംകൊണ്ടു) അതിദയനീയമായ് രാത്രിയിൽ കരയാറുള്ളപോലെ നിന്നോടു ഞാൻ താണുകേണു ഭ്യർത്ഥിക്കുവാൻ തുടങ്ങിയിട്ടും സമയം കുറെയായി. അതുകൊണ്ടു ഒട്ടും വൈകിക്കാതെ കഴിയുന്നതും വേഗത്തിൽ ശ്രീകൃഷ്ണൻെറ സമീപത്തേക്കു പുറപ്പെടുക. കാന്തനെ അഭിസരിക്കുവാൻ ജ്യോത്സ്യന്മാർകൂടി പറഞ്ഞിട്ടുള്ള ഏററവും രമ്യമായ ഒരു മുഹൂൎത്തമാണു് ഇപ്പോൾ.

ആശ്ലേഷാദനു ചുംബനാദനു നഖോ-
ല്ലേഖാദനു സ്വാന്തജ
പ്രോൽബോധാദനു സംഭ്രമാദനു രതാ-
രംഭാദനു പ്രീതയോഃ,
അന്യാത്ഥം ഗതയോർഭ്രമാന്മിളിതയോ-
സ്സംഭാഷണൈർജ്ജാനതോ-
ർദ്ദമ്പത്യോന്നിശി കോന്നു കോന്നു തമസി
വ്രീളാവിമിശ്രോ രസഃ 18

അ—അന്യത്തിന്നായിക്കൊണ്ടു ഗതന്മാരായി ഭ്രമം ഹേതുവായിട്ടു മിളിതന്മാരായി സംഭാഷണങ്ങളെക്കൊണ്ടു ജ്ഞാനത്തുകളായിരിക്കുന്ന ദമ്പതികൾ നിട്ടിങ്കൽ തമസ്സിങ്കലുള്ള ആശ്ലേഷം ഹേതുവായിട്ടും, ചുംബനം ഹേതുവായിട്ടും, നഖോല്ലേഖം ഹേതുവായിട്ടും, സ്വാന്തജപ്രോൽബോധം ഹേതുവായിട്ടും, സംഭ്രമം ഹേതുവായിട്ടും, രതാരംഭം ഹേതുവായിട്ടും പ്രീതന്മാരായിരിക്കുംസമയത്തിങ്കൽ അവരുടെ വ്രീളാവിമിശ്രമായിരിക്കുന്ന രസം എന്തെന്താകുന്നു!

സാ—സുന്ദരി! രാധെ! കൂരിരുട്ടുള്ള രാത്രിയിൽ ഏതെങ്കിലും ഗൌരവമേറിയ കാര്യനിവ്വഹണത്തിന്നായി പോകുമ്പോൾ വഴിതെററി ഒന്നിച്ചു ചേന്ന് അന്യോന്യം സംഭാഷണംകൊണ്ടു തിരിച്ചറിഞ്ഞു്—ആലിംഗനം, ചുംബനം, സ്തനതടങ്ങളിലും മററും (പ്രിയകത്തൃകങ്ങളായ) നഖക്ഷതങ്ങൾ, അപ്പൊഴേക്കും കാമവികാരവിജൃംഭിതരായി പരിഭ്രമത്തോടുകൂടിയുള്ള പരിരംഭണം, (സുരതം) ഇവകളെക്കൊണ്ടു സംതൃപ്തന്മാരായ ആ കാമുകീ

കാമുകന്മാരുടെ അപ്പോഴത്തെ ലജ്ജാസമ്മിശ്രമായ ഭാവം എന്തായിരിക്കും? (ആരാലും അവൎണ്ണനീയമെന്നു് താല്പൎയ്യം). അതുകൊണ്ടു വേഗത്തിൽ പുറപ്പെട്ടാൽ ഇത്തരത്തിലുള്ള സുഖമനുഭവിക്കാമെന്നുള്ള സഖിയുടെ പ്രേരണ ധ്വനിക്കുന്നു.

സഭയചകിതം വിന്യസ്യന്തീം
ദൃശം തിമിരെ പഥി
പ്രതിതരു മുഹുഃ സ്ഥിത്വാ മന്ദം
പദാനി വിതന്വതീം,
കഥമപി രഹഃ പ്രാപ്താമംഗൈ-
രനംഗതരംഗിതൈ-
സ്സുമുഖി! സുഭഗഃ പശ്യൻ സ ത്വാ-
മുപൈതു കൃതാൎത്ഥതാം 19

അ—ഹേ സുമുഖി! തിമിരത്തിൽ പന്ഥാവിങ്കൽ സഭയചകിതമാകുംവണ്ണം ദൃക്കിനെ വിന്യസ്യന്തിയായി തരുവിങ്കൽ തരുവിങ്കൽ വീണ്ടും വീണ്ടും സ്ഥിതിചെയ്തിട്ടു മന്ദമാകുംവണ്ണം പദങ്ങളെ വിതന്വതിയായി, പണിപ്പെട്ടു രഹസ്സിനെ പ്രാപ്തയായി അനംഗതരംഗിതങ്ങളായിരിക്കുന്ന അംഗങ്ങളോടു ഉപലക്ഷിതയായിരിക്കുന്ന നിന്നെ പശ്യന്നായിട്ടു സുഭഗനായിരിക്കുന്ന അദ്ദേഹം കൃതാൎത്ഥതയെ ഉപയാനംചെയ്യട്ടെ.

സാ—സുന്ദരിയായ രാധെ! ഈ ക്രൂരിരുട്ടത്തു (ആരെങ്കിലും തന്നെ കണ്ടെങ്കിലൊ, വഴിയിൽതന്നെ തട്ടിത്തടഞ്ഞു വീണെങ്കിലൊ എന്നും മററുമുള്ള) ഭയംകൊണ്ടു ചഞ്ചലങ്ങളായ കണ്ണുകളോടെ നാലു ഭാഗവും സൂക്ഷ്മമായി

148789



നോക്കിക്കൊണ്ടും, ഇടക്കിടക്ക് (ക്ഷീണിക്കുമ്പോൾ) മരച്ചുവട്ടിൽ ഇരുന്നുകൊണ്ടും, പതുക്കെ (നടക്കുമ്പോൾ ശബ്ദം ഒന്നും ഉണ്ടാകാതിരിക്കുവാനും, ആരും കേട്ടു അറിയാതിരിക്കുവാനും വേണ്ടി) പതുങ്ങി നടന്ന് വലിയ ബുദ്ധിമുട്ടുകളെല്ലാം സഹിച്ചിട്ടാണെങ്കിലും സങ്കേതസ്ഥലത്തെത്തിയാൽ കാമചാരവശ്യംകൊണ്ടു ചഞ്ചലങ്ങളായ കരചരണാദ്യവയവങ്ങളോടുകൂടിയ നിന്നെ കണ്ടു്—സുന്ദരനും സുഭഗനുമായ ശ്രീകൃഷ്ണൻ കൃതകൃത്യനായ് ഭവിക്കട്ടെ. "കൃഷ്ണൻ കൃതകൃത്യനായ്ഭവിക്കട്ടെ" എന്നു പറഞ്ഞതുകൊണ്ടു്—ഇത്രയെല്ലാം ബുദ്ധിമുട്ടി അവിടെ ചെല്ലുമ്പോൾ അദ്ദേഹം ഒരു പക്ഷേ വിമുഖനായേക്കുമോ എന്ന രാധയുടെ ശങ്കയെ തീരെ ഇല്ലായ്മചെയ്യുന്നു.

രാധാ മുഗ്ദ്ധമുഖാരവിന്ദമധുപ-
സ്ത്രൈലോക്യമൌലിസ്ഥലീ-
നൈപഥ്യോചിത നീലരത്നമവനീ-
ഭാരാവതാരാന്തകഃ,
സ്വച്ഛന്ദം വ്രജസുന്ദരീജനമന-
സ്തോഷപ്രദോഷശ്ചിരം
കംസധ്വംസനധൂമകേതുരവതു
ത്വാം ദേവകീ നന്ദനഃ 20

അ—രാധാമുഗ്ദ്ധമുഖാരവിന്ദമധുപനായി, ത്രൈലോക്യമൌലിസ്ഥലീനൈപഥ്യോചിതനീലരത്നമായി, അവനീഭാരാവതാരാന്തകനായി, സ്വച്ഛന്ദമാകുംവണ്ണം വ്രജസുന്ദരീജനമനസ്തോഷപ്രദോഷനായി, കംസധ്വംസനധൂമകേതുവായിരിക്കുന്ന ദേവകീനന്ദനൻ അങ്ങയെ ചിരം അവനംചെയ്യട്ടെ.

സാ—രാധയുടെ സുന്ദരമായ മുഖമാകുന്ന താമരപ്പൂവിൽ വണ്ടായിട്ടുള്ളവനും, (രാധയുടെ അധരപാനം ചെയ്യുന്നവനും), മൂന്നുലോകങ്ങളിലുമുള്ള ദേവന്മാർ മഹഷിംകൾ അസുരന്മാർ ഇവരാൽ സദാ വന്ദിക്കപ്പെടുന്നവനും, ഭൂമിയുടെ (ദുഷ്ടജനങ്ങളെക്കൊണ്ടുള്ള) ഭാരത്തെ കുറക്കുന്നതിൽ യമനോടു സദൃശനും, സുന്ദരിമാരായ ഗോപസ്ത്രീകളെ സദാ സന്തോഷിപ്പിക്കുന്നതിൽ ഏററവും സമത്ഥനും, കംസനിഗ്രഹത്തിന്നായുള്ള സൂചനകളോടു കൂടിയവനും, ദേവകിയുടെ പുത്രനുമായ ശ്രീകൃഷ്ണൻ (ഈ ഗ്രന്ഥം പാരായണം ചെയ്യുന്നവരേയും അതു കേൾക്കുന്നവരേയും) രക്ഷിക്കട്ടെ എന്നു കവിപ്രാത്ഥന.

ഇപ്രകാരം 'ലീലാ' എന്നു പേരായ ഭാഷാവ്യാഖ്യാനത്തിൽ 'സാകാംക്ഷപുണ്ഡരീകാക്ഷം'
എന്നു പേരായ അഞ്ചാം സർഗ്ഗം കഴിഞ്ഞു.

——:❋:——

# ആറാം സർഗ്ഗം.

അഥ താം ഗന്തുമശക്താം
ചിരമനുരക്താം ലതാഗൃഹെ ദൃഷ്ട്വാ,
തച്ചരിതം ഗോവിന്ദെ
മനസിജമന്ദെ സഖീ പ്രാഹ. 1

അന്വയാൎത്ഥം—അനന്തരം സഖി, ഗമിപ്പാനായിക്കൊണ്ടു അശക്തയായി ചിരം അനുരക്തയായിരിക്കുന്ന അവളെ ദർശിച്ചിട്ടു തച്ചരിതത്തെ ലതാഗൃഹത്തിങ്കൽ മനസിജമന്ദനായിരിക്കുന്ന ഗോവിന്ദങ്കൽ പറഞ്ഞു.

സാരം—എന്തുതന്നെ പറഞ്ഞുനോക്കിയിട്ടും കാമപരവശയാണെങ്കിലും ലജ്ജാവിവശയായ രാധ ശ്രീകൃഷ്ണന്റെ സമീപത്തേക്കു പോകുവാൻ ശേഷിയുള്ളവളല്ലെന്ന് അറിഞ്ഞതിന്നുശേഷം—അവളുടെ സഖി ആ വൎത്തമാനം കാമപാരവശ്യംകൊണ്ടു മന്ദനായ—ഉദാസീനനായ—ശ്രീകൃഷ്ണനോടു പറഞ്ഞു.

പശ്യതി ദിശി ദിശി രഹസി ഭവന്തം,
തദധരമധുനി പിബന്തം;
നാഥ! ഹരെ! സീദതി രാധാ വാസഗൃഹെ. 2

അ—ഹേ നാഥ! ഹരെ! രാധ, ദിക്കിങ്കൽ ദിക്കിങ്കൽ ഭവാനെ ദർശിക്കുന്നു. മാത്രമല്ല രഹസ്സിങ്കൽ അങ്ങയെ തദധരമധുക്കളെ പിബന്നായും ദർശിക്കുന്നു. ഇപ്രകാരം വാസഗൃഹത്തിങ്കൽ സീദിക്കുന്നു.

സാ—ശ്രീകൃഷ്ണ! രാധ, എല്ലായ്പോഴും അങ്ങ് വരുന്നുണ്ടോ എന്നു നാലുപുറവും നോക്കിക്കൊണ്ടു ഇരിക്കുന്നു. അതിനിടക്കു അവളുടെ ബുദ്ധിക്കു ഭ്രമംവരുമ്പോൾ അങ്ങു മററു ഗോപസ്ത്രീകളായി അധരപാനം ചെയ്യുന്നതായും മററും കണ്ടപോലെ പറയുന്നു. ഇത്തരത്തിൽ അവൾ അവസാദത്തെ (തളച്ച്) പ്രാപിക്കുന്നു.

തദഭിസരണരഭസേന വലന്തീ,

പതതി പദാനി കിയന്തി ചലന്തീ നാഥ! ഹരെ! 3

അ—ഹേ ഹരെ! അവൾ തദഭിസരണരഭസം ഹേതുവായിട്ടു ചലന്തിയായി കിയന്തുകളായിരിക്കുന്ന പദങ്ങളെ വലന്തിയായിട്ടു പതിക്കുന്നു.

സാ—ശ്രീകൃഷ്ണ! (ഞാൻ ഭവാൻ പറഞ്ഞ വർത്തമാനം അവളോടു പറഞ്ഞപ്പോൾ) അവൾ അത്യുത്സാഹത്തോടും അങ്ങയോടുകൂടി രമിക്കുവാനുള്ള അത്യാഗ്രഹത്തോടുംകൂടി ബദ്ധപ്പെട്ടു പുറപ്പെട്ടു. പക്ഷെ നാലഞ്ചടി നടന്നപ്പോഴേക്കും അവൾ തലചുററി വീണു. (ഇതു കണ്ടു ഞാനവളെ വള്ളിക്കുടിലിൽതന്നെ കൊണ്ടുചെന്നാക്കി എന്നു ഭാവാൎത്ഥം). "നാഥ! ഹരെ! സീദതി രാധാവാസഗൃഹെ" എന്ന പല്ലവി. പല്ലവിയുടെ പദാൎത്ഥങ്ങൾ ഇവിടെയും എനി പറയുന്ന 6 ഗീതങ്ങളിലും യഥോചിതം യോജിപ്പിച്ചുകൊൾക.

വിഹിതവിശദബിസകിസലയവലയാ,

ജീവതി പരമിഹ തവ രതികലയാ നാഥ! ഹരെ!

അ—ഹേ ഹരെ! അവൾ വിഹിതബിസകിസലയവലയയായിട്ടു അങ്ങയുടെ രതികലകൊണ്ടു ഇവിടെ പരംജീവിക്കുന്നു.

സാ - ശ്രീകൃഷ്ണ! രാധ, ഇപ്പോൾ വെള്ളത്താമരയുടെ തണ്ടുകൾകൊണ്ടുള്ള മാലയണിഞ്ഞും, ഏററവും തണുത്ത താമരഇലകൾകൊണ്ടു ശയ്യയുണ്ടാക്കി അതിൽ ശയിച്ചും, അവകൊണ്ടുതന്നെ നൂപുരാദ്യലങ്കാരങ്ങളണിഞ്ഞും—മുൻകാലങ്ങളിൽ നിങ്ങൾ തമ്മിൽ ക്രീഡിക്കുമ്പോൾ അങ്ങനെ ചെയ്ത ഓരോ കലകളേയും (ലീലകളേയും) ഭാവനചെയ്തു കഴിച്ചു ജീവിക്കുന്നുണ്ടെന്നു പറയാം.

മുഹുരവലോകിതമണ്ഡനലീലാ,
മധുരിപുരഹമിതി ഭാവനശീലാ നാഥ! ഹരെ! 5

അ—ഹേ ഹരെ! അവൾ വീണ്ടും വീണ്ടും അവലോകിതമണ്ഡനലീലയായിട്ടു ഭവിക്കുന്നു. മാത്രമല്ല 'ഞാൻ തന്നെ മധുരിപുവായിട്ടു ഭവിക്കുന്നു', എന്നിങ്ങനെ വീണ്ടും വീണ്ടും ഭാവനശീലയായിട്ടും ഭവിക്കുന്നു.

സാ—ശ്രീകൃഷ്ണ! രാധ, ഇടക്കിടക്കു വസ്ത്രങ്ങളേയും ആഭരണങ്ങളേയും മാററിക്കൊണ്ടേ ഇരിക്കുന്നു. ഞാൻ തന്നെ ശ്രീകൃഷ്ണനാണല്ലോ! എന്നിങ്ങനെ ഭാവനചെയ്യുകയും ചെയ്യുന്നു. (ഇടക്കിടക്ക് ചിത്തഭ്രമമുണ്ടാകുന്നുണ്ടെന്നു താല്പര്യം.) വസ്ത്രങ്ങളും 'ആഭരണങ്ങളും ഇടക്കിടക്കു മാററുന്നു' എന്നതുകൊണ്ടു 'രാധ ശ്രീകൃഷ്ണനെ കാണാതെ വ്യസനിച്ചു മണ്ണിൽ കിടന്നുരുളുന്നു' എന്നും മററും പ്രാധാന്യേന ധ്വനിക്കുന്നുണ്ടു.

ത്വരിതമുപൈതി ന കഥമഭിസാരം,
ഹരിരിതി വദതി സഖീമനുവാരം നാഥ! ഹരെ! 6

അ—ഹേ ഹരെ! അവൾ—"സഖി! ഹരി എന്തുകൊണ്ടു അഭിസാരത്തെ ത്വരിതമാകുംവണ്ണം ഉപയാനം ചെയ്യുന്നില്ല". എന്നിങ്ങനെ സഖിയോടു അനുവാരമാകുംവണ്ണം വദിക്കുന്നു.

സാ—ശ്രീകൃഷ്ണ! രാധ, "എന്താണു് ശ്രീകൃഷ്ണൻ എൻെറ അടുക്കലേക്കു് (രമിക്കുവാൻ) വേഗം വരാത്തതു്?" എന്നിങ്ങനെ നിമിഷംതോറും സഖിയോടു ചോദിക്കുന്നു.

ശ്ലിഷ്യതി ചുംബതി ജലധരകല്പം,

ഹരിരുപഗത ഇതി തിമിരമനല്പം നാഥ! ഹരെ! 7.

അ—ഹേ ഹരെ! അവൾ, 'ഹരി ഉപഗതനായി' എന്നിപ്രകാരം ജലധരകല്പമായി അനല്പമായിരിക്കുന്ന തിമിരത്തെ ശ്ലേഷിക്കുന്നു, ചുംബിക്കുന്നു.

സാ—ശ്രീകൃഷ്ണ! രാധ, കാർമേഘംപോലെയുള്ള (അത്രയും ശക്തിയായി വ്യാപിച്ച) ഇരുട്ടുകണ്ടു 'ശ്രീകൃഷ്ണൻ വന്നു' എന്നു് വിചാരിച്ചു ആലിംഗനം ചെയ്യുകയും ചുംബിക്കുകയും ചെയ്യുന്നു.

ഭവതി വിളംബിനി വിഗളിതലജ്ജാ

വിലപതി രോദിതി വാസകസജ്ജാ നാഥ! ഹരെ!

അ—ഹേ ഹരെ! ഭവാൻ വിളംബിയായിരിക്കും സമയത്തിങ്കൽ അവൾ വാസകസജ്ജയായി, വിഗളിതലജ്ജയായിട്ടു വിലപിക്കുകയും രോദിക്കുകയും ചെയ്യുന്നു.

സാ—ശ്രീകൃഷ്ണ! ഭവാൻ രാധയുടെ അടുക്കലേക്കു ചെല്ലുവാൻ അമാന്തിക്കും (താമസിക്കും) തോറും അവൾ ആഭരണങ്ങളെല്ലാം അണിഞ്ഞു ലേശംപോലും ലജ്ജയില്ലാതെ വല്ലാതെ കരയുന്നു.—പ്രിയൻ വരുന്ന സമയമാകുമ്പോഴേക്കും നല്ല ആഭരണങ്ങളെല്ലാം അണിയുകയും ക്രീഡാമന്ദിരം നല്ലവണ്ണം വൃത്തിയാക്കി അലങ്കരിക്കുകയും ചെയ്യുന്ന നായികയെയാണു് വാസകസജ്ജ, (വാസകസജ്ജികാ) എന്നു പറയുന്നതു. "പ്രിയാഗമനവേളായാം മണ്ഡയന്തീ മുഹുർമ്മുഹുഃ, കേളീഗൃഹം തഥാത്മാനം സാ സ്യാദ്വാസകസജ്ജികാ." എന്നു ലക്ഷണം.

ശ്രീജയദേവകവേരിദമുദിതം,

രസികജനം തനുതാമതിമുദിതം. നാഥ! ഹരെ! 9

അ—ഹേ ഹരെ! ശ്രീജയദേവ കവിയിങ്കൽനിന്നു ഉദിതമായിരിക്കുന്ന ഇതു് രസികജനത്തെ അതിമുദിതമാക്കി ചെയ്യണെ!.

സാ—ശ്രീകൃഷ്ണൻ, ശ്രീജയദേവകവി നിൎമ്മിച്ചിട്ടുള്ള ഈ കൃതി പാരായണം ചെയ്യുകയൊ കേൾക്കുകയൊ ചെയ്യുന്ന സഹൃദയന്മാരെ (സജ്ജനങ്ങളെ)—സംഗീതത്തിലും സാഹിത്യത്തിലും നല്ല ജ്ഞാനമുള്ള അവരെ രക്ഷിക്കട്ടെ. എന്നു കവിപ്രാൎത്ഥന.

വിപുലപുളകപാളിഃസ്ഫീതസീൽക്കാരമന്ത-

ൎജ്ജനിതജഡിമ കാകുവ്യാകുലം വ്യാഹരന്തീ,

തവ കിതവ! വിധത്തെ മന്ദകന്ദൎപ്പ! ചിന്താം

രസജലനിധിമഗ്നാ ധ്യാനലഗ്നാ മൃഗാക്ഷീ. 10

അ—ഹേ മന്ദകന്ദൎപ്പ! കിതവ! മൃഗാക്ഷിയായിരിക്കുന്ന അവൾ രസജലനിധിമഗ്നയായി ധ്യാനലഗ്നയായിട്ടു കാകുവ്യാകുലമാകുംവണ്ണം വ്യാഹരന്തിയായി വിപുലപുളകപാളിസ്ഫീതസീൽക്കാരമാകുംവണ്ണവും, അന്തൎജ്ജനിതജഡിമമാകുംവണ്ണവും അങ്ങയുടെ ചിന്തയെത്തന്നെ ധരിക്കുന്നു.

സാ—അല്ലയൊ ധൂൎത്ത! മാൻപേടയുടേതുപോലെ ചഞ്ചലങ്ങളും മനോഹരങ്ങളും ആയ കണ്ണുകളോടുകൂടിയ ആ രാധ, അങ്ങയുടെ വേർപാടുകൊണ്ടു വൎദ്ധിച്ച കാമപാരവശ്യം ഹേതുവായിട്ടു ഇടക്കിടക്കു് മോഹാലസ്യപ്പെടുകയും, ചിത്തഭ്രമമുണ്ടാവുകയും ചെയ്തിട്ടു അൎത്ഥമില്ലാത്ത

വയും അവളുടെ ശോച്യാവസ്ഥകളെ വെളിപ്പെടുത്തുന്ന വയും ആയ ഓരോ വാക്കുകളെ പിറുപിറുക്കുകയും, ഇട ക്കിടക്കു രോമാഞ്ചമുണ്ടാവുകയും വിയക്കുകയും (സംഭോഗം എന്ന ഓൎമ്മയോടെ) (ചിത്തഭ്രമമുള്ളപ്പോൾ) സീൽക്കാര ങ്ങൾ പുറപ്പെടുവിക്കുകയും ഇടക്കു സ്തംഭിച്ചു നിന്നുകൊ ണ്ടു അനന്യശരണയായി അങ്ങയെത്തന്നെ ചിന്തിക്കുക യും ചെയ്യുന്നു.

അംഗേഷ്വാഭരണം കരോതി ബഹുശഃ
പത്രേഽപി സഞ്ചാരിണി
പ്രാപ്തം ത്വാം പരിശങ്കതെ വിതനുതെ
ശയ്യാം ചിരം ധ്യായതി,
ഇത്യാകല്പ വികല്പതല്പരചനാ-
സങ്കല്പ ലീലാശത-
വ്യാസക്താപി വിനാ ത്വയാ വരതനു-
ൎന്നൈഷാ നിശാം നേഷ്യതി. 11

അ—ഹേ ഹരെ! വരതനുവായിരിക്കുന്ന അവൾ അംഗങ്ങളിൽ ആഭരണത്തെ ബഹുവാരമാകുംവണ്ണം ചെ യ്യുന്നു. പത്രം സഞ്ചാരിയായിരിക്കും സമയത്തിങ്കൽക്കൂടി അങ്ങയെ പ്രാപ്തനായി പരിശങ്കിക്കുന്നു. ബഹുവാരം ശയ്യ യെ വിസ്തരിപ്പിക്കുന്നു. ചിരം ധ്യാനിക്കുന്നു. ഇപ്രകാരം ആകല്പവികല്പതല്പരചനാസങ്കല്പലീലാ ശതവ്യാസക്തയാ ണെങ്കിലും അങ്ങയോടുകൂടാതെ നിശയെ നയിക്കില്ല.

സാ—ശ്രീകൃഷ്ണ! ഏററവും സുന്ദരിയായ രാധ, (അ ങ്ങു വരാറായിരിക്കുന്നു എന്നു കരുതി) അനവധി പ്രാവ ശ്യം അംഗങ്ങളിൽ ഓരോ പുതിയ ആഭരണങ്ങൾ അണി

യുന്നു. ഒരു ഇല ഇളകിയാൽപോലും—പലപ്രാവശ്യവും ശ്രീകൃഷ്ണൻ അടുത്തെത്തിക്കഴിഞ്ഞു എന്നു സംശയിക്കുന്നു. ഇങ്ങനെ സംശയിച്ചു ക്ഷണത്തിൽ ശയ്യയെല്ലാം തട്ടിക്കുടഞ്ഞു നന്നാക്കി വെക്കുന്നു. എന്നിട്ടും കാണായ്കയാൽ അങ്ങയെത്തന്നെ വളരെനേരം ഇരുന്നു ധ്യാനിക്കുന്നു. ഇപ്രകാരം അലങ്കരിക്കുക, സംശയിക്കുക, ശയ്യ തയ്യാറാക്കൽ, സങ്കല്പിക്കൽ, ധ്യാനിക്കൽ ഇവയാകുന്ന വിനോദങ്ങളെല്ലാമുണ്ടെങ്കിലും അങ്ങുന്നു അങ്ങോട്ടു ചെന്നില്ലെങ്കിൽ ഈ രാത്രി കഴിയില്ല (രാധ കാമപാരവശ്യം സഹിയാതെ മരിക്കുമെന്നു താല്പര്യം).

കിം വിശ്രാമ്യസി കൃഷ്ണഭോഗിഭവനെ
    ഭാണ്ഡീരഭൂമീരുഹി
ഭ്രാതഃ! പാന്ഥ! ന ദൃഷ്ടിഗോചരമിത-
    സ്സാനന്ദനന്ദാസ്പദം,
രാധായാ വചനം തദദ്ധ്വഗമുഖാ-
    ന്നന്ദാന്തികെ ഗൃഹതൊ
ഗോവിന്ദസ്യ ജയന്തി സായമതിഥി-
    പ്രാശസ്ത്യഗർഭാ ഗിരഃ. 12

അ—ഹേ ഭ്രാതാവെ! പാന്ഥ! അങ്ങുന്നു കൃഷ്ണഭോഗിഭവനമാകുന്ന ഭാണ്ഡീരഭൂമീരുട്ടിങ്കൽ വിശ്രമിക്കുന്നു. ഇവിടെനിന്നു സാനന്ദനന്ദാസ്പദം ദൃഷ്ടിഗോചരമായിട്ടു ഭവിക്കുന്നില്ലെ?. അദ്ധ്വഗമുഖത്തിങ്കൽനിന്നു് ഗളിതമായിരിക്കുന്ന രാധയുടെ ആവചനത്തെ നന്ദാന്തികത്തിങ്കൽ ഗ്രഹന്നായിരിക്കുന്ന ഗോവിന്ദന്റെ സായമതിഥിപ്രാശസ്ത്യഗർഭകളായിരിക്കുന്ന ഗീരുകൾ ജയിക്കുന്നു.

സാ—"വഴിയാത്രക്കാരനായ സഹോദര! അങ്ങ കൃഷ്ണസപ്പ്ത്തിന്റെ വാസസ്ഥലമായ പേരാൽച്ചുവട്ടിലാണ വിശ്രമിക്കുന്നതു് (നടന്ന ക്ഷീണം തീക്കുന്നതു്). ഇവിടെ നിന്നു നോക്കിയാൽ—സന്തോഷത്തോടെ വളരെ സുഖമായ് താമസിക്കുവാൻ സൌകൎയ്യമുള്ള നന്ദഗോപരുടെ ഭവനം കാണുന്നില്ലെ?" എന്നു രാധ പറഞ്ഞതായി വഴിയാത്രക്കാരൻ അമ്പാടിയിൽ നന്ദഗോപരുടെ അടുക്കൽ പറഞ്ഞ— അതേ—വാക്കുകൾ മറക്കുവാനായി) നന്ദഗോപക്ക അതിന്റെ ഓമ്മ ഇല്ലായ്മ ചെയ്യാനായി—)അതിഥിസൽക്കാരത്തിനുള്ള പുണ്യഫലങ്ങൾ വിവരിക്കുന്ന ശ്രീകൃഷ്ണന്റെ വാക്കുകൾ സർവ്വോൽക്കഷേണ വത്തിക്കുന്നു. ഇവിടെ "കൃഷ്ണഭോഗിഭവനം" എന്ന പദത്തിന്നു 'ശ്രീകൃഷ്ണനു് സുന്ദരിമാരായ ഗോപസ്ത്രീകളെ വരുത്തി രഹഃക്രീഡകൾക്കായുള്ള സ്ഥലം എന്നുകൂടി അത്ഥമുണ്ടു. ഈ അത്ഥം നന്ദഗോപക്കോമ്മവരാതിരിക്കുവാൻവേണ്ടിയാണു് ശ്രീകൃഷ്ണൻ അതിഥിസൽക്കാരത്തിനുള്ള മാഹാത്മ്യത്തെ വിവരിച്ചതു. അത്രയും സമത്ഥനായ ശ്രീകൃഷ്ണനെ എല്ലാവരും ഭജിക്കുവിൻ. അദ്ദേഹം എല്ലാവരേയും രക്ഷിക്കട്ടെ. എന്നു കവിപ്രാത്ഥന.

ഇപ്രകാരം 'ലീലാ' എന്നു പേരായ ഭാഷാവ്യാഖ്യാനത്തിൽ 'സോൽക്കണ്ഠവൈകുണ്ഠം' എന്നു പേരായ ആറാം സർഗ്ഗം കഴിഞ്ഞു.

—:*:—

# ഏഴാം സർഗ്ഗം.

അത്രാന്തരെ ച കുലടാകുലവർത്മഘാത-
സംജാതപാതക ഇവ സ്ഫുടലാഞ്ഛനശ്രീഃ,
വൃന്ദാവനാന്തരമദീപയദംശുജാലൈ-
ർദ്ദിക്‌സുന്ദരീവദനചന്ദനബിന്ദുരിന്ദുഃ. 1

അന്വയാൎത്ഥം—ഈ അന്തരത്തിങ്കൽ കുലടാകുലവർത്മഘാതസഞ്ജാതപാതകനൊ എന്നു തോന്നുമാറു സ്ഫുടലാഞ്ഛനശ്രീയായി ദിക്‌സുന്ദരീവദനചന്ദനബിന്ദുവായിരിക്കുന്ന ഇന്ദുവാകട്ടെ വൃന്ദാവനാന്തരത്തെ അംശുജാലങ്ങളെക്കൊണ്ടു ദീപിപ്പിച്ചു.

സാരം—ഇത്രയുമായപ്പോഴേക്കും (സഖി, രാധയുടെ കഷ്ടാവസ്ഥകളെല്ലാം ശ്രീകൃഷ്ണനോടു ബോധിപ്പിച്ചതിന്നു ശേഷം—പോരുകയൊ അല്ലെങ്കിൽ അവളോടു പറയുവാനുള്ള സന്ദേശം പറയുകയോ ചെയ്യാനായി കാത്തുനില്ക്കുമ്പോൾ), വ്യഭിചാരിണികളുടെ വഴിമുടക്കൽ ഹേതുവായിട്ടുണ്ടായ മഹാപാതകം മൂൎത്തിമത്തായിരിക്കയാണൊ എന്നു തോന്നുമാറു വ്യക്തമായ് പ്രകാശിച്ചുകാണാവുന്ന ലാഞ്ഛനത്തോടു കൂടിയവനും, (സ്ത്രീകളുടെ മാൎഗ്ഗത്തെ [ഗതിയെ] തടഞ്ഞാൽ കഠിനതടവാണല്ലോ! അത്തരം കഠിനശിക്ഷകൾ അനുഭവിച്ചു തഴമ്പിച്ചുണ്ടായ അടയാളമാണൊ എന്നു തോന്നുമാറുള്ള ലാഞ്ഛനത്തോടുകൂടിയവനും) ദിക്കുകളാകുന്ന സുന്ദരിമാൎക്കു (നെററിയിലിടുന്ന) ചന്ദനപ്പൊട്ടുപോലെയുള്ളവനും, ആയ ചന്ദ്രൻ തന്റെ രശ്മികളെക്കൊണ്ടു വൃന്ദാവനാന്തർഭാഗം മുഴുവനും പ്രകാശിപ്പിച്ചു. 'ആകാശം നിൎമ്മലമായിരുന്നു, മഴക്കാറുകളൊന്നുമുണ്ടായിരുന്നില്ല, ചന്ദ്രനുദിച്ചുയൎന്നു' എന്നു താല്പൎയ്യം.

പ്രസരതി ശശധരബിംബെ
വിഹിതവിളംബെ ച മാധവെ വിധുരാ,
വിരചിതവിവിധവിലാപം
സാ പരിതാപം ചകാരോച്ചൈഃ. 2

അ—ശശധരബിംബം പ്രസരത്തായിരിക്കും സമയത്തിങ്കലും, മാധവൻ വിഹിതവിളംബനായിരിക്കും സമയത്തിങ്കലും—അവൾ വിധുരയായിട്ടു ഉച്ചൈസ്സാകുംവണ്ണം വിരചിതവിവിധവിലാപമായിരിക്കുന്ന പരിതാപത്തെ ചെയ്തു.

സാ—ചന്ദ്രനുദിച്ചുയൎന്നു തുടങ്ങിയപ്പോൾ ശ്രീകൃഷ്ണൻ വരുന്നതു കാണാത്തതിനാൽ (കാമ)പരവശയായി വ്യസനിച്ചു—നിലത്തു കിടന്നുരുളുക, മാറത്തടിക്കുക ഉറക്കെ നിലവിളിക്കുക ഇങ്ങിനെ പലവിധത്തിലും വ്യസനിച്ചു. (സന്തപിച്ചു).

കഥിതസമയേऽപി ഹരിരഹഹ ന യയൌ വനം,
മമ വിഫലമിദമമലരൂപമപി യൌവ്വനം.
യാമി ഹേ! കമിഹ ശരണം സഖീജന
വചനവഞ്ചിതാഹം. (പല്ലവി). 3

ഞ—ഹേ ഈശ്വര! ഞാനിവിടെ ആരെ ശരണത്തെ യാനംചെയ്യുന്നു? ഞാൻ സഖീജനവചനവഞ്ചിതയായിട്ടു ഭവിക്കുന്നു. ഹരി കഥിതസമയത്തിങ്കലുംകൂടി വനത്തെ യാനംചെയ്തില്ല. അമലരൂപമായിരിക്കുന്ന എന്റെ ഈ യൌവ്വനവുംകൂടി വിഫലമായിട്ടു ഭവിക്കുന്നു. അഹഹ!.

സാ—ജഗദീശ്വര! ഞാനാരെയാണു ശരണം പ്രാപിക്കേണ്ടതു്?. സഖീജനങ്ങളുംകൂടി എന്നെ പറഞ്ഞു ചതിച്ചുവല്ലോ! പറഞ്ഞ സമയത്തേക്കു ശ്രീകൃഷ്ണനിങ്ങോട്ടു വന്നതുമില്ല. ഏററവും ഉൽകൃഷ്ടമായ (ആരാലും കാമ്യമായ) എന്റെ ഈ യൌവ്വനംകൊണ്ടു് യാതൊരു പ്രയോജനവും ഇല്ലാതായല്ലോ! ഹാ കഷ്ടം! 'അഹഹ!' എന്നതുകൊണ്ടു—നിലത്തു കിടന്നുരുളുക മാറത്തടിക്കുക മുതലായവ ധ്വനിക്കുന്നു. ഇവിടെ "സഖികൾ ചതിച്ചു, ശ്രീകൃഷ്ണൻ പറഞ്ഞ സമയത്തെത്തിയതുമില്ല" എന്നു പറഞ്ഞതുകൊണ്ടു "ശ്രീകൃഷ്ണനെ കൂട്ടിക്കൊണ്ടു വരുവാൻ പോയ തന്റെ സഖി, തന്നെ ചതിച്ചു അവിടെ അദ്ദേഹത്തോടു കൂടി രമിക്കുന്നുണ്ടായിരിക്കും" എന്നുള്ള രാധയുടെ ശക്തിയായ ശങ്കകൂടി ധ്വനിക്കുന്നു. ഈ ധ്വനി എനി പറയുന്ന 6 ഗീതങ്ങളിലേക്കും ഒരുപോലെ ബാധകമാകുന്നു. "യാമിഹേ" എന്നുതുടങ്ങി 'വഞ്ചിതാഹം' എന്നതുവരെ പല്ലവി. ഇതിലെ പദാൎത്ഥങ്ങൾ എനി പറയുന്ന 7 ഗീതങ്ങളിലേക്കും യഥോചിതം യോജിപ്പിച്ചുകൊൾക.

യദനുഗമനായ നിശി ഗഹനമപി ശീലിതം,
തേന മമ ഹൃദയമിദമസമശരകീലിതം. യാമിഹേ!..

അ—യദനുഗമനത്തിന്നായിക്കൊണ്ടു എന്നാൽ നിട്ടിങ്കൽ ഗമനവും ശീലിതമായിട്ടു ഭവിക്കുന്നു, അദ്ദേഹത്താൽ എന്റെ ഈ ഹൃദയവുംകൂടി അസമശരകീലിതമായിട്ടു ഭവിക്കുന്നു.

സാ—ആരോടുകൂടി ക്രീഡിക്കുവാനാണൊ ഞാൻ രാത്രിസഞ്ചാരവുംകൂടി ശീലിച്ചിട്ടുള്ളതു്—ആ ശ്രീകൃഷ്ണന്റെ സൌന്ദൎയ്യസൌശീല്യാദികളാൽ ഞാൻ വശീകൃത

യായിരിക്കുന്നു, എന്റെ ഹൃദയം (കാമപാരവശ്യംകൊണ്ടു്) പിളരുന്നതുപോലെ തോന്നുന്നു. കഷ്ടം!

മമ മരണമേവ വരമതിവിതഥകേതനാ,
കിമിതി വിഷഹാമി വിരഹാനലമചേതനാ.
യാമിഹേ!. 5

അ—എനിക്കു മരണംതന്നെ വരമായിട്ടു ഭവിക്കുന്നു. ഞാൻ അവിതഥകേതനയായി അചേതനയായിട്ടു എന്തിനാണു് വിരഹാനലനെ വിഷഹിക്കുന്നതു്?.

സാ—ശ്രീകൃഷ്ണൻ നിശ്ചിതസമയത്തു സങ്കേതസ്ഥാനത്തെത്താത്തതിനാൽ—ഞാൻ നിഷ്ഫലയായി മരണമട്ടത്തവളായിട്ടു എന്തിന്നുവേണ്ടിയാണു് ഇങ്ങിനെ അഗ്നിക്കു സദൃശമായ ഈ വിരഹദുഃഖത്തെ സഹിക്കുന്നു? അതുകൊണ്ടു ഇപ്പോൾ ഞാൻ മരിക്കുന്നതാണേററവുമുത്തമം.

അഹഹ! കലയാമി വലയാദി മണിഭൂഷണം,
ഹരിവിരഹദഹനവഹനേന ബഹുദൂഷണം
യാമി ഹേ!. 6

അ—ഞാൻ ഹരിവിരഹദഹനവഹനൻ ഹേതുവായിട്ടു വലയാദിമണിഭൂഷണത്തെ ബഹുദൂഷണമായി കലനംചെയ്യുന്നു അഹഹ!.

സാ—ശ്രീകൃഷ്ണന്റെ വേർപാടാകുന്ന അഗ്നിയെ (കാമപാരവശ്യത്തെ) സഹിയാതെ രത്നഖചിതങ്ങളായ വള, നൂപുരം, മോതിരം മുതലായ ആഭരണങ്ങളെല്ലാം നിഷ്പ്രയോജനങ്ങളായും വളരെ ദൂഷ്യങ്ങളായും കണക്കാക്കുന്നു. ഹാ കഷ്ടം! എനിക്കീവിധം ഭവിച്ചുവല്ലോ! എന്നുള്ള ശോച്യാവസ്ഥ ധ്വനിക്കുന്നു.

മാമിഹ ഹി വിധുരയതി മധുരമധുയാമിനീ,
കാപി ഹരിമനുഭവതി കൃതസുകൃതകാമിനീ
യാമി ഹേ! 7

അ—ഇതിങ്കൽ (ഇവിടെ) മധുരമധുയാമിനീ എന്നെ വിധുരയാക്കിച്ചെയ്യുന്നു. കൃതസുകൃതകാമിനിയായ ഒരുവൾ ഹരിയെ അനുഭവിക്കുന്നു കഷ്ടം.

സാ—വസന്തകാലത്തെ ഏററവും മനോഹരമായ ഈ രാത്രിസമയം എനിക്കു വല്ലാതെ പാരവശ്യത്തെ വദ്ധിപ്പിക്കുന്നു. മുമ്പു വളരെ സൽക്കമ്മങ്ങളനുഷ്ഠിച്ചതുകൊണ്ടു ശ്രീകൃഷ്ണന്റെ സ്നേഹത്തിന്നു പാത്രമായ ഒരു സുന്ദരി അദ്ദേഹത്തോടുകൂടി രമിക്കുന്നു. കഷ്ടം! ഞാനീവിധത്തിലായല്ലോ!.

കുസുമസുകുമാരതനുമതനുശരലീലയാ,
സ്രഗപി ഹൃദി ഹന്തി മാമതി വിഷമശീലയാ
യാമി ഹേ!. 8

അ—അതിവിഷമശീലയായിരിക്കുന്ന അതനുശരലീല ഹേതുവായിട്ടു സ്രക്കുംകൂടി കുസുമസുകുമാരതനുവായിരിക്കുന്ന എന്നെ ഹൃത്തിങ്കൽ ഹനിക്കുന്നു.

സാ—അതിക്രൂരസ്വഭാവിയായ കാമദേവന്റെ ദുവ്വിനോദംകൊണ്ടു ഈ പുഷ്പമാലയുംകൂടി പൂക്കളേക്കാൾ മാദ്ദവമേറിയ എന്റെ മാറിൽ വേദനയുണ്ടാക്കുന്നു. ഹാ കഷ്ടം!.

അഹമിഹ നിവസാമി യദിന വിഗണിതവേതസാ,
സ്മരതി മധുസൂദനൊ മാമപി ന ചേതസാ യാമി ഹേ! 9

അ—ഞാൻ ഇവിടെ വിഗണിതവേതസയായിട്ടു നിവസിക്കുന്നുവെങ്കിലും, മധുസൂദനൻ എന്നെ ചേതസ്സു കൊണ്ടുകൂടി സ്മരിക്കുന്നില്ല.

സാ—ഞാൻ ഈ (വള്ളിക്കുടിലിൽ) ആറുവഞ്ചികളുടെ ഇടയിൽ ഉഷ്ണവും ശൈത്യവും ഒന്നും കണക്കാക്കാതെ ഇരുന്നിട്ടും ശ്രീകൃഷ്ണൻ എന്നെ ഒന്നോൎമ്മിക്കുകകൂടി ചെയ്യുന്നില്ല. ഈ ഏഴു ഗീതങ്ങളിലും രാധയുടെ വൎദ്ധിച്ച കാമപാരവശ്യവും, കാമപാരവശ്യം മൂൎദ്ധന്യദശയെ പ്രാപിച്ചിരിക്കുന്നു എന്നും ധ്വനിക്കുന്നു.

ഹരി ചരണ ശരണ ജയ ദേവകവിഭാരതീ,
വസതു ഹൃദി യുവതി രിവ കോമളകലാവതീ
യാമി ഹേ! 10

അ—കോമളകലാവതിയായിരിക്കുന്ന ഹരി ചരണ ശരണ ജയദേവകവിഭാരതീ യുവതി എന്നപോലെ സഹൃദയന്മാരുടെ ഹൃത്തിങ്കൽ വസിക്കട്ടെ.

സാ—കോമളകലകളിൽ നിപുണയായ ഒരു യുവതി എന്നപോലെ—ശ്രീകൃഷ്ണന്റെ പരമഭക്തനായ ശ്രീജയദേവകവിയുടെ—ഈ കവിത സഹൃദയന്മാരായ (ഭക്തന്മാരായ സജ്ജനങ്ങൾ) സജ്ജനങ്ങളുടെ മനസ്സിൽ എല്ലാപ്പോഴും സ്ഥിതിചെയ്യട്ടെ. സജ്ജനങ്ങൾ എല്ലാപ്പോഴും ശ്രീകൃഷ്ണനെ ഓൎമ്മിക്കട്ടെ എന്നും, ഈ കൃതിപാരായണം ചെയ്യട്ടെ എന്നും കവിപ്രാൎത്ഥന.

തൽകിം കാമപി കാമിനീമഭിസൃതഃ
കിംവാ കലാകേളിഭിർ-
ബ്ബദ്ധൊ ബന്ധുഭിരന്ധകാരിണിവനോ-
പാന്തെ കിമു ഭ്രാമ്യതി,
കാന്തഃ ക്ലാന്തമനാ മനാഗപി പഥി
പ്രസ്ഥാതുമേവാക്ഷമ-
സ്സങ്കേതീകൃതമഞ്ജു വഞ്ജുളലതാ-
കുഞ്ജേഽപി യന്നാഗതഃ. 11

അ—കാന്തൻ യാതൊന്നു ഹേതുവായിട്ടു സങ്കേതീകൃതമഞ്ജുവഞ്ജുളലതാകുഞ്ജത്തിങ്കൽ ആഗതനായില്ല അതുഹേതുവായിട്ടു—അദ്ദേഹം ഒരു കാമിനിയെ അഭിസൃതനായിട്ടു ഭവിച്ചുവൊ!, അല്ലെങ്കിൽ—കലാകേളികളെക്കൊണ്ടു ബന്ധുക്കളാൽ ബദ്ധനായൊ!, അഥവാ അന്ധകാരിയായിരിക്കുന്ന വനത്തിൽ ഭ്രമിക്കുന്നുവൊ!, അല്ലെങ്കിൽ ക്ലാന്തമനസ്സായിട്ടു പന്ഥാവിങ്കൽ പ്രസ്ഥാനം ചെയ്വാനായിക്കൊണ്ടു കുറച്ചെങ്കിലും അക്ഷമനായിട്ടുതന്നെ ഭവിച്ചുവൊ!.

സാ—രാധ, ശ്രീകൃഷ്ണൻ വരാതിരിക്കുവാനുള്ള കാരണങ്ങളെ പല പ്രകാരത്തിലും ആശങ്കിക്കുന്നു—എന്റെ പ്രിയതമനായ ശ്രീകൃഷ്ണൻ പറഞ്ഞ സമയത്തേക്ക്—മനോഹരങ്ങളായ ആററുവഞ്ഞികൾ നിറയെ നിൽക്കുന്ന ഈ വള്ളിക്കുടിലിലിതുവരയുമെത്തിയില്ലല്ലോ! അദ്ദേഹമൊരുപക്ഷെ മററു സുന്ദരിമാരായ ഗോപസ്ത്രീകളോടുകൂടി രമിക്കുന്നുണ്ടായിരിക്കുമൊ!, അല്ലെങ്കിൽ—പ്രത്യേകമായി വല്ല വിനോദങ്ങളും നിശ്ചയിച്ചു അതുകണ്ടു രസി

ക്കവാൻ ബന്ധുജനങ്ങൾ അദ്ദേഹത്തെ കൂട്ടിക്കൊണ്ടുപോയിരിക്കുമൊ!, അഥവാ കാട്ടിൻനടുവിൽ ഇരുളടഞ്ഞ ഭാഗങ്ങളിൽ ഇങ്ങോട്ടുള്ള വഴി തിരിച്ചറിയാതെ ചുററിത്തിരിയുന്നുണ്ടായിരിക്കുമൊ!, അല്ലെങ്കിൽ ഇങ്ങോട്ടു പോരുമ്പോൾ മാൎഗ്ഗമദ്ധ്യെ ക്ഷീണിച്ചു തളൎന്നു തീരെ നടക്കുവാൻ വഹിയാതെ ഇരിക്കുന്നുണ്ടായിരിക്കുമൊ!, ഇവിടെ ഓരോ ആശങ്കകൾക്കും പ്രത്യേകകാരണങ്ങൾ ഊഹിക്കേണ്ടതാണ്. വിസ്തരഭയംകൊണ്ടിവിടെ ചേൎക്കുന്നില്ല.

അഥാഗതാം മാധവമന്തരേണ
സഖീമിയം വീക്ഷ്യ വിഷാദമൂകാം,
വിശങ്കമാനാ രമിതം കയാപി
ജനാൎദ്ദനം ദൃഷ്ടവദേതദാഹ. 12

അ—അനന്തരം മാധവനെ കൂടാതെ ആഗതയായി വിഷാദമൂകയായിരിക്കുന്ന സഖിയെ വീക്ഷിച്ചിട്ടു ഇവൾ ജനാർദ്ദനനെ ഒരുത്തിയാൽ രമിതനായി വിശങ്കമാനയായിട്ടു ദൃഷ്ടയായിട്ടുള്ളവൾ എന്നപോലെ ഇതിനെ പറഞ്ഞു.

സാ—മേല്പറഞ്ഞപ്രകാരം ഓരോന്നു ശങ്കിച്ചതിന്നു ശേഷം ശ്രീകൃഷ്ണനോട്ടു കൂടാതെ വളരെ വ്യസനിച്ചുകൊണ്ടു വന്ന സഖിയെ കണ്ടു—ശ്രീകൃഷ്ണൻ ചില ഗോപസ്ത്രീകളോട്ടുകൂടി രമിക്കുന്നു എന്ന ശങ്കയോടെ (സംഭവം നേരിട്ടു കണ്ടപോലെ അത്രയും ദൃഢമായ് താഴെ പറയുംപ്രകാരം പറഞ്ഞു).

സ്മരസമരോചിത വിരചിതവേഷാ,
ഗളിതകുസുമഭരവിലുളിതകേശാ.
കാപി മധുരിപുണാ വിലസതി
യുവതിരധികഗുണാ. (പല്ലവി) 13

അ—ഹേ സഖി! സ്മരസമരോചിതവിരചിതവേഷ യായി, ഗളിതകുസുമഭരവിലുളിതകേശയായി, അധികഗു ണയായിരിക്കുന്ന ഒരു യുവതി മധുരിപുവിനോടുകൂടെ വി ലസിക്കുന്നു.

സാ—പ്രിയ സഖി! കാമക്രീഡകൾക്കനുരൂപമായ വേഷഭൂഷാദികളോടുകൂടിയവളും, (കാമക്രീഡയിൽ കചാ കൎഷണം മുതലായവയാൽ ശിരസ്സിൽ ധരിച്ച മാലകളും പൂക്കളും എല്ലാം വീണുപോവുകയാൽ ചിന്നിച്ചിതറിയ തലമുടിയോടുകൂടിയവളും), എന്നേക്കാൾ കൂടുതൽ സൌ ന്ദൎയ്യാദിഗുണങ്ങളുള്ളവളുമായ ഒരു യുവതി ശ്രീകൃഷ്ണനോടു കൂടി രതിക്രീഡ ചെയ്യുന്നു.

ഹരിപരിരംഭണ ലളിതവികാരാ,

കുചകലശോപരി തരളിതഹാരാ. കാപി. 14

അ—ഹേ സഖി! ഹരിപരിരംഭണലളിതവികാരയാ യി, കുചകലശോപരിതരളിതഹാരയായിരിക്കുന്ന ഒരു യുവതി മധുരിപുവിനോടുകൂടി വിലസിക്കുന്നു.

സാ—സഖി! ശ്രീകൃഷ്ണൻ ആലിംഗനംചെയ്തതുകൊ ണ്ടു് ആവിൎഭൂതങ്ങളായ സീല്ക്കാരം രോമാഞ്ചം തുടങ്ങിയ കാമവികാരങ്ങളോടുകൂടിയവളും സ്തനതടങ്ങളിൽ ഇളകി ക്കൊണ്ടിരിക്കുന്ന മുത്തുമാലകളോടുകൂടിയവളും ആയ ഒരു യുവതി ശ്രീകൃഷ്ണനോടുകൂടി വിവിധക്രീഡകൾ ചെയ്യുന്നു. "കാപിമധുരിപുണാ വിലസതി യുവതിരധികഗുണാ" എ ന്നതു പല്ലവി. ഇതിലെ പദാൎത്ഥങ്ങൾ മുൻഗീതത്തിൽ പറഞ്ഞതുപോലെ ഈ ഗീതത്തിലും എനി പറയുന്ന 6 ഗീതങ്ങളിലും യഥോചിതം യോജിപ്പിച്ചുകൊൾക.

വിചലദളകലളിതാനനചന്ദ്രാ,
തദധരപാനരഭസകൃതതന്ദ്രാ. കാപി. 15

അ—ഹേ സഖി! വിചലദളകലളിതാനനചന്ദ്രയായി, തദധരപാനരഭസകൃതതന്ദ്രയായിരിക്കുന്ന ഒരു യുവതി മധുരിപുവിനോടുകൂടി വിലസിക്കുന്നു.

സാ—സഖി! എല്ലായ്പ്പോഴും ഇളകിക്കൊണ്ടിരിക്കുന്ന കുറുനിരകളെക്കൊണ്ടു സുന്ദരവും, ചന്ദ്രനോടു സദൃശവുമായ മുഖത്തോടുകൂടിയവളും, അദ്ദേഹത്തിന്റെ അധരം പാനം ചെയ്യുന്നതിൽ ബദ്ധപ്പാടുള്ളവളും ആയ ഒരു യുവതി ശ്രീകൃഷ്ണനോടുകൂടി രമിക്കുന്നു.

ചഞ്ചലകുണ്ഡലലളിതകപോലാ,
മുഖരിതരശനജഘനഗതിലോലാ. കാപി. 16

അ—ഹേ സഖി! ചഞ്ചലകുണ്ഡലലളിതകപോലയായി മുഖരിതരശനജഘനഗതിലോലയായിരിക്കുന്ന ഒരു യുവതി മധുരിപുവിനോടുകൂടി വിലസിക്കുന്നു.

സാ—കൎണ്ണങ്ങളിൽ ധരിച്ച കുണ്ഡലങ്ങൾ ഇളകുന്നതുകൊണ്ടു കൂടുതൽ ശോഭിക്കുന്ന കവിൾത്തടങ്ങളോടുകൂടിയവളും, നടക്കുമ്പോഴും മററും അരക്കെട്ടിൽ ധരിച്ചിരിക്കുന്ന അരഞ്ഞാൺ ശബ്ദിക്കുന്നതുകൊണ്ടു കൂടുതൽ രമണീയയുമായ ഒരു സുന്ദരി ശ്രീകൃഷ്ണനോടുകൂടി ക്രീഡിക്കുന്നുണ്ടു.

ദയിതവിലോകിതലജ്ജിതഹസിതാ,
ബഹുവിധകൂജിതരതിരസരസിതാ. കാപി 17

അ—ഹേ സഖി! ദയിതവിലോകിതലജ്ജിതഹസിതയായി, ബഹുവിധ കൂജിതരതിരസരസിതയായിരിക്കുന്ന ഒരു യുവതി മധുരിപുവിനോടുകൂടി വിലസിക്കുന്നു.

സാ—സഖി! ഭൎത്താവിന്റെ അഭിപ്രായ ഗൎഭങ്ങളായ കടാക്ഷവീക്ഷണങ്ങൾകൊണ്ടു ലജ്ജിക്കുന്നവളും, മന്ദഹസിക്കുന്നവളും പലേവിധത്തിലുള്ള കൂജിതങ്ങളോടും രതിരസിതങ്ങളോടും കൂടിയവളും (കൂജിതം=സുരതാവസരത്തിൽ മാടപ്രാവുകളുടേയും അരയന്നങ്ങളുടേയും ശബ്ദംപോലുള്ള ശബ്ദം പുറപ്പെടുവിക്കുക. സീൽക്കാരം=എരിവുള്ളതൊ ഏററവും ചൂടുള്ളതൊ ആയ പദാൎത്ഥങ്ങൾ ഉപയോഗിച്ചാലൊ, ശൈത്യബാധയാലൊ സാധാരണ മനുഷ്യർ പുറപ്പെടുവിക്കാറുള്ള ശബ്ദംപോലെ സുരതാവസരത്തിൽ പുറപ്പെടുവിക്കാറുള്ള ഒരു തരം ശബ്ദം.) ആയ ഒരു യുവതി ശ്രീകൃഷ്ണനോടുകൂടി കാമക്രീഡകൾ ചെയ്യുന്നു.

വിപുലപുളകപൃഥുവേപഥുഭംഗാ,
ശ്വസിതനിമീലിതവികസദനംഗാ. കാപി. 18

സാ—സഖി! വിപുലപുളകപൃഥുവേപഥുഭംഗയായി, ശ്വസിതനിമീലിതവികസദനംഗയായിരിക്കുന്ന ഒരു യുവതി മധുരിപുവിനോടുകൂടി വിലസിക്കുന്നു.

സാ—സഖി! ഏററവും വൎദ്ധിച്ച രോമാഞ്ചത്തോടും വിറയലോടും കൂടിയവളും രതിശ്രമംകൊണ്ടു ദീൎഘനിശ്വാസത്തോടുകൂടിയവളും കുറച്ചുനേരം വിശ്രമിച്ചതിന്നുശേഷം വീണ്ടും രമിക്കുവാൻ (ആഗ്രഹത്തോടുകൂടിയവളും) സന്നദ്ധയും ആയ ഒരു യുവതി ശ്രീകൃഷ്ണനോടുകൂടി പലേ തരത്തിലും ക്രീഡിക്കുന്നു.

ശ്രമജലകണഭരസുഭഗശരീരാ,
പരിപതിതോരസി രതിരണധീരാ. കാപി 19

അ—സഖി! ശ്രമജലകണഭരസുഭഗശരീരയായി രതിരണധീരയായി ഉരസ്സിങ്കൽ പരിപതിതയായിരിക്കുന്ന ഒരു യുവതി മധുരിപുവിനോടുകൂടെ വിലസിക്കുന്നു.

സാ—സുരതത്തിലുള്ള ആയാസംകൊണ്ടും ക്ഷീണംകൊണ്ടും ധാരാളം വിയൎക്കുകയാൽ സുന്ദരമായ ശരീരത്തോടുകൂടിയവളും സുരതക്രീഡകളിൽ ഏററവും ധീരയും (മടുത്തു പിൻമടങ്ങാത്തവൾ എന്നു താല്പൎയ്യം) സുരതാവസാനത്തിൽ ഉണ്ടായ സുഖാതിശയംകൊണ്ടും, ക്ഷീണംകൊണ്ടും അവയവസന്ധിബന്ധങ്ങൾ ആസകലം തളൎന്നു ഭൎത്താവിന്റെ മാൎവ്വിടത്തിൽ ശയിക്കുന്നവളുമായ ഒരുത്തി ശ്രീകൃഷ്ണനോടുകൂടി ഓരോതരം ക്രീഡകൾ ചെയ്യുന്നു.

ശ്രീജയദേവഭണിതഹരിരമിതം.
കലികലുഷം ജനയതു പരിശമിതം. കാപി 20

അ—ശ്രീജയദേവഭണിത ഹരിരമിതമായിരിക്കുന്ന ഇതു് കലികലുഷത്തെ പരിശമിതമാക്കി ജനിപ്പിക്കട്ടെ.

സാ—ശ്രീകൃഷ്ണൻ സുന്ദരിമാരായ ഗോപസ്ത്രീകളോടുകൂടി രമിച്ചതായും, രമിക്കുന്നതായും ശ്രീജയദേവകവി വൎണ്ണിച്ചിട്ടുള്ളതായ ഈ ഗ്രന്ഥം (പാരായണം ചെയ്യുന്നവരുടേയും ശ്രദ്ധയോടെ ശ്രവിക്കുന്നവരുടേയും തന്റേറയും) കലികാലത്തിലുണ്ടാകാവുന്ന പാപങ്ങളെ തീരെ ഇല്ലായ്മ ചെയ്തു മോക്ഷത്തെ പ്രദാനം ചെയ്യേണമേ! എന്നു കവിപ്രാൎത്ഥന.

വിരഹപാണ്ഡുമുരാരിമുഖാംബുജ-
ദ്യുതിരയം തിരയന്നപി വേദനാം,
വിധുരതീവ തനോതി മനോഭുവ-
സ്സുഹൃദയേ! ഹൃദയേ മദനവ്യഥാം. 21

അ—അയെ സഖി! ഈ വിധുവിരഹപാണ്ഡുമുരാരി മുഖാംബുജദ്യുതിയായിട്ടു വേദനയെ തിരയന്നാണെങ്കിലും മനോഭൂവിന്റെ സുഹൃത്തായിട്ടു ഏററവും മദനവ്യഥയെ ചെയ്യുന്നു.

സാ—അല്ലയൊ സഖി! ഈ ചന്ദ്രൻ, എന്റെ വിരഹദുഃഖമനുഭവിക്കുന്നതുകൊണ്ടു വിളൎത്തും താമരപ്പൂപോലെയുള്ളതുമായ ശ്രീകൃഷ്ണന്റെ മുഖത്തിന്റെ ആകൃതിയോടുകൂടിയതാണെങ്കിലും കാമദേവന്റെ ചങ്ങാതിയായിട്ടു എനിക്കു് ഏററവും വൎദ്ധിച്ച കാമപാരവശ്യമുണ്ടാക്കിത്തീക്കുന്നു. (വിരഹിജനങ്ങൾക്കു് ചന്ദ്രദൎശനം കാമോദ്ദീപകമാണല്ലോ!.)

സമുദിതമദനെ രമണീവദനെ
ചുംബനചലിതാധരെ,
മൃഗമദതിലകം ലിഖതി സപുളകം
മൃഗമിവ രജനീകരെ.
രമതെ യമുനാപുളിനവനെ വിജയീ മുരാരിരധുനാ
(പല്ലവി). 22

അ—ഹേ സഖി! വിജയിയായിരിക്കുന്ന മുരാരി ഇപ്പോൾ സമുദിതമദനമായി ചുംബനചലിതാധരമായിരിക്കുന്ന രമണീവദനത്തിങ്കൽ മൃഗമദതിലകത്തെ—രജനീകരങ്കൽ സ്ഥിതമായിരിക്കുന്ന ഹരിണത്തെ എന്നപോലെ സപുളകമാകുംവണ്ണം ലേഖനംചെയ്യുന്നു. ഇപ്രകാരം യമുനാപുളിനത്തിങ്കൽ രമിക്കുന്നു.

സാ—കാമക്രീഡാദികളിൽ എല്ലാപ്പോഴും ജയശീലനായ ശ്രീകൃഷ്ണൻ ഇപ്പോൾ—കാമവികാരോദ്ദീപകസമ

ത്ഥങ്ങളായ കടാക്ഷവീക്ഷണങ്ങൾ മുതലായവയോടു കൂടിയവയും ചുംബനേച്ഛയോടെ സജ്ജങ്ങളായ അധരങ്ങളോടു കൂടിയവയുമായ സുന്ദരിമാരായ ഗോപസ്ത്രീകളുടെ —വദനങ്ങളിൽ, ചന്ദ്രനിൽ മാനിൻെറ ആകൃതിയിലുള്ള കളങ്കത്തിൻെറ അതേ രൂപത്തിൽ കസ്തൂരികൊണ്ടു രോമാഞ്ചത്തോടുകൂടെ പൊട്ടു തൊടുവിക്കുന്നു. ഇപ്രകാരം യമുനാതീരത്തിലുള്ള വൃന്ദാവനത്തിൽ രമിക്കുകയാണു്. 'രമതെ' എന്നുതുടങ്ങി 'അധുനാ' എന്നതുവരെ പല്ലവി. ഇതിലെ പദാത്ഥങ്ങൾ എനി പറയുന്ന 7 ഗീതങ്ങളിലും യഥോചിതം യോജിപ്പിച്ചുകൊൾക.

ഘനചയരുചിരെ രചയതി ചികുരെ
തരളിതതരുണാനനെ,
കരവകകുസുമം ചപലാസുഷമം
രതിപതിമൃഗകാനനെ രമതെ. 23

അ—ഹേ സഖി! മുരാരി, ഘനചയരുചിരമായി, തരളിതതരുണാനനമായി, രതിപതി മൃഗകാനനമായിരിക്കുന്ന ചികുരത്തിങ്കൽ ചപലാസുഷമമായിരിക്കുന്ന കരവകകുസുമത്തെ രചിക്കുന്നു. ഇപ്രകാരവും രമിക്കുന്നു.

സാ—ശ്രീകൃഷ്ണൻ കാർമേഘങ്ങളുടെ കൂട്ടംപോലെ കറുത്തു സ്നിഗ്ദ്ധവും ഇടതൂൎന്നുള്ളതും,—എത്ര സുന്ദരന്മാരായ യുവാക്കളുടേയും തല കുലുക്കിക്കുമാറു സുന്ദരവും (ഏതു സുന്ദരന്മാരേയും ആകഷിക്കുവാൻ പൎയ്യാപ്തമായതും) കാമദേവനാകുന്ന മൃഗത്തിന്നു സ്വച്ഛന്ദം വിഹരിക്കുവാൻ പററിയ കാടായിട്ടുള്ളതും യുവാക്കന്മാൎക്കു കാമവികാരോത്തേജകവും ആയ കുടിലകുന്തളത്തിൽ (തലമുടിയിൽ) ഇ

ടിമിന്നലിന്റെ ശോഭപോലുള്ള ശോഭയോടുകൂടിയ കുരബകവൃക്ഷങ്ങളുടെ പൂക്കളെക്കൊണ്ടുണ്ടാക്കിയ മാല ചാൎത്തുന്നു (തിരുകിവെക്കുന്നു).

ഘടയതി സുഘനെ കുചയുഗഗഗനെ
മൃഗമദരുചിരൂഷിതെ,
മണിസരമമലം താരകപടലം
നഖപദശശിഭൂഷിതെ രമതെ. 24

അ—ഹേ സഖി! മുരാരി, സുഘനമായി മൃഗമദരുചിരൂഷിതമായി നഖപദശശിഭൂതമായിരിക്കുന്ന കുചയുഗഗഗനത്തിങ്കൽ അമലമായിരിക്കുന്ന മണിസരമാകുന്ന താരകപടലത്തെ ഘടിപ്പിക്കുന്നു.

സാ—സഖി! ശ്രീകൃഷ്ണൻ, കാർമേഘങ്ങാം നിറയെ വ്യാപിച്ചിട്ടുള്ളതും നീലവൎണ്ണമായിട്ടുള്ളതും അപൂൎണ്ണ (പഞ്ചമീ) ചന്ദ്രനെക്കൊണ്ടു ശോഭിക്കുന്നതുമായ ആകാശത്തിൽ നക്ഷത്രസമൂഹമെന്നപോലെ—ഇടതിങ്ങിയതും ഹിമജലം മുതലായ ദ്രവങ്ങളിൽ കസ്തൂരി ചാലിച്ചു പുരട്ടിയതുകൊണ്ടു നീലവൎണ്ണമായിട്ടുള്ളതും നഖക്ഷതങ്ങാം ധാരാളമുള്ളതുമായ (സുന്ദരിമാരുടെ) സ്തനതടങ്ങളിൽ ലേശം പോലും അഴക്കില്ലാത്തതും നല്ല ശോഭയുള്ളതുമായ മുത്തുമാല അണിയുന്നു. ഇപ്രകാരം വൃന്ദാവനത്തിൽ ക്രീഡിക്കുകയാണു.

ജിതബിസശകലെ മൃദുഭുജയുഗളെ
കരതലനളിനീദളെ,
മരതകവലയം മധുകരനിചയം
വിതരതി ഹിമശീതളെ. രമതെ. 25

അ—ഹേ സഖി! മുരാരി, ജിതബിസശകലമായി കരതലനളിനീദളമായി ഹിമശീതളമായിരിക്കുന്ന മൃദുളജയുഗളത്തിൽ—മധുകരനിചയത്തെ എന്നപോലെ മരതകവലയത്തെ വിതരണം ചെയ്യുന്നു.

സാ—സഖി! ശ്രീകൃഷ്ണൻ, തേൻ കുടിക്കുവാനുള്ള അത്യാസക്തിയോടെ വണ്ടുകൾ താമരത്തണ്ടിൽ ചെന്നിരിക്കുകയാണൊ എന്നു തോന്നുമാറു, താമരവളയത്തോക്കാൾ മാദ്ദവമുള്ളവയും, താമരഇലകൾപോലെ അത്രയും മൃദുക്കളുമായ കൈപ്പടങ്ങളോടു കൂടിയവയും, മഞ്ഞുവെള്ളംപോലെ ശൈത്യഗുണമുള്ളവയും ആയ കൈത്തണ്ടുകളിൽ മരതകരത്നങ്ങളെക്കൊണ്ടുണ്ടാക്കിച്ച വളകളെ ധരിപ്പിക്കുന്നു.

രതിഗൃഹജഘനെ വിപുലാപഘനെ
മനസിജകനകാസനെ,
മണിസരരശനം തോരണഹസനം
വികിരതി കൃതവാസനെ. രമതെ. 26

അ—ഹേ സഖി! മുരാരി, മനസിജകനകാസനമായി കൃതവാസനമായി വിപുലാപഘനമായിരിക്കുന്ന രതിഗൃഹജഘനത്തിങ്കൽ തോരണ ഹസനമായിരിക്കുന്ന മണിസരരശനത്തെ വികിരണം ചെയ്യുന്നു.

സാ—സഖി! ശ്രീകൃഷ്ണൻ, കാമദേവന്റെ രത്നഖചിതമായ സിംഹാസനത്തെപ്പോലെയുള്ളതും കസ്തൂരി തുടങ്ങിയ വാസനദ്രവ്യങ്ങൾ അനുലേപനം ചെയ്തിട്ടുള്ളതും ധാരാളം വിസ്താരമുള്ള അംഗമായ് ഭവിച്ചിട്ടുള്ളതും കാമദേവന്റെ ഭാൎയ്യയായ രതീദേവിയുടെ വാസഗൃഹവും ആ

യ,—സുന്ദരിമാരായ ഗോപസ്ത്രീകളുടെ അരക്കെട്ടിന്നു മുൻഭാഗത്തിൽ (ഉത്സവാദികളിൽ ഗൃഹത്തിൻെറ മുൻവശത്തു കാലുകൾ നാട്ടി വിലങ്ങനെ തൂക്കാറുള്ള മാലകളേക്കാൾ ശോഭയും ഭംഗിയും ഉള്ള) മുത്തുമാലകൾ, ആരഞ്ഞാൺ മുതലായ ആഭരണങ്ങൾ അണിയിക്കുന്നു.

ചരണകിസലയെ കമലാനിലയെ
നഖമണിഗണപൂജിതെ,
ബഹിരാവരണം യാവകഭരണം
ജനയതി ഹൃദി യോജിതെ. രമതെ 27

അ—ഹേ സഖി! മുരാരി, കമലാനിലയമായി നഖമണിഗണപൂജിതമായിരിക്കുന്ന ചരണകിസലയം ഹൃത്തിങ്കൽ യോജിതമായിരിക്കും സമയത്തിങ്കൽ യാവകഭരണമാകുന്ന ബഹിരാവരണത്തെ ജനിപ്പിക്കുന്നു.

സാ—സഖി! ശ്രീകൃഷ്ണൻ, വളരെ ശോഭയുള്ളതും, സുന്ദരമായതും രത്നങ്ങൾക്കു സദൃശമായ നഖങ്ങളോടുകൂടിയതും, തളിരിനു സമാനമായതുമായ കാൽ എടുത്തു തൻെറ മാറിൽവെച്ചു കാലിൻെറ ശോഭ പോകാതിരിക്കുവാൻ വേണ്ടിയാണൊ എന്നു തോന്നുമാറു ചെമ്പഞ്ഞിച്ചാറെടുത്തു തേക്കുന്നു.

ധ്യായതി സദൃശം കാമപി സുദൃശം
ഖലഹലധര സോദരെ,
കിമഫലമവസം ചിരമിഹ വിരസം
വദ സഖി! വിടപോദരെ. രമതെ 28

അ—ഹേ സഖി! ഖലഹലധരസോദരൻ, സദൃക്കായിരിക്കുന്ന ഒരു സുദൃക്കിനെ ധ്യായന്നായിരിക്കുംസമയത്തിങ്കൽ 'എന്തു ഹേതുവായിട്ടു ഞാൻ ഈ വിടപോദര

ത്തിങ്കൽ അഫലമാകുംവണ്ണവും വിരസമാകുംവണ്ണവും ചിരം വസിച്ചു? ഹേ സഖി! നീ വദിച്ചാലും! ഇപ്രകാരം മുരാരി രമിക്കുന്നു.

സാ—സഖി! ബലരാമൻെറ അനുജനും ധൃഷ്ടനുമായ ശ്രീകൃഷ്ണൻ തനിക്കു യോജിച്ച ഒരു സുന്ദരിയെ വിചാരിച്ചുകൊണ്ടു ഒരു മരപ്പൊത്തിലിരിക്കുമ്പോൾ ഒരു ഗോപസ്ത്രീ കൃഷ്ണനെ കാണുകയും അപ്പോൾ അവളോടായി— "അല്ലയൊ സുന്ദരി! ഞാനിത്രനേരം എന്തിനാണു് വെറുതെ ഇവിടെ മുഷിഞ്ഞു് ഇരുന്നതു്" എന്നു ചോദിച്ചുകൊണ്ടു ആ സുന്ദരിയോടുകൂടി രമിക്കുന്നു.

ഈ പറഞ്ഞ 7 ഗീതങ്ങളിലും രാധയുടെ വദ്ധിച്ച കാമപാരവശ്യവും, ശ്രീകൃഷ്ണൻ അന്യഗോപസ്ത്രീകളോടുകൂടി ക്രീഡിക്കുന്നതുകൊണ്ടു അദ്ദേഹത്തോടുള്ള ഈൎഷ്യയും പ്രാധാന്യേന ധ്വനിക്കുന്നു.

ഇഹ രസഭണനെ കൃതഹരിഗുണനെ
മധുരിപുപദസേവകെ,
കലിയുഗചരിതം ന വസതു ദുരിതം
കവിനൃപജയദേവകെ രമതെ. 29

അ—ഹേ ഈശ്വര! ഈ രസഭണനത്തിങ്കൽ കൃതഹരിഗുണനനായി മധുരിപുപദസേവകനായിരിക്കുന്ന കവിനൃപജയദേവകങ്കൽ കലിയുഗചരിതമായിരിക്കുന്ന ദുരിതം വസിക്കരുതേ!

സാ—അല്ലയോ സൎവ്വേശ്വര! ശ്രീകൃഷ്ണനെ സംബന്ധിച്ചുള്ള വിപ്രലംഭശൃംഗാരം വൎണ്ണിക്കുവാനൊരുങ്ങിയ (ഈ ഗ്രന്ഥത്തിൽ വേണ്ടതുപോലെ വൎണ്ണിച്ചിട്ടുള്ള)വനും, ശ്രീകൃഷ്ണൻെറ പരമഭക്തനും, കവിരാജനും ജയദേവൻ

എന്ന പേരോടുകൂടിയവനും ആയ എന്നിൽ—കലിയുഗത്തിൽ സാധാരണക്കാൎക്കുണ്ടാകാവുന്ന ദുരിതങ്ങളൊന്നും ഉണ്ടാകരുതേ! കഷ്ടപ്പാടുകൾ അനുഭവിക്കേണ്ടിവരരുതേ! എന്നു കവിപ്രാൎത്ഥന.

നായാതസ്സഖി! നിൎദ്ദയോ യദി ശഠ-
സ്ത്വം ദൂതി! കിം ദൂയസെ?
സ്വച്ഛന്ദം ബഹുവല്ലഭസ്സ രമതെ
കിം തത്ര തേ ദൂഷണം?
പശ്യാദ്യ പ്രിയസംഗമായ ദയിത-
സ്യാകൃഷ്യമാണം ഗുണൈ-
രുൽകണ്ഠാതിഭരാദിവ സ്ഫുടദിദം
ചേതസ്സ്വയം യാസ്യതി. 30

അ—ഹേ ദൂതി! നിൎദ്ദയനായി ശഠനായിരിക്കുന്ന അദ്ദേഹം ആയാതനായി ഭവിച്ചില്ല എങ്കിൽ നീ എന്തിന്നു ദുഃഖിക്കുന്നു? ബഹുവല്ലഭനായിരിക്കുന്ന അദ്ദേഹം സ്വച്ഛന്ദമാകുംവണ്ണം രമിക്കുന്നു, അതിങ്കൽ നിനക്കെന്തു ദൂഷണമാണു ഭവിക്കുന്നതു? ഈ ചേതസ്സു തന്നെത്താൻ ദയിതന്റെ ഗുണങ്ങളാൽ ആകൃഷ്യമാണമായി ഉൽകണ്ഠാതിഭരം ഹേതുവായിട്ടോ എന്നു തോന്നുമാറു സ്ഫുടത്തായിട്ടു പ്രിയസംഗമത്തിന്നായിക്കൊണ്ടു ഇന്നു യാനംചെയ്യും. ഹേ സഖി! നീ ദൎശിച്ചാലും.

സാ—എനിക്കുവേണ്ടി വളരെ ബുദ്ധിമുട്ടുകൾ സഹിച്ചു ദൌത്യം നിൎവ്വഹിച്ച പ്രിയസഖി! മററുള്ളവരിൽ ലേശംപോലും ദയയില്ലാത്ത (പരവേദനാനഭിജ്ഞനായ)

ദുഷ്ടനായ ശ്രീകൃഷ്ണൻ വന്നില്ലെങ്കിൽ വേണ്ട നീ എന്തിനാണു വ്യസനിക്കുന്നതു? മാത്രമല്ല അദ്ദേഹത്തിന്നു മററനേകം ഭാര്യമാരുണ്ടു, അവരോട്ടുകൂടി യഥേഷ്ടം ക്രീഡിച്ചുകൊള്ളട്ടെ, അതിൽ നിനക്കെന്താണൊരു ദോഷം വരുവാനുള്ളതു? എന്റെ ഈ മനസ്സ തന്നെ. താൻ ഭർത്താവിന്റെ (ശ്രീകൃഷ്ണന്റെ) സൌന്ദര്യസൌശീല്യാദി ഗുണങ്ങളിൽ ഉള്ള താല്പര്യംകൊണ്ടു ഭ്രമിച്ചു അതിലുള്ള അത്യാസക്തികൊണ്ടു ഭർത്തൃസംയോഗത്തിന്നായിക്കൊണ്ടു വളരെ വ്യക്തമായി (പരസ്യമായ്) പോകുന്നതു നീ കണ്ടുകൊള്ളു. (ശ്രീകൃഷ്ണൻ ഇന്നു വന്നില്ലെങ്കിൽ ഇന്നുതന്നെ താൻ മരിക്കും. ഇതിലധികം ജീവിച്ചിരിക്കുവാൻ ആശയോ ശേഷിയൊ തനിക്കില്ലെന്നു രാധ നിശ്ചയിച്ചുകഴിഞ്ഞു എന്നു താല്പര്യം).

അനിലതരളകുവലയനയനേന,
തപതി ന സാ കിസലയശയനേന-
യാ രമിതാ വനമാലിനാ സഖി! 31

അ—ഹേ സഖി! അനിലതരളകുവലയനയനനായിരിക്കുന്ന വനമാലിയാൽ യാവളൊരുത്തി രമിതയായി അവൾ കിസലയശയനം ഹേതുവായിട്ടു തപിക്കുന്നില്ല.

സാ—പ്രിയ സഖി! ചെറുതെന്നലേററുലഞ്ഞുകൊണ്ടിരിക്കുന്ന കരിങ്കുവളപ്പൂക്കൾപോലെ അത്രയും മനോഹരങ്ങളായ കണ്ണുകളോട്ടുകൂടിയവനും; വനമാല ധരിച്ചവനും ആയ ശ്രീകൃഷ്ണനോട്ടുകൂടി രതിക്രീഡകൾ ചെയ്വാൻ സാധിച്ചിട്ടുള്ള സുന്ദരിമാർക്ക,—പുതിയ തളിരുകളെക്കൊണ്ടുണ്ടാക്കിയ ശയ്യയിൽ ശയിക്കുവാൻ യാതൊരു ബുദ്ധിമുട്ടുമില്ല. വിരഹിജനങ്ങൾക്ക് കുസുമശയനവും കിസലയ

ശയനവും കാമവികാരോദ്ദീപകങ്ങളാണ്. എന്നാൽ ശ്രീകൃഷ്ണനോടുകൂടി രമിക്കാറുള്ള യുവതികൾക്ക് വിരഹമുണ്ടാവാനിടയില്ലല്ലോ! വിരഹിണിയായ രാധക്ക ഇപ്പോൾ കിസലയശയനം വേദനാജനകമായതിലും അത്ഭുതമില്ല. എന്നു ഭാവാൎത്ഥം. "യാ രമിതാ വനമാലിനാ സഖി!" എന്നതു പല്ലവി. ഇതിലെ പദാൎത്ഥങ്ങൾ എനി പറയുന്ന 7 ഗീതങ്ങളിലും യോജിപ്പിച്ചുകൊൾക.

വികസിതസരസിജലളിതമുഖേന,
സ്ഫുടതി ന സാ മനസിജവിശിഖേന.
യാ രമിതാ. 32

അ—ഹേ സഖി! വികസിതസരസിജലളിതമുഖനായിരിക്കുന്ന വനമാലിയാൽ യാവളൊരുത്തി രമിതയായിട്ടു ഭവിക്കുന്നു അവൾ മനസിജവിശിഖംകൊണ്ടു സ്ഫുടനത്തെ പ്രാപിക്കുന്നില്ല.

സാ— പ്രിയ സഖി! വിടിൎന്ന താമരപ്പൂപോലെ മനോഹരവും സുന്ദരവും ആയ മുഖത്തോടുകൂടിയ ശ്രീകൃഷ്ണനോടുകൂടി ഏതൊരു സുന്ദരിയാണൊ രമിക്കുന്നതു് അവളെ കാമദേവന്റെ ബാണങ്ങൾ ഒരു തരത്തിലും ഉപദ്രവിക്കുന്നില്ല. അവൾക്ക വിരഹവും ഇല്ല, അതുകൊണ്ടു വികാരപാരവശ്യവും ഇല്ലെന്നുസാരം.

അമൃതമധുരമൃദുതരവചനേന,
ജ്വലതി ന സാ മലയജരചനേന. യാ രമിതാ. 33

അ—ഹേ സഖി! അമൃതമൃദുതരവചനനായിരിക്കുന്ന വനമാലിയാൽ യാവളൊരുത്തി രമിതയായിട്ടു ഭവിക്കുന്നു അവൾ മലയജരചനം ഹേതുവായിട്ടു ജ്വലിക്കുന്നില്ല.

സാ—പ്രിയ സഖി! അമൃതത്തേക്കാൾ അത്ര്യം മധുരമായ വാക്കുകളോടുകൂടിയ (ഭംഗിയായി സംസാരിക്കുവാൻ സമൎത്ഥനായ) ശ്രീകൃഷ്ണനോടുകൂടി രമിക്കുന്ന സുന്ദരിമാൎക്കു ചന്ദനം ദേഹത്തിൽ പൂശുമ്പോൾ (പുരട്ടുമ്പോൾ) ചൂടുണ്ടാവുകയില്ല. അവൎക്കു കാമപാരവശ്യമുണ്ടാകുന്നില്ല അതാണതിന്നു കാരണം എന്നു താല്പൎയ്യം.

സ്ഥലജലരുഹരുചികരചരണേന,

ലുഠതി ന സാ ഹിമകരകിരണേന. യാ രമിതാ. 34

അ—ഹേ സഖി! സ്ഥലജലരുഹരുചികരചരണനായിരിക്കുന്ന വനമാലിയാൽ യാവളൊരുത്തി രമിതയായിട്ടു ഭവിക്കുന്നു അവൾ ഹിമകരകിരണൻ ഹേതുവായിട്ടു ലുഠനം ചെയ്യുന്നില്ല.

സാ—പ്രിയ സഖി! പൂന്തോട്ടത്തിലും മററും കൃത്രിമമായി വെള്ളം നിൎത്തി അതിൽ നട്ടുണ്ടാക്കിയ താമരപ്പൂക്കൾപോലെ ഏററവും മനോഹരങ്ങളായ കൈകാലുകളോടുകൂടിയ ശ്രീകൃഷ്ണനോടുകൂടി ക്രീഡിക്കാറുള്ള സുന്ദരിമാർ ചന്ദ്രികയേല്ക്കുമ്പോൾ വേദനസഹിയാതെ ഭൂമിയിൽ കിടന്നുരുളുകയൊന്നും ചെയ്യുകയില്ല. വിരഹികൾക്കു മാത്രമെ ചന്ദ്രരശ്മി അസഹ്യമായിരിക്കയുള്ളൂ. എന്നു താൽപൎയ്യം.

സജലജലദസമുദയരുചിരേണ,

ദളതി ന സാ ഹൃദി വിരഹഭരേണ. യാ രമിതാ. 35

അ—ഹേ സഖി! സജലജലദസമുദയരുചിരനായിരിക്കുന്ന വനമാലിയാൽ യാവളൊരുത്തി രമിതയായിട്ടു ഭവിക്കുന്നു അവൾ വിരഹഭരം ഹേതുവായിട്ടു ഹൃത്തിങ്കൽ ദളനത്തെ പ്രാപിക്കുന്നില്ല.

സാ—പ്രിയ സഖി! നിറയെ വെള്ളമുള്ള കറുത്തിരുണ്ട മേഘങ്ങളെപ്പോലെ ശോഭിക്കുന്ന ശ്രീകൃഷ്ണനോടുകൂടി ക്രീഡിക്കാറുള്ള സുന്ദരിമാർ വിരഹദുഃഖമനുഭവിക്കേണ്ടിവരില്ല.

കനകനിചയരുചിശുചിവസനേന,

ശ്വസിതി ന സാ പരിജനഹസനേന. യാ രമിതാ

അ—ഹേ സഖി! കനകനിചയരുചി ശുചിവസനനായിരിക്കുന്ന വനമാലിയാൽ യാവളൊരുത്തി രമിതയായിട്ടു ഭവിക്കുന്നു അവൾ പരിജനഹസനംകൊണ്ടു ശ്വസിക്കുന്നില്ല.

സാ—പ്രിയ സഖി! സ്വർണ്ണസമൂഹത്തിൻെറ ശോഭപോലെയുള്ള ശോഭയോടുകൂടിയ നിർമ്മലമായ വസ്ത്രം (പീതാംബരം = മഞ്ഞപ്പട്ടു) ധരിച്ച ശ്രീകൃഷ്ണനോടുകൂടി എല്ലായ്പോഴും ക്രീഡിച്ചുകൊണ്ടിരിക്കുന്ന സുന്ദരിമാർ സഖീജനങ്ങൾ പരിഹസിച്ചാലൊന്നും ദീർഘശ്വാസമിടുന്നില്ല.

സകല ഭുവനജനവരതരുണേന,

വഹതി ന സാ രുജമതികരുണേന. യാ രമിതാ. 57

അ—ഹേ സഖി! സകല ഭുവനജനവരതരുണനായി അതികരുണനായിരിക്കുന്ന വനമാലിയാൽ യാവളൊരുത്തി രമിതയായിട്ടു ഭവിക്കുന്നു അവൾ രുക്കിനെ വഹിക്കുന്നില്ല.

സാ—പ്രിയ സഖി! എല്ലാ ലോകങ്ങളിലുമുള്ള ദേവന്മാര ഋഷികൾ അസുരന്മാർ ഇവരിൽവെച്ച് ശ്രേഷ്ഠനും, ദീനാനുകമ്പയുള്ളവനും ആയ ശ്രീകൃഷ്ണനോടുകൂടി രമിക്കാറുള്ള രമണികൾ വിരഹംകൊണ്ടു വ്യസനിക്കാറില്ല.

ശ്രീജയദേവഭണിതരമണേന,
പ്രവിശതു ഹരിരപി ഹൃദയമനേന. യാ രമിതാ 38

അ—ശ്രീജയദേവഭണിതരമണമായി, ശ്രുതമായിരിക്കുന്ന ഇതുകൊണ്ടു ഹരിയും ഹൃദയത്തെ പ്രവേശിക്കട്ടെ.

സാ—ശ്രീജയദേവകവി ഗോപസ്ത്രീകളുടെ മനസ്തോഷം അഥവാ— ശ്രീകൃഷ്ണൻ സുന്ദരിമാരായ ഗോപസ്ത്രീകളോടുകൂടി രമിക്കുന്നതായി വൎണ്ണിച്ചിട്ടുള്ള വേദത്തിനു തുല്യമായിട്ടുള്ള ഈ ഗ്രന്ഥം പാരായണം ചെയ്യുന്നവൎക്കും കേൾക്കുന്നവൎക്കും ശ്രീകൃഷ്ണസ്മൃതി മനസ്സിലുണ്ടാകട്ടെ, തന്മൂലം ശ്രീകൃഷ്ണൻ എല്ലാവരേയും രക്ഷിക്കട്ടെ. എന്നു കവിപ്രാൎത്ഥന. ഇതുവരേയുള്ള 8 ഗീതങ്ങളിലും രാധയുടെ ശ്രീകൃഷ്ണവിഷയമായ വിരഹവേദനകൊണ്ടുള്ള വൎദ്ധിച്ച കാമപാരവശ്യവും, അതുപോലെത്തന്നെ മററുള്ള ഗോപസ്ത്രീകളോടുള്ള അസൂയയും പ്രാധാന്യേന ധ്വനിക്കുന്നു. പല്ലവിയുടെ പദാൎത്ഥങ്ങൾ ഇതിലും യോജിപ്പിച്ചുകൊൾക.

മനോഭവാനന്ദന! ചന്ദനാനില!
പ്രസീദ മേ ദക്ഷിണ! മുഞ്ച വാമതാം,
ക്ഷണം ജഗൽപ്രാണ! വിധായ മാധവം
പുരൊ മമ പ്രാണഹരൊ ഭവിഷ്യസി. 39

അ—ഹേ മനോഭവാനന്ദന! ചന്ദനാനില! അങ്ങുന്നു എനിക്കായിക്കൊണ്ടു പ്രസാദിച്ചാലും. ഹേ ദക്ഷിണ! അങ്ങുന്നു വാമതയെ മോചിച്ചാലും. ഹേ ജഗൽപ്രാണ! അങ്ങുന്നു മാധവനെ എന്റെ പുരോഭാഗത്തിങ്കൽ ക്ഷണം വിധാനം ചെയ്തിട്ടു പ്രാണഹരനായിട്ടു ഭവിക്കും.

സാ—തെക്കൻകാററടിക്കുമ്പോൾ രാധ കാമപാരവശ്യം സഹിക്കവഹിയാതെ ഓരോന്നിപ്രകാരം പ്രലപിക്കുന്നു:—കാമദേവനെ സന്തോഷിപ്പിക്കുന്നതിൽ സമൎത്ഥനും ചന്ദനഗിരിയിൽനിന്നു വരുന്നവനുമായ മന്ദമാരുത! ഭവാൻ എന്നിൽ പ്രസാദിച്ചാലും. പ്രാണാപാനാദിരൂപേണ എല്ലാപ്രാണികളിലും പ്രാണത്തേപന ഇരിക്കുന്ന മാരുത! ഭവാൻ ശ്രീകൃഷ്ണനെ എന്റെ സമീപത്തിൽ കൊണ്ടുവന്നു കുറച്ചുസമയം കഴിഞ്ഞതിന്നുശേഷമേ എന്റെ പ്രാണനെ അപഹരിക്കാവു (ശ്രീകൃഷ്ണനെ കാണുന്നതിന്നു മുമ്പു എന്റെ പ്രാണനെ അപഹരിക്കരുതേ!) നീ എന്നെ കഷ്ടപ്പെടുത്തുന്നപോലെതന്നെ കൃഷ്ണനേയും ബുദ്ധിമുട്ടിച്ചാൽ അദ്ദേഹമിവിടെവരും, ഇവിടെ വന്നാൽ അദ്ദേഹത്തോടുകൂടിയൊന്നു രമിച്ചതിന്നു ശേഷം എനിക്കു മരിക്കുന്നതിന്നു മടിയില്ലെന്നു ഭാവം.

രിപുരിവ സഖീസംവാസോऽയം
ശിഖീവ ഹിമാനിലൊ
വിഷമിവ സുധാരശ്മിൎയ്യസ്മിൻ
ദുനോതി മനോ ഗതെ,
ഹൃദയമദയെ തസ്മിന്നേവ
സ്വയം വലതെ ബലാൽ
കുവലയദൃശാം വാമഃ കാമഃ
പ്രകാമനിരങ്കുശഃ. (40)

അ—ഹേ സഖി! യാവനൊരുത്തൻ ഗതനായിരിക്കും സമയത്തിങ്കൽ ഈ സഖീസംവാസം രിപു എന്നപോലെ മനസ്സിനെ ദുഃഖിപ്പിക്കുന്നു. ഹിമാനിലൻ ശിഖി

എന്നപോലെ ദുഃഖിപ്പിക്കുന്നു. സുധാരശ്മി വിഷമെന്ന പോലെ ദുഃഖിപ്പിക്കുന്നു. ഇപ്രകാരം സ്ഥിതമായിരിക്കും സമയത്തിങ്കൽ ഹൃദയം ബലാൽ അദയനായിരിക്കുന്ന അവങ്കൽതന്നെ തന്നത്താൻ വലനംചെയ്യുന്നു, കുവലയദൃക്കുകളുടെ വാമമായിരിക്കുന്ന കാമം പ്രകാമനിരങ്കുശമായിട്ടു ഭവിക്കുന്നു.

സാ—പ്രിയ സഖി! ശ്രീകൃഷ്ണൻ ഇവിടെനിന്നു പോയതുമുതൽ— എത്രയും പ്രിയപ്പെട്ട സഖിമാരോടുകൂടിയുള്ള വാസവുംകൂടി ശത്രുക്കളൊന്നിച്ചിരിക്കുംപോലുള്ള അസ്വാസ്ഥ്യത്തെ ജനിപ്പിക്കുന്നു. ഏററവും ശൈത്യഗുണമുള്ള മന്ദമാരുതനുംകൂടി കത്തിജ്വലിക്കുന്ന അഗ്നിക്കു തുല്യമായി തോന്നുന്നു. ധാരാളം അമൃതു വർഷിക്കുന്ന ചന്ദ്രനുംകൂടി എനിക്കു വിഷത്തെപ്പോലെ തോന്നുന്നുവല്ലോ! ഈ വിധമെല്ലാം സംഭവിച്ചിട്ടുകൂടിയും എന്റെ മനസ്സ് (ഞാൻ വിചാരിച്ചിട്ടുകൂടി നിവർത്തിപ്പിക്കുവാൻ കഴിയാതെ) ബലാൽക്കാരേണയെന്നപോലെ— അത്യന്തം നിർദ്ദയനായ ആ ദുഷ്ടനിൽതന്നെ തന്നത്താൻ ചുററിത്തിരിയുന്നു. കഷ്ടം! (ശ്രീകൃഷ്ണൻ രാധയെ സ്മരിക്കുന്നില്ലെങ്കിൽ കൂടി അവൾക്കു അദ്ദേഹത്തെ വിസ്മരിക്കുവാൻ സാധിക്കുന്നില്ലെന്നു സാരം). അസാദ്ധ്യങ്ങളായ കാര്യങ്ങൾക്കുവേണ്ടി എന്തിനാണു വെറുതെ ആശിക്കുന്നതു? എന്ന ആശങ്കയെ വാരണം ചെയ്യുന്നു:— സുന്ദരിമാരായ സ്ത്രീകളുടെ ആഗ്രഹങ്ങൾ പിഴച്ചവയായിരുന്നാലും അവക്കു യാതൊരു തടസ്ഥങ്ങളും ഉണ്ടാകാറില്ലല്ലോ! ('മനോരാജ്യത്തിന്നു അർദ്ധരാജ്യമില്ല' എന്ന പഴഞ്ചൊല്ലുപോലെ). രാധ ശ്രീകൃഷ്ണനെ കാമിക്കുന്നതിൽ തെററില്ലെന്നു സാരം.

ബാധാം വിധേഹി മലയാനില! പഞ്ചബാണ!
പ്രാണാൻ ഗൃഹാണനഗൃഹം പുനരാശ്രയിഷ്യേ,
കിം തെ കൃതാന്തഭഗിനി! ക്ഷമയാ തരംഗൈ-
രംഗാനി സിഞ്ച മമ ശാമ്യതു ദേഹദാഹഃ 41

അ—ഹേ മലയാനില! അങ്ങുന്നു ബാധയെ വിധാനംചെയ്താലും, ഹേ പഞ്ചബാണ! അങ്ങുന്നു പ്രാണങ്ങളെ ഗ്രഹിച്ചാലും—എന്നാലും ഞാൻ ഗൃഹത്തെ ആശ്രയിക്കുകയില്ല. ഹേ കൃതാന്തഭഗിനി! നിന്റെ ക്ഷമകൊണ്ടു എന്താണു ഭവിക്കുന്നതു? നീ തരംഗങ്ങളെക്കൊണ്ടു എന്റെ അംഗങ്ങളെ സേചനം ചെയ്താലും. എന്റെ ദേഹദാഹം ശമിക്കട്ടെ.

സാ—മലയപൎവ്വതത്തിൽനിന്നും വരുന്ന മന്ദമാരുത! നീ നിന്നാൽ കഴിയുംവിധം ഉപദ്രവിച്ചുകൊള്ളു. അല്ലയൊ കാമദേവ! ഭവാൻ എന്റെ പ്രാണങ്ങളെ ഗ്രഹിച്ചുകൊള്ളു. (എന്നെ കൊല്ലു) യമുനെ! ഭവതിയുടെ പ്രകൃത്യായുള്ള ക്ഷമകൊണ്ടെന്തൊരു ഫലമാണുള്ളതു്? തിരമാലകളെക്കൊണ്ടു നനച്ചു എന്റെ ശരീരത്തിനുള്ള അസ്വാസ്ഥ്യത്തെ തീൎത്തുതന്നാൽ തരക്കേടില്ല.

പ്രാതൎന്നീലനിചോള മാനനമുര-
സ്സംവീതപീതാംബരം
ഗോവിന്ദം ദധതം വിലോക്യ ഹസതി
സ്വൈരം സഖീമണ്ഡലെ,
വ്രീളാചഞ്ചലമഞ്ചലം നയനയോ-
രാധായ രാധാനനെ
സ്മേരസ്മേരമുഖോऽയമസ്തു ജഗദാ
നന്ദായ നന്ദാത്മജഃ. 42

അ—സഖീമണ്ഡലം പ്രാതഃകാലത്തു നീലനിചോളമായിരിക്കുന്ന ആനനത്തേയും, സംവീതപീതാംബരമായിരിക്കുന്ന ഉരസ്സിനേയും ദധത്തായിരിക്കുന്ന ഗോവിന്ദനെ വിലോകനം ചെയ്തിട്ടു ഹസത്തായിരിക്കും സമയത്തിങ്കൽ സൈ്വരമാകുംവണ്ണം വ്രീളാചഞ്ചലമായിരിക്കുന്ന—നയനങ്ങളുടെ അഞ്ചലത്തെ രാധാനനത്തിങ്കൽ ആധാനം ചെയ്തിട്ടു സ്മേരസ്മേരമുഖനായിരിക്കുന്ന ഈ നന്ദാത്മജൻ ജഗദാനന്ദത്തിന്നായിക്കൊണ്ടു ഭവിക്കേണമെ!

സാ—പ്രഭാതത്തിൽ നീലവൎണ്ണമായ ഒരു വസ്ത്രം മുഖം മറയുമാറു തലയിൽ ധരിച്ച (കെട്ടിയ) വനും, മഞ്ഞപ്പട്ടുകൊണ്ടു മാൎവ്വിടം മൂടിയ (പുതച്ച) വനും ആയ ശ്രീകൃഷ്ണനെ കണ്ടു രാധയുടെ സഖീജനങ്ങൾ പെട്ടന്നു പൊട്ടിച്ചിരിച്ചപ്പോൾ തൻെറ ഇഷ്ടംപോലെ രാധയുടെ മുഖത്തേക്കു നോക്കി വൎദ്ധിച്ച ലജ്ജയോടുകൂടി കടാക്ഷവീക്ഷണങ്ങൾ ചെയ്തു മന്ദഹസിച്ചുകൊണ്ടു നിൽക്കുന്ന സാക്ഷാൽ ശ്രീകൃഷ്ണൻ നിങ്ങൾക്കെല്ലാം (എല്ലാ ജനങ്ങൾക്കും) പരമാനന്ദത്തെ പ്രദാനം ചെയ്യട്ടെ. എന്നു കവിപ്രാൎത്ഥന.

ഇപ്രകാരം 'ലീലാ' എന്നു പേരായ ഭാഷാവ്യാഖ്യാനത്തിൽ 'നാഗരികനാരായണം' എന്നു പേരായ ഏഴാം സൎഗ്ഗം കഴിഞ്ഞു.

—:*:—

# എട്ടാം സർഗ്ഗം.

അഥ കഥമപി യാമിനീം വിനീയ
സ്മരശരജജ്ജരിതാപി സാ പ്രഭാതെ,
അനുനയവചനം വദന്തമഗ്രെ
പ്രണതമപി പ്രിയമാഹ സാഭ്യസൂയം. 1

അന്വയാൎത്ഥം—അനന്തരം അവൾ ഒരുവിധം പണിപ്പെട്ടു യാമിനിയെ വിനയിച്ചിട്ടു പ്രഭാതമായിരിക്കും സമയത്തിങ്കൽ ആഗതനായി അനുനയവചനത്തെ വദന്നായി പ്രണതനായിട്ടുകൂടി പ്രിയനോടു—സ്മരശരജജ്ജരിതയാണെങ്കിലും അവൾ സാഭ്യസൂയമാകുംവണ്ണം ഇതിനെ പറഞ്ഞു.

സാരം—രാധ കാമപാരവശ്യം സഹിക്കവഹിയാതെ വളരെ ബുദ്ധിമുട്ടുകളെല്ലാം സഹിച്ചു ഒരുവിധം രാത്രി കഴിച്ചുകൂട്ടി, പ്രഭാതമായപ്പോഴേക്കും തന്റെ അടുക്കൽ വന്നു നല്ല വാക്കുകൾ പറഞ്ഞു ഒടുവിൽ സാഷ്ടാംഗം നമസ്കരിച്ചു രാധയുടെ കാൽ പിടിച്ചിട്ടുകൂടി, സ്വന്തം ഭൎത്താവായ ശ്രീകൃഷ്ണനോടു—സഹിക്കവഹിയാത്തവിധം കാമപാരവശ്യമുണ്ടെങ്കിലും വളരെ അസൂയയോടുകൂടി ഇപ്രകാരം പറഞ്ഞു.

രജനീജനിതഗുരുജാഗരരാഗകഷായിത-
മലസനിമേഷം,
വഹസി നയനമനുരാഗമിവ സ്ഫുട-
മുദിതരസാഭിനിവേശം.
യാഹി മാധവ! യാഹി കേശവ!
മാ വദ കൈതവവാദം (പല്ലവി)
താമനുസര സരസീരുഹലോചന!
യാ തവ ഹരതി വിഷാദം (അനുപല്ലവി). 2

അ—ഹേ കൃഷ്ണ! അങ്ങന്നു രജനീജനിതഗുരുജാഗരരാഗകഷായിതമായി, അലസനിമേഷമായി, ഉദിതരസാഭിനിവേശമായിരിക്കുന്ന നയനത്തെ സ്ഫുടമായിരിക്കുന്ന അനുരാഗത്തെ എന്നപോലെ വഹിക്കുന്നു. ഹേ മാധവ! അങ്ങുന്നു യാനം ചെയ്താലും ഹേ കേശവ! അങ്ങുന്നു കൈതവവാദത്തെ വദിക്കരുതു, യാനം ചെയ്താലും. ഹേ സരസീരുഹലോചന! യാവളൊരുത്തിയാണൊ അങ്ങയുടെ വിഷാദത്തെ ഹരിക്കുന്നതു അവളെ അനുസരിച്ചാലും.

സാ—ചാടുവാക്കുകൾ പറഞ്ഞുനോക്കി ഒടുവിൽ രാധയുടെ കാൽക്കൽ വീണിട്ടുകൂടി—ശ്രീകൃഷ്ണൻ അന്യസ്ത്രീകളോടു ക്രീഡിച്ചിട്ടാണു വരുന്നതു എന്ന സംശയത്തോടെ—രാധ, അതിൻെറ ഓരോ ചിഹ്നങ്ങൾ എടുത്തുപറഞ്ഞു തിരസ്കരിക്കുന്നു—അല്ലയൊ ശ്രീകൃഷ്ണ! ഭവാൻ ഇന്നലെ രാത്രി മുഴുവൻ അന്യസ്ത്രീകളോടുകൂടി രമിച്ചുകൊണ്ടു ഉറക്കമിളച്ചതിനാൽ ചുവന്നവയും, കലങ്ങിയവയും, കുറഞ്ഞൊന്നു ചീമ്മിയവയും സംഭോഗശൃംഗാരരസാഭിവ്യക്തിയോടുകൂടിയവയും ആയ കണ്ണുകളോടുകൂടിയവനാണു. എന്നാൽ ഞാൻ കാണുമ്പോൾ ഈ ചരിത്രങ്ങളൊന്നും അറിയാതിരിപ്പാൻവേണ്ടി എന്നോടുള്ള വർദ്ധിച്ച പ്രേമാതിശയംകൊണ്ടാണു ഇത്തരത്തിലായതെന്നുള്ള നാട്യം നടിക്കുന്നു. ഭവാൻ മഹാലക്ഷ്മിയുടെ ഭർത്താവല്ലെ? പൊയ്ക്കൊള്ളു. സുന്ദരനാണെന്നു നടിച്ചിട്ടു വലിയ പ്രയോജനമൊന്നുമില്ല, പോവു. താമരപ്പൂവിൻെറ ഇതൾപോലെ അത്ര മനോഹരങ്ങളായ കണ്ണുകളുണ്ടെന്നെല്ലാമഭിമാനിക്കുന്ന കൃഷ്ണ! ഭവാൻ ഇന്നലെ രാ

ത്രി ആരുടെ അടുക്കലാണൊ രമിച്ചിരുന്നതു അവളുടെ അടുക്കൽതന്നെ പോയ്ക്കൊള്ളു. ഇവിടെ നിന്നിട്ടു വലിയ പ്രയോജനമൊന്നുമുണ്ടാവില്ല. ഇവിടെ 'യാഹിമാധവ!' എന്നു തുടങ്ങി 'കൈതവവാദം' എന്നതുവരെ പല്ലവിയും, 'താമനുസര' എന്നു തുടങ്ങി 'വിഷാദം' എന്നതുവരെ അനുപല്ലവി. എന്നി പറയുന്ന 7 ഗീതങ്ങളിലും— പല്ലവിയിലേയും അനുപല്ലവിയിലേയും പദാൎത്ഥങ്ങൾ യോജിപ്പിച്ചുകൊൾക.

കജ്ജല മലിന വിലോചന ചുംബന-
വിരചിതനീലിമരൂപം,
ദശന വസന മരുണം തവ കൃഷ്ണ!
തനോതി തനോരനുരൂപം യാഹി. 3

അ—ഹേ കൃഷ്ണ! അരുണമായിരിക്കുന്ന അങ്ങയുടെ ദശനവസനം കജ്ജലമലിനവിലോചന ചുംബനവിരചിതനീലിമരൂപമായിട്ടു—അങ്ങയുടെ തനുവിന്നു അനുരൂപമായിരിക്കുന്ന രൂപത്തെ വിസ്തരിക്കുന്നു.

സാ—ശ്രീകൃഷ്ണ! പ്രകൃത്യാ ചുവപ്പുവൎണ്ണമായ അങ്ങയുടെ അധരം—മഷി എഴുതിയതുകൊണ്ടു കറുത്തവൎണ്ണമായ കണ്ണുകളിൽ ചുംബിച്ചതുകൊണ്ടു ഇപ്പോൾ ശരീരത്തെപ്പോലെതന്നെ കറുത്തിരിക്കുന്നു. ഇതുകൊണ്ടുതന്നെ അന്യസ്ത്രീകളോടുകൂടിയ സംഭോഗം മുതലായവയെല്ലാം വ്യക്തമാകുന്നുണ്ടു്. വേഗം പൊയ്ക്കൊള്ളൂ ഇവിടെ നിന്നിട്ടു വലിയ പ്രയോജനമൊന്നുമില്ല.

വപുരനുസരതി തവ സ്മരസംഗരഖര-
നഖര ക്ഷത രേഖം,
മരതക ശകലകലിതകലധൌത
ലിപേരിവ രതിജയലേഖം യാഹി. 4

അ—ഹേ കൃഷ്ണ! അങ്ങയുടെ വപുസ്സ സ്മരസംഗര ഖര നഖരക്ഷതരേഖമായിട്ട മരതക ശകല കലിതകള ധൌതലിപിഹേതുവായിട്ടുള്ള രതിജയലേഖത്തെ അനു സരിക്കുന്നു.

സാ—ശ്രീകൃഷ്ണ! ഭവാൻ ഗോപസ്ത്രീകളോടുകൂടി കാമക്രീഡകൾ ചെയ്യുമ്പോൾ അവരുടെ കൈകളിൽനിന്നും പററിയ നഖക്ഷതങ്ങൾ കണ്ടാൽ—സുരതത്തിൽ അവൾ ജയിച്ചതായി മരതകരത്നമയമായ ഫലകത്തിൽ വജ്ര സൂചികൊണ്ടു എഴുതി സ്വൎണ്ണംപൂശി ഞാൻ അറിയുവാൻ വേണ്ടി എനിക്കയച്ചുതന്നതാണൊ എന്നുതോന്നും. പോയ്ക്കോളു.

ചരണകമലഗളദലക്തകസിക്തക-
മിദം തവ ഹൃദയമുദാരം,
ദൎശയതീവ ബഹിൎമ്മദന ദ്രുമനവ-
കിസലയപരിവാരം യാഹി. 5

അ—ഹേ കൃഷ്ണ! ചരണകമലഗളദലക്തകസിക്തകമായിരിക്കുന്ന അങ്ങയുടെ ഈ ഹൃദയം ഉദാരമായിട്ടു മദനദ്രുമനവകിസലയ പരിവാരത്തെ ബഹിൎഭാഗത്തു ദൎശിപ്പിക്കുന്നുവോ എന്നു തോന്നും.

സാ—ശ്രീകൃഷ്ണ! സുരതത്തിൽ—നായികയുടെ താമരപ്പൂക്കൾപോലുള്ള കാലുകളിൽനിന്നും (പ്രേമാതിശയം കൊണ്ടു കാലുകൾ എടുത്തു മാററു വെച്ചപ്പോൾ) ചെമ്പഞ്ഞിച്ചാറു ഒലിച്ചു നനഞ്ഞതും സുന്ദരവുമായ അങ്ങയുടെ ഈ മാൎവ്വിടം കണ്ടാൽ—അങ്ങയുടെ മനസ്സിൽ അവളെകുറിച്ചുള്ള അനുരാഗമാകുന്ന വൃക്ഷത്തിന്റെ തളിരു

കൾ പുറത്തേക്കു കാണുകയാണൊ എന്നുതോന്നും. ഇതു കൊണ്ടും അങ്ങു അന്യാസംഗം ചെയ്തുവെന്നു വ്യക്തമായല്ലോ! പോയ്ക്കോളു എന്നു താല്പൎയ്യം.

ദശനപദം ഭവദധരഗതം മമ
　　ജനയതി ചേതസി ഖേദം,
കഥയതി കഥമധുനാപി മയാ സഹ
　　തവ വപുരേതദഭേദം യാഹി. 6

അ—ഹേ കൃഷ്ണ! ഭവദധരഗതമായിരിക്കുന്ന ദശനപദം എന്റെ ചേതസ്സിങ്കൽ ഖേദത്തെ ജനിപ്പിക്കുന്നു. അങ്ങയുടെ ഈ വപുസ്സു എന്നോടുകൂടെ അഭേദമായിട്ടു ഭവിച്ചിരുന്നു. ഇപ്പോഴുംകൂടി എങ്ങിനെ കഥിക്കുന്നു?

സാ—ശ്രീകൃഷ്ണ! അങ്ങയുടെ അധരത്തിലുള്ള (അന്യഗോപികാകൎത്തൃകമായ) ഈ ദന്തക്ഷതം എന്നെ വല്ലാതെ വ്യസനിപ്പിക്കുന്നു. (ദന്തക്ഷതം കാണുമ്പോൾ രാധക്കു ഈൎഷ്യ, കോപം, വ്യസനം ഇവയെല്ലാമുണ്ടാകുന്നു എന്നു താല്പൎയ്യം). എന്നാലങ്ങയുടെ ശരീരവും എന്റെ ശരീരവുംകൂടി യാതൊരു ഭേദവുമുണ്ടായിരുന്നില്ലല്ലോ! (നാം തമ്മിൽ വളരെ സ്നേഹിച്ചിരുന്നുവെന്നൎത്ഥം). ഇപ്പോൾ എങ്ങിനെയാണതു പറയുക? (ഈ വക അന്യാസംഭോഗചിഹ്നങ്ങൾ കാണുമ്പോൾ എനിക്കു ഭവാന്റെ പേരിൽ ലേശംപോലും സ്നേഹമുണ്ടാകുന്നില്ല എന്നു സാരം). ഇപ്പോൾ അങ്ങയുടെ പ്രവൃത്തികൾക്കും മനസ്സിന്നും പ്രകൃതിക്കുതന്നെയും വളരെ വ്യത്യാസമുണ്ടെന്നും ഗ്രഹിച്ചുകൊൾക. അതുകൊണ്ടു നീവിടെ നിൽക്കേണ്ട, പോയ്ക്കോളു.

ബഹിരിവ മലിനതരം തവ കൃഷ്ണ!
മനോऽപി ഭവിഷ്യതി നൂനം,
കഥമഥ വഞ്ചയസെ ജനമനുഗത-
മസമശരജ്വരദൂനം യാഹി. 7

അ—ഹേ കൃഷ്ണ! അങ്ങയുടെ മനസ്സും ബഹിർഭാഗമെന്നപോലെ നൂനം മലിനതരമായിട്ടു ഭവിക്കും, പിന്നീടു അങ്ങുന്നു എങ്ങിനെ അസമശരജ്വരദൂനമായി അനുഗതമായിരിക്കുന്ന ജനത്തെ വഞ്ചിക്കുന്നു?

സാ—ശ്രീകൃഷ്ണ! ഈ പുറമെ കാണുന്നപോലെ തന്നെ (കട്ടം കറുപ്പു) അങ്ങയുടെ മനസ്സും വളരെ ദുഷ്ടമാണു. യാതൊരു സംശയവുമില്ല. അല്ലെങ്കിൽ,—കാമപാരവശ്യംകൊണ്ടു കഷ്ടപ്പെട്ടു ദുഃഖിച്ചു നിന്നെത്തന്നെ ശരണം പ്രാപിച്ചു ഈ എന്നെ ചതിക്കുമൊ? മതി മതി സേവയൊന്നും നമ്മുടെ അടുക്കൽ നടക്കില്ല. നടന്നോളൂ.

ഭ്രമതി ഭവാനബലാകബലായ
വനേഷു കിമത്ര വിചിത്രം,
പ്രഥയതി പൂതനികൈവ വധൂവധ-
നിർദ്ദയ! ബാലചരിത്രം യാഹി. ൮

അ—ഹേ കൃഷ്ണ! ഭവാൻ അബലാകബളത്തിന്നായിക്കൊണ്ടു വനങ്ങളിൽ ഭ്രമിക്കുന്നു. ഇതിങ്കൽ എന്താണു വിചിത്രമായിട്ടു ഭവിക്കുന്നതു? ഹേ വധൂവധനിർദ്ദയ! പൂതനികതന്നെ അങ്ങയുടെ ബാലചരിത്രത്തെ പ്രഥിപ്പിക്കുന്നു.

സാ—ശ്രീകൃഷ്ണ! ഭവാൻ അബലകളായ (ശേഷം ചോദിപ്പാനാരുമില്ലാത്ത) സ്ത്രീകളെക്കൊല്ലുവാൻ വേണ്ടിയാണു ഈ കാട്ടുകളിൽ ചുററിസ്സഞ്ചരിക്കുന്നതെന്നു പറയുന്നതിൽ വലിയ അനൌചിത്യമൊന്നും കാണുന്നില്ല.

കാരണം—കുട്ടിക്കാലത്തു പൂതനയെ കൊന്നതുതന്നെ—അങ്ങക്കു സ്ത്രീകളെ കൊല്ലുന്നതിൽ ലേശംപോലും ദയയില്ലെന്നു—തെളിയിക്കുന്നുണ്ടു.

ശ്രീജയദേവഭണിത രതിവഞ്ചിത-
ഖണ്ഡിത യുവതിവിലാപം,
ശൃണുത സുധാമധുരം വിബുധാ!
വിബുധാലയതോഽപി ദുരാപം യാഹി. 9

അ—ഹേ വിബുധന്മാരെ! നിങ്ങൾ ശ്രീജയദേവഭണിതരതിവഞ്ചിതഖണ്ഡിതയുവതിവിലാപമായി സുധാമധുരമായി വിബുധാലയത്തിങ്കൽനിന്നുകൂടി ദുരാപമായിരിക്കുന്ന ഈ ഗീതത്തെ ശ്രവിച്ചാലും.

സാ—അല്ലയോ വിദ്വാന്മാരെ! (ദേവന്മാരെ! എന്നും) ശ്രീകൃഷ്ണൻ മുൻപറഞ്ഞതനുസരിച്ച രാധയുടെ അടുക്കൽ ചെല്ലാത്തതിനാൽ ദുഃഖിച്ചിരിക്കുന്ന രാധയുടെ ഓരോ വിരഹചേഷ്ടകളേയും വിലാപങ്ങളേയും പ്രത്യേകമായി ശ്രീജയദേവകവി വർണ്ണിച്ചിട്ടുള്ളതു—അമൃതുപോലെ ആസ്വാദ്യവും, ദേവന്മാരുടെ പക്കൽനിന്നോ സ്വർഗ്ഗത്തിൽനിന്നു തന്നേയോ കിട്ടാത്തതും (മാററാരെക്കൊണ്ടും രാഗതാളമേളാദികൾ ഒപ്പിച്ചു സാദ്ധ്യമല്ലെന്നു താല്പര്യം). ആയ ഈ ഗ്രന്ഥം—പാരായണംചെയ്യുകയൊ ശ്രദ്ധയോടെ ശ്രവിക്കുകയൊ ചെയ്യുവിൻ. നിങ്ങൾക്കു പാപശാന്തിയുണ്ടാകുമെന്നു കവിപ്രാൎത്ഥന. കഴിഞ്ഞ ഗീതങ്ങളിലെല്ലാം രാധക്കു്,—മറവുള്ള ഗോപസ്ത്രീകൾ ശ്രീകൃഷ്ണനോടുകൂടി രമിച്ചതുകൊണ്ടു അസൂയയും, ശ്രീകൃഷ്ണനോടു ഈൎഷ്യയും കോപവും, കൂടാതെ തനിക്കീവിധമുള്ള കഷ്ടാവസ്ഥകളെല്ലാം അനുഭവിക്കേണ്ടി വന്നുവല്ലോ എന്ന വിഷാദവും ധ്വനിക്കുന്നു.

തവേദം പശ്യന്ത്യാഃ പ്രസരദനുരാഗം ബഹിരിവ
പ്രിയാപാദാലക്താച്ഛുരിതമരുണദ്യോതിഹൃദയം,
മമാദ്യ പ്രഖ്യാതപ്രണയഭരഭംഗേന കിതവ!
ത്വദാലോകഃ ശോകാദപി കിമപി ലജ്ജാം ജനയതി.

അ—ഹേ കിതവ! പ്രിയാപാദാലക്താച്ഛുരിതമായി അരുണദ്യോതിയായി ബഹിർഭാഗത്തിങ്കൽ പ്രസരദനുരാഗമൊ എന്നു തോന്നുമാറുള്ള അങ്ങയുടെ ഈ ഹൃദയത്തെ പശ്യന്തിയായിരിക്കുന്ന എനിക്കു് പ്രഖ്യാതപ്രണയഭരഭംഗം ഹേതുവായിട്ടു ഇന്നു ത്വദാലോകം ശോകത്തേക്കാൾ കുറഞ്ഞൊരു ലജ്ജയെ ജനിപ്പിക്കുന്നു.

സാ—എന്നെ പറഞ്ഞു ചതിച്ചു ഇത്തരത്തിൽ കഷ്ടപ്പെടുത്തിയ കൃഷ്ണ! ഭവാന്റെ മാറിൽ മററുള്ള ഗോപസ്ത്രീകളുടെ മാറിൽനിന്നും പററിയിട്ടുണ്ടായ ഈ ചുവപ്പുനിറം കണ്ടാൽ അവരോടുള്ള അനുരാഗം നിറഞ്ഞു ഒഴുകുകയാണൊ എന്നു തോന്നും. നാം തമ്മിലുള്ള അനുരാഗം—പരസ്യമായി എല്ലാവരും അറിഞ്ഞിട്ടുള്ള സ്ഥിതിക്കു എനിക്കു തീരെ സഹിക്കവഹിയാത്ത ഈ കാഴ്ച കാണുമ്പോൾ വ്യസനത്തേക്കാൾ അധികം ലജ്ജയാണുണ്ടാകുന്നതു.

അന്തർമ്മോഹനമൌലിഘൂർണ്ണനചല-
ന്മന്ദാരവിസ്രംസന-
സ്തബ്ധാകർഷണലോചനോത്സവ മഹാ-
മന്ത്രഃ കുരംഗീദൃശാം,
ദൃപ്യദ്ദാനവ ദൂയമാന ദിവിഷ-
ദ്ദുർവ്വാര ദുർവ്വേദനാ-
ധ്വംസഃ കംസരിപോഃ പ്രരോപയതു വ-
ശ്ശ്രേയാംസി വംശീരവഃ.

അ—അന്തമ്മോഹന മൌളിഘൂൎണ്ണനചലന്മന്ദാരവി സ്രംസന സ്തബ്ധാകൎഷണലോചനോത്സവ മഹാമന്ത്രമായി, ദ്രപ്യദ്ദാനവദൃയമാനദിവിഷദ്ദുൎവ്വാരദുഃഖ്വേദനാദ്ധ്വംസമായിരിക്കുന്ന കംസരിപുവിന്റെ വംശീരവം നിങ്ങൾക്കു ശ്രേയസ്സുകളെ പ്രരോപിപ്പിക്കട്ടെ.

സാ—(തുംബുരു നാരദൻ തുടങ്ങിയ സംഗീതവിദ്ധ്വന്മാരെക്കൊണ്ടുകൂടി) ശിരസ്സിൽ ധരിച്ചിട്ടുള്ള കല്പവൃക്ഷകുസുമങ്ങൾ വീഴുമാറു തലകുലുക്കിക്കുന്നതും, മാൻമിഴികളായ—ഉൎവ്വശി, മേനക—മുതലായ സുന്ദരിമാരെപ്പോലും പെട്ടന്നു ആകൎഷിച്ചു സ്തംഭിപ്പിച്ചു നിൎത്തത്തക്ക വശീകരണശക്തിയുള്ളതും, ഗൎവ്വിഷ്ഠന്മാരായ അസുരന്മാരുടെ ഉപദ്രവം സഹിക്കവഹിയാതെ ദുഃഖിക്കുന്ന ദേവന്മാൎക്കു ഏററവും ആശ്വാസത്തെ നൽകുന്നതും, കംസനെ കൊന്നവനുമായ ശ്രീകൃഷ്ണന്റെ വേണുനാദം നിങ്ങൾക്കെല്ലാവൎക്കും ആയുരാരോഗ്യസമ്പത്തിനേയും അവസാനത്തിൽ മോക്ഷത്തേയും പ്രദാനം ചെയ്യണെ! (ശ്രീകൃഷ്ണന്റെ വേണുനാദം ശ്രവിക്കുന്നവൎക്കു ഈ പറഞ്ഞ ഫലങ്ങളെല്ലാം ലഭിക്കുമെന്നു പ്രസിദ്ധം). എന്നു കവിപ്രാൎത്ഥന.

ഇപ്രകാരം 'ലീലാ' എന്നുപേരായ ഭാഷാവ്യാഖ്യാനത്തിൽ 'സാകാംക്ഷപുണ്ഡരീകാക്ഷം' എന്നു പേരായ എട്ടാം സൎഗ്ഗം കഴിഞ്ഞു.

——:*:——

# ഒമ്പതാം സർഗ്ഗം.

താമഥ മന്മഥഖിന്നാം
രതിരസഭിന്നാം വിഷാദസമ്പന്നാം,
അനുചിന്തിതഹരിചരിതാം
കലഹാന്തരിതാമുവാച രഹസ്സഖീം 1

അന്വയാൎത്ഥം—അനന്തരം സഖി,—മന്മഥഖിന്നയായി, രതിരസഭിന്നയായി, വിഷാദസമ്പന്നയായി, അനുചിന്തിതഹരിചരിതയായി, കലഹാന്തരിതയായിരിക്കുന്ന അവളോടു രഹസ്സിങ്കൽവെച്ചു ഇപ്രകാരം പറഞ്ഞു.

സാരം—അന്യസ്ത്രീകളോടുകൂടി സംഭോഗിച്ചതായി പലേ അടയാളങ്ങളും ശ്രീകൃഷ്ണൻെറ ദേഹത്തിൽ കാണുകയാൽ കുപിതയായി ശ്രീകൃഷ്ണനോടു പോയ്ക്കൊള്ളുവാൻ രാധ പറഞ്ഞതിന്നുശേഷം, രാധയുടെ സഖി,—കാമപരവശയും സുരതത്തിൽ അതീവതാല്പൎയ്യമുള്ളവളാണെങ്കിലും പ്രണയകലഹംകൊണ്ടു അതിൽനിന്നു പിന്തിരിഞ്ഞവളും, ഏററവും വ്യസനത്തോടുകൂടിയവളും, ഇടക്കിടക്കു ശ്രീകൃഷ്ണൻെറ ഓരോ വീരപ്രവൃത്തികളെ ഓൎക്കുന്നവളും ആയ രാധയോടു സ്വകാൎയ്യമായി (ആരുമില്ലാത്തിടത്തുവെച്ചു്) ഇപ്രകാരം പറഞ്ഞു:

ഹരിരഭിസരതി വഹതി മധുപവനെ,
കിമപരമധികസുഖം സഖി! ഭുവനെ
മാധവെ മാ കുരു മാനിനി! മാനമയേ! (പല്ലവി) 2

അ—അയേ സഖി! മധുപവനൻ വഹത്തായിരിക്കും സമയത്തിങ്കൽ—ഹരി അഭിസരിക്കുന്നു, ഭുവനത്തിങ്കൽവെച്ചു അപരം അധികസുഖമായിട്ടു ഭവിക്കുന്നുണ്ടൊ? ഹേ മാനിനി! നീ മാധവനാഗതനായിരിക്കും സമയത്തിങ്കൽ മാനത്തെ ചെയ്യരുതു്.

സാ—പ്രിയ സഖി! വസന്തകാലത്തിലുള്ള മന്ദമാരുതൻ വീശിക്കൊണ്ടിരിക്കെ ശ്രീകൃഷ്ണൻ ക്രീഡിക്കുവാനായി നിന്റെ അടുക്കലേക്കു ഇങ്ങോട്ടു വന്നിരിക്കുന്നു. ഈ ലോകത്തിൽ ഇതിലും മേലെ എന്താണൊരു സുഖമനുഭവിപ്പാനുള്ളതു്? അല്ലയൊ മാനശീലയായ രാധെ! മാധവൻ (മയുടെ=മഹാലക്ഷ്മിയുടെ ഭൎത്താവു)— ശ്രീകൃഷ്ണൻ ഇവിടെ വരുമ്പോൾ വലിയ അഭിമാനമൊന്നും നടിക്കേണ്ട. (അദ്ദേഹത്തിന്നു മഹാലക്ഷ്മി ഭാൎയ്യയായിട്ടുണ്ടു. വല്ലാതെ അഭിമാനം നടിച്ചിരിക്കയാണെങ്കിൽ അദ്ദേഹം ഒരു പക്ഷെ പോകും. അപ്പോൾ നീ കഷ്ടത്തിലാവും എന്നു താല്പൎയ്യം).

‘മാധവെ മാ കുരു മാനിനി! മാനമയെ!’ എന്നു പല്ലവി. ഇതിലെ പദാൎത്ഥങ്ങൾ എനി പറയുന്ന 7 ഗീതങ്ങളിലും യോജിപ്പിച്ചുകൊൾക.

> താലഫലാദപി ഗുരുമതിസരസം,
> കിമു വിഫലീകുരുഷെ കുചകലശം. മാധവെ. 3

അ—ഹേ സഖി! നീ, താലഫലത്തേക്കാൾ ഗുരുവായി അതിസരസമായിരിക്കുന്ന കുചകലശത്തെ എന്താണു വിഫലീകരിക്കുന്നതു്?

സാ—പ്രിയസഖി! രാധെ!, കരിമ്പനയുടെ ഫലങ്ങളേക്കാൾ സുന്ദരങ്ങളും കലശങ്ങളുടെ ആകൃതിയിയുള്ളവയും ആയ ഈ സ്തനങ്ങളെ (മുലകളെ) എന്താണു വിഫലമാക്കുന്നതു്? (ശ്രീകൃഷ്ണനോടുകൂടിയുള്ള ആലിംഗനംകൊണ്ടെ അവക്കു സാഫല്യം വരികയുള്ളൂ "അതുകൊണ്ടു ഒട്ടും താമസിയാതെ അദ്ദേഹത്തോടുകൂടി രമിക്കുകയാണു നല്ലതെ"ന്നു ഭാവാൎത്ഥം).

ഇവിടെ "          " ഈ ആടയാളത്തിൽ കാണുന്ന വാചകം എനി പറയുന്ന 6 ശ്ലോകങ്ങളിലേക്കും ആവൎത്തിക്കണം.

കതി ന കഥിതമിദമനുപദമചിരം,
മാ പരിഹര ഹരിമതിശയരുചിരം. മാധവെ. 4

അ—ഹേ സഖി! "നീ അതിശയരുചിരനായിരിക്കുന്ന ഹരിയെ പരിഹരിക്കരുതു്" എന്നു എന്നാൽ അനുപദമാകുംവണ്ണം അചിരം കഥിതമായില്ലെ?

സാ— രാധെ! 'നീ ലോകോത്തരസുന്ദരനായിരിക്കുന്ന ശ്രീകൃഷ്ണനെ ഉപേക്ഷിക്കരുതു്' എന്നു ഞാൻ നിന്നോടു എത്ര പ്രാവശ്യമായി പറയുന്നു.

കിമിതി വിഷീദസി രോദിഷി വികലാ,
വിഹസതി യുവതിസഭാ തവ സകലാ. മാധവെ. 5

അ—ഹേ സഖി! നീ എന്തു ഹേതുവായിട്ടു വിഷാദിക്കുന്നു? എന്തു ഹേതുവായിട്ടു രോദിക്കുന്നു? എന്തു ഹേതുവായിട്ടു വികലയായിട്ടു ഭവിക്കുന്നു. നിന്റെ സകലയായിരിക്കുന്ന യുവതിസഭയും നിന്നെ വിഹസിക്കുന്നുവല്ലോ!

സാ—രാധെ! നീ എന്തിനാണ വ്യസനിക്കുന്നതു്? എന്തിനാണു കരയുന്നതു? എന്താണ വിഹ്വലചിത്തയായിട്ടുള്ളതു? അല്ലയൊ സഖി! നിനക്കു് പ്രിയപ്പെട്ട എല്ലാ സഖിമാരും നിന്നെ പരിഹസിക്കുന്നുവല്ലൊ!

മൃദുനളിനീദള ശീതള ശയനെ,

ഹരിമവലോകയ സഫലയ നയനെ. മാധവെ. 6

അ—ഹേ സഖി! നീ മൃദുനളിനീദളശീതള ശയനത്തിങ്കൽ ഹരിയെ അവലോകനം ചെയ്താലും നയനങ്ങളെ സഫലിപ്പിച്ചാലും.

സാ—രാധെ! വളരെ മാർദ്ദവമുള്ള താമരപ്പൂക്കളുടെ ദളങ്ങളെക്കൊണ്ടു നിൎമ്മിച്ചിട്ടുള്ള ശയ്യയിൽ കിടക്കുന്ന ശ്രീകൃഷ്ണനെ കണ്ടു കണ്ണുകൾക്കു സാഫല്യം വരുത്തിയാലും.

ജനയസി മനസി കിമിതി ഗുരുഖേദം,

ശൃണു മമ വചനമനീഹിതഭേദം. മാധവെ. 7

അ—ഹേ സഖി! നീ എന്തു ഹേതുവായിട്ടു മനസ്സിങ്കൽ ഗുരുഖേദത്തെ ജനിപ്പിക്കുന്നു? അനീഹിതഭേദമായിരിക്കുന്ന എന്റെ വചനത്തെ ശ്രവിച്ചാലും.

സാ-രാധെ! നീ എന്തിനാണ വെറുതെ വ്യസനിക്കുന്നതു? നിന്റെ നന്മയെ ഉദ്ദേശിച്ചു ഞാൻ പറയുന്നതു കേൾക്കുകയാണ നല്ലതു്.

ഹരിരുപയാതു വദതു ബഹു മധുരം,

കിമിതി കരോഷി ഹൃദയമതിവിധുരം. മാധവെ. 8

അ—ഹേ സഖി! ഹരി ഉപയാനം ചെയ്യട്ടെ. മധുരമാകുംവണ്ണവും ബഹുവാകുംവണ്ണവും വദിക്കട്ടെ. നീ എന്തു ഹേതുവായിട്ടു ഹൃദയത്തെ അതിവിധുരമാക്കി ചെയ്യുന്നു?

സാ—രാധെ! ശ്രീകൃഷ്ണൻ വന്നുകൊള്ളട്ടെ. ഇഷ്ടംപോലെ സംസാരിച്ചുകൊള്ളട്ടെ. നീ എന്തിനാണ് ഈ വിധം കഷ്ടപ്പെടുകയും ദുഃഖിക്കുകയും ചെയ്യുന്നതു?

ശ്രീജയദേവഭണിതമതിലളിതം,
സുഖയതു രസികജനം ഹരിചരിതം. മാധവെ. 9

അ—ശ്രീജയദേവഭണിതമായി അതിലളിതമായിരിക്കുന്ന ഹരിചരിതം രസികജനത്തെ സുഖിപ്പിക്കട്ടെ.

സാ—ശ്രീജയദേവകവി സരസമായ് രചിച്ചിട്ടുള്ളതും, ഏററവും ലളിതവും, മനോഹരവും ആയ ശ്രീകൃഷ്ണന്റെ ചരിത്രം പാരായണം ചെയ്യുന്നവരും ശ്രദ്ധയോടെ ശ്രവിക്കുന്നവരും ആയ സഹൃദയന്മാൎക്ക് ആയുരാരോഗ്യാദിസുഖങ്ങളെ പ്രദാനം ചെയ്യേണമേ! എന്നു കവിപ്രാൎത്ഥന.

സ്നിഗ്ദ്ധെ യൽ പരുഷാസി യൽ പ്രണമതി
സ്തബ്ധാസി യ ദ്രാഗിണി
ദ്വേഷസ്ഥാസി യദുന്മുഖെ വിമുഖതാം
പ്രാപ്താസി തസ്മിൻ പ്രിയെ
തദ്യുക്തം വിപരീതകാരിണി! തവ
ശ്രീഖണ്ഡചൎച്ചാ വിഷം
ശീതാംശുസ്തപനൊ ഹിമം ഹുതവഹഃ
ക്രീഡാമുദൊ യാതനാഃ. 10

അ—ഹേ വിപരീതകാരിണി! സഖി! നീ യാതൊന്നു ഹേതുവായിട്ടു സ്നിഗ്ദ്ധനായിരിക്കുന്ന പ്രിയങ്കൽ പരുഷയായിട്ടു ഭവിക്കുന്നു, നീ—പ്രണമന്നായിരിക്കുന്ന അദ്ദേഹത്തിങ്കൽ സ്തബ്ധയായിട്ടു ഭവിക്കുന്നു, നീ—രാഗിയായിരിക്കുന്ന അദ്ദേഹത്തിങ്കൽ ദ്വേഷസ്ഥയായിട്ടു ഭവിക്കുന്നു,

നീ— ഉന്മുഖനായിരിക്കുന്ന അദ്ദേഹത്തിങ്കൽ വിമുഖത യെ പ്രാപ്തയായിട്ടു ഭവിക്കുന്നു—അതു ഹേതുവായിട്ടു ഇപ്പോൾ—നിനക്ക്—ശ്രീഖണ്ഡചർച്ചാവിഷമായും, ശീതാംശു തപനനായും, ഹിമം ഹുതവഹനായും ക്രീഡാമുത്തുകൾ യാതനകളായും ജാതങ്ങളായി എന്നതു് യുക്തംതന്നെ.

സാ—എല്ലാപ്പോഴും തനിക്കു അഹിതത്തെ ചെയ്യുന്ന പ്രിയസഖി! രാധെ! നിന്നിൽ സ്വതവേതന്നെ അനുരാഗമുള്ളവനും, അനുകൂലനുമായ ശ്രീകൃഷ്ണൻ വരുമ്പോൾ നീ പരുഷവാക്കുകൾ പറയുകയും ദുഷ്ടമായോരോന്നു വിചാരിക്കുകയും ചെയ്യുന്നു. അദ്ദേഹം വന്നു ഞാൻ ചെയ്ത തെററുകളെല്ലാം ക്ഷമിക്കണമെന്നു പറഞ്ഞു കാൽക്കൽ നമസ്കരിക്കുമ്പോൾ—നീ യാതൊരു വികാരവും ഇല്ലാതെ യാതൊന്നും സംസാരിക്കപോലും ചെയ്യാതെ (അനങ്ങാതെ സ്തംഭിച്ചവരെപ്പോലെ) ഇരിക്കുന്നു. അദ്ദേഹം വർദ്ധിച്ച അനുരാഗത്തോടുകൂടി നിന്നെ പുണരുവാൻ വരുമ്പോൾ നീ ദ്വേഷ്യപ്പെട്ടു അദ്ദേഹത്തെ നിരാകരിക്കുന്നു. അദ്ദേഹം നിന്നെ ഏററവും സ്നേഹിക്കുന്നു—നീ അദ്ദേഹത്തെ വെറുക്കുന്നു. ഇതിന്റെ എല്ലാം ഫലമായ്—ചന്ദനാനുലേപനം നിനക്കു വിഷത്തിനു തുല്യമായും, ചന്ദ്രൻ—സൂൎയ്യനു തുല്യനായും, മഞ്ഞിൻകട്ട (പനിനീർ) അഗ്നിക്കു തുല്യമായും സൈ്വരക്രീഡകൾപോലും ശരീരത്തെ വേദനിപ്പിക്കുന്നവ (യമദണ്ഡപ്രഹാരങ്ങൾപോലെ)യും ആയിത്തീൎന്നു. ഇതു വളരെ യോജിച്ചിട്ടുണ്ടു. എനിക്കിതിൽ ഒട്ടും സഹതാപം തോന്നുന്നില്ല എന്നു താല്പൎയ്യം. ഇത്തരം പ്രിയ സഖിയുടെ ഉപാലംഭം കൊണ്ടു വേഗത്തിൽ ശ്രീകൃഷ്ണനെ പ്രാപിക്കുകയാണു നല്ലതെന്നും ഇല്ലെങ്കിൽ മേലിൽ താൻ ദൂത്യം മുതലായ യാതൊരു സഹായവും ചെയ്യുകയില്ലെന്നും ധ്വനി.

സാന്ദ്രാനന്ദപുരന്ദരാദി ദിവിഷ-
ദ്വൃന്ദൈരമന്ദാദരാ-
ദാനമ്രൈർമ്മകുടേന്ദ്രനീലമണിഭി-
സ്സന്ദർശിതേന്ദീവരം,
മന്ദസ്യന്ദിമരന്ദതുന്ദിലഗള-
ന്മന്ദാകിനീമേദ്ദുരം
ശ്രീഗോവിന്ദപദാരവിന്ദമശുഭാ-
സ്കന്ദായ വന്ദാമഹെ. 11

അ—അമന്ദാദരം ഹേതുവായിട്ടു ആനമ്രങ്ങളായിരിക്കുന്ന സാന്ദ്രാനന്ദപുരന്ദരാദിദിവിഷദ്വൃന്ദങ്ങളാൽ മകുടേന്ദ്രനീലമണികളെക്കൊണ്ടു സന്ദർശിതേന്ദീവരമായി മന്ദസ്യന്ദിമരന്ദതുന്ദിലഗളന്മന്ദാകിനീ മേദ്ദുരമായിരിക്കുന്ന ശ്രീഗോവിന്ദപദാരവിന്ദത്തെ അശുഭാസ്കന്ദത്തിന്നായിക്കൊണ്ടു ഞങ്ങാം വന്ദിക്കുന്നു.

സാ—ഏററവും വർദ്ധിച്ച ബഹുമാനത്തോടും സന്തോഷത്തോടും കൂടി ദേവേന്ദ്രൻ മുതലായ ദേവന്മാർ കൂട്ടം കൂട്ടമായ് കാൽക്കൽ നമസ്കരിക്കുമ്പോാം അവരുടെ ശിരസ്സുകളിൽ ധരിച്ച കിരീടങ്ങളിലുള്ള മരതകരത്നങ്ങളുടെ ശോഭകൊണ്ടു കാണികാംക്കു് കരിങ്കുവളകുസുമഭ്രാന്തിയെ ജനിപ്പിക്കുന്നതും, പതുക്കെ ഒഴുകിക്കൊണ്ടിരിക്കുന്ന പുഷ്പരസങ്ങളെക്കൊണ്ടു ഗംഗാനദിയുടെ തീരപ്രദേശമാണൊ എന്നു തോന്നിക്കുന്നതും താമരപ്പൂപോലെ മനോഹരമായതുമായ ശ്രീകൃഷ്ണൻെറ പാദത്തെ ഞങ്ങാം ദുരിതനിവാരണത്തിന്നായിക്കൊണ്ടു വന്ദിക്കുന്നു. നമസ്കരിക്കുന്നു. അദ്ദേഹം എല്ലാവരേയും രക്ഷിക്കേണമേ! എന്നു കവിപ്രാൎത്ഥന.

ഇപ്രകാരം 'ലീലാ' എന്നു പേരായ ഭാഷാവ്യാഖ്യാനത്തിൽ 'അമന്ദഗോവിന്ദം' എന്നു പേരായ ഒമ്പതാം സർഗ്ഗം കഴിഞ്ഞു.

—:*:—

# പത്താം സർഗ്ഗം.

അത്രാന്തരെ മസൃണരോഷവശാദസീമ-
നിശ്വാസനിസ്സഹമുഖീം സുമുഖീമുപേത്യ,
സവ്രീളവീക്ഷിതസഖീ വദനാം ദിനാന്തെ
സാനന്ദഗൽഗദപദം ഹരിരിത്യുവാച. 1

അന്വയാർത്ഥം—ഈ അന്തരത്തിങ്കൽ ഹരി, മസൃണരോഷവശം ഹേതുവായിട്ട അസീമനിശ്വാസനിസ്സഹമുഖിയായി, സവ്രീളവീക്ഷിതസഖീവദനയായി, സുമുഖിയായിരിക്കുന്ന രാധയെ ദിനാന്തത്തിങ്കൽ ഉപയാനം ചെയ്തിട്ട സാനന്ദഗൽഗദപദമാകുംവണ്ണം ഇപ്രകാരം വചിച്ചു.

സാ—കഴിഞ്ഞ സർഗ്ഗത്തിൽ പറഞ്ഞപ്രകാരം സഖി രാധയോട്ട ഓരോന്ന പറഞ്ഞുകൊണ്ടിരിക്കെ—സന്ധ്യസമയത്തു ശ്രീകൃഷ്ണൻ—(ശ്രീകൃഷ്ണന്റെ പേരിലുള്ള ദ്വേഷ്യം കുറച്ചു ശമിയ്ക്കയാൽ)—വീണ്ടും കാമപാരവശ്യം കൊണ്ട തുടരെത്തുടരെ ദീർഘനിശ്വാസം ചെയ്യുന്നവളും വളരെ ക്ഷീണിച്ചവളും (ശ്രീകൃഷ്ണൻ വന്ന കണ്ടതുകൊണ്ട സന്തോഷിച്ചു) വലിയ ലജ്ജയോടുകൂടി സഖിയുടെ മുഖത്തേക്ക നോക്കുന്നവളും അതിസുന്ദരിയുമായ രാധയുടെ അടുത്തുചെന്ന ഇപ്രകാരം പറഞ്ഞു.

വദസി യദി കിഞ്ചിദപി ദന്തരുചികൌമുദീ
ഹരതു ദരതിമിരമതിഘോരം,
സ്ഫുരദധരശീധവെ തവ വദനചന്ദ്രമാഃ
രോചയതു ലോചനചകോരം.
പ്രിയെ! ചാരുശീലെ! മുഞ്ചമയി മാനമനിദാനം
സപദി മദനാനലൊ ദഹതി മമ മാനസം
ദേഹി മുഖകമലമധുപാനം. 2

അ—ഹേ ചാരുശീലെ! പ്രിയെ! നീ കുറഞ്ഞൊന്നു വദിക്കുന്നു എങ്കിൽ ദന്തരുചികൌമുദി അതിവേലാരമായിരിക്കുന്ന തിമിരത്തെ ഹരിക്കും. മാത്രമല്ല നിന്റെ വദനചന്ദ്രമസ്സ സ്ഫുരദധരശീധുവിന്നായിക്കൊണ്ടു ലോചനചകോരത്തെ രോചിപ്പിക്കട്ടെ. പ്രിയെ! നീ എന്നിൽ അനിദാനമായിരിക്കുന്ന മാനത്തെ മോചിച്ചാലും. മദനാനലൻ എന്റെ മാനസത്തെ പെട്ടന്നു ദഹിപ്പിക്കുന്നു. നീ മുഖകമലമധുപാനത്തെ ദാനം ചെയ്താലും.

സാ—അല്ലയൊ സൽസ്വഭാവിനിയായ രാധെ! നീ എന്തെങ്കിലും എന്നോടു കുറച്ചു സംസാരിക്കുന്നുവെങ്കിൽ, നിന്റെ പല്ലുകളുടെ ശോഭയാകുന്ന ചന്ദ്രിക എന്റെ പേടിയാകുന്ന ഇരുട്ടിനെ നിശ്ശേഷം നശിപ്പിക്കുമായിരുന്നു. മാത്രമല്ല നിന്റെ മുഖമാകുന്ന ചന്ദ്രൻ നല്ലവണ്ണം വ്യക്തമായ് കാണുന്ന നിന്റെ അധരോഷ്ഠങ്ങളിലുള്ള മൈരേയമദ്യപാനത്തിന്നായിക്കൊണ്ടു എന്റെ നേത്രങ്ങളാകുന്ന ചകോരമിഥുനത്തെ രുചിപ്പിക്കട്ടെ. പ്രിയതമെ! എന്റെ പേരിൽ യാതൊരു കാരണവും കൂടാതെ ഉണ്ടായിട്ടുള്ള പ്രണയകലഹത്തെ ഉപേക്ഷിക്കു! വർദ്ധിച്ച കാമപാരവശ്യംകൊണ്ടു എന്റെ മനസ്സ കത്തിയുരുകുന്നതുപോലെ തോന്നുന്നു. സുന്ദരി! താമരപ്പൂപോലുള്ള ഭവതിയുടെ മുഖത്തെ ചുംബിക്കുവാനും അധരപാനം ചെയ്യുവാനും അനുജ്ഞ നൽകണേ! എനി വിസമ്മതിച്ചു വിമുഖയായിരിക്കരുതേ! എന്നു സാരം. 'പ്രിയെ!' എന്നു തുടങ്ങി 'അനിദാനം' എന്നതുവരെ പല്ലവി. 'സപദി' എന്നു തുടങ്ങി 'മധുപാനം' എന്നതുവരെ അനുപല്ലവി. ഇതിലെ പദാൎത്ഥങ്ങൾ എനി പറയുന്ന 7 ഗീതങ്ങളിലും യോജിപ്പിച്ചുകൊൾക.

സത്യമേവാസി യദി സുദതി! മയി കോപിനി
ദേഹി ഖരനയനശരഘാതം,
ഘടയ ഭുജബന്ധനം ജനയരദഖണ്ഡനം
യേന വാ ഭവതി സുഖജാതം.

പ്രിയെ! ചാരുശീലെ! 3

അ—ഹേ സുദതി! നീ എന്നിൽ കോപിനിയായിട്ടു ഭവിക്കുന്നു. അതു സത്യം തന്നെയാകുന്നു എങ്കിൽ ഖരനയന ശരഘാതത്തെ ദാനംചെയ്താലും ഭുജബന്ധനത്തെ ഘടിപ്പിച്ചാലും. യാതൊന്നുകൊണ്ടു ഭവതിക്കു സുഖജാതം ഭവിക്കുന്നു അതിനേയൊ ചെയ്താലും.

സാ—സുന്ദരങ്ങളായ പല്ലുകളുള്ള—സുന്ദരിയായ—രാധെ! ഭവതി ഇപ്പോൾ തീൎച്ചയായും എന്നോടു കോപിച്ചിരിയ്ക്കയാണ് എങ്കിൽ,—സാധാരണ ജനങ്ങൾ—തങ്ങളോടു ഏററവുമുട്ടിയ ശത്രുക്കളുടെ നേരെ—ശരപ്രഹാരം, ഭുജബന്ധനം, രദഖണ്ഡനം മുതലായവ ചെയ്യുന്നപോലെ ഭവതിയും ഇപ്പോൾ അടുത്തണഞ്ഞു് എന്നെ മൂൎച്ചയേറിയ നേത്രങ്ങളാകുന്ന അസ്ത്രങ്ങളെക്കൊണ്ടു പ്രഹരിക്കുകയും, കൈകളാകുന്ന ശൃംഖലകളെക്കൊണ്ടു കെട്ടുകയും, കോപം സഹിയാതെ ചിലർ ചെയ്യാറുള്ളപോലെ പല്ലുകളെക്കൊണ്ടു മുറിവേല്പിക്കുകയും എന്നു വേണ്ട എന്തു ചെയ്താലാണു ഭവതിയുടെ ദ്വേഷ്യം ശമിക്കുക—അവയെല്ലാം ചെയ്തുകൊള്ളു, (ഇവിടെ കാമപരവശനായ ശ്രീകൃഷ്ണൻ രാധയോടു—കടാക്ഷവീക്ഷണങ്ങൾ, ആലിംഗനം, മുഖചുംബനം, അധരപാനം എന്നുവേണ്ട മതിവരുന്നതുവരെ രതിക്രീഡകൾ ചെയ്വാനായും പ്രേരിപ്പിക്കുന്നു).

ത്വമസി മമ ഭൂഷണം ത്വമസി മമ ജീവനം
ത്വമസി മമ ജലധിരത്നം,
ഭവതു ഭവതീഹ മയി സതതമനുരോധിനീ
തത്ര മമ ഹൃദയമധിയത്നം. പ്രിയെ! ചാരുശീലെ! 4

അ—ഹേ രാധെ! നീ എനിക്കു ഭൂഷണമായിട്ടു ഭവിക്കുന്നു. നീ എനിക്കു ജീവനമായിട്ടു ഭവിക്കുന്നു. നീ എനിക്കു ഭവജലധിരത്നമായിട്ടും ഭവിക്കുന്നു. ഭവതി എല്ലാപ്പോഴും എന്നിൽ അനുരാഗിണിയായിട്ടു ഭവിച്ചാലും. അതിൽ എന്റെ ഹൃദയം അധിയത്നമായിട്ടു വൎത്തിക്കുന്നു.

സാ—പ്രിയപ്പെട്ട രാധെ! ഭവതി എനിക്കു പ്രധാനപ്പെട്ട അലങ്കാരമാണു. ജീവിക്കുവാനുള്ള ഒരു ഉപകരണമാണു. ഭവതിയെക്കൂടാതെ എനിക്കു ഈ ലോകത്തിൽ ജീവിക്കാനാവില്ല എന്നു താല്പൎയ്യം. എനിക്ക് പ്രപഞ്ചമാകുന്ന സമുദ്രത്തിൽനിന്നും കിട്ടിയ രത്നമാണു ഭവതി. പണ്ടു പാലാഴി കടഞ്ഞപ്പോൾ കിട്ടിയപോലെ ഇപ്പോൾ ഭൂമിയിലവതരിച്ചപ്പോൾ കിട്ടിയ സ്ത്രീരത്നമെന്നൎത്ഥം. ഇതുകൊണ്ടു മഹാലക്ഷ്മിയേയും കൌസ്തുഭരത്നത്തേയും പരാമൎശിക്കുന്നു. ഭവതിക്ക് എല്ലാപ്പോഴും എന്നോടനുരാഗമുണ്ടാവണെ! അതിന്നു വേണ്ടിയാണു ഞാൻ അനവരതം അതിപ്രയത്നം ചെയ്യുന്നത്.

നീലനളിനാഭമപി തന്വി! തവ ലോചനം
ധാരയതി കോകനദരൂപം,
കുസുമശരബാണഭാവേന യദിരഞ്ജയസി
കൃഷ്ണമിദമേതദനുരൂപം പ്രിയെ! ചാരുശീലെ! 5

അ—ഹേ തന്വി! നിന്റെ ലോചനം നീലനളിനാഭമാണെങ്കിലും ഇപ്പോൾ കോകനദരൂപത്തെ ധരിക്കുന്നു.

നീ കൃഷ്ണനെ രഞ്ജിപ്പിക്കുന്നു എങ്കിൽ അതിന്നായിക്കൊണ്ടു കുസുമശരബാണഭാവത്തോടുകൂടി രഞ്ജിപ്പിക്കുന്നു എങ്കിൽ ഇതു അനുരൂപമായിട്ടു ഭവിക്കുന്നു.

സാ—സുന്ദരി! രാധെ! ഭവതിയുടെ കണ്ണുകൾ നീലത്താമരപ്പൂക്കളോടു സദൃശങ്ങളാണെങ്കിലും ചെന്താമരപ്പൂക്കൾപോലെ ആയിരിക്കുന്നുവല്ലോ! (കോപംകൊണ്ടും, ശ്രീകൃഷ്ണനോടുള്ള അനുരാഗംകൊണ്ടും ചുവന്നതാണു). രാധെ! ഭവതി ശ്രീകൃഷ്ണനെ അനുരക്തനാക്കിചെയ്യുവാൻ വേണ്ടി (ഞാൻ ഭവതിയിൽ അനുരക്തനാവണം എന്ന ഉദ്ദേശത്തോടെ) ഈ നേത്രങ്ങളെ കാമദേവനെ ബാണത്തേപ്പന രക്തവർണ്ണമാക്കി ചെയ്യുന്നു എങ്കിൽ അതു യുക്തം തന്നെ. (ഭവതിക്കു അനുരൂപംതന്നെ).

സ്ഥഗയതു കുചകുംഭയോരുപരി മണിമഞ്ജരീ
ഭൂഷയതു തവ ഹൃദയ ദേശം,
രസതു രശനാപി തവ ഘനജഘനമണ്ഡലെ
ഘോഷയതു മന്മഥനിദേശം പ്രിയെ! ചാരുശീലെ!.

അ—ഹേ രാധെ! നിന്റെ കുചകുംഭങ്ങളുടെ ഉപരി മണിമഞ്ജരി സ്ഥഗിക്കട്ടെ. നിന്റെ ഹൃദയദേശത്തെ ഭൂഷിപ്പിക്കട്ടെ. രശനയും നിന്റെ ഘനജഘനമണ്ഡലത്തിൽ രസിക്കട്ടെ. മന്മഥനിദേശത്തെ ഘോഷിപ്പിക്കട്ടെ.

സാ—പ്രിയതമെ! രാധെ! ഭവതിയുടെ കലശസദൃശങ്ങളായ സ്തനങ്ങളുടെ മേലെ അണിഞ്ഞിട്ടുള്ള മുത്തുമാല ഏററവും ശോഭിക്കട്ടെ. മാത്രമല്ല അതു ഭവതിയുടെ ഹൃദയപ്രദേശത്തെ (മാർവ്വിടത്തെ) കൂടുതൽ അലംകരിക്കയും ചെയ്യട്ടെ. അരഞ്ഞാൺ ഭവതിയുടെ ഇടതൂർന്ന മനോഹരമായ കടിപ്രദേശത്തിൽ (അരക്കെട്ടിൽ) ശബ്ദിക്കമാറാകു

ട്ടെ. അത്രതന്നെയുമല്ല കാമദേവൻെറ കല്പനനടത്തലെ ന്നോണം ഘോഷിക്കട്ടെ. (ആഭരണങ്ങളെല്ലാം ഉപേക്ഷി ച്ച രാധയോടു മുത്തുമാലയും പതക്കവും അരഞ്ഞാണം എല്ലാം ധരിക്കുവാൻ ശ്രുപാൎശ്ചെയ്യുന്നു).

സ്ഥലകമലഭഞ്ജനം മമ ഹൃദയരഞ്ജനം
ജനിതരതിരംഗപരഭാഗം,
ഭണ മസൃണവാണി! കരവാണി ചരണദ്വയം
സരസലസദലക്തകസരാഗം.

പ്രിയെ! ചാരുശീലെ! 7

അ—ഹെ മസൃണവാണി! നിൻെറ സ്ഥലകമലഭഞ്ജനമായി എനിക്കു ഹൃദയരഞ്ജനമായ ജനിതരതിരംഗപരഭാഗമായിരിക്കുന്ന ചരണദ്വയത്തെ ഞാൻ സരസലസദലക്തകസരാഗമാക്കി ചെയ്യട്ടയോ? നീ ഭണനംചെയ്താലും!

സാ—മയത്തിൽ സംസാരിക്കുന്നതിൽ സമൎത്ഥയായ പ്രിയെ! രാധെ! കരയിൽ നട്ടു നനച്ചുണ്ടാക്കിയ താമരപ്പൂവിനേക്കാൾ കൂടുതൽ ശോഭയുള്ളവയും എൻെറ മനസ്സിനെ സന്തോഷിപ്പിക്കുന്നതിൽ സമൎത്ഥങ്ങളും, ഉപരിസുരതത്തിൽ എൻെറ ദേഹത്തിൽക്കൂടി (ചെമ്പഞ്ഞിച്ചാറു) പകൎത്തുന്നവയും ആയ രണ്ടു കാലുകളിലും ഞാൻ വളരെ ഭംഗിയായ് ചെമ്പഞ്ഞിച്ചാറു തേച്ചു ചുവപ്പിക്കട്ടെ, അതിന്നായ് ഭവതിയനുവദിച്ചാലും. ഇവിടെ രാധയുടെ കാലുകൾക്കു മാത്രമെ ശ്രീകൃഷ്ണനെ സന്തോഷിപ്പിക്കുവാൻ സാധിക്കയുള്ളു; സ്ഥലകമലങ്ങൾക്ക് ശ്രീകൃഷ്ണൻെറ മനസ്സിനെ രഞ്ജിപ്പിക്കുവാൻ ത്രാണിയില്ലാത്തതിനാൽ കമലങ്ങളേക്കാൾ പാദങ്ങൾക്കു ഔൽകൃഷ്ട്യം.

സ്മരഗരളഖണ്ഡനം മമ ശിരസി മണ്ഡനം
ദേഹി പദപല്ലവമുദാരം,
ജ്വലതി മയി ദാരുണൊ മദനകദനാനലൊ
ഹരതു തദുപാഹിതവികാരം. പ്രിയെ! ചാരുശീലെ.

അ—ഹേ പ്രിയെ! നീ സ്മരഗരളഖണ്ഡനമായി ഉദാരമായിരിക്കുന്ന പദപല്ലവത്തെ എന്റെ ശിരസ്സിങ്കൽ മണ്ഡനമാക്കി ദാനംചെയ്താലും എന്നിൽ ദാരുണനായിരിക്കുന്ന മദനകദനാനലൻ ജ്വലിക്കുന്നു. പദപല്ലവസമപ്പണം ഉപാഹിതവികാരമായിരിക്കുന്ന അതിനെ ഹരിക്കട്ടെ.

സാ–പ്രിയെ! രാധെ! കാമപാരവശ്യമാകുന്ന വിഷത്തെ തീരെ നശിപ്പിക്കുന്നവയും ഉൽകൃഷ്ടമായിട്ടുള്ളവയും തളിരുപോലെ (ശൈത്യം മാദ്ദവം തുടങ്ങിയ ഗുണങ്ങൾ ഉള്ളവയെന്നു താല്പൎയ്യം) യുള്ളവയും ആയ ഭവതിയുടെ കാലുകൾ എന്റെ ശിരസ്സിന്നു ഒരലങ്കാരമാക്കിച്ചെയ്താലും, അതിക്രൂരമായ കാമപാരവശ്യമാകുന്ന അഗ്നി എന്നിൽ ജ്വലിക്കുന്നു. തളിരുകളോടു തുല്യങ്ങളായ ഭവതിയുടെ കാലുകൾ മാറി മാറി വെക്കുന്നതുകൊണ്ടു വൎദ്ധിച്ച കാമപാരവശ്യത്തെ അവ ഇല്ലായ്മചെയ്യുമാറാകട്ടെ.

ഇതി ചടുലചാടുപടുചാരു മുരവൈരിണൊ
രാധികാമധിവചനജാതം,
ജയതി പത്മാവതീരമണജയദേവകവിഭാരതീ
ഭണിതമിതി ഗീതം. പ്രിയെ! ചാരുശീലെ! 9

അ—ഇപ്രകാരം മുരവൈരിയുടെ ചടുലചാടുപടുചാരുവായി രാധികയെകുറിച്ചുള്ള വചനജാതം പത്മാവതീരമണജയ ദേവകവി ഭാരതീഭണിതമായിരിക്കുന്ന ഗീതമായിട്ടു ജയിക്കുന്നു.

സാ—ഇപ്രകാരം ശ്രീകൃഷ്ണൻ രാധയോട്ട പറഞ്ഞിട്ടുള്ള നിപുണങ്ങളും മനോഹരങ്ങളുമായ വാക്കുകൾ ‘പത്മാവതീ’ എന്നു പേരായ സ്ത്രീയുടെ ഭർത്താവായ ജയദേവകവി വളരെ നിപുണമായി വർണ്ണിച്ചിട്ടുള്ള ഈ ഗീതം (ഗീതഗോവിന്ദകാവ്യം) സർവ്വോൽക്കർഷേണ വർത്തിക്കുന്നു. മഹാജനങ്ങളെ! നിങ്ങൾ ഇതു വായിക്കുന്നതുകൊണ്ടു കൂടുതൽ ഔൽകൃഷ്ട്യം ഉണ്ടാകുമെന്നു താല്പര്യം.

പരിഹരകൃതാതങ്കേ ശങ്കാം ത്വയാ സതതം ഘന-
സ്തനജഘനയാ ക്രാന്തേ സ്വാന്തേ പരാനവകാശിനി,
വിശതി വിതനോരന്യോ ധന്യേ! ന കോപി മമാന്തരം
സ്തനഭരപരീരംഭാരംഭേ വിധേഹി വിധേയതാം. 10

അ—ഹേ ധന്യേ! എന്റെ സ്വാന്തം കൃതാതങ്കമായി ഘനസ്തനജഘനയായിരിക്കുന്ന നിന്നാൽ എല്ലായ്പോഴും ക്രാന്തമായി അന്യാനവകാശിയായിരിക്കും സമയത്തിങ്കൽ വിതനുവിങ്കൽനിന്നു അന്യനായ ഒരുത്തനെങ്കിലും അന്തരത്തെ പ്രവേശിക്കുന്നില്ല, നീ ശങ്കയെ പരിഹരിച്ചാലും സ്തനഭരപരീരംഭാരംഭത്തിങ്കൽ വിധേയതയെ വിധാനം ചെയ്താലും.

സാ—ഭാഗ്യവതിയായ രാധെ! ഭവതിയുടെ വേർപാടുമുതൽ (തടിച്ച) മുലകളും ജഘനപ്രദേശവും (അരക്കെട്ടും) എല്ലാം കൂടിയ ഭവതി ഇരിക്കുവാൻ തുടങ്ങിയതുമുതൽ മാറി ഒരു കുട്ടിക്കുപോലും പ്രവേശിക്കുവാനിടമില്ലാത്ത—കാമപരവശമായ എന്റെ മനസ്സിൽ ശരീരമില്ലാത്തവൻ (കാമദേവൻ) ഒഴികെ മററാരും പ്രവേശിച്ചിട്ടില്ല. ഭവതി വെറുതെ ശങ്കിക്കേണ്ട. എനി മൽകർതൃകമായ ത്വൽകുചാലിംഗനത്തിൽ അനുകൂലിച്ചുകൂടയൊ?

(ഭവതിയുടെ വേർപാടുമുതൽ ഭവതിയെത്തന്നെ എല്ലായ്പോഴും ധ്യാനിച്ചുകൊണ്ടിരിക്കയെന്നല്ലാതെ മററൊരു യുവതിയെ മനസ്സുകൊണ്ടു സ്മരിക്കപോലും ചെയ്തിട്ടില്ല). ഇതു സത്യമാണ. വെറുതെ എന്നെ ശങ്കിക്കണ്ട ആലിംഗനം മുതലായ ക്രീഡകൾക്കെന്നെ അനുകൂലിക്കു! എന്നു സാരം.

വ്യഥയതി വൃഥാ മൌനം തന്വി!
പ്രപഞ്ചയ പഞ്ചമം
തരുണി! മധുരാലാപൈസ്താപം
വിനോദയ ദൃഷ്ടിഭിഃ,
സുമുഖി! വിമുഖീഭാവം താവദ്വി-
മുഞ്ച ന മുഞ്ച മാം
സ്വയമതിശയസ്നിഗ്ദ്ധോ മുഗ്ദ്ധേ!
പ്രിയോഽഹമുപസ്ഥിതഃ 11

അ—ഹേ തന്വി! വൃഥാമൌനം എന്നെ വ്യഥിപ്പിക്കുന്നു. ഹേ തരുണി! നീ മധുരാലാപങ്ങളെക്കൊണ്ടു പഞ്ചമത്തെ പ്രപഞ്ചിച്ചാലും. മാത്രമല്ല ദൃഷ്ടികളെക്കൊണ്ടു താപത്തെ വിനോദിപ്പിച്ചാലും. ഹേ സുമുഖി! നീ വിമുഖീഭാവത്തെ മോചിച്ചാലും. എന്നെ മോചിയ്ക്കരുതേ! ഹേ മുഗ്ദ്ധേ! അതിശയസ്നിഗ്ദ്ധനായി പ്രിയനായിരിക്കുന്ന ഞാൻ തന്നെത്താൻ ഉപസ്ഥിതനായിട്ടു ഭവിക്കുന്നു.

സാ—കൃശാംഗി! രാധെ! യാതൊരു കാരണവുംകൂടാതെയുള്ള ഭവതിയുടെ ഈ മൌനം എന്നെ കണക്കിലേറെ വ്യസനിപ്പിക്കുന്നു. സുന്ദരി! ഭവതി പികത്തോടു സദൃശമായി കുറച്ചു സംസാരിക്കു! (തമാശകൾ പറയൂ എന്നു സാരം). മാത്രമല്ല കടാക്ഷവീക്ഷണങ്ങൾ ചെയ്തു എന്റെ

കാമപാരവശ്യത്തെ ഇല്ലായ്മചെയ്തു എന്നെ സന്തോഷി പ്പിക്ക! പ്രിയെ! വൈമുഖ്യത്തെ ഉപേക്ഷിക്ക! പ്രിയത മെ! ഭവതിയൊരുകാലത്തും ഈയുള്ളവനെ ഉപേക്ഷിക്ക രുതേ! പ്രിയ രാധെ! ഭവതിയിൽ ഏറ്റവും അനുരക്ത നും, ഇഷ്ടനും ഭത്താവുമായ ഞാനിതാ തന്നത്താൻ വ ന്നിട്ടുണ്ടല്ലോ. (സാധാരണ ആളെ പറഞ്ഞയച്ചാൽകൂടി വരുവാൻ പ്രയാസം. അങ്ങിനത്ത ആൾ ഇതാ തന്ന ത്താൻ വന്നിരിക്കുന്നു, എന്നിട്ടും പ്രണയകോപം അഭിന യിച്ചുകൊണ്ടിരുന്നാൽ വലിയ അപകടമാണെന്നത്ഥം).

മുഗ്ദ്ധേ! വിധേഹി മയി നിർദ്ദയദന്തദംശ
ദോർവ്വല്ലി ബന്ധനിബിഡസ്തനപീഡനാനി,
ചണ്ഡി! ത്വമേവ മുദമഞ്ച ന പഞ്ചബാണ-
ചണ്ഡാലകാണ്ഡദലനാദസവഃ പ്രയാന്തു. 12

അ—ഹേ ചണ്ഡി! മുഗ്ദ്ധേ! നീ നിർദ്ദയദന്തദംശ ദോർവ്വല്ലിബന്ധനിബിഡസ്തനപീഡനങ്ങളെ എന്നിൽ വിധാനം ചെയ്താലും. നീ തന്നെ മുത്തിനെ പ്രാപിച്ചാ ലും പഞ്ചബാണചണ്ഡാലകാണ്ഡദലനം ഹേതുവായിട്ടു അസുക്കൾ പ്രയാണം ചെയ്യരുതേ!

സാ—കോപനശീലയും സമത്ഥയുമായ രാധെ! സാധാരണ അപരാധികളെ ചെയ്യാറുള്ളതുപോലെ നിർദ്ദ യമായ് കടിച്ചോ മറെറാ മുറിവേല്പിക്കുക, (അധരപാനം മുതലായവകൊണ്ടു ദന്തക്ഷതങ്ങളേല്പിക്കുക) കൈകളാ കുന്ന വള്ളികളെക്കൊണ്ടു പിടിച്ചു കെട്ടുക (രണ്ടുകൈക ളെക്കൊണ്ടും കെട്ടിപ്പുണരുക) ഏറ്റവും ഉറപ്പുള്ള മുലക ളെക്കൊണ്ടു കുത്തുക (സ്തനങ്ങളെക്കൊണ്ടു നല്ലവണ്ണം മർദ്ദി ച്ചു ആലിംഗനം ചെയ്യുക) മുതലായവ ചെയ്തു ഭവതി ത്

പ്തിയടങ്ങിയാലും. എന്നാൽ അതിക്രൂരനും നികൃഷ്ടനും ആയ കാമദേവനാകുന്ന ചണ്ഡാലന്റെ ശരങ്ങളേറ്റു മരിക്കേണ്ടിവരില്ലല്ലൊ. ചണ്ഡാലസദൃശനായ കാമദേവന്റെ ശരങ്ങളേറ്റു മരിക്കുന്നതിനേക്കാളും, അവനേക്കാൾ എത്രയോ മഹത്വമുള്ള ഭവതിയുടെ ഉപദ്രവം യുക്തവും യോഗ്യവും ആണെന്നും, വേഗത്തിൽ ഭവതി ആലിംഗനചുംബനാദിരതിക്രീഡകൾ ചെയ്യുവാനെന്നെ അനുവദിച്ചില്ലെങ്കിൽ കാമപാരവശ്യം സഹിക്കവഹിയാതെ ഞാൻ മരിക്കുകതന്നെ ചെയ്യുമെന്നും പ്രാധാന്യേന ധ്വനിക്കുന്നു.

ബന്ധൂകദ്യുതിബാന്ധവോയമധരഃ
സ്നിഗ്ദ്ധാ മധൂകഛവി-
ർഗ്ഗണ്ഡേ ചണ്ഡി! ചകാസ്തി നീലനളിന-
ശ്രീമോചനം ലോചനം,
നാസാഭ്യേതി തിലപ്രസൂനപദവീം
കുന്ദാഭദന്തി! പ്രിയെ!
പ്രായസ്ത്വന്മുഖസേവയാ വിജയതെ
വിശ്വം സ പുഷ്പായുധഃ 13

അ—ഹേ ചണ്ഡി! കുന്ദാഭദന്തി! പ്രിയെ! നിന്റെ ഈ അധരം ബന്ധൂകദ്യുതിബാന്ധവമായിട്ടു ഭവിക്കുന്നു, സ്നിഗ്ദ്ധയായിരിക്കുന്ന മധൂകഛവി ഗണ്ഡത്തിങ്കൽ ചകാസിക്കുന്നു, ലോചനം നീലനളിനശ്രീമോചനമായിട്ടു ഭവിക്കുന്നു, നാസാതിലപ്രസൂനപദവിയെ അന്വയിക്കുന്നു, ആ പുഷ്പായുധൻ ത്വന്മുഖസേവകൊണ്ടോ എന്നു തോന്നുമാറു വിശ്വത്തെ വിജയിക്കുന്നു.

സാ—അത്യന്തകോപനശീലയും, കുരുക്കുത്തിമുല്ലയുടെ പൂക്കൾപോലെ അത്രയും മനോഹരങ്ങളായ പല്ലുകളോടുകൂടിയ രാധെ! ഭവതിയുടെ അധരം ചുവന്ന ചെമ്പരുത്തിപ്പൂവുപോലെ ചുവന്നതും സുന്ദരവുമാണു. നിൻെറ കവിൾത്തടങ്ങളിൽ ഇരിപ്പപ്പൂവിൻേറതുപോലുള്ള മനോഹാരിയായ ഒരു ശോഭ കളിയാടുന്നു. കണ്ണുകൾ നീലത്താമരപ്പൂക്കളുടെ ദളങ്ങൾപോലെ അത്രയും രമണീയങ്ങളാണു. മൂക്കു എള്ളിൻ പൂപോലെ അത്രയും സുന്ദരമാണു. ഇത്രയും ഉൽകൃഷ്ടമായ ഈ മുഖത്തിൻെറ സഹായംകൊണ്ടാണൊ കാമദേവൻ ലോകത്തെ മുഴുവൻ ജയിക്കുന്നതു് (ജനങ്ങളെ മുഴുവൻ വശീകരിച്ചു കാമപരവശമാക്കിത്തീക്കുന്നതു) എന്നു തോന്നും. രാധയെ കണ്ടാൽ ഏതൊരു യുവാവും കാമപരവശനായിത്തീരുമെന്നു താല്പര്യം.

ദൃശൌ തവ മദാലസെ വദനമിന്ദുമത്യന്വിതം
ഗതിസ്തവ മനോരമാ വിജിതരംഭമൂരുദ്വയം,
രതിസ്തവ കലാവതീ രുചിരചിത്രലേഖെ ഭ്രുവാ
വഹൊ വിബുധയൌവനം വഹസി തന്വി!

പൃഥ്വീഗതാ. 14

അ—ഹേ തന്വി! നിൻെറ ദൃക്കുകൾ മദാലസകളായിട്ടു ഭവിക്കുന്നു. നിൻെറ വദനം ഇന്ദുമതിയായിട്ടു ഭവിക്കുന്നു. നിൻെറ ഗതി മനോരമയായിട്ടു ഭവിക്കുന്നു. നിൻെറ ഊരുദ്വയം വിജിതരംഭമായിട്ടു ഭവിക്കുന്നു. നിൻെറ രതി കലാവതിയായിട്ടു ഭവിക്കുന്നു. നിൻെറ ഭ്രൂക്കൾ രുചിരചിത്രലേഖകളായിട്ടു ഭവിക്കുന്നു. നീ പൃഥ്വീഗതയായിട്ടു വിബുധയൌവനത്തെ വഹിക്കുന്നു. അഹോ!

സാ—കൃശാംഗി (സുന്ദരി) യായ രാധെ! ഭവതിയുടെ കണ്ണുകൾ അഹങ്കാരംകൊണ്ടു അലസങ്ങളും, മുഖചന്ദ്രനെപ്പോലെ ആഹ്ലാദകരവും (നടത്തം) ഗമനം മനോഹരവും, തുടകൾ രണ്ടും വാഴപ്പിണ്ടികളേക്കാൾ മാർദ്ദവഗുണമുള്ളവയും മാംസളങ്ങളും, കാമക്രീഡകൾ കലാവിദ്യകളോടുകൂടിയവയും, പുരികക്കൊടികൾ ദൃഷ്ടജനങ്ങൾക്കു സന്തോഷത്തേയും ആശ്ചര്യത്തേയും ഉണ്ടാക്കുന്നവയാണു. ഇപ്രകാരം ഭവതി ഭൂമിയിൽ വന്നു പിറന്നുവെങ്കിലും (ദേവന്മാരുടെ) അപ്സരസ്ത്രീകൾക്ക് തുല്യമായ യൌവനമാണു ഭവതിക്കുള്ളതു. ഇവിടെ— "ഇത്ര ചെറുപ്പത്തിൽത്തന്നെ ഞാൻ ഇത്തരം പ്രവൃത്തികൾ തുടങ്ങിയാൽ ക്ഷണത്തിൽ എന്റെ യൌവനം (സൌന്ദര്യസൌഭാഗ്യാദികൾ) വെറുതെ പാഴായി പോകും. അതുകൊണ്ടു ഞാനിപ്പോൾ ഇദ്ദേഹത്തെ സ്വീകരിക്കുന്നില്ല". എന്നു ഭവതി വിചാരിക്കുന്നുവെങ്കിൽ "ആ ശങ്ക വെറുതെയാണു—ദേവന്മാൎക്കു ബാല്യം കൌമാരം യൌവ്വനം എന്നിങ്ങനെ മൂന്നു ദശകളെ ഉള്ളു. നിനക്കു യൌവനവുമെത്തിക്കഴിഞ്ഞു. ഈ യൌവനം അപ്സരസ്ത്രീകളുടേതുപോലെയുള്ളതാണു. യാതൊരു ക്ഷയവും ഉണ്ടാവില്ല. എന്നെന്നേക്കും ഇതു ഈ നിലയിൽത്തന്നെ നില്ക്കുകയും ചെയ്യും. അതുകൊണ്ടു എന്നെ സ്വീകരിക്കുവാൻ ഒട്ടും മടിക്കേണ്ട" എന്നുള്ള ശ്രീകൃഷ്ണന്റെ പ്രേരണ പ്രാധാന്യേന ധ്വനിക്കുന്നു.

ശശിമുഖി! തവ ഭാതി ഭംഗുരാ ഭ്രൂ-
ർയുവജന മോഹകരാളകാളസൎപ്പീ,
തദുദിതവിഷഭേഷജന്ത്വദീയൈകാ
ത്വദധരശീധുസുധൈവ ഭാഗ്യഭോഗ്യാ 15

അ—ഹേ ശശിമുഖി! ഭംഗുരയായിരിക്കുന്ന നിന്റെ ഭ്രൂ യുവജനമോഹകരാളകാളസൎപ്പിയായിട്ടു ഭാനംചെയ്യുന്നു. തദ്ദംശിതവിഷഭേഷജമാകട്ടെ—ഏകയായി ഭാഗ്യഭോഗ്യയായിരിക്കുന്ന ത്വദധരസുധാമാത്രം ഭവിക്കുന്നു.

സാ—പൂൎണ്ണചന്ദ്രനിഭാനനെ! രാധെ! കൃഷ്ണസൎപ്പത്തിന്റെ ദംശനമേററു മോഹാലസ്യപ്പെട്ട ജനങ്ങളെ ജീവിപ്പിക്കണമെങ്കിൽ അമൃതിനു മാത്രമെ കഴിയുകയുള്ളു. അതുപോലെതന്നെ വളഞ്ഞു മനോഹരങ്ങളായ ഭവതിയുടെ കണ്ണുകളെക്കൊണ്ടുള്ള കടാക്ഷവീക്ഷണങ്ങൾകൊണ്ടു അനുരക്തന്മാരായ യുവജനങ്ങൾ ആഗ്രഹം സാധിയാതെ മൂൎഛ മുതലായ വികാരങ്ങളെ പ്രാപിക്കുമ്പോൾ—മുജ്ജന്മസുകൃതംകൊണ്ടുമാത്രം പ്രാപിക്കുവാൻ സാധിക്കുന്ന ഭവതിയുടെ അധരപാനാദികൾകൊണ്ടു മാത്രമെ സുഖപ്രാപ്തിയുണ്ടാവുകയുള്ളുവെന്നു സാരം.

പ്രീതിം വസ്തനുതാം ഹരിഃ കുവലയാ-
പീഡേന സാൎദ്ധം രണെ
രാധാപീനപയോധര സ്മരണകൃൽകും-
ഭേന സംഭേദവാൻ,
യത്ര സ്വിദ്യതി മീലതി ക്ഷണമപ്രൽ
ക്ഷിപ്തദ്വിപേƒപി ക്ഷണാൽ
കംസസ്യാഭൂ ബലെ ജിതം ജിതമിതി
വ്യാമോഹ കോലാഹലഃ. 16

അ—രണത്തിങ്കൽ രാധാപീനപയോധരസ്മരണകൃത്കുംഭമായിരിക്കുന്ന കുവലയാപീഡത്തോടുകൂടി സംഭേദവാനായിരിക്കുന്ന ഹരി നിങ്ങൾക്കു പ്രീതിയെ ചെയ്യട്ടെ, —യാതൊരേടത്തു ക്ഷണം സ്വിദ്യന്നായി, മീലന്നായി

ക്ഷിപ്തദചീപനായിരിക്കും സമയത്തിങ്കൽക്കൂടി അനന്തരവും കംസൻെറ ബലത്തിങ്കൽ ജിതം ജിതം എന്നുള്ള വ്യാമോഹകോലാഹലം ഭവിച്ചു.

സാ—ശ്രീകൃഷ്ണൻ യുദ്ധക്കളത്തിൽ കുവലയാപീഡമെന്നുപേരായ കംസൻെറ ആനയോട്ടുകൂടി യുദ്ധം ചെയ്യുമ്പോൾ അതിൻെറ മസ്തകങ്ങൾ കണ്ടു പെട്ടന്നു തൽസദൃശങ്ങളായ തൻെറ പ്രിയയായ രാധയുടെ—തടിച്ചു വൃത്തമൊത്തു മനോഹരങ്ങളായ മുലകളെ സ്മരിക്കുവാനിടയായി. തൽക്ഷണം കുറച്ചു നേരത്തേക്കു സ്വേദം (വിയപ്പു പൊടിയൽ) എന്ന സാത്വികവികാരമുണ്ടാവുകയും, പെട്ടന്നു ബോധം വന്നു ആനയുടെ മസ്തകം തല്ലിപ്പൊളിച്ചു കൊല്ലുകയും ചെയ്തുവെങ്കിലും,—കംസൻെറ സൈന്യങ്ങൾക്കു 'നമ്മൾ ജയിച്ചു, ഞങ്ങൾ ജയിച്ചു' എന്നെല്ലാമുള്ള നിഷ്ഫലമായ ദുരാഗ്രഹത്തോട്ടുകൂടിയുള്ള ആ—കോലാഹലം (കൂക്കിവിളി മുതലായവ) ഉണ്ടാവുകയുംചെയ്തു. ഇതിന്നു കാരണനായ സാക്ഷാൽ ശ്രീകൃഷ്ണൻ നമ്മെ എല്ലാവരേയും രക്ഷിക്കട്ടെ. (കവിപ്രാൎത്ഥന).

ഇപ്രകാരം 'ലീലാ' എന്നു പേരായ ഭാഷാവ്യാഖ്യാനത്തിൽ 'ചതുരചതുർഭുജം' എന്നു പേരായ

പത്താം സൎഗ്ഗം കഴിഞ്ഞു.

—:*:—

# പതിനൊന്നാം സർഗ്ഗം.

സുചിരമനുനയേന പ്രീണയിത്വാ മൃഗാക്ഷീം
ഗതവതി കൃതവേഷേ കേശവെ കേളിശയ്യാം,
രചിതരുചിരവേഷാം ദൃഷ്ടിമോഷെ പ്രദോഷെ
സ്ഫുരതി നിരവസാദാം കാപി രാധാം ജഗാദ. 1

അന്വയാൎത്ഥം—സുചിരം അനുനയംകൊണ്ടു മൃഗാക്ഷിയെ പ്രീണനം ചെയ്തിട്ടു (പ്രീണിപ്പിച്ചിട്ടു) കൃതവേഷനായിരിക്കുന്ന കേശവൻ കേളിശയ്യയെ ഗതനായിരിക്കും സമയത്തിങ്കൽ ദൃഷ്ടിമോഷമായിരിക്കുന്ന പ്രദോഷം സ്ഫുരത്തായിരിക്കും സമയത്തിങ്കലാകട്ടെ ഒരു സഖി രചിതരുചിരവേഷയായി നിരവസാദയായിരിക്കുന്ന രാധയോടു ഇപ്രകാരം ഗദിച്ചു.

സാരം—ശ്രീകൃഷ്ണൻ ഒരുവിധം പണിപ്പെട്ടു വളരെ നേരം നല്ലവാക്കുകൾ പറഞ്ഞു സുന്ദരിയായ രാധയെ ഒരുവിധം സന്തോഷിപ്പിച്ചതിന്നുശേഷം തനിക്കു (വേണ്ടുന്ന) സുരതത്തിന്നു യോജിച്ച വസ്ത്രാഭരണാദികളെല്ലാം ധരിച്ചു ലതാഗൃഹത്തിലുള്ള പുഷ്പതല്പത്തിൽ (പോയ്) കിടന്നപ്പോൾ—സമൎത്ഥയായ സഖി—സംഭോഗത്തിന്നുചിതങ്ങളായ വസ്ത്രങ്ങൾ, ആഭരണങ്ങൾ, വാസനദ്രവ്യങ്ങൾ ഇവയെല്ലാം ഉപയോഗിച്ചിരിക്കുന്നവളും സന്തുഷ്ടയുമായ രാധയോടു ഇപ്രകാരം പറഞ്ഞു. ഇവിടെ ശ്ലോകത്തിൽ 'കാപി' എന്നു പറഞ്ഞതുകൊണ്ടു സഖിയുടെ സാമൎത്ഥ്യം മുതലായ യോഗ്യതകളെ ധ്വനിപ്പിക്കുന്നു.

വിരചിതചാടുവചനരചനം ചരണെ
രചിതപ്രണിപാതം,
സമ്പ്രതി മഞ്ജുള വഞ്ജുള സീമനി കേളി-
ശയനമുപയാതം.
മുഗ്ദ്ധേ! മധുമഥനം (പല്ലവി)
അനുഗതമനുഭജ രാധെ! (അനുപല്ലവി) 2

അ—ഹേ മുഗ്ദ്ധേ! രാധെ! വിരചിതചാടുവചനരചനനായി ചരണത്തിങ്കൽ രചിതപ്രണിപാതനായി, ഇപ്പോഠം—മഞ്ജുള വഞ്ജുള സീമാവിങ്കൽ കേളിശയനത്തെ ഉപയാതനായി, അനുഗതനായിരിക്കുന്ന മധുമഥനനെ അനുഭജിച്ചാലും.

സാ—സുന്ദരിയും സമൎത്ഥയുമായ രാധെ! നിന്റെ അടുക്കൽ വന്നിതുവരയും നിന്നെ പ്രശംസിച്ചുകൊണ്ടേ നിന്നിരുന്നവനും നിന്റെ കാൽക്കാൽ ("എന്റെ എല്ലാ അപരാധങ്ങളും ക്ഷമിക്കണെ!" എന്നും മററും പറഞ്ഞു്) നമസ്കരിച്ചവനും, നിന്നെ അത്യധികം സ്നേഹിക്കുന്നവനും ആയ ശ്രീകൃഷ്ണൻ ആ ആററുവഞ്ഞികഠം നിറഞ്ഞുനിൽക്കുന്ന വള്ളിക്കുടിലിൽ കുസുമശയനത്തിൽ കിടന്നു കഴിഞ്ഞു. അതുകൊണ്ടു് വേഗം പോയദ്ദേഹത്തെ വേണ്ടതുപോലെ ശുശ്രൂഷിക്കു!.

ഘനജഘനസ്തനഭാരഭരെ! ദര-
മന്ഥരചരണവിഹാരം,
മുഖരിതമണിമഞ്ജീരമുപൈഹി വിധേഹി-
മരാള വിഹാരം മുഗ്ദ്ധേ!. 3

അ—ഹേ ചലനജ്ഘലനസ്തനഭാരെ! രാധെ! നീ ദരമന്ഥര ചരണവിഹാരമാകുംവണ്ണവും മുഖരിതമണി മഞ്ജീരമാകുംവണ്ണവും പ്രിയസമീപത്തെ ഉപയാനം ചെയ്താലും. മരാളവിഹാരത്തെ വിധാനം ചെയ്താലും.

സാ—തടിച്ച സ്തനങ്ങളും നിതംബങ്ങളും അരക്കെട്ടും ഉള്ള സുന്ദരിയായ രാധെ! കാലുകളിലുള്ള ചിലമ്പുകളുടെ കിലുക്കം കേൾക്കുമാറു്, അരയന്നങ്ങൾ നടക്കുന്നപോലെ കുറഞ്ഞൊന്നു പതുക്കെ നടന്നു ശ്രീകൃഷ്ണനെ പ്രാപിച്ചാലും. (ഇവിടെ 'മരാളവിഹാരം വിധേഹി' എന്നു പറഞ്ഞതുകൊണ്ടു ശ്രീകൃഷ്ണനെ പ്രാപിച്ചു കാമശാസ്ത്രപ്രകാരം സുരതം 64 വിധമുള്ളതിൽ 'മരാളവിഹാരം' എന്ന സുരതത്തെ ചെയ്തുകൊള്ളു" എന്നു ധ്വനി. പല്ലവിയുടേയും അനുപല്ലവിയുടേയും പദാൎത്ഥങ്ങൾ എനിയുള്ള 6 ഗീതങ്ങളിലേക്കും യോജിപ്പിച്ചുകൊൾക.

ശൃണു രമണീയതരം തരുണീജന-
    മോഹനമധുപവിരാവം,
കുസുമശരാസന ശാസനവന്ദിനി
    പികനികരെ ഭജ ഭാവം മുഗ്ദ്ധേ!. 4

അ—ഹേ മുഗ്ദ്ധേ! നീ രമണീയതരമായിരിക്കുന്ന തരുണീജനമോഹനമധുപ വിരാവത്തെ ശ്രവിച്ചാലും. മാത്രമല്ല കുസുമശരാസനശാസനവന്ദിയായിരിക്കുന്ന പികനികരം സത്തായിരിക്കും സമയത്തിങ്കൽ ഭാവത്തെ ഭജിച്ചാലും.

സാ—സുന്ദരിയായ രാധെ! ഏററവും കണ്ണാനന്ദകരങ്ങളും വിരഹിണികളായ യുവതികൾക്കു് വികാരപാരവശ്യത്തെ വളൎത്തുന്നവയും ആയ വണ്ടുകളുടെ ശബ്ദങ്ങൾ

കേട്ടുവോ? മാത്രമല്ല കാമദേവന്റെ ശൊൽപടിക്കു നിൽക്കുന്ന കോകിലങ്ങളുടെ ആലാപങ്ങൾ കേട്ടുവൊ? എനി താമസിയാതെ ശ്രീകൃഷ്ണനെ പ്രാപിച്ചുകൊൾക.

അനിലതരളകിസലയനികരേണ
കരേണ ലതാനികുരംബം,
പ്രേരണമിവ കരഭോരു! കരോതി
ഗതിംപ്രതി മുഞ്ച വിളംബം മുഗ്ദ്ധേ!. 5

അ—ഹേ കരഭോരു! ലതാനികുരംബം അനിലതരളകിസലയനികരമാകുന്ന കരംകൊണ്ടു പ്രേരണത്തെ ചെയ്യുന്നുവോ എന്നു തോന്നും. നീ ഗതിയെ കുറിച്ചുള്ള വിളംബത്തെ മോചിപ്പാലും.

സാ—ഉള്ളംകയ്യിലെ ഒരുഭാഗംപോലെ ക്രമേണ തടിച്ചു വലതായവയും വെളുത്തവയും മാർദ്ദവമുള്ളവയും ആയ തുടകളോടുകൂടിയ (സുന്ദരി!) രാധെ! ലതാസമൂഹത്തിൽ (വള്ളിക്കുടിലിൽ) ഉള്ള തളിരുകൾ ചെറുതെന്നലിൽ ചാഞ്ചാടുന്ന കണ്ടാൽ 'നീ വേഗത്തിലങ്ങോട്ടു ചെല്ലണം' എന്നു ഉദ്ദേശിച്ചു കൈകൊണ്ടു മാടിവിളിക്കുകയാണൊ എന്നു തോന്നും. രാധെ! നീ എനി അങ്ങോട്ടു പോകുവാൻ ലവലേശം അമാന്തിക്കരുതു.

സ്ഫുരിതമനംഗതരംഗവശാദിവ
സൂചിതഹരിപരിരംഭം,
പൃഛ മനോഹരഹാരവിമലജല-
ധാരമമും കുചകുംഭം മുഗ്ദ്ധേ!. 6

അ—ഹേ മുഗ്ദ്ധേ! നീ അനംഗതരംഗവശം ഹേതുവായിട്ടോ എന്നു തോന്നുമാറു സ്ഫുരിതമായി മനോഹരഹാരവിമലജലധാരമായി സൂചിതഹരിപരിരംഭമായിരിക്കുന്ന ഈ കുചകുംഭത്തോടു പൃഛിച്ചാലും.

സാ—പ്രിയ സഖി! രാധെ! ധാരാളം തിരമാലകളു ളള ജലത്തിൽ വെച്ചിരിക്കുന്ന കുടം ഇളകിയാൽ ഏതൊ രുപ്രകാരം അതിൽനിന്നും ജലം ധാരയായൊഴുകുന്നുവോ അപ്രകാരം ലേശംപോലും അഴുക്കില്ലാതെ മിന്നിത്തിള ങ്ങുന്ന മുത്തുമാല മീതെ അണിഞ്ഞതുകൊണ്ടു കൂടുതൽ ഭംഗിയോടുകൂടി (കാമപാരവശ്യം ഹേതുവായിട്ടു) ശ്രീകൃ ഷ്ണനോടുകൂടിയുള്ള സംഭോഗം അടുത്തിരിക്കുന്നു എന്നു സൂ ചിപ്പിച്ചുകൊണ്ടു ഇതാ സ്ഫുരിക്കുന്നു (ഇളകുന്നു). നിനക്കി തിൽ സംശയമുള്ള പക്ഷം മുലയോടു ചോദിച്ചുനോക്കു! സ്ത്രീകളുടെ ഇടത്തുമുല ഇളകിയാൽ സംഭോഗം അടുത്തി രിക്കുന്നു എന്നു നിശ്ചയിക്കാം എന്നു കാമശാസ്ത്രം. രാത്രി യാണെങ്കിൽ നേരെ വിപരീതം. (വലത്തേതു ഇളകണം).

അധിഗത മഖിലസഖീഭിരിദം തവ
വപുരപി രതിരണ സജ്ജം,
ചണ്ഡി! രസിതരശനാരവഡിണ്ഡിമ-
മഭിസര സരസമലജ്ജം. മുഗ്ദ്ധേ!. 7

അ—ഹേ മുഗ്ദ്ധേ! ഇതു അഖിലസഖികളാലും അ ധിഗതമായിട്ടു ഭവിക്കുന്നു. നിൻെറ വപുസ്സു രതിരണസ ജ്ജമായും ഭവിക്കുന്നു. ഹേ ചണ്ഡി! നീ രസിതരശനാരവ ഡിണ്ഡിമമാകുംവണ്ണവും, സരസമാകുംവണ്ണവും, അലജ്ജ മാകുംവണ്ണവും അഭിസരിച്ചാലും.

സാ—പ്രിയ സഖി! രാധെ! നീ ശ്രീകൃഷ്ണനെ അഭി സരിക്കുവാൻ പുറപ്പെട്ടിരിക്കയാണു, ഇപ്പോൾ പോകും എന്നും മറ്റുമുള്ള വൎത്തമാനങ്ങളെല്ലാം (നിൻെറ) എല്ലാ സഖിമാരും അറിഞ്ഞിരിക്കുന്നു. (എനി അവരെ അറി യിക്കുവാനൊ, അവർ അറിയാതിരിക്കുവാനൊ വെറുതെ

താമസിച്ച സമയം കളയേണ്ട എന്നു താല്പൎയ്യം). നിന്റെ വേഷഭൂഷാദികളെല്ലാം ഇപ്പോൾ കാമക്രീഡകൾക്കു യോജിച്ചതാണു. (അതിനാലും താമസിക്കേണ്ട എന്നു ഭാവം). സുന്ദരി! നീ അരഞ്ഞാണിന്റെ ശബ്ദങ്ങളാകുന്ന വാദ്യഘോഷങ്ങളോടുകൂടി അരഞ്ഞാൺ ശബ്ദിപ്പിച്ചുംകൊണ്ടു എന്നൎത്ഥം. സന്തോഷമായ്—ലജ്ജിച്ചുനിൽക്കാതെ വേഗം ശ്രീകൃഷ്ണന്റെ അടുക്കലേക്കു പോയ്ക്കൊള്ളു.

സ്മരശരസുഭഗനഖേന സഖീമവലംബ്യ

കരേണ സലീലം,

ചല വലയക്വണിതൈരവബോധയ ഹരിമപി

നിജഗതിശീലം, മുഗ്ദ്ധേ. 8

അ—ഹേ മുഗ്ദ്ധേ! നീ സ്മരശരസുഭഗനഖമായിരിക്കുന്ന കരംകൊണ്ടു സഖിയെ അവലംബിച്ചിട്ടു സലീലമാകുംവണ്ണം ചലിച്ചാലും. മാത്രമല്ല വലയക്വണിതങ്ങളെക്കൊണ്ടു നിജഗതി ശീലത്തെ ഹരിയെ അവബോധിപ്പിച്ചാലും.

സാ—രാധെ! നീ, കാമദേവന്റെ ശരങ്ങളെപ്പോലെ അത്രയും സുന്ദരങ്ങളായ നഖങ്ങളുള്ള ഒരു കൈകൊണ്ടു സഖിയുടെ കൈ പിടിച്ചു വിനോദിച്ചുകൊണ്ടു പതുക്കെ പോയ്ക്കൊള്ളു. മാത്രമല്ല നിന്റെ നടത്തത്തിന്റെ വേഗത കൃഷ്ണനറിയുമാറു മററെ കയ്യിലുള്ള വളകൾ കിലുക്കുകയും വേണം.

ശ്രീജയദേവഭണിതമധരീകൃത-

ഹാരമുദാസിതവാമം,

ഹരിവിനിഹിതമനസാമധിതിഷ്ഠതു

കണ്ഠതടീമവിരാമം. മുഗ്ദ്ധേ! 9

അ—ശ്രീജയദേവഭണിതം അധരീകൃതഹാരമാകുംവണ്ണവും ഉദാസിതവാമമാകുംവണ്ണവും അവിരാമമാകുംവണ്ണവും ഹരിവിനിഹിതമനസയായിരിക്കുന്ന കണ്ഠതടിയെ അധിഷ്ഠാനം ചെയ്യട്ടെ.

സാ—വിഷ്ണുഭക്തന്മാരായ ജനങ്ങളെല്ലാം ശ്രീജയദേവകവി നിൎമ്മിച്ചിട്ടുള്ള ഗീതത്തെ (ഗീതഗോവിന്ദകാവ്യത്തെ) മുത്തുമാലയേക്കാളും സമ്പത്തിനേക്കാളും അധികം സ്നേഹത്തോടും ഭക്തിയോടും കഴുത്തിൽ ധരിക്കുമാറാകട്ടെ (വിഷ്ണുഭക്തന്മാരെല്ലാം വസ്ത്രാഭരണാദിവേഷഭൂഷാദികളിൽ ഭ്രമിക്കാതെ വിഷയവിരക്തന്മാരായി എല്ലാപ്പോഴും—മഹാവിഷ്ണുവിനെ സ്തുതിക്കുന്ന—ശ്രീഗീതഗോവിന്ദം ഗാനം ചെയ്യട്ടെ. ഇതു ഏററവും മുക്തിസാധനമാണെന്നു താല്പൎയ്യം. (കവിപ്രാൎത്ഥന).

സാ മാം ദ്രക്ഷ്യതി വക്ഷ്യതി സ്മരകഥാഃ
പ്രത്യംഗമാലിംഗനൈഃ
പ്രീതിം ദാസ്യതി രംസ്യതെ നനു സമാ-
ഗത്യേതി ചിന്താകുലഃ,
സ ത്വാം പശ്യതി വേപതെ പുളകയ-
ത്യാനന്ദതി സ്വിദ്യതി
പ്രത്യുൽഗഛതി മൂൎഛതി സ്ഥിരതമഃ-
പുഞ്ജെ നികുഞ്ജെ പ്രിയഃ. 10

അ—ഹേ സഖി! സ്ഥിരതമഃപുഞ്ജമായിരിക്കുന്ന നികുഞ്ജത്തിങ്കൽ വൎത്തമാനനായിരിക്കുന്ന ആ പ്രിയൻ അവൾ തീൎച്ചയായും സമാഗമിച്ചിട്ടു എന്നെ ദൎശിക്കും, സ്മരകഥകളെ വചിക്കും പ്രത്യംഗം ആലിംഗനങ്ങളെക്കൊണ്ടു പ്രീതിയെ ദാനംചെയ്യും രമിക്കും ഇപ്രകാരം ചിന്താകുലനായിട്ടു നിന്നെ ദൎശിക്കുന്നു. വേപിക്കുന്നു (വേപനം ചെയ്യുന്നു) പുളകത്തെ ചെയ്യുന്നു ആനന്ദിക്കുന്നു. സ്വേദിക്കുന്നു. പ്രത്യുൽഗമിക്കുന്നു. മൂൎഛിക്കുന്നു.

സാ—പ്രിയ സഖി! രാധെ! നിൻെറ ഇഷ്ടനായ (ഭ്ത്താവായ) ശ്രീകൃഷ്ണൻ, – അന്ധകാരനിബിഡമായ ആ വള്ളിക്കുടിലിൽ ഇരുന്നു "എൻെറ പ്രിയതമയായ രാധ ഇപ്പോൾ ഇവിടെവന്നു എന്നെ കാണും, എൻെറ വേർപാടുകൊണ്ടു അവൾക്കുണ്ടായ ബുദ്ധിമുട്ടുകളും കഷ്ടാവസ്ഥകളും എന്നു വേണ്ട എല്ലാ വൎത്തമാനങ്ങളും എന്നോടു വിസ്തരിച്ചുപറയും. മാത്രമല്ല ഗാഢമായാലിംഗനം ചെയ്തു എന്നെ സന്തോഷിപ്പിക്കുകയും ചെയ്യും. ഞങ്ങൾ രണ്ടുപേരും കൂടി ആലിംഗനചുംബനാധരപാനാദികാമക്രീഡകൾ ചെയ്തു രമിക്കും." ഇപ്രകാരം ഓരോന്നു വിചാരിച്ചു നിന്നെ കാണാതെ പരവശനായിട്ടു നീ സാധാരണ ചെല്ലാറുള്ള വഴിയിലേക്കുതന്നെ നോക്കിക്കൊണ്ടിരിക്കുന്നു. നീ ചെല്ലാത്തതുകൊണ്ടും അതിൻെറ കാരണം മനസ്സിലാകാത്തതുകൊണ്ടും ദേഹമാസകലം വിറക്കുന്നു. ഇടക്കിടക്കു രോമാഞ്ചമുണ്ടാകുന്നു. (ഇടക്കു ബുദ്ധിഭ്രമം വന്നു) സന്തോഷിക്കുന്നു. (വിരഹതാപാധിക്യംകൊണ്ടു) വിയക്കുന്നു.(നിന്നെ തിരഞ്ഞു) പുറപ്പെടുന്നു. ക്ഷീണാധിക്യംകൊണ്ടു് മോഹാലസ്യപ്പെടുന്നു. ഇതുകൊണ്ടു കഴിയുന്നതും വേഗത്തിൽ രാധ ശ്രീകൃഷ്ണൻെറ സമീപത്തേക്കു ചെല്ലണമെന്നു സഖിയുടെ പ്രേരണ പ്രാധാന്യേന ധ്വനിക്കുന്നു.

അക്ഷ്ണോൎന്നിക്ഷിപദഞ്ജനം ശ്രവണയോ
 സ്താപിഞ്ഛഗുച്ഛാവളീം
മൂൎദ്ധ്നി ശ്യാമസരോജദാമ കുചയോഃ
 കസ്തൂരികാപത്രകം,
ധൂൎത്താനാമഭിസാര സാഹസകൃതാം
 വിഷ്വങ്ന്നികുഞ്ജേ സഖി!
ധ്വാന്തം നീലനിചോളചാരു സുദൃശാം
 പ്രത്യംഗമാലിംഗതി. 11

അ—ഹേ സഖി! നികുഞ്ജത്തിങ്കൽ എല്ലായിടത്തും വ്യാപ്തമായ നീലനിചോളചാരുവായിരിക്കുന്ന ധ്വാന്തം ധൂൎത്തകളായി അഭിസാരസാഹസകൃത്തുകളായിരിക്കുന്ന സുദൃക്കുകളുടെ അക്ഷികളിൽ അഞ്ജനത്തേയും, ശ്രവണങ്ങളിൽ താപിഞ്ഛഗുഛാവളിയേയും, മൂൎദ്ധാവിങ്കൽ ശ്യാമസരോജദാമത്തേയും കുചങ്ങളിൽ കസ്തൂരികാപത്രകത്തേയും നിക്ഷിപ്തമായിട്ടു പ്രത്യംഗമാകുംവണ്ണം ആലിംഗനം ചെയ്യുന്നു.

സാ—പ്രിയ സഖി! രാധെ! വ്യഭിചാരിണികളും സ്വന്തം ഭൎത്താക്കന്മാരെ കബളിച്ചു ജാരന്മാരുടെ അടുക്കൽ ചെന്നു രമിക്കുക, എന്ന സാഹസക്രിയ ചെയ്യുന്നവരുമായ സുന്ദരിമാരുടെ കണ്ണുകളിൽ അഞ്ജനലേപനം ചെയ്യുകയും ചെവികളുടെ ഉപരിഭാഗത്തിൽ പച്ചിലപ്പൂങ്കുലകൾ വെക്കുകയും, ശിരസ്സിൽ കരിങ്കുവളപ്പൂക്കളെക്കൊണ്ടുള്ള മാല ധരിക്കുകയും, മുലത്തടങ്ങളിൽ കസ്തൂരികൊണ്ടു പത്തിക്കീറെഴുതുകയും ചെയ്യുകയാണൊ എന്നു തോന്നുമാറു തടിച്ചു കറുത്ത പുതപ്പുവസ്ത്രത്തെപ്പോലുള്ള കൂരിരുട്ടു വള്ളിക്കുടിലിലെങ്ങും വ്യാപിച്ചുകഴിഞ്ഞു. ഇപ്പോൾ അഭിസരണത്തിന്നു യോജിച്ച സമയമാണെന്നു താല്പൎയ്യം.

കാശ്മീരഗൌരവപുഷാമഭിസാരികാണാ-
മാബദ്ധരേഖമഭിതൊ രുചിമഞ്ജരീഭിഃ,
ഏതത്തമാലദള നീലതമം തമിസ്രം
തൽ പ്രേമഹേമനികഷോപലതാം പ്രയാതി. 12

അ—ഹേ സഖി! കാശ്മീരഗൌരവപുസ്സകളായിരിക്കുന്ന അഭിസാരികകളുടെ രുചിമഞ്ജരികളാൽ ആബദ്ധരേഖയായി തമാലദളനീലതമമായി ചുററുപാടും വ്യാപ്തമായിരിക്കുന്ന ഈ തമിസ്രം തൽപ്രേമഹേമനികഷോപലതയെ പ്രയാണം ചെയ്യുന്നു.

സാ—പ്രിയ സഖി! രാധെ! പച്ചിലവൃക്ഷത്തിൻെറ ഇലകളുടെ കൂട്ടംപോലെ അത്രയും കറുത്തതും എല്ലായിടത്തും വ്യാപിച്ചിട്ടുള്ളതുമായ ഈ കൂരിരുട്ടത്തു കുങ്കുമം പൂശിയതുകൊണ്ടു വെളുത്ത (കുങ്കുമംപോലെ വെളുത്ത) വൎണ്ണത്തോടുകൂടിയ—സങ്കേതസ്ഥലത്തേക്കു ജാരനെ അഭിസരിക്കുവാൻ പോകുന്ന സുന്ദരിമാരുടെ ദേഹകാന്തി കാണുമ്പോൾ ഈ കൂരിരുട്ടു അവരുടെ പ്രിയന്മാരെ കുറിച്ചുള്ള പ്രേമമാകുന്ന സ്വൎണ്ണത്തിൻെറ മാററുരച്ചു നോക്കുവാനുള്ള കല്ലാണൊ എന്നു തോന്നും. എത്രയോ സുന്ദരിമാർ നിന്നെപ്പോലെ ഇരുട്ടത്തു സഞ്ചരിക്കുന്നുണ്ടു, ഒട്ടും മടിക്കാതെ വേഗം പുറപ്പെടുക എന്നു മടിച്ചുനിൽക്കുന്ന രാധയെ പ്രോത്സാഹിപ്പിക്കുന്നു.

ഹാരാവളീതരളകാഞ്ചനകാഞ്ചിദാമ-
മഞ്ജീരകങ്കണമണിദ്യുതി ദീപിതസ്യ
ദ്വാരെ നികുഞ്ജനിലയസ്യ ഹരിം നിരീക്ഷ്യ
വ്രീളാവതീമിതി സഖീ നിജഗാദരാധാം. 13

അ—ഹാരാവളീതരള കാഞ്ചനകാഞ്ചിദാമമഞ്ജീരകങ്കണമണിദ്യുതിദീപിതമായിരിക്കുന്ന നികുഞ്ജനിലയത്തിൻെറ ദ്വാരത്തിങ്കൽ സ്ഥിതനായിരിക്കുന്ന ഹരിയെ നിരീക്ഷിച്ചിട്ടു വ്രീളാവതിയായിരിക്കുന്ന രാധയോടു സഖി ഇപ്രകാരം ഗദിച്ചു.

സാ—മുത്തുമാലകളുടേയും ഇളകിക്കൊണ്ടിരിക്കുന്ന പൊന്നരഞ്ഞാണിന്റേയും, കാൽചിലമ്പുകളുടേയും വളകളിലുള്ള രത്നങ്ങളുടേയും വിശേഷിച്ച് കൌസ്തുഭരത്നത്തിന്റേയും ശോഭകൊണ്ടു പ്രകാശമാനമായ വള്ളിക്കുടിലിന്റെ പ്രവേശനദ്വാരത്തിൽ കാത്തുനിൽക്കുന്ന ശ്രീകൃഷ്ണനെ കണ്ടു ലജ്ജിതയായ രാധയോടു അവളുടെ സഖി ഇപ്രകാരം പറഞ്ഞു.

മഞ്ജുതരകുഞ്ജതലകേളിസദനെ,
ഇഹ വിലസ രതിരഭസഹസിതവദനെ!
പ്രവിശ രാധെ! മാധവസമീപം. (പല്ലവി) 14

അ—ഹേ രതിരഭസഹസിതവദനെ! രാധെ! നീ മാധവസമീപത്തെ പ്രവേശിച്ചാലും, ഈ മഞ്ജുതരകുഞ്ജതലകേളിസദനത്തിങ്കൽ വിലസിച്ചാലും.

സാ—സുരതത്തിലുള്ള ആസക്തികൊണ്ടും, ത്വരകൊണ്ടും പുഞ്ചിരിതൂകുന്ന പ്രിയ രാധെ! നീ മനോഹരമായ ഈ വള്ളിക്കുടിലിൽ കാണുന്ന കേളിഗൃഹത്തിൽ ശ്രീകൃഷ്ണനെ പ്രാപിച്ചു യഥേഷ്ടം ക്രീഡിച്ചുകൊള്ളൂ.

നവഭവദശോകദളശയനസാരെ,
ഇഹവിലസ കുചകലശതരളഹാരെ! പ്രവിശ. 15

അ—ഹേ കുചകലശതരള ഹാരെ! രാധെ! നീ നവഭവദശോകദളശയനസാരത്തിങ്കൽ വിലസിച്ചാലും.

സാ—സ്തനങ്ങളിൽ അണിഞ്ഞിട്ടുള്ള മുത്തുമാല ഇളകുന്നതുകൊണ്ടു വർദ്ധിച്ച സൌന്ദൎയ്യത്തോടു കൂടിയ രാധെ! നീ അശോകത്തിന്റെ പുതിയ തളിരുകളെക്കൊണ്ടു നിൎമ്മിച്ചിട്ടുള്ള ഈ ശയ്യയിൽ കിടന്നു് ശ്രീകൃഷ്ണനോടുകൂടി ക്രീഡിച്ചുകൊള്ളൂ.

മധുമുദിതമധുപകുലകലിതരാവെ,

ഇഹവിലസ മദനശരരഭസഭാവെ! പ്രവിശ. 16

അ—ഹേ മദനശരരഭസഭാവെ! രാധെ! നീ മധുമു ദിതമധുപകുലകലിതരാവമായിരിക്കുന്ന ഇതിങ്കൽ വില സിച്ചാലും.

സാ—കാമപാരവശ്യംകൊണ്ടു രതിക്രീഡകളിൽ ത ല്പരയായിട്ടുള്ള രാധെ! നീ പുഷ്പങ്ങളിലുള്ള തേൻ കുടി ച്ചു മദോന്മത്തന്മാരായ വണ്ടുകൾ ശബ്ദിച്ചുകൊണ്ടിരിക്കു ന്ന ഈ വള്ളിക്കുടിലിൽ ശ്രീകൃഷ്ണനോടുകൂടി വിനോദങ്ങ ളിൽ ഏൎപ്പെട്ടുകൊള്ളു.

കുസുമചയരചിതശുചിവാസഗേഹെ,

ഇഹവിലസ കുസുമസുകുമാരദേഹേ! പ്രവിശ. 17

അ—ഹേ കുസുമസുകുമാരദേഹേ! രാധെ! നീ കുസുമ ചയരചിതശുചിവാസഗേഹമായിരിക്കുന്ന ഇതിങ്കൽ വി ലസിച്ചാലും.

സാ—പൂക്കളെപ്പോലെ മാൎദ്ദവമുള്ളതും സുന്ദരവും ആയ ശരീരത്തോടു കൂടിയ രാധെ! നീ ഈ വള്ളിക്കുടി ലിൽ പുഷ്പസമൂഹംകൊണ്ടു നിൎമ്മിച്ചിട്ടുള്ളതും വളരെ വൃ ത്തിയുള്ളതുമായ ഈ കിടക്കയിൽ ശ്രീകൃഷ്ണനോടുകൂടി ക ളിച്ചുകൊള്ളു.

ചലമലയനവപവനസുരഭിശീതെ,

ഇഹവിലസ രസവലിതലളിതഗീതെ! പ്രവിശ. 18

അ—ഹേ രസവലിതലളിതഗീതെ! രാധെ! നീ ചലമലയനവപവനസുരഭിശീതമായിരിക്കുന്ന ഇതിങ്ക ൽ വിലസിച്ചാലും.

സാ—ഷഡ്ജാദിസ്വരങ്ങളോടു മിശ്രിതമായും മൃദുവാ യുമിരിക്കുന്ന പാട്ടു പാടുന്നതിൽ സമർത്ഥയായ രാധെ! നീ മലയപർവ്വതത്തിൽനിന്നും പുറപ്പെട്ടിരിക്കുന്ന പുതിയ മന്ദമാരുതൻ വീശുന്നതുകൊണ്ടു സുഗന്ധം ശൈത്യം മുതലായ ഗുണങ്ങളോടുകൂടിയ ഈ വള്ളിക്കുടിലിൽ ശ്രീകൃഷ്ണനോടുകൂടി ക്രീഡിച്ചുകൊള്ളു.

വിതതബഹുവല്ലിനവപല്ലവഘനെ,

ഇഹവിലസ പീനകുചകുംഭജഘനെ! പ്രവിശ. 19

അ—ഹേ പീനകുചകുംഭജഘനെ! രാധെ! നീ വിതതബഹുവല്ലിനവപല്ലവഘനമായിരിക്കുന്ന ഇതിങ്കൽ വിലസിച്ചാലും.

സാ—തടിച്ചു സുന്ദരങ്ങളായ സ്തനങ്ങളും, അരക്കെട്ടും ഉള്ള രാധെ! നീ പുതിയ വള്ളികൾ ധാരാളം തളിൎത്തു വിസ്താരത്തിൽ പടൎന്നും ഇടതൂൎന്നുമിരിക്കുന്ന ഈ വള്ളിക്കുടിലിൽ ശ്രീകൃഷ്ണനോടുകൂടി സുഖമായി രമിച്ചുകൊള്ളു.

മധുരതരപികനികര നിനദമുഖരെ,

ഇഹ വിലസ ദശനരുചി വിജിതശിഖരെ! പ്രവിശ.

അ—ഹേ ദശനരുചി വിജിതശിഖരെ! രാധെ! നീ മധുരതരപികനികരനിനദമുഖരമായിരിക്കുന്ന ഇതിങ്കൽ വിലസിച്ചാലും.

സാ—കുരുക്കത്തിമുല്ലയുടെ മൊട്ടുകളേക്കാൾ മനോഹരങ്ങളും ശോഭയുള്ളവയുമായ പല്ലുകളോടുകൂടിയ (സുന്ദരിയായ) രാധെ! നീ കുയിലുകളുടെ ശബ്ദങ്ങളെക്കൊണ്ടു ശബ്ദായമാനമായിരിക്കുന്ന ഈ വള്ളിക്കുടിലിൽ ശ്രീകൃഷ്ണനോടുകൂടി ക്രീഡിച്ചുകൊള്ളു.

വിഹിതപത്മാവതീസുഖസമാജെ,
ഭണതിജയദേവകവിരാജരാജെ പ്രവിശ. 21

അ—വിഹിതപത്മാവതീ സുഖസമാജനായിരിക്കുന്ന ജയദേവകവിരാജരാജൻ ഭണന്നായിരിക്കും സമയത്തിങ്കൽ,—ഹേ മുരാരെ! മംഗളശതങ്ങളെ ചെയ്താലും.

സാ—പത്മാവതീ എന്നപേരായ തന്റെ പ്രിയപത്നിയെക്കൊണ്ടു ഭജനകീൎത്തനാദികൾ അനുഷ്ഠിപ്പിച്ചു വിഷ്ണുഭക്തിയുളവാക്കിയിട്ടുള്ളവനും, മഹാകവികളിൽവെച്ചു അഗ്രെസരനും ആയ ജയദേവകവി ഭഗവൽകഥാരൂപമായ ഗീതത്തെ നിൎമ്മിച്ചിട്ടുണ്ടു. ഭഗവൻ! ശ്രീകൃഷ്ണ! അതു പാടുന്നവൎക്കും കേൾക്കുന്നവൎക്കും നിൎമ്മിച്ച കവിക്കും മോക്ഷത്തെ പ്രദാനം ചെയ്യണേ! (കവിപ്രാൎത്ഥന).

ത്വാം ചിത്തേന ചിരം വഹന്നയമതി-
ശ്രാന്തൊ ഭൃശം താപിതഃ
കന്ദൎപ്പേണ ച പാതുമിഛതി സുധാ-
സംബാധബിംബാധരം,
അസ്യാങ്കം തദലങ്കുരു ക്ഷണമിഹ
ഭ്രൂക്ഷേപലക്ഷ്മീലവ-
ക്രീതെ ദാസ ഇവോപസേവിതപദാം-
ഭോജെ കുതഃ സംഭ്രമഃ. 22

അ—ഹേ രാധേ! ഇദ്ദേഹം നിന്നെ ചിത്തംകൊണ്ടു ചിരംവഹന്നായി അതിശ്രാന്തനായിട്ടും, കന്ദൎപ്പനാൽ ഏററവും താപിതനായിട്ടും സുധാസംബാധബിംബാധരത്തെ പാനം ചെയ്യുന്നവനായിക്കൊണ്ടു ഇഛിക്കുന്നു. അതു ഹേതുവായിട്ടു നീ ഇദ്ദേഹത്തിന്റെ അങ്കത്തെ

ക്ഷണം അലങ്കരിച്ചാലും. ഭ്രൂക്ഷേപലക്ഷ്മീലവക്രീതനായിരിക്കുന്ന ദാസങ്കലെന്നപോലെ ഉപസേവിതപദാംഭോജനായിരിക്കുന്ന ഇവങ്കൽ എന്തു ഹേതുവായിട്ടു സംഭ്രമം ഭവിക്കുന്നു?

സാ—പ്രിയ സഖി! രാധെ! നിൻെറ സൌന്ദൎയ്യം കണ്ടു മോഹിച്ചു എല്ലായ്പ്പോഴും നിന്നെത്തന്നെ വിചാരിച്ചു കാമപരവശനായി ക്ഷീണിച്ചു അമൃതിനു സമമായ—മൈരേയമദ്യമുള്ള—തൊണ്ടിപ്പഴത്തിനൊത്ത നിൻെറ അധരം പാനം ചെയ്വാൻ ആഗ്രഹിക്കുന്നു. അതുകൊണ്ടു കുറച്ചുനേരമെങ്കിലും അദ്ദേഹത്തിൻെറ മടിയിൽ ഇരിക്കു. ധാരാളം പണംകൊടുത്തു വാങ്ങിയ അടിമയെപ്പോലെ നിൻെറ കടാക്ഷവീക്ഷണങ്ങളെക്കൊണ്ടു വശീകൃതനായി വന്നു കാൽ പിടിക്കുമ്പോൾ എന്തിനാണു സംശയിക്കുന്നതു? എന്തിനാണ് പരിഭ്രമിക്കുന്നതു? ഇവിടെ 'രാധ—ശ്രീകൃഷ്ണൻെറ സമീപത്തിലേക്കു ചെല്ലുമ്പോൾ ഒരുപക്ഷെ അദ്ദേഹം പ്രതികൂലനായെങ്കിലൊ' എന്ന രാധയുടെ ശങ്കയെ തീരെ ഇല്ലായ്മചെയ്വാനായി "അദ്ദേഹം നിനക്കു ഏററവും അനുകൂലനാണു, അതുകൊണ്ടു വേഗം അദ്ദേഹത്തെ പ്രാപിക്കേണ്ടതാണെ"ന്നുള്ള സഖിയുടെ അഭിപ്രായം പ്രാധാന്യേന ധ്വനിക്കുന്നു.

സാ സമാസാദ്യ സാനന്ദം ഗോവിന്ദേ ലോലലോചനാ,
ശിഞ്ജാനമഞ്ജുമഞ്ജീരാ പ്രവിവേശ നിവേശനം. 23

അ—ഗോവിന്ദങ്കൽ ലോലലോചനയായിരിക്കുന്ന അവൾ സാനന്ദമാകുംവണ്ണം സമാസാദിച്ചിട്ടു ശിഞ്ജാനമഞ്ജുമഞ്ജീരയായിട്ടു നിവേശനത്തെ പ്രവേശിച്ചു.

സാ—ശ്രീകൃഷ്ണനിൽ സദാ കടാക്ഷവീക്ഷണങ്ങൾ ചെയ്യുന്നതിൽ സമൎത്ഥയായ രാധ വളരെ സന്തോഷത്തോടുകൂടി കാൽതളകൾ ഭംഗിയായ് ശബ്ദിക്കുമാറു ഭഗവന്നിദ്ദവശനത്തെ (വള്ളിക്കുടിലിൽ) പ്രാപിച്ചു.

രാധാവദന വിലോകനവിലസിത-
വിവിധവികാരവിഭംഗം,
ജലനിധിമിവ വിധുമണ്ഡലദർശന-
തരളിതതുംഗതരംഗം.
ഹരിമേകരസം ചിരമഭിലഷിതവിലാസം (പല്ലവി)
സാ ദദർശ ഗുരുഹൎഷവശംവദഹൃദയമനംഗ
വികാസം. (അനുപല്ലവി) 24

അ—അവൾ വിധുമണ്ഡലദർശനതരളിതതുംഗതരംഗമായിരിക്കുന്ന ജലനിധിയെയെന്നപോലെ രാധാവദനവിലോകനവിലസിത വിവിധവികാരവിഭംഗനായി ചിരം അഭിലഷിതവിലാസനായി ഗുരുഹൎഷവശംവദഹൃദയനായി അനംഗവികാസനായി ഏകരസനായിരിക്കുന്ന ഹരിയെ ദർശിച്ചു.

സാ–രാധ ചന്ദ്രോദയംകൊണ്ടു ക്ഷോഭിച്ചു ധാരാളം തിരമാലകളോടുകൂടിയ സമുദ്രമെന്നപോലെ—രാധയുടെ സുന്ദരമായ മുഖം കണ്ടതുകൊണ്ടു വൎദ്ധിച്ച വിവിധവികാരങ്ങളോടുകൂടിയവനും, രാധയോടുകൂടി ക്രീഡിക്കണമെന്നു കുറച്ചുകാലമായാഗ്രഹിക്കുന്നവനും, (രാധ വന്നതുകൊണ്ടു) വൎദ്ധിച്ച സന്തോഷത്തോടുകൂടിയവനും, രാധക്കു സ്വവിഷയമായ കാമവികാരത്തെ ജനിപ്പിക്കുന്നവനും, രാധയോടുകൂടി ക്രീഡിക്കണമെന്നല്ലാതെ മററു ചിന്തക

ളൊന്നുമില്ലാത്തവനുമായ ശ്രീകൃഷ്ണനെ കണ്ടു. പല്ലവിയുടേയും അനുപല്ലവിയുടേയും പദാൎത്ഥങ്ങൾ എന്നിപറയുന്ന 7 ഗീതങ്ങളിലും യോജിപ്പിച്ചുകൊൾക.

ഹാരമമലതരതാരമുരസി ദധതം
പരിലംബ്യ വിദൂരം,
സ്ഫുടതരഫേനകദംബകരംബിതമിവ
യമുനാജലപൂരം. ഹരിമേകരസം. 25

അ—അവൾ സ്ഫുടതരഫേനകദംബകരംബിതമായിരിക്കുന്ന യമുനാജലപൂരമെന്നപോലെ അമലതരതാരമായിരിക്കുന്ന ഹാരത്തെ വിദൂരമാകുംവണ്ണം പരിലംബിച്ചിട്ടു ദധത്തായിരിക്കുന്ന ഹരിയെ ദൎശിച്ചു.

സാ—നല്ലവണ്ണം വ്യക്തമായ് കാണുവാൻ കഴിയുന്ന നുരക്കട്ട (വെളുപ്പു) കളോടുകൂടിയ കാളിന്ദീജലപൂരമൊ എന്നു തോന്നുമാറു—അതിനിൎമ്മലവും അത്യുജ്വലവുമായ മുത്തുമാല ഞാന്നുകിടക്കുമാറു ധരിച്ചിട്ടുള്ള ശ്രീകൃഷ്ണനെ രാധ കണ്ടു.

ശ്യാമള മൃദുളകളേബരമണ്ഡല-
മധിഗതഗൌരദുകൂലം,
നീലനളിനമിവ പീതപരാഗപടല-
ഭരപരിഗതമൂലം. ഹരിമേകരസം. 26

അ—അവൾ പീതപരാഗപടലഭരപരിഗതമൂലമായിരിക്കുന്ന നീലനളിനമോ എന്നു തോന്നുമാറു ശ്യാമളമൃദുളകളേബരമണ്ഡലനായി അധിഗതഗൌരദുകൂലനായിരിക്കുന്ന ഹരിയെ ദൎശിച്ചു.

സാ—മഞ്ഞനിറത്തിലുള്ള പൂമ്പൊടി ധാരാളം വ്യാപ്തമായ മൂലപ്രദേശത്തോടുകൂടിയ നീലത്താമരപ്പൂവൊ എന്നു തോന്നുമാറു നീലവർണ്ണമായി അത്യധികം മാർദ്ദവമുള്ള ശരീരത്തിൽ മഞ്ഞപ്പട്ടുടുത്തവനുമായ ശ്രീകൃഷ്ണനെ രാധ കണ്ടു.

തരളദൃഗഞ്ചലചലനമനോഹര-
വദനജനിതരതിരാഗം,
സ്ഫുടകമലോദരഖേലിതഖഞ്ജന-
യുഗമിവ ശരദി തടാകം. ഹരിമേകരസം. 27

അ—അവൾ സ്ഫുടകമലോദരഖേലിതഖഞ്ജനയുഗമായിരിക്കുന്ന ശരത്തിങ്കലുള്ള തടാകമൊ എന്നു തോന്നുമാറു തരളദൃഗഞ്ചലചലനമനോഹര വദനജനിതരതിരാഗനായിരിക്കുന്ന ഹരിയെ ദർശിച്ചു.

സാ—ശരൽകാലത്തു (ശരദൃതുവിൽ) നല്ലവണ്ണം വിടിൎന്ന താമരപ്പൂവിൻെറ ഉള്ളിൽ കളിച്ചുപുളച്ചുകൊണ്ടിരിക്കുന്ന ഖഞ്ജരീടപക്ഷികളുടെ ദ്വന്ദ്വത്തോടുകൂടിയിരിക്കുന്ന തടാകമോ എന്നു തോന്നുമാറു കടാക്ഷവീക്ഷണങ്ങൾ ചെയ്തു (രാധക്കു) രത്യഭിലാഷം ജനിപ്പിച്ച കണ്ണുകളുള്ള ആ സുന്ദരമായ വദനത്തോടുകൂടിയ ശ്രീകൃഷ്ണനെ രാധ കണ്ടു.

വദനകമല പരിശീലനമിളിത-
മിഹിരസമകുണ്ഡലശോഭം,
സ്മിതരുചിരുചിരസമുജ്വലിതാധര-
പല്ലവകൃതരതിലോഭം. ഹരിമേകരസം. 28

അ—അവൾ വദനകമല പരിശീലനമിളിതമിഹിരസമകുണ്ഡലശോഭനായി, സ്മിതരുചിരുചിരസമുജ്വലിതാധരപല്ലവകൃതരതിലോഭനായിരിക്കുന്ന ഹരിയെ ദർശിച്ചു.

സാ—താമരപ്പൂവിന്നു സദൃശമായ ശ്രീകൃഷ്ണന്റെ മുഖത്തോടുള്ള സംസൎഗ്ഗംകൊണ്ടു സൂൎയ്യന്നു സദൃശമായ കാന്തിയോടുകൂടിയ കുണ്ഡലങ്ങളോടുകൂടിയവനും മന്ദഹാസാഭകൊണ്ടു സുന്ദരമായ തളിരിനൊത്ത അധരത്താൽ രത്യഭിലാഷത്തെ ജനിപ്പിക്കുന്നവനുമായ ശ്രീകൃഷ്ണനെ രാധ കണ്ടു.

ശശികിരണഛുരിതോദരജലധര-
സുന്ദരസകുസുമകേശം,
തിമിരോദിതവിധുമണ്ഡലനിൎമ്മല-
മലയജതിലകനിവേശം. ഹരിമേകരസം. 29

അ—അവൾ ശശികിരണഛുരിതോദരജലധരസുന്ദരസകുസുമകേശനായി, തിമിരോദിതവിധുമണ്ഡലനിൎമ്മലമലയജതിലകനിവേശനായിരിക്കുന്ന ഹരിയെ ദൎശിച്ചു.

സാ—ചന്ദ്രകിരണങ്ങൾ ധാരാളം വ്യാപിച്ച സുന്ദരമായ കാർമേഘംപോലെ ധാരാളം കുസുമങ്ങൾ ധരിച്ച കേശഭാരത്തോടുകൂടിയവനും, അന്ധകാരമദ്ധ്യത്തിൽനിന്നുദിച്ച ചന്ദ്രനെപ്പോലെ യാതൊരഴുക്കില്ലാത്തതും സുന്ദരവുമായ ചന്ദനപ്പൊട്ടു ധരിച്ചിട്ടുള്ളവനും ആയ ശ്രീകൃഷ്ണനെ രാധ കണ്ടു.

വിപുലപുളകഭരദന്തുരിതം രതി-
കേളികലാധികധീരം,
മണിഗണകിരണസമൂഹസമുജ്ജ്വല-
ഭൂഷണസുഭഗശരീരം ഹരിമേകരസം. 30

അ—അവൾ, വിപുലപുളകഭരദന്തുരിതനായി രതികേളികലാധികധീരനായി മണിഗണകിരണസമൂഹസമുജ്ജ്വലഭൂഷണസുഭഗശരീരനായിരിക്കുന്ന ഹരിയെ ദൎശിച്ചു.

സാ—രോമാഞ്ചം (പുളകോൽഗമം) കൊണ്ടു നിമ്നോന്നതമൊ എന്നു തോന്നിക്കുന്ന ശരീരത്തോടുകൂടിയവനും ആലിംഗനചുംബനാധരപാനാദികളായ കാമക്രീഡകളിൽ ഏറാവും സമൎത്ഥനും രത്നങ്ങളുടെ കാന്തിസമൂഹംകൊണ്ടു അത്യധികം ശോഭിക്കുന്ന അലങ്കാരങ്ങളെക്കൊണ്ടു സുന്ദരനും സുഭഗനുമായ ശ്രീകൃഷ്ണനെ രാധ കണ്ടു.

ശ്രീജയദേവഭണിതവിഭവദ്വിഗുണീ-

കൃതഭൂഷണഭാരം,

പ്രണമത ഹൃദി വിനിധായ ഹരിം സുചിരം

സുകൃതോദയസാരം. ഹരിമേകരസം. 31

അ—ഹേ ജനങ്ങളെ! നിങ്ങൾ ശ്രീജയദേവഭണിതവിഭവദ്വിഗുണീകൃത ഭൂഷണഭാരനായിരിക്കുന്ന ഹരിയെ ഹൃദയത്തിങ്കൽ സുചിരമാകുംവണ്ണം വിനിധാനംചെയ്തിട്ടു സുകൃതോദയസാരമാകുംവണ്ണം പ്രണമിച്ചാലും.

സാ—അല്ലയൊ വിഷ്ണുഭക്തന്മാരായ ജനങ്ങളെ! നിങ്ങൾ ശ്രീജയദേവകവി അതിശയേന വൎണ്ണിച്ചിട്ടുള്ള അലങ്കാരങ്ങളോടുകൂടിയ ഈ ഗീതത്തെ നല്ലവണ്ണം മനസ്സിൽ വിചാരിച്ചു എല്ലാവിധ സുകൃതകൎമ്മങ്ങളേക്കാൾ ശ്രേഷ്ഠമാകുംവണ്ണം ശ്രീകൃഷ്ണനെ നമസ്കരിക്കേണമെ! (കവിപ്രാൎത്ഥന).

അതിക്രമ്യാപാംഗം ശ്രവണപഥപൎയ്യന്തഗമന-

പ്രയാസേനേവാക്ഷ്ണോസ്തരളതരഭാവം ഗമിതയോഃ,

തദാനീം രാധായാഃ പ്രിയതമസമാലോകസമയെ

പപാത സ്വേദാംഭഃപ്രകര ഇവ ഹൎഷാശ്രുനിവഹഃ.

അ—അപാംഗത്തെ അതിക്രമിച്ചിട്ടു ശ്രവണപഥപൎയ്യന്തഗമനപ്രയാസം ഹേതുവായിട്ടോ എന്നു തോന്നുമാ

റു തരളഭാവത്തെ ഗമിതങ്ങളായിരിക്കുന്ന രാധയുടെ അക്ഷികളുടെ ഹഷാശ്രുനിവഹം അപ്പോൾ പ്രിയതമസമാലോകസമയത്തിങ്കൽ സ്വേദാംഭഃപ്രകരമോ എന്നു തോന്നുമാറു പതിച്ചു.

സാ—കണ്ണുകളുടെ അവസാനഭാഗത്തെ അതിക്രമിച്ചു ശ്രവണങ്ങളുടെ പുറവുപാടും എത്തണമെന്നുള്ള ആഗ്രഹത്തോടെ പോകുന്നതുകൊണ്ടുള്ള ബുദ്ധിമുട്ടുകൊണ്ടോ ണൊ എന്നു തോന്നുമാറു രാധയുടെ ചഞ്ചലങ്ങളായ നേത്രങ്ങളിൽനിന്നു ഉത്ഭവിച്ച സന്തോഷാശ്രുക്കൾ (നടന്നിട്ടുള്ള ദേഹായാസംകൊണ്ടുണ്ടായ) വിയർപ്പുജലമോ എന്നു തോന്നുമാറു പ്രിയതമനായ ശ്രീകൃഷ്ണനെ കണ്ട മാത്രയിൽ ഇററിററു വീണു. ശ്രീകൃഷ്ണൻെറ സമീപത്തെത്തിയ രാധയുടെ നേത്രങ്ങൾ സന്തോഷംകൊണ്ടു അശ്രുപൂണ്ണങ്ങളായിരുന്നു എന്നു താല്പൎയ്യം.

ഭജന്ത്യാസ്തല്പാന്തം കൃതകപടകണ്ഡൂതിപിഹിത
സ്മിതം യാതെ ഗേഹാൽ ബഹിരവഹിതാളീ
പരിജനെ,
പ്രിയാസ്യം പശ്യന്ത്യാഃ സ്മരസമരസാക്രുതസുഭഗം
സലജ്ജാ ലജ്ജാപി വ്യഗമദതിദൂരം മൃഗദൃശഃ.

അ—അവഹിതാളീപരിജനം ഗേഹത്തിങ്കൽനിന്നു ബഹിർഭാഗത്തു കൃതകപടകണ്ഡൂതിപിഹിതസ്മിതമാകുംവണ്ണം യാതമായിരിക്കും സമയത്തിങ്കൽ തല്പാന്തത്തെ ഭജന്തിയായി സ്മരസമരസാക്രുതസുഭഗമായിരിക്കുന്ന പ്രിയാസ്യത്തെ പശ്യന്തിയായിരിക്കുന്ന മൃഗദൃക്കിൻെറ ലജ്ജയാകട്ടെ സലജ്ജയായിട്ടു അതിദൂരം ഗമിച്ചു.

സാരം—രാധാകൃഷ്ണന്മാരുടെ സംയോജനത്തിന്നായിട്ടു അശ്രാന്തം യത്നിച്ചിരുന്ന സഖീജനങ്ങളും പരിജനങ്ങളും രാധാകൃഷ്ണന്മാരുടെ കടാക്ഷവീക്ഷണങ്ങളും മററും കണ്ടു ഉണ്ടായ മന്ദഹാസത്തെ മുഖം ചൊറിയൽ എന്ന വ്യാജേന മറച്ചു വള്ളിക്കുടിലിൽനിന്നും പുറത്തേക്കു പോയപ്പോൾ—ഭഗവൽ പല്ലവശയനത്തിന്റെ സമീപത്തെത്തി രതിയിങ്കൽ തനിക്കു് അതിത്വരയുണ്ടെന്നുള്ള അഭിപ്രായത്തെ കടാക്ഷാദികളെകൊണ്ടു സൂചിപ്പിക്കുന്ന ശ്രീകൃഷ്ണന്റെ മുഖാരവിന്ദം കണ്ടുകൊണ്ടു നിൽക്കുന്ന രാധയുടെ ലജ്ജതന്നെ ലജ്ജിച്ചു വളരെ ദൂരത്തെത്തിക്കഴിഞ്ഞു. (രാധ കൃഷ്ണന്റെ അടുക്കലെ സഖിമാരെല്ലാം പോയപ്പോഴേക്കും ലജ്ജ തീരെ ഇല്ലാതായി എന്നു താല്പര്യം).

ജയശ്രീവിന്യസ്തൈർമ്മഹിത ഇവ മന്ദാരകുസുമൈഃ
പ്രകീർണ്ണാസൃഗ്ബിന്ദുർജ്ജയതി ഭുജദണ്ഡോऽസുരജിതഃ,
നിജക്രീഡാപീഡാഹത കുവലയാപീഡകരിണോ
രണേ സിന്ദൂരേണ ച്യുതരണമുദാ മുദ്രിത ഇവ. 34

അ—ജയശ്രീവിന്യസ്തങ്ങളായിരിക്കുന്ന മന്ദാരകുസുമങ്ങളെക്കൊണ്ടു മഹിതമൊ എന്നു തോന്നുമാറു പ്രകീർണ്ണാസൃഗ്ബിന്ദുവായി, ച്യുതരണമുത്തൊ എന്നു തോന്നുമാറു സിന്ദൂരംകൊണ്ടു മുദ്രിതമായി, നിജക്രീഡാപീഡാഹതകുവലയാ പീഡകരിയായിരിക്കുന്ന അസുരജിത്തിന്റെ ഭുജദണ്ഡം ജയിക്കുന്നു.

സാ—ജയലക്ഷ്മിയുടെ കൈകളിൽനിന്നു വീണു പോയിരിക്കുന്ന കല്പവൃക്ഷപ്പൂക്കളെക്കൊണ്ടു മഹത്വത്തെ പ്രാപിച്ചുതൊ എന്നു തോന്നുമാറു വ്യാപിച്ച ചോരത്തു

ള്ളികളോടു കൂടിയതും, യുദ്ധത്തിലുള്ള സന്തോഷം (അക ത്തൊതുങ്ങാഞ്ഞിട്ടു) പുറത്തേക്കു വന്നിരിക്കയാണൊ എ ന്നു തോന്നുമാറു സിന്ദൂരലേപനം ചെയ്തിട്ടുള്ളതും ആയ കംസൻെറ മദിച്ചു നിൽക്കുന്ന കുവലയാപീഡമെന്ന ഗ ജത്തെ വെറും തമാശയായി കൊന്നിട്ടുള്ളവനും, ഹിരണ്യ ൻ മുതലായ അസുരന്മാരെ കൊന്നിട്ടുള്ളവനും ആയ ശ്രീ കൃഷ്ണൻെറ ദണ്ഡാകാരേണയുള്ള കൈകൾ സർവ്വോൽക്ക ഷേണ വ൪ത്തിക്കുന്നു. അവ നമ്മെ രക്ഷിക്കട്ടെ. (കവിപ്രാ ൎത്ഥന).

ഇപ്രകാരം 'ലീലാ' എന്നു പേരായ ഭാഷാവ്യാഖ്യാ നത്തിൽ 'സാനന്ദഗോവിന്ദം' എന്നു പേരായ പതി നൊന്നാം സർഗ്ഗം കഴിഞ്ഞു.

——:*:——

# പന്ത്രണ്ടാം സർഗ്ഗം.

ഗതവതി സഖീവൃന്ദെ മന്ദത്രപാഭരനിർഭര-
സ്മരപരവശാകൃതസ്യൃതസ്മിതസ്നപിതാധരാം,
സരസമലസം ദൃഷ്ട്വാ ദൃഷ്ട്വാ മുഹുൎന്നവപല്ലവ-
പ്രസവശയനെ നിക്ഷിപ്താക്ഷീമുവാച ഹരിഃ
പ്രിയാം. 1

അന്വയാൎത്ഥം—ഹരി, സഖീവൃന്ദം ഗതവത്തായിരിക്കും സമയത്തിങ്കൽ മന്ദത്രപാഭരനിർഭരസ്മരപരവശാകൃതസ്യൃതസ്മിതസ്നപിതാധരയായി നവപല്ലവപ്രസവശയനത്തിങ്കൽ വീണ്ടും വീണ്ടും നിക്ഷിപ്താക്ഷിയായിരിക്കുന്ന പ്രിയയെ ദർശിച്ച് ദർശിച്ച് അലസമാകുംവണ്ണം സരസമായിരിക്കുന്ന ഇതിനെ വചിച്ചു.

സാരം—സഖിമാരും പരിജനങ്ങളും പോയപ്പോൾ ലജ്ജ ശമിച്ചും, കാമവികാരസൂചകങ്ങളായ മുഖരാഗാദികൾ വൎദ്ധിച്ചും, രത്യാഗ്രഹത്തെ സൂചിപ്പിക്കുന്ന മന്ദഹാസംകൊണ്ടു സ്നിഗ്ദ്ധമായ അധരത്തോടുകൂടിയവളും പുതിയ തളിരുകളെക്കൊണ്ടും പുഷ്പങ്ങളെക്കൊണ്ടുമുണ്ടാക്കിയിട്ടുള്ള ശയനത്തിൽ രത്യനുരാഗത്തോടുകൂടെ പിന്നേയും പിന്നേയും നോക്കുന്നവളും ആയ രാധയെ കണ്ടു ശ്രീകൃഷ്ണൻ വളരെ പതുക്കെ ഇപ്രകാരം പറഞ്ഞു.

കിസലയശയനതലേ കുരു കാമിനി!
    ചരണകമലവിനിവേശം,
തവ പദപല്ലവവൈരി പരാഭവ-
    മിദമനുഭവതു സുവേഷം.
ക്ഷണമധുനാ നാരായണ (പല്ലവി)
മനുഗതമനുഭജ രാധേ! (അനുപല്ലവി) 2

അ—ഹേ കാമിനി! രാധേ! നീ, കിസലയശയനതലത്തിങ്കൽ ചരണനളിനവിനിവേശത്തെ ചെയ്താലും. നിന്റെ പദപല്ലവവൈരിയായിരിക്കുന്ന സുവേഷം ഈ പരാഭവത്തെ അനുഭവിക്കട്ടെ. ഇപ്പോൾ നീ അനുഗതനായിരിക്കുന്ന നാരായണനെ ക്ഷണം അനുഭജിച്ചാലും.

സാ—സുരതത്തിൽ പ്രശസ്തമായ കാമത്തോടുകൂടിയ രാധെ! ഭവതി ഈ തളിരുകൊണ്ടുണ്ടാക്കിയിട്ടുള്ള ശയ്യയിൽ താമരപ്പൂപോലുള്ള കാലുകൾ വെക്കു, തളിരിനൊത്ത കാലുകളോടു മത്സരിക്കുന്നതിന്റെ ഫലം അതനുഭവിക്കട്ടെ. ഭവതി ഇപ്പോൾ സമീപത്തു കാത്തുനിൽക്കുന്ന ശ്രീകൃഷ്ണനോ (എന്നോ)ടുകൂടി കുറച്ചു നേരം വിവിധക്രീഡകൾ ചെയ്തുകൊള്ളു. 'ക്ഷണമധുനാ നാരായണം' പല്ലവി 'അനുഗതമനുഭജ രാധെ!' അനുപല്ലവി. ഇതുകളുടെ പദാൎത്ഥങ്ങൾ എന്നി പറയുന്ന 7 ഗീതങ്ങളിലേക്കും യോജിപ്പിച്ചുകൊൾക.

കരകമലേന കരോമി ചരണമഹ-
മാഗമിതാസി വിദൂരം,
ക്ഷണമുപകുരു ശയനോപരി മാമിവ
നൂപുരമനുഗതിശൂരം. ക്ഷണമധുനാ. 3

അ—ഹേ രാധേ! നീ വിദൂരം ആഗമിതയായിട്ടു ഭവിക്കുന്നു. ഞാൻ കരകമലംകൊണ്ടു ചരണത്തെ ചെയ്യുന്നുണ്ടു. ശയനോപരി എന്നെപ്പോലെ അനുഗതിശൂരമായിരിക്കുന്ന നൂപുരത്തെ ഉപകരിച്ചാലും.

സ—പ്രിയതമെ! രാധെ! ഭവതി വളരെയധികം ദൂരനിന്നു വഴി നടന്നു വന്നിരിക്കയാണു (കാലുകൾ വേദനിക്കുന്നുണ്ടായിരിക്കുന്നുമെന്നു താല്പൎയ്യം). താമരപ്പൂപോ

ലെ മിനുസമുള്ള എന്റെ കൈകളെക്കൊണ്ടു ഭവതിയുടെ കാലുകൾ ഞാൻ ഉഴിയാം (തലോടാം). അതിനു എല്ലാപ്പോഴും എന്നെപ്പോലെ ശബ്ദമായ (ശബ്ദിച്ചുകൊണ്ടിരിക്കുന്ന) ഈ കാൽത്തളകൾ അഴിച്ചു വെക്കു.

വദനസുധാനിധിഗളിതമമൃതമിവ രചയ
വചനമനുകൂലം,
വിരഹമിവാപനയാമി പയോധര രോധക-
മുരസി ദുകൂലം. ക്ഷണമധുനാ 4

അ—ഹേ രാധെ! നീ, വദനസുധാനിധിഗളിതമായിരിക്കുന്ന അമൃതം എന്നപോലെ അനുകൂലമായിരിക്കുന്ന വചനത്തെ രചിച്ചാലും. ഞാൻ ഉരസ്സിങ്കൽ പയോധരരോധകമായിരിക്കുന്ന ദുകൂലത്തെ വിരഹത്തെ എന്നപോലെ അപനയിക്കുന്നുണ്ടു.

സാ—പ്രിയെ! രാധെ! ഭവതി ചന്ദ്രനിൽനിന്നു അമൃതു ഒഴുകുന്നതുപോലെ ഈ സുന്ദരമായ മുഖംകൊണ്ടു എനിക്കു അനുകൂലമായ് സംസാരിക്കു! ഞാൻ ഭവതിയുടെ മുലക്കച്ചയെ (മുലകളെ മറച്ചിരിക്കുന്ന വസ്ത്രത്തെ) (നമ്മൾ തമ്മിലുള്ള) വേർപാടിനെ എന്നപോലെ ദൂരീകരിക്കുന്നുണ്ടു (അഴിച്ചെടുക്കുന്നുണ്ടു).

പ്രിയപരിരംഭണരഭസവലിതമിവ
പുളകിതമതിദുരവാപം,
മദുരസി കുചകലശം വിനിവേശയ
നാശയ മനസിജതാപം. ക്ഷണമധുനാ. 5

അ—ഹേ രാധെ! നീ പ്രിയപരിരംഭണരഭസവലിതമെന്നപോലെ പുളകിതമായി അതിദുരവാപമായിരിക്കുന്ന കുചകലശത്തെ മദുരസ്സിങ്കൽ വിനിവേശിച്ചാലും. മനസിജതാപത്തെ നാശിപ്പിച്ചാലും.

സാ—പ്രിയെ! ഭവതി പ്രിയഭൎത്താവിന്റെ ആലിംഗനത്തിലുള്ള ബദ്ധപ്പാടുകൊണ്ടും അത്യൌത്സുക്യംകൊണ്ടുമാണൊ എന്നു തോന്നുമാറു രോമാഞ്ചത്തോടു കൂടിയതും സാധാരണന്മാൎക്കു ലഭിപ്പാൻ സാധിക്കാത്തതുമായ സ്തനങ്ങളെ എന്റെ മാൎവ്വിടത്തിൽ ചേൎക്കു. എന്റെ കാമപാരവശ്യത്തെ ഇല്ലായ്മചെയ്യു (എന്നെ ഗാഢമായാലിംഗനം ചെയ്തു തൃപ്തിപ്പെടുത്തണമെന്നു താല്പൎയ്യം).

അധരസുധാരസമുപനയ ഭാമിനി! ജീവയ
മൃതമിവ ദാസം,
ത്വയി വിനിഹിതമനസം വിരഹാനലദഗ്ദ്ധ-
വപുഷമവിലാസം. ക്ഷണമധുനാ 6

അ—ഹേ ഭാമിനി! നീ അധരസുധാരസത്തെ ഉപനയിച്ചാലും നിന്നിൽ വിനിഹിതമനസ്സായി വിരഹാനലദഗ്ദ്ധവപുസ്സായി, അവിലാസനായി മൃതനെപ്പോലെ സ്ഥിതനായിരിക്കുന്ന ഈ ദാസനെ ജീവിപ്പിച്ചാലും.

സാ—സുന്ദരി! രാധെ! ഭവതി എന്നെ അധരപാനം ചെയ്യുവാനനുവദിക്കു! ഭവതിയെത്തന്നെ വിചാരിച്ചു ആശിച്ചുകൊണ്ടും, ഭവതിയുടെ വിരഹംകൊണ്ടു പരവശനായും, യാതൊരു സ്വൈരവിഹാരങ്ങളുമില്ലാത്തവനും, മരിച്ചതിന്നു തുല്യനായുമിരിക്കുന്ന ഈ ദാസനെ ഭവതി ജീവിപ്പിക്കണെ! (കാമക്രീഡകൾകൊണ്ടു സന്തോഷിപ്പിക്കണമെന്നു താല്പൎയ്യം).

ശശിമുഖി! മുഖരയ മണിരശനാഗുണ-
മനുഗുണകണ്ഠനിനാദം,
ശ്രുതിയുഗളെ പികരുതവികലെ മമ ശമയ
ചിരാദവസാദം ക്ഷണമധുനാ. 7

അ—ഹേ ശശിമുഖി! നീ അനുഗുണകണ്ഠനിനാദമായിരിക്കുന്ന മണിരശനാഗുണത്തെ മുഖരിപ്പിച്ചാലും. ചിരാൽ—പികരുതവികലമായിരിക്കുന്ന എന്റെ ശ്രുതിയുഗളത്തിങ്കൽ അവസാദത്തെ ശമിപ്പിച്ചാലും.

സാ—ചന്ദ്രനെപ്പോലെ സുന്ദരമായ വദനമുള്ള (സുന്ദരിയായ) രാധെ! ഭവതി രതിക്രൂജിതാദിസദൃശമായ ധ്വനിയോടുകൂടിയ—രത്നമയമായ—അരഞ്ഞാൺ ശബ്ദിപ്പിക്ക (ഉപരിസുരതാവസരത്തിലെ അരഞ്ഞാൺ ശബ്ദിക്കകയുള്ളു, അതു ചെയ്യണമെന്നു കൃഷ്ണന്റെ പ്രാൎത്ഥന വ്യംഗ്യം). വളരെക്കാലമായിട്ടു,- വിരഹികൾക്ക അത്യന്തം അസഹ്യമായ കുയിലുകളുടെ ശബ്ദങ്ങൾ കേട്ടു കേട്ടു വിഹ്വലങ്ങളായ എന്റെ ചെവികളിലെ ഖേദത്തെ ഇല്ലായ്മ ചെയ്യണേ!

മാമിതി വിഫലരുഷാ വികലീകൃത-
മവലോകിതുമധുനേദം,
മീലിതലജ്ജിതമിവ നയനം തവ വിരമ
വിസൃജ രതിഖേദം ക്ഷണമധുനാ. 8

അ—ഹേ കമനി! നീ ഇപ്രകാരം വിഫലരുട്ടുകൊണ്ടു വികലീകൃതനായിരിക്കുന്ന എന്നെ ഇപ്പോൾ അവലോകനം ചെയ്യാനായിക്കൊണ്ടു മീലിതലജ്ജിതമോ എന്നു തോന്നുമാറുള്ള നിന്റെ ഈ നയനത്തെ വിരമിച്ചാലും രതിഖേദത്തെ വിസൎജ്ജിച്ചാലും.

സാ—പ്രിയ രാധെ! പ്രയോജനരഹിതമായ പ്രണയകോപംകൊണ്ടു പരവശനായ എന്നെ ഇപ്പോൾ ലജ്ജകൊണ്ടു ചിമ്മിയതൊ എന്നു തോന്നുമാറുള്ള ഭവതിയുടെ കണ്ണുകൾ മിഴിച്ചു എന്നെ ഒന്നു കടാക്ഷിക്ക! സുര

ത്തിൽ ദന്തക്ഷതം നഖക്ഷതം മുതലായ ഗാത്രപീഡയുണ്ടായെങ്കിലൊ എന്നുള്ള ഖേദമെല്ലാമുപേക്ഷിക്ക!.

ശ്രീജയദേവഭണിതമിദമനുപദനിഗദിത-
മധുരിപുമോദം,
ജനയതു രസികജനേഷു മനോരമരതി-
രസഭാരവിനോദം ക്ഷണമധുനാ. 9

അ—ശ്രീജയദേവഭണിതമായി അനുപദനിഗദിത മധുരിപുമോദമായിരിക്കുന്ന ഈ ഗീതം രസികജനങ്ങളിൽ മനോരമരതിരസഭാരവിനോദത്തെ ജനിപ്പിക്കണേ!.

സാ—ശ്രീജയദേവകവി നിൎമ്മിച്ചിട്ടുള്ളതും പദംപ്രതി പ്രതിപാദിക്കപ്പെട്ട ശ്രീകൃഷ്ണസന്തോഷത്തോടുകൂടിയതും ആയ ഈ ഗീതം (ഗീതഗോവിന്ദകാവ്യം) സഹൃദയന്മാരിൽ അഥവാ ഭക്തജനങ്ങളിൽ മനോരമമായ ഭക്തിരസാതിശയ വിനോദത്തെ ജനിപ്പിക്കണേ! ഭക്തന്മാരായ നമ്മെയെല്ലാം രക്ഷിക്കണേ! എന്നു കവിപ്രാൎത്ഥന.

പ്രത്യൂഹഃ പുളകാങ്കുരേണ നിബിഡാ-
ശ്ലേഷെ നിമേഷേണ ച
ക്രീഡാക്രുതവിലോകനേഽധരസുധാ-
പാനേ കഥാനൎമ്മഭിഃ,
ആനന്ദാധിഗമേന മന്മഥകലാ-
യുദ്ധേഽപി യസ്മിന്നഭൂ-
ദുൽഭൂതഃ സ തയോഃ സ്വരൂപലളിതാ-
രംഭഃ പ്രിയംഭാവുകഃ. 10

അ—യാതൊന്നു സത്തായിരിക്കും സമയത്തിങ്കൽ, —നിബിഡാശ്ലേഷത്തിങ്കൽ പുളകാങ്കുരംകൊണ്ടും, ക്രീഡാക്രുതവിലോകനത്തിങ്കൽ നിമേഷംകൊണ്ടും, അധര

സുധാപാനത്തിങ്കൽ കഥാനമ്മങ്ങളെക്കൊണ്ടും, മന്മഥകലായുദ്ധത്തിങ്കൽ ആനന്ദാധിഗമംകൊണ്ടും പ്രത്യൂഹം ഭവിച്ചു അവരുടെ പ്രിയംഭാവുകമായിരിക്കുന്ന ആ സ്വരൂപലലളിതാരംഭം ഉൽഭൂതമായി.

സാ—രാധാകൃഷ്ണന്മാർ ഓരോതരം ക്രീഡകൾ ആരംഭിച്ചപ്പോൾ,—ഗാഢാലിംഗനത്തിൽ രോമാഞ്ചംകൊണ്ടും, രത്യഭിപ്രായമായ നോട്ടത്തിൽ നിമീലനംകൊണ്ടും, അധരശീധുപാനത്തിൽ വിനോദകഥകളെക്കൊണ്ടും, നൃത്തഗീതാദികളായ 64 കലാവിദ്യകളുടെ അനുഷ്ഠാനത്തിൽ ആനന്ദപ്രാപ്തികൊണ്ടും പ്രതിബന്ധം ഭവിച്ചുവൊ—ആ—മംഗളകരമായ (രാധാകൃഷ്ണന്മാരുടെ) സ്വഭാവേന മനോഹരവും ലളിതവുമായ ഓരോതരം സുരതക്രീഡകൾ ആരംഭിച്ചു എന്നു സാരം.

ദോർഭ്യാം സംയമിതഃ പയോധരഭരേ-
ണാപീഡിതഃ പാണിജൈ-
രാവിദ്ധോ ദശനൈഃ ക്ഷതാധരപുടഃ
ശ്രോണീതലേനാഹതഃ,
ഹസ്തേനാനമിതഃ കചേഽധരസുധാ-
സ്യന്ദേന സമ്മോഹിതഃ
കാന്തഃ കാമപി തൃപ്തിമാപ തദഹോ!
കാമസ്യ വാമാ ഗതിഃ. 11

അ—ദോസ്സുകളെക്കൊണ്ടു സംയമിതനായി, പയോധരഭരംകൊണ്ടു ആപീഡിതനായി, പാണിജങ്ങളെക്കൊണ്ടു ആവിദ്ധനായി, ദശനങ്ങളെക്കൊണ്ടു ക്ഷതാധരപുടനായി, ശ്രോണീതലംകൊണ്ടു ആഹതനായി, ഹസ്തംകൊണ്ടു കചത്തിൽ ആനമിതനായി, അധരസുധാസ്യന്ദംകൊണ്ടു സമ്മോഹിതനായിരിക്കുന്ന കാന്തൻ ഒരു (അനിർവ്വചനീയയായിരിക്കുന്ന) തൃപ്തിയെ പ്രാപിച്ചു. കാമന്റെ ഗതി വാമയായിട്ടു ഭവിക്കുന്നുവല്ലോ!.

സാ—രാധ കൈകൾകൊണ്ടു കെട്ടിയും, തടിച്ച മുലകളെക്കൊണ്ടു ഇടിച്ചും, നഖങ്ങളെക്കൊണ്ടു മുറിവേല്പ്പിച്ചും, പല്ലുകളെക്കൊണ്ടു അധരം കടിച്ചുമുറിച്ചും, ഘനത്ത നിതംബങ്ങളെക്കൊണ്ടു ഇടിച്ചും, കൈകൊണ്ടു തലമുടി പിടിച്ചു താഴ്ത്തിയും, അധരത്തിലുള്ള മദ്യം കൊടുത്തു മോഹാലസ്യപ്പെടുത്തിയും എന്നുവേണ്ടാ പലപ്രകാരത്തിലും മൎദ്ദിച്ചിട്ടും കാന്തനായ ശ്രീകൃഷ്ണന്നു് അനിൎവ്വചനീയമായ സുഖപ്രാപ്തിയുണ്ടായി. കാമവികാരാദികൾ കൊണ്ടുണ്ടാകുന്ന അവസ്ഥ ലോകവിലക്ഷണമാകുന്നു. ആശ്ചൎയ്യം! (ഇവിടെ അന്യോന്യം കൈകൾകൊണ്ടു കെട്ടിപ്പിടിച്ചു മുലകൾ അമരുമാറു ആലിംഗനംചെയ്തും, അന്യോന്യം നഖക്ഷതങ്ങളേല്പിച്ചും, ദന്തക്ഷതങ്ങളേല്പിച്ചും ജഘനതലാഘാതമുണ്ടാകുമാറു രാധ ഉപരിസുരതംചെയ്തും, തലമുടി പിടിച്ചു താഴ്ത്തി ചുംബിച്ചും, അധരപാനം ചെയ്തത്യധികമാനന്ദിച്ചും എന്നുവേണ്ട പലപ്രകാരത്തിലും രാധയും ശ്രീകൃഷ്ണനുംകൂടി കാമക്രീഡകൾ ചെയ്തുതുടങ്ങി). എന്നു സാരം.

മാരാങ്കെ രതികേളി സങ്കുലരണാ-
    രംഭെ തയാ സാഹസ-
പ്രായം കാന്തജയായ കിഞ്ചിദുപരി
    പ്രാരംഭി യൽ സംഭ്രമാൽ,
നിഷ്പന്ദാ ജഘനസ്ഥലീ ശിഥിലിതാ
    ദോൎവ്വല്ലിരുൽക്കമ്പിതം
വക്ഷൊ മീലിതമക്ഷി സാഹസരസഃ
    സ്ത്രീണാം കുതസ്സിദ്ധ്യതി. 12

അ—അവളാൽ മാരാങ്കമായിരിക്കുന്ന രതികേളിസ്സങ്കുലരണാരംഭത്തിങ്കൽ സംഭ്രമം ഹേതുവായിട്ടു കാന്തജയത്തിന്നായിക്കൊണ്ടു സാഹസപ്രായമാകുംവണ്ണം കുറഞ്ഞൊന്നു ഉപരിഭാഗത്തിങ്കൽ പ്രാരംഭിച്ചു എന്നുള്ളതുണ്ടായി. അതുഹേതുവായിട്ടു ജഘനസ്ഥലീ നിഷ്പന്ദയായിട്ടും, ദോർവ്വല്ലി ശിഥിലിതയായിട്ടും, വക്ഷസ്സു ഉൽക്കമ്പിതമായിട്ടും അക്ഷി മീലിതമായിട്ടും ഭവിച്ചു സ്ത്രീകൾക്കു സാഹസരസം എങ്ങിനെ സിദ്ധിക്കുന്നു?.

സാ—രാധ കൃഷ്ണനോടുകൂടി ഓരോ കാമക്രീഡകൾ ചെയ്തുകൊണ്ടിരിക്കെ, രതിതപരകൊണ്ടു ഭർത്താവിനെ വശീകരിക്കുവാനും സുരതത്തിങ്കൽ താൻ ജയിക്കുവാനും വേണ്ടി സാഹസമായി ഉപരിസുരതം ചെയ്തപ്പോഴേക്കും കുറച്ചു സമയംകൊണ്ടു രാധയുടെ അരക്കെട്ടു ഉലഞ്ഞുയാതൊരു ചലനവുമില്ലാതായും, കൈകാലുകൾ കുഴഞ്ഞും നിശ്വാസോച്ഛ്വാസവേഗംകൊണ്ടു മാർവ്വിടം വല്ലാതെ ഇളകുന്നതായും കണ്ണുകൾ ചിമ്മിയും വല്ലാതെ തളൎന്നവശായി. സ്ത്രീകൾക്കു ഇത്തരം സാഹസപ്രവൃത്തികൾ ചെയ്വാൻ തക്ക ശേഷി എവിടെ? സാദ്ധ്യമല്ലെന്നു താല്പൎയ്യം.

തസ്യാഃ പാടലപാണിജാങ്കിതമുരൊ
നിദ്രാകഷായെ ദൃശൌ
നിൎദ്ധൌതോऽധരശോണിമാ വിലുളിത-
സ്രസ്തസ്രജൊ മൂൎദ്ധജാഃ,
കാഞ്ചീദാമ ദരശ്ലഥാഞ്ചലമിതി
പ്രാതൎന്നിഖാതൈൎദ്ദൃശോ-
രേഭിഃ കാമശരൈരസ്തദത്ഭുതമഭൂൽ
പത്യുൎമ്മനഃ കീലിതം.

അ—അവളുടെ ഉരസ്സ പാടല പാണിജാങ്കിതമായി ട്ടും, ദൃക്കുകൾ നിദ്രാകഷായകളായിട്ടും അധരശോണിമാവു നിൎദ്ധൗതമായിട്ടും, മൂൎദ്ധജങ്ങൾ വിലുളിതസ്രസ്തസ്ര ക്കുകളായിട്ടും, കാഞ്ചീദാമം ദരശ്ലഥാഞ്ചലമായിട്ടും ഭവി ച്ചു. ഇപ്രകാരം ദൃക്കുകളിൽ നിഖാതങ്ങളായിരിക്കുന്ന ഈ കാമശരങ്ങളെക്കൊണ്ടു പ്രാതഃകാലത്തു പതിയുടെ മനസ്സ കീലിതമായി എന്നതു യാതൊന്നു അതു അത്ഭുത മായിട്ടു ഭവിച്ചു.

സാ—രാധയുടെ,—പാടലവൎണ്ണങ്ങളായ നഖക്ഷത ങ്ങളോടുകൂടിയ മാൎവ്വിടം, ഉറക്കമിളച്ചതുകൊണ്ടു കല ങ്ങി തുടുത്ത കണ്ണുകൾ, ചുവപ്പുവൎണ്ണം തീരെ ഇല്ലാതായ അധരം, മട്ടുനമേററു മുറിഞ്ഞും അഴിഞ്ഞും മാലകളെല്ലാം പോയ തലമുടി, അരയിൽനിന്നും അഴിഞ്ഞുകിഴിഞ്ഞ പൊന്നരഞ്ഞാൺ കാമവികാരോദ്ദീപകസമൎത്ഥങ്ങളായ ഇവയെല്ലാംകൂടി പ്രഭാതത്തിൽ കണ്ടപ്പോൾ ഭൎത്താവായ ശ്രീകൃഷ്ണന്റെ മനസ്സ സംജാതകീലമായി (ഒന്നിളകി) (രാധയോടുകൂടി ഒന്നുകൂടി രമിക്കണമെന്ന ആഗ്രഹം ജ നിച്ചു എന്നു ഭാവം) അതാണു വലിയ ആശ്ചൎയ്യം!

ഈഷന്മീലിതദൃഷ്ടി മുഗ്ദ്ധഹസിതം
സീൽക്കാരധാരാവശാ-
ദവ്യക്താകുലകേളികാകു വിലസദ്ദ-
ന്താംശുധൗതാധരം,
ശ്വാസോത്തപ്തപയോധരോപരി
പരിഷ്വംഗീ കുരംഗീദൃശോ
ഹൎഷോൽകമ്പി വിമുക്തനിസ്സഹതനോ-
ൎദ്ധന്യോധയത്യാനനം.

അ—ഈഷന്മീലിതദൃഷ്ടിയായി, മുഗ്ദ്ധരസിതമായി സീൽക്കാരബാധാവശം ഹേതുവായിട്ടു അവ്യക്താകുലകേളികാകുവായി, വിലസദ്ദന്താംശുദ്യൌതാധരമായി, ഛഷോൽകമ്പിയായി, വിമുക്തനിസ്സഹതനുവായിരിക്കുന്ന കുരംഗീദൃക്കിൻെറ ആനനത്തെ ധന്യൻ ശ്വാസോത്തപ്ത പയോധരോപരി പരിഷ്വംഗിയായിട്ടു ധയനം ചെയ്യുന്നു.

സാ—കുറഞ്ഞൊന്നു ചിമ്മിയ കണ്ണുകളോടുകൂടിയതും, മൃദുസ്വനത്തോടുകൂടിയതും (ഏററവും സൌമ്യമായ ശബ്ദത്തോടുകൂടിയതും) സീൽക്കാരമുണ്ടാകുന്നതുകൊണ്ടു അസ്പഷ്ടമായ കാകുവിനോടുകൂടിയതും, കാകു=ശോകാദികളെക്കൊണ്ടുണ്ടാകുന്ന ശബ്ദവികാരം. പ്രകാശിച്ചുകൊണ്ടിരിക്കുന്ന പല്ലുകളെക്കൊണ്ടു വെളുത്തതാണോ എന്നു തോന്നുമാറുള്ള അധരത്തോടുകൂടിയതും, സന്തോഷംകൊണ്ടു ചെറിയൊരു വിറയലോടുകൂടിയതുംആയ—സുരതാവസാനത്തിൽ അയഞ്ഞ സന്ധിബന്ധങ്ങളോടുകൂടി ശയ്യയിൽ കിടക്കുന്ന സുന്ദരിയുടെ—മുഖത്തെ സുകൃതിയായ (ഭാഗ്യം ചെയ്ത) പുരുഷൻ,—ദീൎഘനിശ്വാസങ്ങളെക്കൊണ്ടു സന്തപ്തങ്ങളായ സ്തനകുംഭങ്ങളുടെ ഊൎദ്ധ്വഭാഗത്തിൽ ആശ്ലേഷത്തോടുകൂടിയവനായിട്ടു കുടിക്കുന്നു (അധരപാനം ചെയ്യുന്നു). ഇതു ഭാഗ്യവാന്മാൎക്കു മാത്രമെ സാധിക്കയുള്ളുവെന്നു കവി നിഷ്കൎഷിച്ചിട്ടുണ്ടു.

അഥകാന്തം രതിശ്രാന്തമഭിമണ്ഡനവാഞ്ഛയാ,
ജഗാദ മാധവം രാധാ മുഗ്ദ്ധാസ്വാധീനഭർത്തൃകാ 15

അ - അനന്തരം മുഗ്ദ്ധയായി സ്വാധീനഭർത്തൃകയായിരിക്കുന്ന രാധ,—രതിശ്രാന്തനായി കാന്തനായിരിക്കുന്ന മാധവനോടു അഭിമണ്ഡനവാഞ്ഛ ഹേതുവായിട്ടു ഗദിച്ചു.

സാ—അനന്തരം (ഇവർ രണ്ടുപേരും മതിയാവുന്നതുവരെ ഓരോതരം ക്രീഡകൾ ചെയ്തതിന്നശേഷം) സുന്ദരിയും സ്വാധീനനായ ഭൎത്താവോടുകൂടിയവളുമായ രാധ സുരതാവസാനത്തിൽ ക്ഷീണിച്ചവനും പ്രിയതമനും, സുന്ദരനും, സുഭഗനുമായ ശ്രീകൃഷ്ണനോടു ആഭരണാദികൾ അണിയണമെന്ന അഭിലാഷത്തോടെ ഇപ്രകാരം പറഞ്ഞു.

കുരു യദുനന്ദന! ചന്ദനശിശിരതരേണ
കരേണ പയോധരെ,
മൃഗമദപത്രകമത്ര മനോഭവമംഗള-
കലശസഹോദരെ.
നിജഗാദ സാ യദുനന്ദനെ ക്രീഡതി
ഹൃദയാനന്ദനെ. (പല്ലവി)
നിജഗാദ സാ യദുനന്ദനെ ക്രീഡതി
ഹൃദയാനന്ദനെ. (അനുപല്ലവി) 16

അ—ഹേ യദുനന്ദന! അങ്ങുന്നു ചന്ദനശിശിരതരമായിരിക്കുന്ന കരംകൊണ്ടു മനോഭവമംഗളകലശസഹോദരമായിരിക്കുന്ന ഈ പയോധരത്തിങ്കൽ മൃഗമദപത്രകത്തെ ചെയ്താലും. ഇപ്രകാരം അവൾ ഹൃദയാനന്ദനനായിരിക്കുന്ന യദുനന്ദനൻ ക്രീഡനായിരിക്കും സമയത്തിങ്കൽ നിഗദിച്ചു.

സാ—"പ്രിയതമ! ശ്രീകൃഷ്ണ! ഭവാൻ ചന്ദനംപോലെ ഏററവും തണുപ്പുള്ള ഈ കൈകൊണ്ടു കാമദേവന്റെ മംഗളകലശങ്ങൾക്കു സദൃശമായിരിക്കുന്ന എന്റെ സ്തനദ്വയത്തിൽ (രണ്ടു മുലകളിലും) കസ്തൂരികൊണ്ടു പത്തിക്കീറെറഴുതിയാലും" എന്നു രാധ വീണ്ടും രതിക്രീഡകൾക്കായി തുനിഞ്ഞ (അവളുടെ) പ്രിയതമനും, എല്ലാ

പ്പോഴും (രാധയെ) സന്തോഷിപ്പിക്കുന്നതിൽ സമൎത്ഥനായ ശ്രീകൃഷ്ണനോടു പറഞ്ഞു. പല്ലവിയുടേയും അനുപല്ലവിയുടേയും പദാൎത്ഥങ്ങൾ എല്ലാ ഗീതങ്ങളിലും യോജിപ്പിച്ചുകൊൾക.

അളികുലഭഞ്ജനമഞ്ജനകം രതിനായക-
സായകമോചനെ,
ത്വദധരചുംബനലംബിതകജ്ജലമുജ്ജ്വലയ
പ്രിയ! ലോചനെ. നിജഗാദ സാ. 17

അ—ഹേ പ്രിയ! അങ്ങുന്നു രതിനായകസായകമോചനത്തിങ്കൽ ത്വദധരചുംബനലംബിതകജ്ജലമായി, അളികുലഭഞ്ജനമായിരിക്കുന്ന അഞ്ജനകത്തെ ലോചനത്തിങ്കൽ ഉജ്ജ്വലിപ്പിച്ചാലും.

സാ—പ്രിയതമ! ഭവാൻ സുരതാവസരത്തിൽ അധരചുംബനം നേത്രചുംബനം മുതലായതെല്ലാം ചെയ്തപ്പോൾ കണ്ണിലെഴുതിയിരുന്ന മഷിയെല്ലാം അങ്ങുമിങ്ങും നീങ്ങുകയും കറച്ചു പോവുകയും ചെയ്തു. തയ്യാറുള്ള ഇപ്പോൾ —വണ്ടിൻകൂട്ടത്തേക്കാൾ കറുപ്പുള്ള ഈ മഷി (അഞ്ജനം) കൊണ്ടു എഴുതിത്തരു.

നയനകുരംഗതരംഗവിലാസനിരാസ-
കരശ്രുതിമണ്ഡലെ,
മനസിജപാശവിലാസധരെ സുഭഗെ
വിനിവേശയ കുണ്ഡലെ. നിജഗാദ സാ. 18

അ—ഹേ പ്രിയ! അങ്ങുന്നു മനസിജപാശനികാശത ഹേതുവായിട്ടു സുഭഗമായിരിക്കുന്ന നയനകുരംഗതരംഗവിലാസനിരാസകരശ്രുതിമണ്ഡലത്തിങ്കൽ കുണ്ഡലങ്ങളെ വിനിവേശിപ്പിച്ചാലും.

സാ—പ്രിയതമ! ഭവാൻ കാമദേവൻെറ പാശങ്ങളെപ്പോലെ സുന്ദരങ്ങളും, കണ്ണുകളാകുന്ന മാൻകുട്ടികൾ ചാടിപ്പോകുന്നതിന്നു തടസ്ഥങ്ങളുമായ ഈ കാതുകളിൽ കുണ്ഡലങ്ങളെ ധരിപ്പിക്ക. (നയനങ്ങളാകുന്ന) മാൻകുട്ടികൾക്ക പ്രതിബന്ധം എന്നു പറഞ്ഞതുകൊണ്ടു കണ്ണുകൾ കർണ്ണാന്തം ആയതങ്ങളാണെന്നു ധ്വനിക്കുന്നു.

ഭ്രമരചയം രചയന്തമുപരി രുചിരം
സുചിരം മമ സമ്മുഖെ,
ജിതകമലെ വിമലെ പരികർമ്മയ നർമ്മ-
ജനകമളകം മുഖെ. നിജഗാദ സാ. 19

അ—ഹേ പ്രിയ! അങ്ങുന്നു സമ്മുഖമായിരിക്കുന്ന ഉപരിഭാഗത്തിങ്കൽ രുചിരമായിരിക്കുന്ന ഭ്രമരചയത്തെ സുചിരം രചയത്തായിരിക്കുന്ന അളകത്തെ ജിതകമലമായി വിമലമായിരിക്കുന്ന എൻെറ മുഖത്തിങ്കൽ നർമ്മജനകമാകുംവണ്ണം പരികർമ്മത്തെ ചെയ്താലും.

സാ—പ്രിയതമ! ഭവാൻ വളരെക്കാലം സ്വകാന്തികൊണ്ടു ഭ്രമരഭ്രാന്തിയെ ജനിപ്പിക്കുവാൻ സുശക്തങ്ങളായ ഈ—നെററിയിലുള്ള കുറുനിരകളെ താമരപ്പൂവിനേക്കാൾ മനോഹരവും സുന്ദരവും നിർമ്മലവും ആയ—എൻെറ—മുഖത്തു വിനോദജനകമാകുംവണ്ണം അലങ്കരിക്കണേ!

മൃഗമദരസവലിതം ലളിതം കുരുതിലക-
മളികരജനീകരെ,
വിഹിതകളങ്കപദം കമലാനന!
വിശ്രമിതശ്രമശീകരെ. നിജഗാദ സാ. 20

അ—ഹേ പ്രിയ! കമലാനന! അങ്ങുന്നു വിശ്രമിതശ്രമശീകരമായിരിക്കുന്ന അളികരജനീകരങ്കൽ മൃഗമദരസവലിതമായി ലളിതമായിരിക്കുന്ന തിലകത്തെ വിഹിതകളങ്കപദമാകുംവണ്ണം ചെയ്താലും.

സാ—താമരപ്പൂപോലെ സുന്ദരമായ വദനത്തോടു കൂടിയ പ്രിയതമ! ഭവാൻ അൎദ്ധചന്ദ്രാകൃതിയോടുകൂടിയതും വിയൎപ്പു വാറിയതുമായ—എന്റെ—നൊറിത്തടത്തിൽ കസ്തൂരികൊണ്ടു, ചന്ദ്രനിലുള്ള കളങ്കത്തിന്റെ ആകൃതിയിൽ ഒരു പൊട്ടു തൊടുവിക്കണെ!

ഘനരുചിരെ ചികുരെ കുരു മാനദ!
മാനസജധ്വജചാമരെ,
രതിഗളിതെ ലളിതെ കുസുമാനി ശിഖണ്ഡി-
ശിഖണ്ഡകഡാമരെ. നിജഗാദ സാ. 21

അ—ഹേ മാനദ! പ്രിയ! അങ്ങുന്നു ഘനരുചിരമായി മാനസജധ്വജചാമരമായി രതിഗളിതമായി ശിഖണ്ഡിശിഖണ്ഡകഡാമരമായി ലളിതമായിരിക്കുന്ന ചികുരത്തിങ്കൽ കുസുമങ്ങളെ ചെയ്താലും.

സാ—എന്നെപ്പോലുള്ള സ്ത്രീകൾക്കു അഭിമാനം നിലനിൎത്തുന്ന പ്രിയതമ! ഭവാൻ കാർമേഘങ്ങളെപ്പോലെ നീലവൎണ്ണമായ— കാമദേവന്റെ— കേതുസ്ഥിതചാമരം പോലെയുള്ളതും, സുരതത്തിൽ അഴിഞ്ഞതും, മയിൽപീലിപോലെ മനോഹരവും, വിസ്തൃതവും, ലളിതവും ആയ എന്റെ കുടിലകുന്തളത്തിൽ (തലമുടിയിൽ) പുഷ്പങ്ങൾ അലങ്കരിക്കണേ!

സരസ! ഘനെ മമ ശംബരവാരണ-
വാരണകന്ദരെ,
മണിരശനാവസനാഭരണാനി ശുഭാശയ!
വാസയ സുന്ദരെ. നിജഗാദ സാ. 22

അ—ഹേ സരസ! ശുഭാശയ! അങ്ങുന്നു ശംബരവാരണവാരണകന്ദരമായി, ഘനമായി, സുന്ദരമായിരിക്കുന്ന എന്റെ ജഘനത്തിങ്കൽ മണിരശനാവസനാഭരണങ്ങളെ വസിപ്പിച്ചാലും.

സാ—നിഷ്കളങ്കഹൃദയനും സരസനുമായ പ്രിയതമ! ഭവാൻ കാമദേവനാകുന്ന ആനക്കു വാസസ്ഥാനമായിട്ടുള്ളതും, പൃഥുലമായിട്ടുള്ളതും, സുന്ദരമായിട്ടുള്ളതുമായ എന്റെ അരക്കെട്ടിൽ (യഥാക്രമം) വസ്ത്രങ്ങളും രത്നഖചിതമായ അരഞ്ഞാണും, കിങ്ങിണി മുതലായവയും അലങ്കരിപ്പിക്കണേ!

ശ്രീജയദേവവചസി ഹൃദയം സദയം

കുരു സജ്ജന! മണ്ഡനെ,

ഹരിചരണസ്മരണാമൃതനിർമ്മിത കലി-

കലുഷജ്വരഖണ്ഡനെ. നിജഗാദ സാ. 23

അ—ഹേ സജ്ജന! നിങ്ങൾ മണ്ഡനമായി ഹരിചരണസ്മരണാമൃതനിർമ്മിത കലികലുഷജ്വരഖണ്ഡനമായിരിക്കുന്ന ശ്രീജയദേവവചസ്സിങ്കൽ ഹൃദയത്തെ സദയമാകുംവണ്ണം ചെയ്താലും.

സാ—സജ്ജനങ്ങളെ! നിങ്ങൾ,—ഭഗവച്ചരണാരവിന്ദങ്ങളുടെ സ്മരണയോടെതന്നെ നിർമ്മിച്ചിട്ടുള്ളതും, അതുകൊണ്ടുതന്നെ കലികാലജന്യമായ പാപത്തെ നശിപ്പിക്കുന്നേതിൽ സമർത്ഥവും, ഗാതൃശ്രോതാക്കൾക്കു ഭൂഷണമായിട്ടുള്ളതും ആയ—ജയദേവകവിയുടെ ഈ ഗീതം മനസ്സിരുത്തി പാടുകയോ കേൾക്കുകയോ ചെയ്യേണ്ടതാണ (കവിപ്രാർത്ഥന).

രചയ കുചയോഃ പത്രം ചിത്രം

കുരുഷ്വ കപോലയോ-

ർഘടയ ജഘനെ കാഞ്ചീം മഞ്ജു-

സ്രജം കബരീഭരെ,

കലയ വലയ ശ്രേണീഃ പാണൌ
　　　　പദെ കുരു നൂപുരാ-
വിതി നിഗദിതഃ പ്രീതഃ പീതാം-
　　　　ബരോऽപി തഥാകരോൽ. 24

അ—"ഹേ പ്രിയ! അങ്ങുന്നു കുചങ്ങളിൽ പത്രത്തെ രചിച്ചാലും, കപോലങ്ങളിൽ ചിത്രത്തെ ചെയ്താലും, ജഘനത്തിങ്കൽ കാഞ്ചിയെ ഘടിപ്പിച്ചാലും, കബരീഭരത്തിങ്കൽ മഞ്ജുസ്രക്കിനെ കലനം ചെയ്താലും, പാണിയിങ്കൽ വലയശ്രേണികളെ ചെയ്താലും, പാദത്തിങ്കൽ നൂപുരങ്ങളെ ചെയ്താലും" ഇപ്രകാരം നിഗദിതനായിരിക്കുന്ന പീതാംബരനാകട്ടെ പ്രീതനായിട്ടു അപ്രകാരം ചെയ്തു.

സാ—പ്രിയതമ! ഭവാൻ എന്റെ സ്തനതടങ്ങളിൽ കസ്തൂര്യാദികളെക്കൊണ്ടു പത്തിക്കീറെഴുതുക, കവിൾത്തടങ്ങളിൽ (ഭവദാകാരങ്ങളായ) ചിത്രങ്ങൾ വരക്കുക, അരക്കെട്ടിൽ അരഞ്ഞാൺ കെട്ടിക്കുക, തലമുടിക്കെട്ടിൽ ഭംഗിയുള്ള മാലയണിയിക്കുക, കൈകളിൽ നല്ല വളകൾ ഇടുവിക്കുക, കാലുകളിൽ തളകൾ ഇടുവിക്കുക. ഇവയെല്ലാം ചെയ്തു തരണമെന്നു പറഞ്ഞതനുസരിച്ചു ശ്രീകൃഷ്ണൻ വളരെ സന്തോഷത്തോടെ (രാധയെ) ഭംഗിയായലങ്കരിച്ചു.

ത്വാമപ്രാപ്യ മയി സ്വയംബരരസാം
　　　　ക്ഷീരോദതീരോദരെ
ശങ്കെ കാമിനി! കാളകൂടമപിബ-
　　　　ന്മൂഢോ മൃഡാനീപതിഃ,
ഇത്ഥം പൂർവ്വകഥാഭിരന്യമനസാ
　　　　വിക്ഷിപ്യ വക്ഷോഞ്ചലം
രാധായാഃ സ്തനകോരകോപരി ലസ-
　　　　ന്നേത്രോ ഹരിഃ പാതു വഃ 25

അ—ഹേ കാമിനി! മൃഡാനീപതി, ക്ഷീരോദതീരോദരത്തിങ്കൽ ധൃതസ്വയംബരരസയായിരിക്കുന്ന—നിന്നെ അപ്രാപിച്ചിട്ടു മൂഢനായിട്ടു കാളകൂടത്തെ പാനം ചെയ്തു എന്നു ഞാൻ ശങ്കിക്കുന്നു. ഇപ്രകാരം പൂർവ്വകഥകളെക്കൊണ്ടു അന്യമനസ്സോടു ഉപലക്ഷിതനായി വക്ഷോഞ്ചലത്തെ വിക്ഷേപിച്ചിട്ടു രാധയുടെ സ്തനകോരകോപരിലസന്നേത്രനായിരിക്കുന്ന ഹരി നിങ്ങളെ പാലനം ചെയ്യട്ടെ.

സാ—(എന്നിൽ) പ്രശസ്തമായ കാമത്തോടുകൂടിയ സുന്ദരി! ശ്രീപരമേശ്വരൻ, ഭവതിയെ വിവാഹം കഴിക്കുവാൻ കഴിയാഞ്ഞിട്ടാണു പാൽക്കടലിൻെറ തീരത്തിൽ വെച്ചു (എനി ഇരുന്നിട്ടു കാൎയ്യമില്ല മരിക്കുകയാണു നല്ലതെന്നു കരുതി) കാളകൂടവിഷം കുടിച്ചതെന്നു ഞാൻ സംശയിക്കുന്നു. ഇപ്രകാരം മുമ്പു കഴിഞ്ഞ ഓരോ കഥകൾ പറഞ്ഞു രാധയുടെ സ്തനോത്തരീയം (മുലക്കച്ച) അഴിച്ചു ദൂരയാക്കി (രാധയുടെ) സ്തനങ്ങളിൽ തന്നെ ദൃഷ്ടിയുറപ്പിച്ചിരിക്കുന്ന ശ്രീകൃഷ്ണൻ എല്ലാവരേയും രക്ഷിക്കട്ടെ.

പൎയ്യങ്കീകൃതനാഗനായക ഫണ
ശ്രേണീമണീനാം ഗണേ
സംക്രാന്തപ്രതിബിംബസങ്കലനയാ
ബിഭ്രദ്വപുഃപ്രക്രിയാം,
പാദാംഭോജവിഹാരി വാരിധിസുതാ-
മക്ഷ്ണാം ദിദൃക്ഷുശ്ശതൈഃ
കായവ്യൂഹമിവാകരോൽ ഉരുമുദാ
യോഽസൌഹരിഃ പാതു വഃ. 26

അ—യാവനൊരുത്തൻ പര്യങ്കീകൃതനാഗനായക ഫണശ്രേണീമണികളുടെ ഗണത്തിങ്കൽ സംക്രാന്തപ്രതി ബിംബസങ്കലന ഹേതുവായിട്ട വപുഃപ്രക്രിയയെ ബിഭ്ര ത്തായി, പാദാംഭോജവിഹാരിവാരിധിസുതയെ അക്ഷി കളുടെ ശതങ്ങളെക്കൊണ്ട ദിദൃക്ഷുവായിട്ടോ എന്ന തോ ന്നമാറു ഗുരുമുത്തോടുകൂടെ കായവ്യൂഹത്തെ ചെയ്തു— അു ഈ ഹരി നിങ്ങളെ പാലനം ചെയ്യട്ടെ.

സാ—മഹാവിഷ്ണു തന്റെ ശയ്യയായിട്ടുള്ള അനന്ത ന്റെ ഫണങ്ങളിലുള്ള രത്നങ്ങളിൽ പ്രതിബിംബിച്ചിട്ട അനേകം ശരീരങ്ങളോട്ട കൂടിയവനെപ്പോലെ സ്ഥിത നായിരിക്കുന്നതു കണ്ടാൽ—സ്വഭാര്യയും തന്നെ ശുശ്രൂ ഷിപ്പാനായി കാൽക്കൽ വിനോദിച്ചുകൊണ്ടിരിക്കുന്ന മ ഹാലക്ഷ്മിയെ രണ്ട കണ്ണുകഠംകൊണ്ട കണ്ടു തൃപ്തിവരാ തെ അനേകം കണ്ണുകഠംകൊണ്ട കാണ്മാനുള്ള ആഗ്രഹം കൊണ്ട കായവ്യൂഹത്തെ (അനേകം ശരീരങ്ങളെ) സ്വീ കരിച്ചിരിക്കയാണൊ എന്നു തോന്നും. അങ്ങിനെയുള്ള മഹാവിഷ്ണു (ശ്രീകൃഷ്ണൻ) എല്ലാവരേയും രക്ഷിക്കട്ടെ. (ക വിപ്രാൎത്ഥന)

യൽ ഗാന്ധൎവ്വകലാസു കൌശലമനു-
ധ്യാനം ച യദ്വൈഷ്ണവം
യച്ഛൃംഗാരവിവേകതത്വമപി യൽ
കാവ്യേഷു ലീലായിതം,
തത്സൎവ്വം ജയദേവപണ്ഡിതകവേഃ
കൃഷ്ണൈകതാനാത്മന-
സ്സാനന്ദാഃ പരിശോധയന്തു സുധിയഃ
ശ്രീഗീതഗോവിന്ദതഃ.

അ—ഗാന്ധൎവ്വകലകളിലുള്ള കൌശലം യാതൊന്നൊ, വൈഷ്ണവമായിരിക്കുന്ന അനുദ്ധ്യാനം യാതൊന്നൊ, ശൃംഗാരവിവേകതത്വമായിരിക്കുന്ന യാതൊന്നൊ, കാവ്യങ്ങളിൽ ലീലായിതമായിട്ടു യാതൊന്നൊ അതിനെ സൎവ്വത്തേയും സുധികൾ സാനന്ദരായിട്ടു—കൃഷ്ണൈകതാനാത്മാവായിരിക്കുന്ന ജയദേവകവിയുടെ ഗീതഗോവിന്ദത്തിങ്കൽനിന്നു പരിശോധിക്കട്ടെ.

സാ—വിദ്വാന്മാർ സന്തോഷത്തോടുകൂടെ ശ്രീകൃഷ്ണങ്കൽ ഏകാഗ്രമനസ്സായിട്ടുള്ള ജയദേവകവി രചിച്ചിട്ടുള്ള ശ്രീ 'ഗീതഗോവിന്ദ' എന്ന ഗ്രന്ഥം പരിശോധിച്ചു അതിൽ—കലാവിദ്യകളിലുള്ള സാമൎത്ഥ്യം, വിഷ്ണുസംബന്ധിയായ ധ്യാനം (ചിന്തനം) ശൃംഗാരരസവിവേചനത്തിൻെറ യാഥാൎത്ഥ്യം കാവ്യങ്ങളിൽ പ്രാധാന്യേന വേണ്ടുന്ന ധ്വനി ഇതുകളുടെയെല്ലാം യുക്തായുക്തവിചാരണ ചെയ്യുണേ! (കവിപ്രാൎത്ഥന)

യന്നിത്യൈൎവ്വചനൈൎവ്വിരിഞ്ചഗിരിജാ
    പ്രാണേശമുഖ്യൈൎമ്മുഹു-
ൎന്നാനാകാരവിചാരസാരചതുരൈ-
    ൎന്നാദ്യാപി നിശ്ചീയതെ,
തത്സൎവ്വൈൎജ്ജയദേവകാവ്യഘടിതൈ-
    സ്സത്സൂരിസംശോധിതൈ-
രാദ്യം വസ്തു ചകാസ്തു ചേതസി പരം
    സാരസ്യസീമാജുഷാം. 8

അ—വീണ്ടും വീണ്ടും നാനാകാരവിചാരസാരചതുരന്മാരായിരിക്കുന്ന വിരിഞ്ചഗിരിജാപ്രാണേശമുഖ്യന്മാരാൽ യാതൊന്നു ഇപ്പോഴുംകൂടി നിശ്ചയിക്കപ്പെട്ടുന്നില്ല, ആദ്യമായി പരമായിരിക്കുന്ന ആ വസ്തു സത്സൂരിസംശോധിതങ്ങളായി ജയദേവകാവ്യഘടിതങ്ങളായി സർവ്വങ്ങളായി നിത്യങ്ങളായിരിക്കുന്ന വചനങ്ങളെക്കൊണ്ടു സാരസ്യസീമാജ്ഞന്മാരുടെ ചേതസ്സിങ്കൽ ചകാസിക്കണെ!

സാ—പിന്നേയും പിന്നേയും അനേകപ്രകാരങ്ങളായ ഭഗവച്ചിന്തനമാർഗ്ഗങ്ങളിൽ സമത്ഥന്മാരായ ബ്രഹ്മാവു ശ്രീപരമേശ്വരൻ മുതലായവർ അശ്രാന്തപരിശ്രമം ചെയ്തിട്ടുകൂടി ഇതുവരയും അറിയാത്ത സർവ്വകാരണമായ പരബ്രഹ്മസ്വരൂപമായ ആ വസ്തു-ജയദേവകവി രചിച്ചിട്ടുള്ളവയും, അനേകം കവികളും പണ്ഡിതന്മാരും പരിശോധിച്ചിട്ടുള്ളവയും ആയ ഗീതഗോവിന്ദകാവ്യത്തിലെ വചനങ്ങൾ സഹൃദയന്മാരും ഭഗവൽഭക്തന്മാരുമായ സജ്ജനങ്ങളുടെ മനസ്സിലുദിക്കണെ! ശ്രീഗീതഗോവിന്ദം പാരായണം ചെയ്യുന്നവൎക്ക പരമാത്മജ്ഞാനമുദിക്കണെ! മോക്ഷപ്രാപ്തിയുണ്ടാകേണമെ! (കവിപ്രാൎത്ഥന). മാധുൎയ്യമുള്ള എല്ലാ വസ്തുക്കളേക്കാളും ഉൽകൃഷ്ടമായതാണു ഗീതഗോവിന്ദകാവ്യമെന്നു സമൎത്ഥിക്കുന്നു.

സാദ്ധ്വീ മാധ്വീക! ചിന്താ ന ഭവതി ഭവത-
ശ്ശുക്കരെ! ശക്കരാസി
ദ്രാക്ഷെ! ഭക്ഷന്തി കേത്വാമമൃത! മൃതമസി
ക്ഷീര! നീരത്വമേഷി,
മോചേ! മാ ജീവ ജായാധര! ധരകുഹരെ
മജ്ജ യുഷ്മജ്ജയായൈ-
വാകല്പം കല്പിതാംഗ്യാ യദിഹ ഭുവി ഗിരാ
സ്ഥീയതെ ജായദേവ്യാ. 29

അ—യാതൊന്ന ഹേതുവായിട്ടു യുഷ്മജ്ജയത്തിന്നായിക്കൊണ്ടുതന്നെ കല്പിതാംഗിയായി ജായദേവിയായിരിക്കുന്ന ഗിരിനാൽ ഈ ഭുവിങ്കൽ ആകല്പം സ്ഥിതി ചെയ്യപ്പെട്ടുന്നു—അതു ഹേതുവായിട്ടു ഹേ മാദ്ധ്വീക! ഭവാന്റെ ചിന്താ സാദ്ധ്വിയായിട്ടു ഭവിക്കുന്നില്ല. ഹേ ശക്കരെ! നീ ശക്കരയായിട്ടു ഭവിക്കുന്നു. ഹേ ദ്രാക്ഷെ! നിന്നെ ആർ ഭക്ഷിക്കും? ഹേ അമൃത! നീ മൃതമായിട്ടു ഭവിക്കുന്നു. ഹേ ക്ഷീര! നീ നീരത്വത്തെ പ്രാപിക്കുന്നു. ഹേ മോചെ! നീ ജീവിക്കരുതു. ഹേ ജായാധര! നീ ധരകുഹരത്തിങ്കൽ മജ്ജിച്ചാലും.

സാ—മാദ്ധ്വീക! (മാദ്ധ്വീകനെന്ന പേരായ കവി) താങ്കളുടെ കവിതകളൊന്നും നന്നല്ല. (തേനിന്ന മധുരമില്ലെന്നും ഗ്രഹിക്കണം) കൽക്കണ്ടം (ശക്കര) വെറും കല്ലിന്നു സമമായിരിക്കുന്നു. മുന്തിരിങ്ങ എന്നിയാരും ഭക്ഷിക്കുകയില്ല. അമൃതം മൃതമായിരിക്കുന്നു. (ജീവിപ്പിക്കൽ എന്ന ശക്തിയില്ലാതായിരിക്കുന്നു). പാൽ ജലത്തിന്നു സമമായിരിക്കുന്നു. അയനിച്ചക്ക എന്നിയാരും തിന്നുകയില്ല. അല്ലയൊ ജായാധര! (ജായാധരനെന്ന കവി) അ

ങ്ങളുടെ കവിതകൾക്കൊന്നും ഏതുമി പ്രചാരമില്ല. വേഗത്തിൽ മരിക്കുകയാണുത്തമം. (ജായയുടെ=ഭാൎയ്യയുടെ അധരത്തിനു മാധുൎയ്യമില്ലാതായി എന്നും, ഭൎത്താവു ഗീതഗോവിന്ദം വായിക്കയാൽ വിഷയങ്ങളിൽനിന്നും വിരക്തനായി എന്നും ഗ്രഹിക്കണം). കാരണം ശ്രീജയദേവകവിയുടെ കവിത (ശ്രീ ഗീതഗോവിന്ദം) ഇവയെയെല്ലാം ജയിച്ചുകഴിഞ്ഞു. ഗീതഗോവിന്ദം വായിക്കുവാൻ തുടങ്ങിയാൽ ജനങ്ങൾ ഈ വക ഉൽകൃഷ്ടവസ്തുക്കളെല്ലാമുപേക്ഷിച്ചിട്ടുകൂടി അതു വായിച്ചുകൊണ്ടേ ഇരിക്കും. അത്രയുമുത്തമവും ഉൽകൃഷ്ടവും ആണു ശ്രീഗീതഗോവിന്ദം അഷ്ടപദി എന്നു താല്പൎയ്യം.

ഇപ്രകാരം 'ലീലാ' എന്നു പേരായ ഭാഷാവ്യാഖ്യാനത്തിൽ 'സാനന്ദഗോവിന്ദം' എന്നു പേരായ പന്ത്രണ്ടാം സൎഗ്ഗം കഴിഞ്ഞു.

ശ്രീ ഗീതഗോവിന്ദകാവ്യം സമാപ്തം.

ശിവമസ്തു.

—:*:—

KOTTAYAM PUBLIC LIBRARY KOTTAYAM

# എ. ആർ. പി.

# യൂണിയൻ പഞ്ചാംഗം

—:*:—

ഇംഗ്ലീഷു വൎഷക്കണക്കിനു്

എല്ലാ കൊല്ലങ്ങളിലും പ്രസിദ്ധപ്പെടുത്തുന്നതു്.

—*—

വിഷുഫലം, ഗ്രഹണം, 12 മാസത്തെ പഞ്ചാംഗം— ഇംഗ്ലീഷു, മലയാളംതിയതികൾ, നക്ഷത്രം, തിഥി, ഞാററുവേലകൾ, സംക്രമം, ഹിന്ദു വിശേഷദിവസങ്ങൾ— മുഹൂൎത്തങ്ങൾ, നാട്ടുരാജ്യങ്ങൾ, ലോകത്തിലെ പ്രധാനപ്പെട്ട കൊലപാതകങ്ങൾ, ഗ്രഹപ്പകൎച്ചകൾ, ശ്രാദ്ധം— പുറന്നാൾ, അഞ്ചൽ—തപാൽ നിരക്കുകൾ, ക്രിസ്ത്യൻ വിശേഷദിവസങ്ങൾ, സൌരമണ്ഡലം, വിവിധ ഗ്രഹങ്ങളുടെ വലിപ്പവും അകലവും, ലോകത്തിലെ പല രാജ്യങ്ങളിലെ സമയവ്യത്യാസം മുതലായവ ഇതിൽ അടങ്ങിയിരിക്കുന്നു. വില: 3-ണ.

പഴയ സമ്പ്രദായപ്രകാരമുള്ള നാഴിക, വിനാഴികകൾക്കു പകരം മണിക്കൂർ മിനിട്ടുകൾ ആണു് ചേൎത്തിരിക്കുന്നതു്.

എ. ആർ. പി. പ്രസ്സ്,—കുന്നംകുളം.

KOTTAYAM PUBLIC LIBRARY KOTTAYAM
148789

KOTTAYAM PUBLIC LIBRARY
M200 KOTTAYAM
Cl. No. ...ᴎᴓᴓ-3..... Acc. No. 148789

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of 50 Ps. per day will be charged

m 200
NAM-S

148789

നമ്പീശൻ, പരമേശ്വരൻ

ശ്രീ ശീതാഗോവിന്ദകാവ്യം-

Indic Digital Archive Foundation
gpura.org